# പ്രഭാഷണങ്ങൾ

ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്

(Malayalam)

**Prabhashanangal**
**(Speeches)**

**Dr. Paulos Mar Gregorios**

Compiled and Published by Joice Thottackad on behalf of Gregory of India Study Centre for the glory of God and for the benefit of humankind.

First Web Edition: May 2020

Typesetting: Sophia Print House, Kottayam

# പ്രഭാഷണങ്ങൾ

ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്

സോഫിയാ ബുക്സ്
കോട്ടയം

## ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്

ലോകപ്രശസ്ത വേദശാസ്ത്രജ്ഞനും, ദാർശനികനും, ചിന്തകനും, ഗ്രന്ഥകാരനും. 1922 ഓഗസ്റ്റ് 9-ന് തൃപ്പൂണിത്തുറയിൽ ജനിച്ചു. പിതാവ്: പൈലി, മാതാവ്: ഏലി. 1937-ൽ മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി. അതുകഴിഞ്ഞ് പത്രലേഖകൻ (1937-'42), ട്രാൻസ്പോർട്ട് കമ്പനിയിൽ ഗുമസ്തൻ, പി. ആൻഡ് ടി. വകുപ്പിൽ ഗുമസ്തനും പോസ്റ്റ്മാസ്റ്ററും (1942-'47). അക്കാലത്ത് പി. ആൻഡ് ടി. യൂണിയൻ തിരുവിതാംകൂർ - കൊച്ചി അസ്സോസിയേറ്റ് സെക്രട്ടറി. പിന്നീട് എത്യോപ്യയിൽ സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകൻ (1947-'50). അമേരിക്കൻ സർവ്വകലാശാലകളിൽ പഠിച്ച് ഉന്നതബിരുദങ്ങൾ നേടി (1950-'54). ആലുവാ ഫെലോഷിപ്പ് ഹൗസ് ബർസാർ ആയി പ്രവർത്തിച്ചു (1954-'56). എത്യോപ്യൻ ചക്രവർത്തി ഹെയ്ലി സെലാസിയുടെ പേഴ്സണൽ അസിസ്റ്റന്റും ഉപദേശകനും (1956-'59). 1959 ജനുവരിയിൽ ശെമ്മാശനായി. യേൽ സർവ്വകലാശാലയിലും ഓക്സ്ഫഡിലും ഉപരിപഠനം നടത്തി (1959-'61). 1961-ൽ വൈദികനായി. ക്രൈസ്തവസഭകളുടെ അഖിലലോക കൗൺസിലിന്റെ (W.C.C.) അസോസിയേറ്റ് ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു (1962-'67). സോവിയറ്റ് യൂണിയനിലേക്കു പോയ W.C.C.യുടെ ഡെലിഗേഷന്റെയും (1962), യുനെസ്കോ ഡെലിഗേഷന്റെയും (1967) നേതാവ്. 1967 മുതൽ 1996 വരെ ഓർത്തഡോക്സ് സെമിനാരിയുടെ പ്രിൻസിപ്പൽ. 1975-ൽ മെത്രാപ്പോലീത്തായായി. 1976 മുതൽ 1996 വരെ ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ. ക്രൈസ്തവസഭകളുടെ ലോകകൗൺസിൽ (W.C.C.) പ്രസിഡന്റുമാരിലൊരാളായി പ്രവർത്തിച്ചു (1983-'91). ലോകസമാധാനത്തിന്റെയും സൗഹൃദത്തിന്റെയും സന്ദേശവുമായി ആഗോളതലത്തിൽ സഞ്ചരിച്ചു. ഒട്ടധികം അന്താരാഷ്ട്ര സംഘടനകളുടെ നേതൃത്വം വഹിച്ചിരുന്നു. സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ്, ഓട്ടോ നുഷ്കെ പ്രൈസ് ഫോർ ദി പീസ് (ജർമ്മനി) തുടങ്ങി ഇരുപതോളം രാജ്യാന്തര അവാർഡുകളും ഒട്ടേറെ ബഹുമതികളും ലഭിച്ചിട്ടുണ്ട്. ഗ്രിഗറി ഓഫ് നിസ്സായെക്കുറിച്ചുള്ള ഗവേഷണപഠനത്തിന് 1975-ൽ സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ്. കൂടാതെ റഷ്യയിലെ ലെനിൻഗ്രാഡ് തിയോളജിക്കൽ അക്കാഡമി, ഹംഗറിയിലെ ബുഡാപ്പസ്റ്റ് ലൂതറൻ തിയോളജിക്കൽ അക്കാഡമി, ചെക്കോസ്ലോവാക്യയിലെ ജാൻഹസ് ഫാക്കൽറ്റി എന്നിവിടങ്ങളിൽ നിന്ന് ഓണററി ഡോക്ടറേറ്റ്. ജോയ് ഓഫ് ഫ്രീഡം, ഫ്രീഡം ഓഫ് മാൻ, കോസ്മിക്മാൻ, ഹ്യൂമൻ പ്രസൻസ്, എൻലൈറ്റൻമെന്റ് ഈസ്റ്റ് ആന്റ് വെസ്റ്റ്, സയൻസ് ഫോർ സെയിൻ സൊസൈറ്റീസ്, എ ലൈറ്റ് റ്റൂ ബ്രൈറ്റ്, എ ഹ്യൂമൻ ഗോഡ് തുടങ്ങി 31 ഇംഗ്ലീഷ് ഗ്രന്ഥങ്ങളും 16 മലയാളഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടാത്ത മലയാളം, ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച് എന്നീ ഭാഷകളിലുള്ള പ്രബന്ധങ്ങൾ അറുനൂറോളമുണ്ട്. 1996 നവംബർ 24-നു കാലം ചെയ്തു. കോട്ടയം ഓർത്തഡോക്സ് സെമിനാരി ചാപ്പലിൽ അന്ത്യവിശ്രമംകൊള്ളുന്നു.

# ഉള്ളടക്കം

1. അയ്യോ ഞാൻ കേവലം ബാലനല്ലേ
2. വി. മൂറോൻ
3. പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത
4. പത്മഭൂഷൻ കെ. എം. ചെറിയാൻ
5. നേരായ വാതിലിലൂടെ കടന്നുവന്ന നല്ല ഇടയൻ
6. പ്രഭാവവും ഭാരവും
7. നമ്മുടെ കാതുകളെ തുറക്കുക
8. വ്യക്തിത്വം വെളിവാക്കുക
9. മേൽപ്പട്ടക്കാരന് ഉണ്ടായിരിക്കേണ്ട അഞ്ചു യോഗ്യതകൾ
10. ക്രൈസ്തവസഭയിൽ കശ്ശീശായുടെ ചുമതലകൾ
11. പുരുഷനോടൊപ്പം സ്ത്രീയ്ക്കും നേതൃത്വം
12. വൈ. എം. സി. എ. യിലെ യുവജനപങ്കാളിത്തം
**13. പൗരസ്ത്യ പാരമ്പര്യം ഉയർത്തിക്കൊണ്ടുവരിക**
14. പുതിയൊരു സംസ്കാരം കെട്ടിപ്പടുക്കുക
15. ഭൗമ ഉച്ചകോടി
16. പുതിയ ജീവിതത്തിലേയ്ക്കുള്ള പ്രവേശനം
17. സഭ ദൈവത്തിന്റെ പ്രത്യക്ഷ രൂപമായിത്തീരണം
18. നീതിക്കായി വിശന്നു ദാഹിച്ചിരിക്കുക
19. കുരിശിന്റെ വഴി
20. കുരിശിന്റെ വഴിയിൽ നടക്കുക
21. നല്ല ഇടയൻ
22. അന്തിമ വിജയം നീതിയ്ക്ക്
23. മനസ്സിനും ശരീരത്തിനും ആശ്വാസം കിട്ടണം
24. നാഗരികതയും പാശ്ചാത്യ പ്രബുദ്ധതയും
25. കുട്ടികളുടെ അവകാശങ്ങൾ
26. ഭാരതസഭ ആദിമുതലേ സ്വതന്ത്രം
27. കാഴ്ചയും ശ്രവണവും
28. സഭയും സ്ത്രീകളും
29. ഗാന്ധിജി ഫണ്ടമെന്റലിസ്റ്റോ?
30. ശ്രീനാരായണ ഗുരുദേവൻ: ആദ്ധ്യാത്മിക ചൈതന്യത്തിന്റെ.....

# 1

# അയ്യോ ഞാൻ കേവലം ബാലനല്ലേ

“**അ**യ്യോ, യഹോവയായ കർത്താവേ, എനിക്കു സംസാരിപ്പാനറിഞ്ഞു കൂടാ. ഞാൻ കേവലം ബാലനല്ലോ” (യിരമ്യാവ് 1:6).

പതിനെട്ടു വയസ്സിൽ കവിയുകയില്ല പ്രായം. പ്രോജ്വല നയനങ്ങൾ കുറിക്കുന്നത് മസ്തിഷ്ക്കത്തിന്റെ തീക്ഷ്ണതയെയോ ഹൃദയത്തിന്റെ ഉറപ്പിനേയോ. അതോ രണ്ടിനേയും കൂടിയോ? യഹൂദബാലന്മാർക്കു പതിവുള്ള ആചാരങ്ങളുടെ പഠിത്തം കുറച്ചു കഴിച്ചിട്ടുണ്ട്. ദൈവഭയം വളരെ കൂടും. തന്റെ സാന്നിദ്ധ്യം മൂലം സീനായി പർവ്വതത്തെ കുലുക്കി അതിൽ നിന്നും തീ പുറപ്പെടുവിച്ച അഗ്നിമയനും അപ്രാപ്യനുമായ യിസ്രായേലിന്റെ ദൈവത്തെപ്പറ്റി ഭയമല്ലാതെ സ്നേഹമെങ്ങിനെ ആ ബാലനുണ്ടാകും? തന്റെ പിതാവായ ഹില്കീയ പുരോഹിതൻ യഹോവയ്ക്കു നൽകുവാൻ വേണ്ടി വളർത്തിക്കൊണ്ടു വന്നിട്ടുള്ളതാണ് തന്നെയെന്ന് യുവാവായ യെറമിയായ്ക്കറിയാമായിരുന്നു. യെറം യാഹൂ – യഹോവാ ഉയർത്തും അഥവാ സ്ഥാപിക്കും എന്നാണ് തന്റെ പേരിന് തന്നെ അർത്ഥം.

ഇതൊക്കെയാണെങ്കിലും യോശയാ രാജാവിന്റെ വാഴ്ചയുടെ പതിമൂന്നാം വർഷത്തിലുണ്ടായ ആ സംഭവത്തിന് താൻ തയാറായിരുന്നില്ല. അഗ്നിവസ്ത്രരായ തേജോമയമാലാഖമാർ ദൂരെ നിന്ന് തന്നെ ആരാധിച്ചു വന്ദിക്കുന്ന യഹോവയായ ദൈവം തനിയ്ക്ക് നേരിട്ട് പ്രത്യക്ഷനാകുമെന്ന് ആ യുവാവെങ്ങനെയാണ് കരുതുന്നത്? പ്രത്യക്ഷനായിട്ട് പറയുന്നതോ: “നീ മാതൃഗർഭത്തിൽ രൂപമെടുക്കുന്നതിന് മുമ്പേ നിന്നെ ഞാൻ തെരഞ്ഞെടുത്തിരിക്കുകയാണ്. നീ ജാതനാകുന്നതിനെത്രയോ മുമ്പുതന്നെ ഞാൻ നിന്നെ മാറ്റിവച്ചിരിക്കുകയാണ് – രാഷ്ട്രങ്ങളോട് എന്റെ വചനം ഉച്ചരിപ്പാനായി നിന്നെ ഞാൻ പ്രവാചകനായി നിയമിച്ചിരിക്കുന്നു” എന്ന്.

അത്ഭുതത്തിന്നവകാശമുണ്ടോ ആ യുവാവിന്റെ മറുപടിയിൽ: “അയ്യോ, നിതാന്തനാഥനായ ദൈവമേ, എനിക്ക് പ്രഭാഷണപാടവമില്ല, ഞാൻ ബാലനല്ലോ!”

നാഥനായ ദൈവമോ അവനോടു പറയുകയാണ്, “ഞാൻ ബാലനല്ലോ, എന്ന് നീ പറയരുത്; ഞാൻ നിന്നെ അയയ്ക്കുന്നിടത്തു നീ പോകണം; ഞാൻ നിന്നോട് ആജ്ഞാപിക്കുന്നതിനെ നീ പ്രഭാഷിക്കണം. അവരെക്കണ്ട് നീ ഭയപ്പെടേണ്ട. നിന്നെ സഹായിക്കുന്നതിന് ഞാൻ നിന്നോടു കൂടെയുണ്ട്.”

എന്ന് പറയുക മാത്രമല്ല ദിവ്യഹസ്തം നീട്ടി അത്ഭുതസ്തബ്ധനായ ആ യുവാവിന്റെ അധരങ്ങളെ തൊടുകയും കൂടെ ചെയ്തുകൊണ്ട് കല്പിക്കുകയാണ്:

"ഇതാ, എന്റെ വചനങ്ങളെ ഞാൻ നിന്റെ വായിൽ നിക്ഷേപിച്ചിരിക്കുന്നു. രാഷ്ട്രങ്ങളുടേയും സാമ്രാജ്യങ്ങളുടേയും മേൽ നിനക്ക് ഞാൻ അധികാരം നൽകുന്നു - നിർമ്മൂലനം ചെയ്വാനും പൊളിച്ചുകളയുവാനും, തകർപ്പാനും ഇടിച്ചുകളയുവാനും, അപ്രകാരംതന്നെ പണിയുവാനും നടുവാനുമുള്ള അധികാരം."

പതിനെട്ടു വയസ്സുള്ള ബാലൻ, ദരിദ്രപുരോഹിതന്റെ പുത്രൻ, വിദ്യാഭ്യാസമില്ല, വാഗ്ചാതുരിയില്ല. നേതൃത്വശക്തികളൊന്നുമില്ല. രാജാധിരാജാവായ ദൈവം വിളിക്കുന്നതോ മനുഷ്യചരിത്രത്തിലെ മഹാനിമിഷങ്ങളിലൊന്നായ യറൂശലേമിന്റെ നാശഘട്ടത്തിൽ, യിസ്രായേൽ ജനതയോടും അന്യ സാമ്രാജ്യങ്ങളോടും അവരുടെ ഹിതത്തിന് കടകവിരുദ്ധമായ ദൈവഹിതം ധൈര്യപൂർവ്വം കൊട്ടിഘോഷിക്കുവാൻ. നടുങ്ങുകയില്ലേ ലോകപരിചയവും ജിഹ്വാ ബലമുള്ളവർ പോലും!

ഒരുദാഹരണം: യരുശലേം നഗരം ബാബിലോൺ രാജാവിന്റെ സൈന്യങ്ങളാൽ വളയപ്പെട്ടിരിയ്ക്കുന്നു. ഈജിപ്തിൽ നിന്നും സഹായം ലഭിയ്ക്കുവാനിടയുണ്ട്. യരുശലേമിന്റെ മതിലുകൾ പല ദിഗ്വിജയികളേയും പിന്തിരിപ്പിച്ചിട്ടുള്ളതാണ്. യരുശലേം യഹോവയുടെ നഗരമാണ്. അതിന് യാതൊരു കേടുപാടും പറ്റുവാൻ സാദ്ധ്യമല്ല എന്നാണ് മഹാപുരോഹിതന്മാരുടെ അഭിപ്രായം. നാടു നശിച്ചാലും പട്ടിണി കൊണ്ടു ഇസ്രായേൽ മുഴുവൻ ചത്തൊടുങ്ങിയാലും ബാബേൽ രാജാവിന് കീഴടങ്ങരുതെന്നാണ് രാജ്യ പ്രഭുക്കന്മാരുടെ ശാഠ്യം. ഈയവസരത്തിൽ ഒരു പ്രവാചകന് യഹോവയിൽ നിന്നും നല്കപ്പെട്ടിട്ടുള്ള സന്ദേശമോ ഒരൊറ്റ വാക്ക് മാത്രം: "കീഴടങ്ങുക." പ്രവാചകനെ രാജ്യദ്രോഹിയെന്നും ബാബേൽ ചാരനെന്നും വിളിക്കുവാൻ കാരണം വേറെ വല്ലതും വേണമോ? "അവനെ കൊല്ലുക. അവനെ കൊല്ലുക" എന്ന് (ഏഴു ശതവത്സരക്കാല ശേഷം പീലാത്തോസിന്റെ അരമനയ്ക്ക് മുൻപിൽ വെച്ച് നിലവിളിച്ചതിന്റെ മുന്നോടിയെന്നവണ്ണം) ജനങ്ങൾ ആർത്തു വിളിച്ചതിലോ, ചേർക്കുണ്ടിൽ തന്നെ വലിച്ചെറിഞ്ഞു കളഞ്ഞതിലോ, അത്ഭുതത്തിന്നവകാശമുണ്ടോ?

ദൈവം മനുഷ്യനെ വിളിക്കുന്നത്, സഭയിലെ പ്രമാണിയായി, ജനങ്ങളാലെല്ലാം പൂജിതനായ നേതാവായി, സുഭഗവും സുരഭിലവുമായ ഒരു പുഷ്പമെത്തയിൽ കിടന്ന് ദൈവത്തെ സേവിക്കുവാനല്ല. അക്രമവും അനീതിയും, മാധുര്യമുള്ള കാപട്യവും, മനുഷ്യൻ മനുഷ്യനെയുള്ള ചൂഷണവും, സഹഭാവലേശം പോലുമില്ലാത്ത സ്വാർത്ഥതയും രാജ്യം ഭരിക്കുന്ന മനുഷ്യവംശത്തിൽ വൈനീത്യത്തോടും ദൈവഭയത്തോടും കൂടെ, മനുഷ്യസ്നേഹവും സേവനസന്നദ്ധതയും കൈവളർത്തി, കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ നമുക്ക് കാണിച്ചുതരപ്പെട്ടിട്ടുള്ള ദൈവസ്നേഹം നമ്മുടെ ജീവിതം വഴിയായി അന്യർക്ക് പകർന്നുകൊടുക്കുവാൻ തന്റെ ഉപകരണമായിത്തീരുവാൻ വേണ്ടിയാണ്. അങ്ങനെ ചെയ്യുകയെന്നുള്ളത് ക്ലേശരഹിതമോ മനുഷ്യശക്തിയാൽ മാത്രം ക്ഷിപ്രസാദ്ധ്യമോ ആയിട്ടുള്ള കാര്യമല്ല. "അയ്യോ, ഞാൻ കേവലം ബാലനല്ലോ?" എന്നു മനുഷ്യന് തോന്നിപ്പോകുന്നത് അത്ഭുതാവഹമല്ല.

ഇന്നും ദൈവത്തിന്റെ അധരങ്ങളും പ്രതിപുരുഷന്മാരുമായി, മനുഷ്യരുടെ എതിർപ്പായ ക്രൂശുമേന്തി കാൽവറി മാർഗ്ഗത്തിലൂടെ നടക്കുവാൻ ദൈവം യുവാക്കന്മാരെയും പ്രായമായവരെയും വിളിക്കുന്നുണ്ട്. എന്നാൽ കർത്തവ്യത്തിന്റെ വ്യാപ്തിയും കഴിവിന്റെ പരിമിതിയും തന്നത്താനറിയുന്നവർ, "അയ്യോ എനിക്ക് സംസാരിപ്പാനറിഞ്ഞുകൂടല്ലോ, ഞാൻ കേവലം ബാലനല്ലോ" എന്ന് യഥാർത്ഥമായി പരിതപിച്ചുകൊണ്ടിരിക്കുകയാണ്.

യുവാവായ യെറമിയാവിന്റെ വിശ്വദൃഷ്ടാന്തമായ ഈ വിഷമസന്ധിയിൽ നാഥനായ ദൈവം അവനെ കാണിക്കുന്ന ദർശനദ്വയത്തെപ്പറ്റി യെറമ്യാവിന്റെ പുസ്തകത്തിന്റെ ആദ്യ അദ്ധ്യായത്തിൽ നാം വായിക്കുന്നുണ്ട്. ആദ്യം താൻ കാണുന്നത് ബദാം (almond) വൃക്ഷത്തിന്റെ ഒരു ശിഖരം. ഗാഢമായ അർത്ഥമാണീ ദർശനത്തിന്. മദ്ധ്യപൂർവ്വദേശത്തെ ശൈത്യകാലത്ത് വൃക്ഷങ്ങളെല്ലാം ഇല പൊഴിഞ്ഞ് കൊമ്പുകൾ മാത്രമായാണ് നിലകൊള്ളുന്നത്. ശരൽക്കാലം വരുമ്പോൾ ഓരോന്നിൽനിന്നും ഇലയും പൂവും പൊട്ടിപ്പുറപ്പെട്ട് മരുഭൂമി പോലെ കിടന്നിരുന്ന വൃക്ഷലോകം ജീവൻ വീണ്ടും പ്രാപിച്ച് പച്ച ധരിക്കുന്നു. ഇങ്ങനെ ആദ്യം പച്ച പിടിക്കുന്ന വൃക്ഷമാണ് ബദാം. എബ്രായഭാഷയിൽ ഈ വൃക്ഷത്തിനു ഷോക്കേദ് എന്നാണ് പേർ. ഷോക്കേദ് എന്ന പദത്തിന് ഉണർന്നിരിക്കുന്നവൻ, അഥവാ കാവൽക്കാരൻ എന്നും അർത്ഥമുണ്ട്. ശരൽക്കാലത്തിന്റെ സമയമറിഞ്ഞ് ശൈത്യകാലനിശയുടെ അന്ത്യയാമത്തിൽ ഉണർന്നെഴുന്നേൽക്കുന്ന ബദാം വൃക്ഷത്തെപ്പോലെ, മരുഭൂമിപോലെ ഉണങ്ങിവരണ്ടു കിടക്കുന്ന യിസ്രായേൽ ജനതയെ പച്ചപിടിപ്പിക്കുവാൻ താൻ ജാഗരൂകനായിരിക്കുന്നുവെന്നാണ് ഈ പ്രഥമ ദർശനത്തിന്റെ അർത്ഥം.

രണ്ടാമത്തെ ദർശനമോ, തിളച്ചുമറിയുന്ന ഒരുരുളി. ഉരുളിയുടെ വടക്കുഭാഗം അല്പം പൊന്തിനിൽക്കുന്നതുകൊണ്ട് വടക്കു നിന്നും തെക്കോട്ട് ഈ തിളയ്ക്കുന്ന എണ്ണ മറിഞ്ഞേക്കാനിടയുണ്ടെന്നുള്ളതാണർത്ഥം. ഉത്തരഭാഗങ്ങളിൽ നിന്നുമുള്ള സ്കിതിയാ (Seythians) ക്കാരുടെ ആക്രമണമോ, അല്ലെങ്കിൽ, കിഴക്കുനിന്നും വടക്കൻവഴിയിൽ കൂടി ഇറങ്ങിവരുന്ന ബാബേൽപ്പടകളോ ആയിരിക്കും ദൈവകോപത്തിന്റെ തിളച്ചുമറിയുന്ന ഉരുളിയായി ഇസ്രായേൽ ജനതയുടെ മേൽ വീഴുന്നത്. അങ്ങനെയുള്ള ഒരത്യാപത്തുകൊണ്ടു മാത്രമേ ഇസ്രായേൽ ജനതയുണരുവാനും അങ്ങനെയവർ ദൈവകാരുണ്യമാകുന്ന പച്ചപിടിക്കുവാനുമിടയാവുകയുള്ളുവെന്നാണ് ദർശനസാരം. ചരിത്രത്തിലുമങ്ങിനെ തന്നെയാണുണ്ടായത്. ക്രിസ്തുവിനു മുൻപുള്ള ആറാം ശതകത്തിന്റെ ആരംഭകാലത്തുണ്ടായ യെറുശലേമിന്റെ നാശവും യഹൂദ്യജനതയുടെ ബന്ധിതമായ ബാബേൽ വാസവും കഴിഞ്ഞതിനോടുകൂടിയാണ് യഹൂദമതത്തിന്റെ ആദ്ധ്യാത്മിക സുവർണ്ണയുഗമാരംഭിക്കുന്നത്. യരുശലേമിലെ ദേവാലയവും ദാവീദിന്റെ രാജസിംഹാസനവും നിശ്ശേഷം നിർമ്മൂലമായതിനു ശേഷമേ, ദൈവം ബലിയേക്കാൾ തകർന്ന ഹൃദയത്തെ താല്പര്യപ്പെടുന്നുവെന്ന് യഹൂദർക്ക് ബോദ്ധ്യമായുള്ളു.

ഇന്ന് ആദ്ധ്യാത്മിക മരുഭൂമിയുടെ പ്രതീതി തോന്നിക്കുന്ന നമ്മുടെ സഭയിൽ ബദാംവൃക്ഷത്തിന്റെ കൊമ്പുകൾ പലതും കാണുന്നുണ്ട്. ആദ്ധ്യാത്മിക ശരൽക്കാലത്തിന്റെ മുന്നോടിയായ ഒരു അസ്വാസ്ഥ്യം (restlessness) നമ്മുടെ യുവജനങ്ങളുടെ ഇടയിൽ ധാരാളം കാണാനുണ്ട്.

തിളച്ചുമറിയുന്ന ഉരുളികളും നമ്മുടെ ചുറ്റും വേണ്ടത്ര കാണുന്നുണ്ട്. നിരീശ്വരജീവിതയവലോകനങ്ങളുടെ വേലിയേറ്റമായാലും സഹിഷ്ണുതയില്ലാത്ത ദേശീയ മതാഭിനിവേശമായാലും ക്രിസ്തീയസഭയുടെ അലംഭാവത്തെ പൊള്ളിച്ചു നശിപ്പിക്കുവാൻ കഴിവുള്ള പല വിപ്ലവശക്തികളും നമ്മുടെ സമുദായികാന്തരീക്ഷത്തിൽ സ്ഥലം പിടിച്ചിരിക്കുന്നു.

"ഞാൻ കേവലം ബാലനല്ലോ" എന്ന് കരുതി ദൈവവേലയ്ക്ക് മുന്നോട്ടിറങ്ങുവാൻ ധൈര്യപ്പെടാത്ത ചെറുപ്പക്കാരും ധാരാളം. എന്നാൽ ക്രൂശെടുപ്പാൻ സന്നദ്ധതയുള്ളവർക്ക് ക്രൂശു വഹിപ്പാനുള്ള ശക്തി ക്രൂശിനെ ജയത്തിന്റെ അടയാളമാക്കിയ കാൽവറിയിലെ കർത്താവ് തരും. "ഞാൻ നിങ്ങളോടു കൂടെയുണ്ട് പ്രപഞ്ചാവസാനത്തോളം" എന്നല്ലോ തന്റെ അന്ത്യവചനം.

*(ചർച്ച് വീക്ക്ലി, വാല്യം 8, ലക്കം 39, ഒക്ടോബർ 3, 1954)*

# 2
# വി. മൂറോൻ

ആദിമസഭയിൽ ക്രിസ്ത്യാനികൾ എന്ന പേര് ആദ്യമായി ഉണ്ടായത് അന്ത്യോക്യായിൽ വച്ചാണല്ലോ. ക്രിസമുള്ളവർ അതായത് അഭിഷേകം പ്രാപിച്ചിട്ടുള്ളവർ ആകയാലാണു ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് ക്രി. 150-ൽ ജിവിച്ചിരുന്ന അന്ത്യോക്യായുടെ മാർ തേയോപ്പീലോസ് പാത്രിയർക്കീസ് പ്രസ്താവിച്ചിട്ടുണ്ട്. ക്രിസം, മൂറോൻ എന്ന വാക്കിന്റെ മറ്റൊരു രൂപമാണ്. ഏറ്റം പ്രശസ്തന്മാരായ പ്രോട്ടസ്റ്റന്റു പണ്ഡിതന്മാർ പറയുന്നത് കർത്താവിന്റെ കാലംമുതൽ 16-ാം നൂറ്റാണ്ടുവരെ മൂറോനഭിഷേകം സഭയിൽ സാർവ്വത്രികമായി നിലവിലിരുന്നു എന്നാണ്.

പാശ്ചാത്യസഭകൾക്കും മൂറോൻ ഉണ്ട്. മാമോദീസ്സായ്ക്കു മൂറോൻ വേണമെന്നാണു പാശ്ചാത്യ വേദശാസ്ത്രപണ്ഡിതന്മാരുടെ അഭിപ്രായം. പാശ്ചാത്യസഭയിൽ മാമോദീസ്സാ മുങ്ങുന്ന ആളിന്റെ (ശിശുവിന്റെ) തലയിലും സ്ഥിരീകരണ (Confirmation-ൽ) ത്തിൽ നെറ്റിയിലും പുരോഹിതപട്ടമേൽക്കുമ്പോൾ കൈയിലും, മെത്രാൻപട്ടമേൽക്കുമ്പോൾ തലയിലും കൈയിലും വി. തൈലം പൂശുന്നു.

ആദിമസഭയിലെ പിതാക്കന്മാർ മൂറോനെപ്പറ്റി പറയുന്നുണ്ട്. 'ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ. അവൻ നമ്മെ മുദ്രയിട്ടും ആത്മാവ് എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു' എന്നു വി. പൗലൂസ് പറയുന്നു (2 കൊരി. 1:21, 22). 'നിങ്ങളോ പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിച്ചു, അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു' എന്നു വി. യോഹന്നാൻ ശ്ലീഹായും (1 യോഹ. 2:20, 27) പറയുന്നു. വി. മൂറോൻ, അപ്പോസ്തോലകാലം മുതലേ ഉണ്ടായിരുന്ന കൂദാശയാണ്. നമ്മുടെ കർത്താവു തന്നെ ഇത് ആരംഭിച്ചു എന്നാണു പാരമ്പര്യം.

പാശ്ചാത്യസഭയിൽ എല്ലാ മേല്പട്ടക്കാർക്കും മൂറോൻകൂദാശ ചെയ്വാൻ അധികാരമുണ്ട്. എന്നാൽ പൗരസ്ത്യ സഭകളിലാകട്ടെ ഏറ്റം പ്രധാന മേലദ്ധ്യക്ഷനാണ് ഈ കൂദാശ നിർവ്വഹിക്കുന്നത്. അതു മറ്റു മേല്പട്ടക്കാരുടെയും, സഭയിലെ മറ്റു വിവിധ സ്ഥാനികളുടെയും സഹകരണത്തോടുകൂടി ആയിരിക്കും. ഇതു സഭയുടെ ഐക്യതയുടെ ഒരു ദൃശ്യമായിട്ടും കൂടിയാണ്. പാശ്ചാത്യസഭയും ഒലിവെണ്ണയും ബൽസാമും മറ്റു സുഗന്ധദ്രവ്യങ്ങളും ചേർത്താണു മൂറോൻ തൈലം ഉണ്ടാക്കുന്നത്. അവർ ബൽസാമും ഒലിവെണ്ണയും രണ്ടു വെള്ളിപ്പാത്രങ്ങളിൽവച്ചു പള്ളിയിൽ കൊണ്ടുവരുന്നു. രണ്ടും കൂട്ടി യോജിപ്പിച്ച് ഒരു വെള്ളിഭരണിയിലായിരിക്കും സൂക്ഷിക്കുന്നത്. മെത്രാൻ കൂദാശചെയ്ത വി. തൈലം പട്ടക്കാർ വെള്ളിക്കുപ്പികളിൽ വാങ്ങി കൊണ്ടുപോയി ഉപയോഗിക്കുന്നു. മൂറോൻ പുരാതനസഭകൾക്കെല്ലാം ഉണ്ടെന്ന് ഇതിൽ നിന്നു വ്യക്തമാണല്ലോ. പുരാ

തനവും പരിശുദ്ധവുമായ ഈ കൂദാശ നമ്മുടെ സഭയിൽ ഇന്നേയോളം നിലനിൽക്കുന്നു.

ഈ അക്ഷയതൈലം സന്തോഷതൈലമാണ്. ദൈവം തമ്പുരാനു തന്റെ സഭയോടുള്ള സന്തോഷത്തിന്റെ ദൃശ്യമാണു വി. മൂറോൻ. നമ്മുടെ ആരാധനകളെല്ലാംതന്നെ സന്തോഷത്തിന്റേതാണ്. ദൈവസന്നിധി എപ്പോഴും സന്തോഷകരമാണല്ലോ. എണ്ണ ആരോഗ്യത്തെ ദ്യോതിപ്പിക്കുന്നു. ദൈവസന്നിധിയിൽ ആരാധനയ്ക്കായി അടുത്തുവരുന്നവനു താൻ കൊഴുപ്പും നിശ്ചലതയും നൽകുന്നു. നാം മെലിഞ്ഞുവരണ്ടു ദൈവസന്നിധിയിലേക്കു പ്രവേശിക്കുന്നു, എന്നാൽ താൻ നമ്മെ കൊഴുപ്പും വെടിപ്പുമുള്ളവരാക്കി തിരിച്ചയക്കുന്നു. അതാണു വി. മൂറോനഭിഷേകം മൂലം സാധിക്കുന്നത്. ദൈവകൃപയുടെ ഫലമായ സ്നിഗ്ദ്ധതയും ശോഭയും മൂറോൻ മൂലം ലഭിക്കുന്നു.

നാമെല്ലാവരും വി. മൂറോൻ അഭിഷേകം പ്രാപിച്ചവരാണ്. ഇതു നിമിത്തമാണു നാം രാജകീയ പുരോഹിത വർഗ്ഗമായിത്തീരുന്നത്. രാജകീയ പുരോഹിതവർഗ്ഗത്തിനു മാത്രമേ നമ്മുടെ കർത്താവിന്റെ തിരുശരീരരക്തങ്ങൾ ഭക്ഷിച്ചു കുടിക്കാൻ അർഹതയുള്ളു. ആകയാൽ വി. മൂറോൻ വി.കുർബാനയിൽ സംബന്ധിക്കുന്നതിനും അനുഭവിക്കുന്നതിനും യോഗ്യത നൽകുന്നു. വി. കുർബാന അർപ്പിക്കുന്നതിനുള്ള പ്രത്യേക വരമാണ് ആചാര്യന്മാർക്കും പ്രധാനാചാര്യന്മാർക്കുമുള്ളത്. അവർ ദൈവതുല്യരായി നമ്മുടെ ഇടയിൽ വസിക്കുവാൻവേണ്ടിയാണ് ഈ കൃപ അവർക്ക് നൽകപ്പെട്ടിരിക്കുന്നത്. അവർ ദൈവമുമ്പാകെയും മനുഷ്യമുമ്പാകെയും ദൈവത്തിന്റെ ദൃശ്യപ്രതിമകളായി വസിക്കുവാനുള്ളവരാണ്. അതിനനുസരിച്ച് ചുമതലകളും അവർക്കുണ്ട്.

സഭയ്ക്ക് എതിരെ പിശാച് അതിന്റെ അസൂയയുടെ അമ്പുകളെ നിരന്തരം എയ്തുകൊണ്ടാണിരിക്കുന്നത്. സഭാമക്കളെ തെറ്റിക്കുവാൻ പിശാച് എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ പൈശാചികശക്തിക്കെതിരായി നിരന്തരം സമരം ചെയ്യുവാൻ നാം ബാദ്ധ്യസ്ഥരാണ്. മൂന്നു വിധത്തിലുള്ള പൈശാചികശക്തികളാണ് ആധുനികകാലത്ത് സഭയ്ക്കെതിരായി ഉയർന്നുവരുന്നത്.

**1. കലഹത്തിന്റെ ആത്മാവ്**

തെരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വീഴിച്ചു കലഹകാരികളാക്കാൻ പിശാചു പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വി. മൂറോൻ ഐക്യത, സ്നേഹം, സമാധാനം ഇവ വിളിച്ചറിയിക്കുന്നു. വി. മൂറോൻ സഭാംഗങ്ങളെ സ്നേഹത്തിന്റെ ആത്മാവിൽ ഒരുമിച്ചുകൂട്ടുകയും സമാധാനത്തിൽ സുദൃഢമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു.

**2. ദ്രവ്യാഗ്രഹം**

ദ്രവ്യാഗ്രഹം സഭയെ നശിപ്പിക്കുന്നതാണ്. ദ്രവ്യത്തിന്റെ മേലോ ധനത്തിന്റെ മേലോ അല്ല സഭ പടുത്തുയർത്തിയിട്ടുള്ളത്. പിന്നെയോ ക്രിസ്തു തന്റെ രക്തം മൂലം സമ്പാദിച്ചിട്ടുള്ളതാണ്. തന്റെ, വിശോത്തരമായ പരി

ത്യാഗത്തിലാണ് അതു സ്ഥാപിതമായിട്ടുള്ളത്. മൂറോൻ ദ്രവ്യാഗ്രഹത്തിന്റേതല്ല (ക്ഷുദ്രക്കാരനായ ശിമോൻ ഇതു വിലയ്ക്കു വാങ്ങുവാൻ ആഗ്രഹിച്ചതു ശിക്ഷാർഹമായി വി. പത്രോസ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അപ്പോ. 8:20). മൂറോൻ നമ്മെ ബലിയായി കർതൃസന്നിധിയിൽ സമർപ്പിക്കുന്നതിനു വേണ്ടിയുള്ളതാണ്.

**3. സ്ഥാനമോഹം**

പല കലഹങ്ങൾക്കും കാരണം സ്ഥാനമോഹമാണ്. സ്ഥാനമോഹത്തിനുവേണ്ടി മനുഷ്യൻ ഏത് അധർമ്മത്തിനും മുതിരും. മൂറോൻ താഴ്മയുടെ ആത്മാവാണ്. അതിനാൽ തമ്മിൽ തമ്മിൽ താഴുവാനുള്ള മനസ്സാണു നമുക്കു വേണ്ടത്.

ആധുനികസഭയെ അലട്ടുന്ന ഈ മൂന്നു ശത്രുതകൾക്കെതിരായി ദൈവാത്മബലത്തോടെ സമരം ചെയ്യുവാൻ നമുക്കു സാധിക്കണം. ഇന്നു നിർവ്വഹിക്കപ്പെട്ട ദൈവികമായ ഈ കൂദാശ അതിനു പ്രചോദനം നൽകട്ടെ.

*(1967 ഡിസംബർ 21-ാം തീയതി മൂറോൻ കൂദാശയോടനുബന്ധിച്ച് ചെയ്ത പ്രസംഗം. സമ്പാദകൻ: ഫാ. റ്റി. വി. ജോർജ് നെടുമാവ്)*

# 3
# പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത

പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത ക്രിസ്തുവിന്റെ ഏകമദ്ധ്യസ്ഥതയെ അവഗണിക്കുന്നതോ ലാഘവപ്പെടുത്തുന്നതോ ആണെന്നു ചില ആധുനിക സമുദായവിഭാഗങ്ങൾ പറയുന്നുണ്ട്. എന്നാൽ അത് അർത്ഥശൂന്യമായ ഒരു അഭിപ്രായമാണ്. പരിശുദ്ധന്മാരെ ആദരിക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുകയും ചെയ്ക എന്നത് ആദിമസഭയിൽ, വി. സ്തേപ്പാനോസിന്റെ രക്തസാക്ഷിത്വത്തോടു കൂടിത്തന്നെ ആരംഭിച്ചതാണ്. വി. സ്തേപ്പാനോസിന്റെ ആത്മാവിനെ സ്വീകരിക്കാൻ കർത്താവായ യേശു, പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തു നിൽക്കുന്നതായിട്ടാണ് കണ്ടത്. സ്തേപ്പാനോസിന്റെ പ്രാർത്ഥന കർത്താവിന്റെ മദ്ധ്യസ്ഥതയോടു സംയോജിപ്പിക്കപ്പെടുകയാണുണ്ടായത്. സ്തേപ്പാനോസിന്റെ മൃതശരീരം ഭക്തിപൂർവ്വം അടക്കം ചെയ്യപ്പെട്ടു.

2-ാം നൂറ്റാണ്ടായപ്പോഴേക്കും രക്തസാക്ഷികളുടെ ഭൗതികാവശിഷ്ടങ്ങൾ സമ്പൂജ്യങ്ങളായി സമാദരിക്കപ്പെട്ടിരുന്നു. അവരുടെ കബർ ത്രോണോസായി ഉപയോഗിച്ചു വി. കുർബ്ബാന അർപ്പിച്ചു വന്നു. മാത്രമല്ല, ആണ്ടിൽ ഒരിക്കൽ സിമിറ്ററിയിൽ ബലി അർപ്പിക്കുന്ന ഒരു പതിവു കൂടെയുണ്ടായി. 4-ഉം, 5-ഉം നൂറ്റാണ്ടുകളിൽ ത്രോണോസിന്റെയും തബ്ലൈത്തായുടെയും കൂദാശയ്ക്ക്, കടന്നുപോയ ഒരു പരിശുദ്ധന്റെ അസ്ഥി കൂടി അവശ്യം വേണമെന്നായി. ബലിപീഠങ്ങൾ സ്ഥാപിക്കുന്നതിന് തിരുശേഷിപ്പ് ഒരു അനുപേക്ഷണീയ വസ്തുവായിത്തീർന്നു. പിന്നീടു പള്ളികൾ വർദ്ധിച്ചുവന്നപ്പോൾ അസ്ഥികൾ കിട്ടാനില്ലാതായി. അപ്പോൾ അവരെ അടക്കിയിട്ടുള്ള സ്ഥലത്തെ മണ്ണു മതി എന്നുവച്ചു. അതും കിട്ടാനില്ലാതായപ്പോൾ അവരുടെ കബറിങ്കൽ കൊളുത്തിയിട്ടുള്ള നിലവിളക്കിലെ എണ്ണയായാലും മതിയാകും എന്നു സഭ നിശ്ചയിച്ചു.

ജീവിച്ചിരിക്കുന്നവർ തമ്മിൽ തമ്മിൽ 'എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ' എന്നു പറയുക ആധുനിക സഭാവിഭാഗങ്ങളിലും സാധാരണമാണ്. ഇതു ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയെ അനാദരിക്കുന്ന ഒന്നാണെന്ന് അവർ പറയുന്നില്ല. അങ്ങനെയെങ്കിൽ ശരീരം വിട്ടു ക്രിസ്തുവിനോട് ഏറെ അടുത്തുജീവിക്കുന്ന പരിശുദ്ധന്മാരോട് 'ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ' എന്നു പറയുന്നതും ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയെ അവഗണിക്കുന്നതാകയില്ല.

നമ്മുടെ സഭയിൽ സംഭവിച്ചിട്ടുള്ള വൻകാര്യങ്ങളെല്ലാം തന്നെ നമ്മുടെ ബുദ്ധിശക്തികൊണ്ടോ ഭരണവൈഭവംകൊണ്ടോ ആണെന്നു നമുക്ക് അവകാശപ്പെടാൻ നിവൃത്തിയില്ല. നമ്മുടെ നിലനില്പിനുതന്നെയും പരിശു

ദ്ധന്മാരുടെ മദ്ധ്യസ്ഥത ഈടുറ്റ സഹായമാണ്. അവർ എല്ലായ്പോഴും നമുക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ശാരീരിക പരാധീനതകൾക്ക് അവർ വശംവദരല്ല. ബലഹീനരായ നാം കുറെ സമയം അടുപ്പിച്ചു പ്രാർ ത്ഥിക്കുമ്പോഴേക്കും ക്ഷീണിക്കുന്നു. എന്നാൽ കടന്നുപോയവർ നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. അവരുടെ ആത്മവർദ്ധന പ്രാർത്ഥനയി ലാണ്. ആകയാൽ പ്രാർത്ഥിക്കുന്നതിന് അവർക്കുള്ള കഴിവ്, ജീവിച്ചിരി ക്കുന്നവരുടേതിനേക്കാൾ വളരെ മടങ്ങു കൂടുതലാണ്. പരിശുദ്ധ പരുമല തിരുമേനി നമുക്കുവേണ്ടി നടത്തുന്ന മദ്ധ്യസ്ഥത നമ്മുടെ കർത്താവിന്റെ മദ്ധ്യസ്ഥതയോടു സംയോജിപ്പിക്കപ്പെടുകയും അങ്ങനെ നമുക്ക് അനു ഗ്രഹത്തിനും വാഴ്വിനും ഹേതുവായിത്തീരുകയും ചെയ്യുന്നു.

*(1969 നവംബർ 3-ാം തീയതി വി. കുർബ്ബാനാനന്തരം പരുമല സെമി നാരി ചാപ്പലിൽ ചെയ്ത പ്രസംഗം. സമ്പാദകൻ: ഫാ. റ്റി. വി. ജോർജ് നെടുമാവ്)*

# 4

# പത്മഭൂഷൻ
# കെ. എം. ചെറിയാൻ

പത്മഭൂഷൻ കെ. എം. ചെറിയാൻ ഒരു ശുദ്ധഗതിക്കാരനെന്നു തെറ്റി ധരിപ്പിക്കുന്ന മുഖാവരണത്തിനുള്ളിൽ, ഘോരമായി പ്രകമ്പനം കൊള്ളുന്ന മനസ്സും ആത്മാവും ഒളിച്ചുവച്ചിരുന്നു. പിതാവു മാമ്മൻ മാപ്പിളയും അദ്ദേഹവും തമ്മിൽ അവരുടെ അറുപതു കഴിഞ്ഞ പ്രായത്തിൽ ആരുടെയും ശ്രദ്ധപിടിച്ചു പറ്റുന്ന രൂപസാമ്യം ഉണ്ടായിരുന്നെങ്കിലും, മാമ്മൻ മാപ്പിള തന്നോടു സമ്പർക്കത്തിൽ വരുന്നവരുടെ ഹൃദയത്തിലും മനസ്സിലും ചിലപ്പോൾ ഉളവാക്കാറുണ്ടായിരുന്നതുപോലെയുള്ള ആദര പ്രയുക്തമായ ഭയം അദ്ദേഹം ജനിപ്പിച്ചിട്ടില്ല.

പ്രശാന്തമായ ബാഹ്യപ്രകൃതി കണ്ട് അദ്ദേഹത്തെക്കൊണ്ടു മുതലെടുക്കാമെന്നു വിശ്വസിച്ചു ചിലരെങ്കിലും സ്വയം വഞ്ചിതരായിത്തീർന്നിരിക്കണം. അനുഭവം കൊണ്ടു മാത്രമേ അവർക്കു യാഥാർത്ഥ്യം ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടുള്ളു. കാരണം കെ. എം. ചെറിയാനെ ആർക്കും കബളിപ്പിക്കുവാനും മുതലെടുക്കുവാനും കഴിയുമായിരുന്നില്ല. തങ്ങളുടെ ഏതിഷ്ടവും സാധിച്ചുകൊടുക്കുവാൻ സന്നദ്ധനാണെന്നു തോന്നിപ്പിക്കുന്ന വാത്സല്യം തന്റെ പേരക്കിടാങ്ങളോടു പ്രകടിപ്പിക്കാറുണ്ടായിരുന്നെങ്കിലും അവർക്കുപോലും അദ്ദേഹത്തെ ചൂഷണം ചെയ്യുക എളുപ്പമായിരുന്നില്ല.

പലപ്പോഴും അദ്ദേഹം തെറ്റുധരിക്കപ്പെട്ടിട്ടുണ്ട്. 1970 ദശകത്തിന്റെ ആരംഭത്തിൽ മലങ്കര ഓർത്തഡോക്സ് സഭയിലെ വഴക്കു പൊട്ടിപ്പുറപ്പെട്ടപ്പോൾ അദ്ദേഹം പ്രത്യേകിച്ചും തെറ്റുധരിക്കപ്പെടാനിടയായി എന്നത് എനിക്കു നേരിട്ടറിയാവുന്ന വസ്തുതയാണ്. സഭയെ ഒറ്റിക്കൊടുത്തു എന്നു പോലും അദ്ദേഹത്തിന്റെ പേരിൽ കുറ്റമാരോപിക്കുവാൻ ആളുകൾ തയ്യാറായി. അന്നൊരിക്കൽ അദ്ദേഹത്തിന്റെ പൗത്രി മേരി (ഏഴു വയസ്സേ അവൾക്കു പ്രായമുണ്ടായിരുന്നുള്ളു) എന്നോടു ചോദിച്ച ചോദ്യം ഞാൻ ഒരിക്കലും മറക്കുകയില്ല. അവൾ ചോദിക്കുകയാണ്: "അച്ചാ, അവർ വല്യപ്പച്ചനെ 'യൂദാ' എന്നു വിളിക്കുന്നത് എന്തിനാണ്?" ഒരു കാതോലിക്കാ ദിനാഘോഷത്തിൽ പങ്കെടുത്ത ഒരു കൂട്ടം ആളുകൾ മലയാള മനോരമയുടെ മുമ്പിൽ വച്ച് 'യൂദാ', 'ഒറ്റുകാരൻ' എന്നീ വാക്കുകൾ വിളിച്ചു പറയുക പോലും ചെയ്തു. കെ. എം. ചെറിയാൻ കാതോലിക്കോസിനെതിരായി പാത്രിയർക്കീസിനെ അനുകൂലിച്ചിരുന്നു എന്നു കരുതുന്നവർ ഇന്നുമുണ്ട്.

ഇന്ത്യയിലെ സഭാജീവിതത്തിലോ സഭാഭരണത്തിലോ, ഇടപെടാൻ സിറിയൻ പാത്രിയർക്കീസിന് എന്തെങ്കിലും അധികാരമുണ്ടായിരിക്കണ മെന്ന ചിന്ത അദ്ദേഹത്തിനുണ്ടായിരുന്നില്ല. പ്രത്യുത, അടുത്ത കാലത്തു പാത്രിയർക്കീസു ചെയ്തതുപോലെ വിദ്വേഷപരമായും കാനോനു വിരുദ്ധമായുമുള്ള കാര്യങ്ങൾ ചെയ്യാതിരിക്കത്തക്കവിധം പാത്രിയർക്കീസിനെ കഴിയുന്നത്ര ന്യായാനുസൃതമായ സംതൃപ്തിക്കു വിധേയനാക്കിത്തീർക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ യഥാർത്ഥമായ ആഗ്രഹം. കോലഞ്ചേരിയിൽ വച്ചു കെ. എം. ചെറിയാൻ അന്ത്യശ്വാസം വലിക്കുമ്പോൾ ഏതാണ്ട് അതേ സമയത്തു ഞാൻ ഡമാസ്ക്കസിൽ പാത്രിയർക്കീസുമായി സംഭാഷണം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. കെ. എം. ചെറിയാൻ രോഗശയ്യയിൽ കിടക്കുകയാണെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞപ്പോൾ ഇന്ത്യക്കാരനായ ഈ അയ്മേനിയോടുള്ള ആദരസൂചകമായി പാത്രിയർക്കീസ് എഴുന്നേറ്റു നിന്നു. ഇത്ര ആഴമേറിയ ആദരം മറ്റുള്ളവരുടെ ഹൃദയത്തിലേക്കു കടത്തിവിട്ടിരുന്നതുകൊണ്ടാണ് മറ്റുള്ളവരുടെ പ്രതികൂലമായ മനോഭാവത്തെ തന്റെ അഭിപ്രായഗതിയിലേക്കു തിരിക്കുവാനും എല്ലാവരുടെയും നന്മയ്ക്കുവേണ്ടി പലതും ചെയ്യാൻ പലപ്പോഴും അദ്ദേഹത്തിനു കഴിഞ്ഞത്. മലങ്കരസഭയിലെ തർക്കത്തിൽ അദ്ദേഹം ചെയ്ത അനുരഞ്ജന ശ്രമം വിഫലമായിപ്പോയി എന്ന വസ്തുത വിസ്മരിക്കുന്നില്ല. ദൃഢനിശ്ചയത്തോടും ശുദ്ധമനസ്ക്കതയോടും കൂടി ആയുഷ്ക്കാലം മുഴുവൻ അദ്ദേഹം നൂറു നൂറു കാര്യങ്ങൾക്കു വേണ്ടി വലിയവരോടും ചെറിയവരോടും വാദിച്ചിട്ടുണ്ട്. അദ്ദേഹം അന്തരിച്ചപ്പോൾ അദ്ദേഹത്തിന് അർപ്പിക്കപ്പെട്ട ആദരാഞ്ജലികളുടെ ആധിക്യവും വൈവിധ്യവും അദ്ദേഹത്തിന്റെ ജന്മസാഫല്യത്തിന്റെ അളവു കുറിക്കുന്നവയായിരുന്നു. ആശയപരമായി ബദ്ധവിരോധികളായിരുന്നവർപോലും അദ്ദേഹത്തിന്റെ മരണശയ്യയ്ക്കരികിലെത്തി ആദരം പ്രകടിപ്പിച്ചു. സ്വന്തം താത്പര്യങ്ങൾക്കു വേണ്ടിയല്ല അദ്ദേഹം സമരം ചെയ്തതെന്നും, പ്രത്യുത, താൻ മനസ്സിലാക്കിയിട്ടുള്ളപ്രകാരം ജനങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുവാനും വളർത്തിക്കൊണ്ടു വരാനുമായിരുന്നുവെന്നും അവർക്കും അറിയാമായിരുന്നു.

ഓരോ ദിവസവും കേരളത്തിലെ ജനങ്ങളോട് എന്താണു പറയേണ്ടതെന്നായിരുന്നു തന്റെ ഏറ്റവും വലിയ ഉൽകണ്ഠ എന്ന് ഒരിക്കൽ അദ്ദേഹം എന്നോടു പറയുകയുണ്ടായി. കുറഞ്ഞപക്ഷം അഞ്ചു ലക്ഷം ആളുകൾ ഓരോ ദിവസവും മനോരമ വായിക്കുന്നുണ്ടെന്ന് അദ്ദേഹം കണക്കാക്കിയിരുന്നു. മുഖപ്രസംഗങ്ങൾ വഴി മാത്രമല്ല വാർത്തകൾ തെരഞ്ഞെടുക്കുന്നതിലും അതിന്റെ പ്രാധാന്യമനുസരിച്ച് പ്രസിദ്ധീകരിക്കുന്നതിലും കൂടിയും അനുവാചകരുടെ ചിന്താഗതിക്കും മനോഭാവത്തിനും

അഭിലാഷങ്ങൾക്കും അദ്ദേഹം രൂപം നൽകിയിരുന്നു. ഈ വലിയ ഉത്തരവാദിത്വം തന്നെ ഗ്രസിക്കുന്നതായി പലപ്പോഴും അദ്ദേഹത്തിനു തോന്നുകയും ചിലപ്പോൾ അത് അദ്ദേഹത്തെ അസ്വസ്ഥനാക്കുകയും ചെയ്യാറുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പ്രത്യക്ഷമായ പ്രശാന്തതയുടെ പിന്നിലുള്ള യഥാർഥ രഹസ്യം അത്യഗാധമായ ഈശ്വരവിശ്വാസമായിരുന്നു. അതു പലപ്പോഴും എനിക്ക് ഉത്തേജനം നല്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വിശ്വാസം രൂഢമൂലമാകുന്നതിനു നിദാനമായിത്തീർന്ന പല ഘടകങ്ങളുണ്ട്. മദ്രാസ് ക്രിസ്ത്യൻ കോളജുമായും അവിടെ സേനമനുഷ്ഠിച്ചിട്ടുള്ള പ്രശസ്തരായ ചില ക്രൈസ്തവ നേതാക്കളുമായും അദ്ദേഹത്തിനുണ്ടായിരുന്ന നേരിട്ടുള്ള ബന്ധം, പിതൃസഹോദരനും പുണ്യശ്ലോകനുമായ കെ. സി. ചാക്കോയുടെ പാവനമായ ജീവിതത്തിന്റെ സ്വാധീനം, അത്ര വളരെ പ്രകീർത്തിക്കപ്പെട്ടിട്ടില്ലാത്ത പുണ്യശീലയായ വന്ദ്യ മാതാവിൽ നിന്നു ലഭിച്ച പരിശീലനം മുതലായവ അവയിലുൾപ്പെടുന്നു. എന്നാൽ അദ്ദേഹത്തിന്റെ ദൈവാശ്രയം ശുദ്ധീകരിക്കപ്പെടുകയും അതിന്റെ മാറ്റു വർധിക്കുകയും ചെയ്തതു പീഡാനുഭവങ്ങളുടെ മൂശയിൽ വെന്തുരുകിയതുകൊണ്ടാണ്.

ബാങ്കിന്റെയും അതോടൊപ്പം സ്വകുടുംബത്തിന്റെയും തകർച്ച നിശ്ചയമായും അദ്ദേഹത്തിന്റെ വിശ്വാസത്തിന് അഭിമുഖീകരിക്കേണ്ടി വന്ന ഏറ്റവും വലിയ അഗ്നിപരീക്ഷണമായിരുന്നു. അതേസമയം തന്നെ സ്വപത്നിയുടെയും പുത്രിയുടെയും രോഗം മൂലമുള്ള വിഷമതയും അദ്ദേഹത്തിനു സഹിക്കേണ്ടി വന്നു. അക്കാലത്താണ് അദ്ദേഹം സർവ്വാതിശായിയായ വിശ്വാസം വളർത്തിയെടുത്തത്. കേരളത്തിനും മനോരമയ്ക്കും, എം.ആർ.എഫിനും, സ്വകുടുംബത്തിനും തന്റെ സഹോദരന്മാർക്കും സഭയ്ക്കും നേരിടേണ്ടി വന്ന പ്രതിസന്ധികളിൽ അവയെ എല്ലാം അതതു കാലത്തു ചെറുത്തുനില്ക്കാൻ കരുത്തേകിയത് അദ്ദേഹത്തിന്റെ അചഞ്ചലമായ വിശ്വാസമാണ്.

സാധാരണ മനുഷ്യരെ പീഡിപ്പിക്കാറുള്ള രണ്ട് അടിസ്ഥാന ഭീതികളെ അതിജീവിക്കുന്ന ഘട്ടത്തിൽ താൻ എത്തിച്ചേർന്നിരിക്കുന്നു എന്ന് ഒരിക്കൽ അദ്ദേഹം എന്നോടു പറയുകയുണ്ടായി. ദാരിദ്ര്യഭീതിയെയും മരണഭീതിയെയും ഉദ്ദേശിച്ചാണ് അദ്ദേഹം പറഞ്ഞത്. മനോരമയും, എം.ആർ.എഫും തകർച്ചയെ അഭിമുഖീകരിച്ച സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും; അദ്ദേഹം അധീരനാകുകയോ ചകിതനാകുകയോ ചെയ്തില്ല. കഷ്ടതയുടെ ചൂളയിൽ അദ്ദേഹത്തിന്റെ വിശ്വാസം ശുദ്ധീകരിക്കപ്പെട്ടിരുന്നതുകൊണ്ടു മാത്രമല്ല; തന്റെ കുടുംബത്തിന്റെ സർവസ്വവുമെന്നല്ല തന്റെ ജീവൻ പോലും നഷ്ടപ്പെടാനുള്ള സാധ്യതയോടു മനസാ സ്വയം പൊരുത്തപ്പെടുത്തിയിരുന്നതുകൊണ്ടു കൂടിയാണ്

അദ്ദേഹം ധീരചിത്തനായി നിലകൊണ്ടത്.

കെ. എം. ചെറിയാൻ അന്തരിക്കുന്നതിനു തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ അദ്ദേഹവുമായി സുദീർഘ സംഭാഷണങ്ങൾ നടത്താനുള്ള ഭാഗ്യം എനിക്കു സംഗതിവശാൽ ലഭിച്ചു. ഞാനും ഒരു രോഗിയായി കോലഞ്ചേരിയിൽ അദ്ദേഹത്തിന്റെ പുത്രൻ ഡോ. കെ. സി. മാമ്മന്റെ വസതിയിൽ അഭയം തേടിയിരിക്കുകയായിരുന്നു. കരൾ സംബന്ധമായ ഒരു രോഗത്തിന്റെ ചികിത്സയ്ക്കാണു ഞാൻ അവിടെ എത്തിയിരുന്നത്. ഹൃദ്രോഗബാധിതനായി അദ്ദേഹം കിടപ്പിലായതു ഞാൻ അവിടെ ഉള്ളപ്പോഴായിരുന്നു. ഞാൻ അവിടെനിന്നു പോയി രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഞാൻ ഒഴിഞ്ഞുകൊടുത്ത അതേ കട്ടിലിൽ തന്നെ കിടന്ന് അദ്ദേഹം അന്തരിക്കുകയാണുണ്ടായത്. ഞങ്ങൾക്കിരുവർക്കും ഒരു സ്വകാര്യ ആശുപത്രി പോലെ ആയിരുന്നു ആ വീട്. ഞങ്ങൾ ദീർഘനേരം സംഭാഷണം നടത്താറുണ്ടായിരുന്നു. ഒരിക്കൽ ഞങ്ങളുടെ സംഭാഷണം മരണത്തെപ്പറ്റിയായി – മരണത്തിന്റെ അർഥം എന്താണെന്നുള്ളതിനെക്കുറിച്ച്. ഒരു കൊച്ചുകുട്ടിയുടെ ഉത്സാഹപ്രകർഷത്തോടു കൂടി അപ്പോൾ അദ്ദേഹം പറയുകയാണ്: “ഓ, മരണം എത്ര ഉത്തേജകമായ ഒന്നാണ്! മരിക്കുന്നതിനുവേണ്ടി ഞാൻ മരണത്തെ സമീപിക്കുന്നു. എനിക്കു വളരെയധികം ജിജ്ഞാസയുണ്ട്. ഈ യവനികയ്ക്ക് അപ്പുറത്തുള്ളത് എന്താണെന്ന് എനിക്കറിയണം. നിശ്ചയമായും രോമാഞ്ചം കൊള്ളിക്കുന്ന ഒന്നായിരിക്കണം മരണം. കുറഞ്ഞപക്ഷം, നിത്യേന നമുക്കു നേരിടേണ്ടി വരുന്ന നൂറു നൂറു തലവേദനകളും പ്രകോപനങ്ങളും അവിടെ ഉണ്ടായിരിക്കുകയില്ല. സജീവവും ഉന്മേഷപ്രദവുമായ ഏതോ ഒരവസ്ഥയിലേക്കു കടക്കുന്ന വാതിലാണു മരണം. ആ വാതിലിനു പിന്നിൽ ക്രിസ്തു നിൽക്കുന്നുണ്ട്. മരണത്തിൽ കൂടി നാം ജീവനിലേക്കു പ്രവേശിക്കണം.”

മരണത്തിലൂടെ ജീവനിൽ പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നവനും അനുകമ്പയോടും സ്നേഹത്തോടും കൂടി നമ്മെ നോക്കിക്കൊണ്ടിരിക്കുന്നവനുമായ ഒരു വിശിഷ്ട വ്യക്തിക്ക് ഈ സ്മാരക പ്രസംഗങ്ങളിൽ കൂടി നാം ആദരോപചാരം അർപ്പിക്കുകയാണ്. അദ്ദേഹം കടന്നുപോയ മാർഗത്തിലൂടെ – സ്വഭാവശുദ്ധിയുടെയും നിസ്വാർഥ ജനസേവനത്തിന്റേയും സർവോപരി ദൈവത്തിലുള്ള ആഴമേറിയതും സമൃദ്ധവുമായ വിശ്വാസത്തിന്റെയും മാർഗത്തിലൂടെ – സഞ്ചരിക്കുവാൻ നമ്മിൽ വളരെ വളരെയാളുകൾക്കു കഴിവുണ്ടാകട്ടെ.

*(കോട്ടയം ഓർത്തഡോക്സ് വൈദികസെമിനാരിയിൽ വച്ചു 1975 ഒക്ടോബർ 10-ാം തീയതി നടന്ന കെ. എം. ചെറിയാൻ സ്മാരക പ്രസംഗപരമ്പര ഉദ്ഘാടനം ചെയ്തുകൊണ്ട് ഇംഗ്ലീഷിൽ ചെയ്ത പ്രസംഗത്തിന്റെ മലയാള പരിഭാഷ.)*

# 5

# നേരായ വാതിലിലൂടെ കടന്നുവന്ന നല്ല ഇടയൻ

ഇന്നു മലങ്കരസഭയെ സംബന്ധിച്ചിടത്തോളം സുസ്മരണീയമായ ഒരു ദിവസമാണ്. പ. കാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമന് അനാരോഗ്യം മൂലം ചുമതലകൾ നിർവ്വഹിക്കാൻ ബുദ്ധിമുട്ടായതിനെത്തുടർന്ന് മലങ്കരമെത്രാപ്പോലീത്തായായ മാത്യൂസ് മാർ അത്താനാസിയോസ് കിഴക്കിന്റെ കാതോലിക്കായായി അവരോധിക്കപ്പെടുകയാണ്. വിശുദ്ധ യോഹന്നാന്റെ സുവിശേഷം 10-ാം അദ്ധ്യായമാണ് ഇന്ന് ഏവൻഗേലിയോനിൽ വായിക്കുന്നത്. നല്ല ഇടയന്റെ മൂന്നു ലക്ഷണങ്ങൾ അവിടെ എടുത്തു പറയുന്നുണ്ട്.

ഒന്നാമത്, നല്ല ഇടയൻ വാതിലിലൂടെ കടക്കുന്നവനാകുന്നു. വാതിൽ കാവൽക്കാരൻ അവനു വാതിൽ തുറന്നു കൊടുക്കുന്നു. ആ വാതിലിലൂടെ അകത്തു കടക്കുന്ന ഇടയൻ ആടുകളെ പേർചൊല്ലി വിളിക്കുന്നു. ആടുകൾ അവന്റെ ശബ്ദം അറിയുന്നു. അവ ഇറങ്ങിച്ചെല്ലുന്നു. "അവൻ അവയുടെ മുമ്പേ നടക്കുന്നു." വേദഭാഗം നമ്മെ പഠിപ്പിക്കുന്നതു വാതിലിലൂടെ കടക്കുന്നവനാണു നല്ല ഇടയൻ എന്നാണ്. പുറംവാതിലിലൂടെ കടക്കുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു. അവൻ തന്റെ ആടുകളെയും ആടുകൾ അവനെയും അറിയുന്നില്ല. അതിനാൽ ആടുകൾ അവനെ അനുസരിക്കുന്നില്ല.

രണ്ടാമത്, നല്ല ഇടയൻ ആട്ടിൻപറ്റങ്ങളെ പച്ചയായ പുൽപ്പുറങ്ങളിലേയ്ക്കു നയിക്കുന്നു. സഭാമക്കളാകുന്ന ആടുകൾക്കു പ്രതിബന്ധങ്ങൾ തരണംചെയ്ത് ആത്മീയമായ ആഹാരം ലഭ്യമാക്കുക എന്നതു നല്ല ഇടയന്റെ ചുമതലയാണ്.

മൂന്നാമത്, നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവൻ കൊടുക്കുന്നു. കൂലിക്കാരനോ, ചെന്നായ് വരുന്നതു കണ്ട് ഓടിക്കളയുന്നു.

സഭാപിതാവ് സഭാമക്കളെ സംബന്ധിച്ചിടത്തോളം നല്ല ഇടയനാണ്. നേരായ വാതിലിലൂടെ അകത്തു കടക്കുന്നയാളാണു യഥാർത്ഥ സഭാപിതാവ്. അദ്ദേഹം നല്ല ഇടയനാണ്. നേരായ മാർഗ്ഗത്തിലൂടെയല്ലാതെ സഭയുടെ നേതൃസ്ഥാനത്തു വരുന്നയാൾ നല്ല ഇടയനല്ല.

സഭാമക്കൾക്കു നല്ല മേച്ചിൽസ്ഥലങ്ങൾ കണ്ടെത്താനുള്ള ചുമതല സഭാപിതാവിന്റേതാണ്. ലക്ഷക്കണക്കിനുള്ള സഭാമക്കൾക്കായി നല്ല മെത്രാന്മാരെ സഭയ്ക്കു നൽകാനുള്ള ചുമതല നേതാവിനാണ്. സഭാമക്കളെ ചെന്നായ്ക്കളിൽ നിന്നു രക്ഷിക്കാനുള്ള ഉത്തരവാദിത്വവും സഭാതലവന്റേതു തന്നെ.

ഇന്നു ചെന്നായ്ക്കൾ ധാരാളമായി ആട്ടിൻപറ്റത്തിലേക്കു കയറിവരുന്ന കാലമാണ്. അതുകൊണ്ടു നല്ല ഇടയൻ ഓടിപ്പോവുകയില്ല. വേണ്ടിവന്നാൽ ചെന്നായ്ക്കളോടു യുദ്ധം ചെയ്ത് ആടുകളെ രക്ഷിയ്ക്കും.

നമുക്കിന്നു നല്ല ഇടയനെ ലഭിക്കുന്നു. സമർത്ഥനായ നല്ലയിടയനായി നിന്റെ ദാസനെ വാഴിക്കണമേ എന്ന് നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം.

*(1975 ഒക്ടോബർ 27-ന് കോട്ടയം പഴയസെമിനാരിയിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ കാതോലിക്കാസ്ഥാനാരോഹണ ശുശ്രൂഷാമദ്ധ്യേ ചെയ്ത പ്രസംഗം. ചർച്ച് വീക്കിലി, നവംബർ 2, 1975)*

# 6

# പ്രഭാവവും ഭാരവും

**നി**ങ്ങളെന്നെ യോഗ്യനെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. ഞാൻ ഈ സ്ഥാനത്തിന് അയോഗ്യനാണെന്ന് എനിക്കറിയാം. ദൈവവും അതറിയുന്നു. ദൈവത്തിനു മാത്രമേ എന്നെ യോഗ്യനായ ഒരു നല്ല ഇടയനാക്കിത്തീർക്കുവാൻ കഴിയൂ. എന്നെ ചെറിയ ആട്ടിൻകൂട്ടത്തിന്റെ കുറ്റമറ്റ മഹാപുരോഹിതനാക്കിത്തീർക്കുവാനും, അവരുടെ മധ്യത്തിൽ ക്രിസ്തു സ്ഥാനീയനായി നിലകൊള്ളുന്ന, അവരെ സേവിക്കുന്ന, അവർക്കുവേണ്ടി കഷ്ടപ്പെടുന്ന, പ്രാർത്ഥിക്കുന്ന, എന്റെ രക്ഷകൻ എനിക്കുവേണ്ടി ജീവൻവച്ചതുപോലെ അവർക്കായി എന്റെ ജീവനെ വയ്ക്കുന്ന, ഒരിടയനാക്കിത്തീർക്കുവാനും ദൈവത്തിനേ കഴിയൂ.

മഹാപുരോഹിതനായ അഹറോന്റെ അംശവസ്ത്രങ്ങൾ ദൈവം നിശ്ചയിച്ചവയായിരുന്നു. സുവർണ്ണനൂൽ, നീലനൂൽ, ചുവപ്പുനൂൽ, ധൂമ്റനൂൽ, പിരിച്ച പഞ്ഞിനൂൽ എന്നിവകൊണ്ടുള്ളതായിരുന്നു ആ വിശുദ്ധവസ്ത്രം (പുറ. 28:5). തിരുവെഴുത്തു പറയുന്നതുപോലെ 'മഹത്വത്തിനും അലങ്കാരത്തിനും' പതക്കം, ഏഫോദ്, നീളക്കുപ്പായം, ചിത്രത്തയ്യലുള്ള നിലയങ്കി, മുടി, നടുക്കെട്ട് എന്നിവയാണ് ദൈവം കല്പിച്ച വിശുദ്ധ വസ്ത്രങ്ങൾ. എന്തിനാണീ മഹത്വവും അലങ്കാരവുമെല്ലാം? പാവപ്പെട്ട ജനങ്ങൾ വസിക്കുന്ന, ദാരിദ്ര്യവും, ലാളിത്യവും വിശുദ്ധിയുടെ പര്യായങ്ങളായി കാണുന്ന നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം വളരെ പ്രസക്തമാണ് ഈ ചോദ്യം.

ക്രിസ്തുവിന്റെ സ്ഥാനത്താണ് മഹാപുരോഹിതൻ നിൽക്കുന്നത്. നമ്മുടെ മദ്ധ്യസ്ഥനായി ദൈവമുമ്പാകെ നിത്യമായി നിൽക്കുന്ന ഏക യഥാർത്ഥ മഹാപുരോഹിതനാണ് ക്രിസ്തു. ക്രിസ്തുവിന്റെ ആ മഹത്വത്തെയാണ് ഭൗമീകമഹാപുരോഹിതനായ മേല്പട്ടക്കാരൻ പ്രതിനിധീകരിക്കുന്നത്. അതിനാൽ ബലിപീഠത്തിങ്കൽ എത്രയും മഹത്തരമായ വസ്ത്രാലങ്കാരത്തോടെ അദ്ദേഹം നിൽക്കണമെന്ന് നമ്മുടെ പാരമ്പര്യം നിഷ്കർഷിക്കുന്നു. എന്നാൽ ദേവാലയത്തിനു പുറത്ത് ഒരു സന്യാസിയുടെ ലളിതമായ വസ്ത്രധാരണമാണ് അദ്ദേഹത്തിനു വേണ്ടത്. ബലിപീഠത്തിങ്കൽ നിൽക്കുന്ന മഹാപുരോഹിതന്റെ 'മഹത്വവും അലങ്കാരവും', ദൈവസന്നിധിയിൽ എല്ലാവർക്കുമായി മദ്ധ്യസ്ഥതയണയ്ക്കുന്ന ക്രിസ്തുവിന്റെ മഹത്വത്തിന്റെയും അലങ്കാരത്തിന്റെയും പ്രതിഫലനമാണ്.

പുറപ്പാട് പുസ്തകത്തിൽ മഹാപുരോഹിതന്റെ വേഷവിധാനങ്ങളിൽ പറയുന്ന പതക്കം, ഏഫോദ്, ഉറീം തുമ്മീം, കിരീടം എന്നിവയെപ്പറ്റിയാണ് എനിക്ക് ഇനിയും പറയുവാനുള്ളത്.

ഏഫോദ്, യഹൂദപുരോഹിതൻ ധരിക്കുന്ന ഒരു മേൽവസ്ത്രമാണ്. സ്വർണ്ണം, നീലനൂൽ, ചുവപ്പുനൂൽ, ധൂമ്റനൂൽ, പിരിച്ച പഞ്ഞിനൂൽ എന്നിവകൊണ്ടാണ് ഇതുണ്ടാക്കുന്നത്. അത്തരമൊന്നും നമുക്കിന്നില്ല.

നെഞ്ചിലെ പതക്കത്തിന് മുമ്പിലായി തോളിലൂടെ ഇത് കെട്ടിമുറുക്കുന്നു. ഏഫോദിന്റെ കെട്ടുകളിൽ സ്വർണ്ണത്തിൽ പതിച്ചിട്ടുള്ള രണ്ട് ഗോമേദക കല്ലുകൾ, രണ്ടു തോളിലുമായി ഉണ്ടായിരിക്കും. ഓരോ കല്ലിലും ആറാറുവീതം പന്ത്രണ്ടു ഗോത്രങ്ങളുടെ പേരുകൾ ആ കല്ലുകളിൽ കൊത്തിയിരുന്നു. നെഞ്ചിലെ പതക്കവും, ഏഫോദ് ഉണ്ടാക്കിയ വസ്തുക്കൾ തന്നെ ഉപയോഗിച്ച് നിർമ്മിക്കുന്നതാണ്. സ്വർണ്ണം, നീലനൂൽ, ചുവപ്പുനൂൽ, ധൂമ്റനൂൽ, പിരിച്ച പഞ്ഞിനൂൽ എന്നിവകൊണ്ട് ഉണ്ടാക്കിയ സമചതുരാകൃതിയിലുള്ളതാണ് പതക്കം. അതിൽ നാലുവരികളിലായി പന്ത്രണ്ടു കല്ലുകൾ പതിച്ചിരുന്നു. ഓരോ കല്ലിലും ഓരോ ഗോത്രത്തിന്റെ പേരുകൾ കൊത്തിയിരുന്നു.

ഇതാണ് മഹാപുരോഹിതന്റെ ചിത്രം. അദ്ദേഹം ഇസ്രായേലിലെ പന്ത്രണ്ടുഗോത്രങ്ങളുടെ പേരുകൾ തന്റെ ചുമലിലും, ഹൃദയത്തിലും വഹിച്ചിരുന്നു. ജനങ്ങളാണ് അദ്ദേഹത്തിന്റെ അഭിമാനവും, മഹത്വത്തിന്റെയും അലങ്കാരത്തിന്റെയും പ്രഭാവസ്ഥാനവും. ഒരിടയൻ കുഞ്ഞാടിനെ തോളിൽ വഹിക്കുന്നതുപോലെ, അദ്ദേഹം അവരെ തന്റെ തോളിൽ വഹിക്കുകയാണ്. അദ്ദേഹം അവരെ തന്റെ ഹൃദയത്തിലാണ് വഹിക്കുന്നത്, കാരണം അവരുടെ ക്ഷേമമാണ് അദ്ദേഹത്തിന്റെ ഏക ലക്ഷ്യം. ജനങ്ങളുടെ ക്ഷേമത്തെപ്പറ്റിയുള്ള ഉത്തരവാദിത്വം; ഹൃദയസ്പർശകവും, അനിർഗ്ഗളവുമായ മദ്ധ്യസ്ഥപ്രാർത്ഥന ഇവ രണ്ടുമാണ് ഒരു മഹാപുരോഹിതന്റെ മഹത്വവും അലങ്കാരവും. ജനങ്ങളുടെ ക്ഷേമത്തെപ്പറ്റിയുള്ള ഉത്തരവാദിത്വത്തെയാണ്, തോളിലെ രണ്ട് ഗോമേദകക്കല്ലുകൾ കുറിക്കുന്നത്. ആ ഉത്തരവാദിത്വമാണ് ജനങ്ങളെക്കുറിച്ച് ശ്രദ്ധാലുവായ, അവരെ പോഷിപ്പിക്കുന്ന, മേച്ചിൽപ്പുറത്തേക്കും നീരുറവയിങ്കലേക്കും അവരെ നയിക്കുന്ന, ചെന്നായ്ക്കളിൽനിന്ന് അവരെ രക്ഷിക്കുന്ന, ആട്ടിൻപറ്റത്തിന്റെ ശത്രുക്കളോട് അടരാടുന്ന, ജനങ്ങൾക്കുവേണ്ടി ജീവൻ വയ്ക്കുവാൻപോലും തയ്യാറാകുന്ന ഒരു നല്ല ഇടയനാക്കി അദ്ദേഹത്തെ തീർക്കുന്നത്.

പ്രാർത്ഥന, മദ്ധ്യസ്ഥത, ദിവസേനയുള്ള ധൂപാർപ്പണം, എല്ലാ ജനങ്ങളുടെയും ക്ഷേമൈശ്വര്യങ്ങൾക്കും, ആത്മീയവളർച്ചയ്ക്കും വി. കുർബാനയർപ്പണം ഇതാണ് യഥാർത്ഥ ഉത്തമ മഹാപുരോഹിതനായ ക്രിസ്തു ചെയ്യുന്നത്. ക്രിസ്തു തന്റെ ജനങ്ങളെ സ്വഹൃദയത്തിൽ വഹിക്കുന്നതുപോലെ മഹാപുരോഹിതൻ തന്റെ ജനങ്ങളെ അമൂല്യരത്നങ്ങളായി ഹൃദയത്തിൽ വഹിച്ചുകൊണ്ട് മുട്ടിപ്പായി പ്രാർത്ഥിക്കുകയാണ്.

നെഞ്ചിലെ പതക്കത്തിനടിയിലായി ഉറീം, തുമ്മീം എന്നറിയപ്പെടുന്ന രണ്ടു കല്ലുകളുണ്ട്. ഞാൻ അദ്ധ്യയനം നടത്തിയിട്ടുള്ള അമേരിക്കയിലെ യേൽ യൂണിവേഴ്സിറ്റിയുടെ മുദ്രാവാക്യം ഈ രണ്ടു ഏബ്രായ വാക്കുകളാണ്. ഉറീമും, തുമ്മീമും, അതായത് പ്രകാശവും, ധാർമ്മികോന്നമനവും; അറിവും വിശ്വസ്തതയും, വിജ്ഞാനവും സ്വഭാവവൈശിഷ്ട്യവും. ഇവ രണ്ടും ഒരു നല്ല ഇടയന്റെ അത്യാവശ്യ യോഗ്യതകളാണ്. ഏഫോദിന്റെയും പതക്കത്തിന്റേയും മേന്മകളൊക്കെ, ധരിക്കുന്ന മനുഷ്യൻ സ്വഭാ

വവൈശിഷ്ട്യമില്ലാത്തവനാണെങ്കിൽ വെറും കെട്ടുകഥയായിരിക്കും. തിന്മയെ ചെറുക്കുവാനും, നന്മയെ സധൈര്യം അനുധാവനം ചെയ്യുവാനും അദ്ദേഹം കഴിവുള്ളവനായിരിക്കണം. മാറിലെ പതക്കത്തിനിടയിൽ ഊറിമും തുമ്മീമും ഇല്ലാത്ത മേൽപ്പട്ടക്കാരൻ, പൗരോഹിത്യത്തിന് അപമാനമായിരിക്കും. മേൽപ്പട്ടക്കാരന്റെ ബാഹ്യമായ ആർഭാടങ്ങൾക്ക് നീതീകരണം ലഭിക്കുന്നത് ആന്തരീക ജ്ഞാനത്തിലും, ജീവിതവിശുദ്ധിയിലും മാത്രമാണ്.

അഹറോനും ഒരു കിരീടമുണ്ടായിരുന്നു; അദ്ദേഹത്തിന്റെ ശിരോവസ്ത്രത്തിനു (മുടിക്ക്) ചുറ്റുമായി സ്വർണ്ണംകൊണ്ടുള്ള ഒരു പട്ടം. അതിൽ 'യഹോവയ്ക്ക് വിശുദ്ധം' എന്ന് കൊത്തിയിരുന്നു (പുറ. 28:36). 'യഹോവയ്ക്ക് വിശുദ്ധം' എന്ന് കിരീടം വിളിച്ചുപറയുന്നതെന്തിനെക്കുറിച്ചാണെന്നോ, ഈ മഹാപുരോഹിതനെക്കുറിച്ചും, അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന ജനത്തെക്കുറിച്ചുമാണ്. ജനങ്ങൾക്കുവേണ്ടി മഹാപുരോഹിതൻ കറപുരളാത്ത വിശുദ്ധിയുടെ ജീവിതമാണ് നയിക്കുന്നത്. സ്നേഹത്തിൽ, കരുണയിൽ, പ്രാർത്ഥനയിൽ, ജനങ്ങളെപ്പറ്റിയുള്ള കരുതലിൽ, ത്യാഗനിർഭരമായ ജീവിതത്തിൽ എല്ലാ അർത്ഥത്തിലും മഹാപുരോഹിതൻ സമർപ്പിത ജീവിതത്തിന്റെ ഉത്തമ നിദർശനമായിരിക്കണം. തന്റെ ജനങ്ങൾ വിശുദ്ധിയിൽ ജീവിക്കുന്നതുപോലെ അദ്ദേഹവും വിശുദ്ധിയിൽ ജീവിക്കുന്നു. അതിനാൽ ഒരു പുരോഹിതന്റെ അത്യാവശ്യ യോഗ്യതകൾ താഴെ പറയുന്ന നാലു കാര്യങ്ങളാണ്.

1) പന്ത്രണ്ടു കല്ലുകളോടുകൂടിയ നെഞ്ചിലെ പതക്കം: ജനങ്ങളെ സ്നേഹിക്കുന്ന, അവരെ കരുതുന്ന, അവർക്കുവേണ്ടി മദ്ധ്യസ്ഥത യാചിക്കുന്ന ഒരു പൗരോഹിത്യശുശ്രൂഷയെയാണ് ഇതു കാണിക്കുന്നത്.

2) ഏഫോദിന്റെ ഗോമേദകകല്ലുകൾ പതിച്ചിട്ടുള്ള കെട്ടുകൾ (ചുമൽക്കണ്ടങ്ങൾ). ജനങ്ങളെക്കുറിച്ചുള്ള ഉത്തരവാദിത്വം, അവരെ തോളിൽ വഹിക്കുവാനുള്ള കടപ്പാട്, ദൈവമുമ്പാകെ അവരെക്കുറിച്ച് ഉത്തരം നൽകേണ്ട കടമ ഇവയെയാണിത് കുറിക്കുന്നത്.

3) ഊറിമും തുമ്മീമും: വിജ്ഞാനത്തേയും സ്വഭാവവൈശിഷ്ട്യത്തെയും കുറിക്കുന്നു. നെഞ്ചിലെ പതക്കത്തിനടിയിലായി അവ മറയ്ക്കപ്പെട്ടിരിക്കുകയാണ്; എന്നാൽ മനുഷ്യന്റെ വ്യക്തിത്വത്തിന്റെ കേന്ദ്രമായി അവ നിലകൊള്ളുന്നു.

4) 'യഹോവയ്ക്ക് വിശുദ്ധം' എന്ന് വിളിച്ചുപറയുന്ന തലയിലെ പട്ടം. പ്രാർത്ഥനാനിരതവും കുറ്റരഹിതവുമായ ജീവിതത്തെ-വിശുദ്ധ ജീവിതത്തെ-ആകുന്നു ഇതു കാണിക്കുന്നത്.

അതിനാൽ ഒരു മേല്പ്പട്ടക്കാരന്റെ വെട്ടിത്തിളങ്ങുന്ന വേഷവിധാനങ്ങൾ, അദ്ദേഹത്തിൽ നിന്നു പ്രതീക്ഷിക്കപ്പെടുന്ന ഉന്നതമായ സ്വഭാവത്തിന്റെ പ്രതീകമാണ്. പന്ത്രണ്ടു വർഷങ്ങൾക്കുമുമ്പ് ഈ ഉത്തരവാദിത്വത്തിൽ നിന്നും എന്നെ ഒഴിവാക്കണമെന്ന് ആവശ്യപ്പെടാൻ എന്നെ പ്രേരിപ്പിച്ച ഘടകം ഇതാണ്. എപ്പിസ്ക്കോപ്പാ പദവി എനിക്ക് ആഗ്രഹിക്കാൻ കഴി

യാത്തവിധം അത്രയ്ക്ക് ഉന്നതമായ ഒരു സ്ഥാനമാണെന്ന ചിന്തയാണെനിക്കുള്ളത്. ഈ സ്ഥാനത്തെക്കുറിച്ചും കർത്താവ് എന്നിൽ നിന്നും എന്താണ് പ്രതീക്ഷിക്കുന്നതെന്നുള്ളതിനെക്കുറിച്ചും എനിക്കു ഭയമുണ്ട്. ദൈവവിളിക്കു മുമ്പിൽ ഭയത്തോടും വിറയലോടും കൂടെയാണ് ഞാൻ തലകുനിച്ചത്.

സ്വന്തം കഴിവുകളിൽ ആശ്രയിച്ചുകൊണ്ട് യാതൊരുവനും ഈ പദവിയിലേക്ക് വരുവാൻ സാദ്ധ്യമല്ല. ദൈവത്തിന്റെ കരുണയിലും എന്റെ ജനത്തിന്റെ പ്രാർത്ഥനയിലും, ഇവ രണ്ടിലുമേ എനിക്ക് ആശ്രയിക്കാനാവൂ. ദൈവകൃപയില്ലെങ്കിൽ ഞാനേതുമില്ല. ആ അളവറ്റ കൃപയിലും നിങ്ങളുടെ ഹൃദയംഗമമായ പ്രാർത്ഥനകളിലും സങ്കേതപ്പെട്ടുകൊണ്ട് ദൈവം എന്നെ ഇരുത്തിയിരിക്കുന്ന ഈ ദൈവീക സിംഹാസനത്തെ, ഞാൻ സ്വീകരിക്കുന്നു.

സ്വന്തം ജനത്തിന്റെ പൗരനേതാവും കൂടെയാണ് ഒരു മേല്പ്പട്ടക്കാരൻ. ആ നിലയിൽ അദ്ദേഹത്തിന്റെ കർത്തവ്യങ്ങളെപ്പറ്റിയും ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ.

ഒരു മേല്പ്പട്ടക്കാരന് എല്ലാ അർത്ഥത്തിലും ഒരു സന്യാസിയായിരിപ്പാൻ കഴിയുന്നതല്ല. ലോകത്തിൽ നിന്നും രാഷ്ട്രത്തിൽ നിന്നും പൂർണ്ണമായും വേർപെട്ടു ജീവിക്കുവാൻ അദ്ദേഹത്തിനു കഴിയുകയില്ല. എല്ലാ മനുഷ്യർക്കുംവേണ്ടിയുള്ള എന്റെ ലോകവ്യാപകമായ പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് അടിച്ചമർത്തപ്പെടുന്നവരും, മർദ്ദിതരും, ചൂഷിതരും, ദരിദ്രരുമായ മനുഷ്യർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടരുന്നതിന് ദൈവം എനിക്ക് ശക്തിതരുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. ദക്ഷിണാഫ്രിക്കയിലെ കറുത്തവർക്കുവേണ്ടിയും അമേരിക്കൻ ഐക്യനാടുകളിലെ അമേരിക്കൻ ഇൻഡ്യാക്കാർക്കുവേണ്ടിയും, ലാറ്റിൻ അമേരിക്കയിലും, ഏഷ്യൻ ആഫ്രിക്കയിലുമുള്ള ദരിദ്രവിഭാഗത്തിനുവേണ്ടിയും ഉള്ള എന്റെ എളിയ പ്രവർത്തനങ്ങൾ ഞാൻ തുടരുന്നതാണ്. ഈ രാജ്യത്തിലെ പാവപ്പെട്ടവരും ചൂഷിതരുമായ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുവാൻ ഞാൻ സ്വയം സമർപ്പിച്ചിരിക്കുന്നു. അവരുടെ ക്ഷേമം എന്റെ രാജ്യത്തിന്റെ ക്ഷേമമായി ഞാൻ കാണുന്നു. ദരിദ്രർക്കും മർദ്ദിതർക്കും നീതി കിട്ടുവാൻ വേണ്ടി ഞാൻ ഉദ്യുക്തനായിരിക്കുന്നു. അതിനാൽ മനുഷ്യർക്ക് ദൈനംദിന ആവശ്യത്തിനുള്ള ഉല്പാദിതവസ്തുക്കൾ അനായാസേന ലഭിക്കുന്ന ഒരു സാമ്പത്തിക വ്യവസ്ഥിതിക്കുവേണ്ടി ഞാൻ നിലകൊള്ളുന്നു. ആ വസ്തുക്കൾ സമൂഹത്തിലെ അപൂർവം ചിലരാലോ ഗവർമെന്റിനാൽ മാത്രമോ നിയന്ത്രിക്കപ്പെടേണ്ടതല്ല. വിദേശശക്തികളുടെ ഇടപെടലുകളിൽ നിന്നും സ്വതന്ത്രമായ; ജനങ്ങളെ ബാധിക്കുന്ന സുപ്രധാന നിയമങ്ങളുടെ നിർമ്മാണത്തിൽ ജനങ്ങൾക്ക് പങ്കാളിത്തം ലഭിക്കുന്ന; കള്ളക്കടത്തുകാർ, കരിഞ്ചന്തക്കാർ, കോഴ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നവർ, അധികാരം ദുർവിനിയോഗം ചെയ്യുന്നവർ തുടങ്ങിയ സാമൂഹ്യ വിരുദ്ധന്മാരെ ജനങ്ങൾ തന്നെ ശിക്ഷിക്കുന്ന ഒരു രാഷ്ട്രത്തിനുവേണ്ടി ഞാൻ നിലകൊള്ളുന്നു.

നമ്മുടെ രാഷ്ട്രത്തിന്റെ തലസ്ഥാനത്തുള്ള ഈ സിംഹാസനത്തിന്റെ ചുമതല സ്വീകരിക്കുന്നത് ഒരു രാഷ്ട്രസേവനം കൂടെയാണ് എന്ന നില യിൽ രാഷ്ട്രത്തോടു തന്നെയുള്ള ഒരു വലിയ ചുമതലയുടെ സ്വീകരണ മായി ഞാൻ ഇതിനെ കണക്കാക്കുന്നു. ജനങ്ങളുടെ ഹിതമറിഞ്ഞ് പ്രവ ർത്തിക്കുവാൻ ഞാൻ എപ്പോഴും ഒരുക്കമായിരിക്കും. രാഷ്ട്രത്തോടു നീതി യെയും സമാധാനത്തെയും കുറിച്ച് പ്രസംഗിക്കുവാൻ ഞാൻ ശ്രമിക്കും. ഇന്നാട്ടിലെ ജനക്ഷേമത്തിനുള്ള എല്ലാ പ്രവർത്തനങ്ങളിലും എന്റേതായ സേവനം നൽകാൻ ഞാൻ തയ്യാറാണെന്ന് എന്റെ ജനത്തിന്റെ നേതാക്ക ന്മാരോട് ഞാൻ വാഗ്ദാനം ചെയ്യുന്നു.

റോമൻകത്തോലിക്കാ, പ്രോട്ടസ്റ്റന്റ്, ഓർത്തഡോക്സ് സഭകളുടെ വിശാലമായ ക്രിസ്തീയ കൂട്ടായ്മക്കുവേണ്ടി എന്റേതായ പങ്കു വഹിക്കാൻ ഞാൻ സന്നദ്ധനാണ്. ജനങ്ങളുടെ ക്ഷേമത്തിനായുള്ള ക്രിസ്തീയ സഭ കളുടെ എല്ലാ പ്രവർത്തനങ്ങളിലും സേവനത്തിന്റെ സന്തോഷകരമായ ഭാരം വഹിക്കുന്നതിൽ പങ്കുകൊള്ളാൻ ഞാൻ ഒരുക്കമാണ്. ഒരു ഉപദേ ശകനെന്ന നിലയിൽ എന്റെ പരിമിതമായ കഴിവുകൾ ഈ തലസ്ഥാന നഗരിയിലെ ക്രൈസ്തവർക്കും, മറ്റുള്ളവർക്കും പ്രയോജനപ്പെടുത്തുവാൻ കഴിയുമെന്നും ഞാൻ ആശിക്കുന്നു.

ഈ നഗരത്തിലും ഈ രാജ്യത്തിലുമുള്ള ബുദ്ധിജീവികളോടൊത്ത് പ്രവർത്തിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദേശീയപദ്ധതികളുടെ ആസൂ ത്രണത്തിൽ മാത്രമല്ല, ദേശീയ താല്പര്യങ്ങളുടെ പുനഃചിന്തനത്തിലും, പുതിയ ദേശീയ നയങ്ങളുടെ ആവിഷ്ക്കരണത്തിനും എനിക്ക് താല്പ ര്യമുണ്ട്. സംഗീതം, ശില്പവിദ്യ, വാസ്തുശില്പവേല മുതലായ കലക ളുടെ ആസ്വാദനത്തിൽ ഞാൻ തല്പരനാണ്. ഈ നഗരത്തിലെ സാംസ്ക്കാരിക ജീവിതത്തിൽ പങ്കാളിയാകുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈ തലസ്ഥാന നഗരിയിൽ മുഴുവൻ സമയവും താമസിച്ചുകൊണ്ട് എന്റെ ഈ താല്പര്യങ്ങളോട് നീതി പുലർത്തുവാൻ കഴിഞ്ഞെങ്കിൽ എന്നാശിക്കുകയാണ്. എന്റെ സഭയുടെ വേദശാസ്ത്രവിദ്യാഭ്യാസത്തിലും, സഭയുടെ ബാഹ്യകാര്യങ്ങളിലും എനിക്കുള്ള ചുമതലകൾ തുടരേണ്ടതു കൊണ്ട് എന്റെ സമയത്തിന്റെ ഏറിയപങ്കും, സഭയുടെ ആസ്ഥാനമായ കോട്ടയത്ത് ചെലവിടേണ്ടിവരും. കാലക്രമേണ തലസ്ഥാനനഗരിയിൽ കൂടു തൽ സമയം താമസിക്കുവാനും, ഇവിടുത്തെ പ്രവർത്തനങ്ങളിൽ ഭാഗഭാ ക്കാകുവാനും സാധിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

*(ഡൽഹി ഭദ്രാസന ഇടവകയുടെ ഭരണം ഏറ്റെടുത്തുകൊണ്ട് ചെയ്ത നയപ്രഖ്യാപന പ്രസംഗം. 1976 ജൂലൈ 11, സഫ്ദർജങ്ങ് സെന്റ് മേരീസ് പള്ളി, ന്യൂഡൽഹി)*

# 7

# നമ്മുടെ കാതുകളെ തുറക്കുക

നമ്മുടെ കർത്താവിന്റെ വചനം നമ്മുടെ കേൾവിക്കുറവ് മാറ്റി കാതുകളെ തുറക്കുമാറാകട്ടെ! പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ 'എഫഥാ.' ആമേൻ.

സംപൂജ്യനായ ആർച്ചുബിഷപ്പ് എച്ച്. ഇ. ഫ്രാൻസിസ്കസ് കാർഡിനൽ കൊനിഗിന്റെ സാന്നിദ്ധ്യത്തിൽ വിയന്നായിലെ ഈ കത്തീഡ്രൽ ദേവാലയത്തിൽ വച്ച്, ഇന്ത്യയിലെ തോമാശ്ലീഹായുടെ സഭയിൽ നിന്നുള്ള കർത്ത്യദാസനായ എനിക്ക് കർത്താവിന്റെ വചനം പ്രസംഗിക്കുവാൻ അനുവദിച്ച ദൈവത്തിന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. ക്രിസ്തുവും പിതാവും ഒന്നായിരിക്കുന്നതുപോലെ നാം എല്ലാം ഒന്നായിത്തീരുവാനും ക്രിസ്തുവിൽ സന്തോഷിക്കുവാനും ആരാധിക്കുവാനും ആയി, 1500 വർഷങ്ങൾക്കുശേഷം നമ്മെ ഇവിടെ കൂട്ടിവരുത്തിയത് കർത്താവായ ക്രിസ്തു തന്നെയാണ്. അവന്റെ നാമം വാഴ്ത്തപ്പെടട്ടെ!

മാനവരാശി മുഴുവനും, എക്യുമെനിക്കൽ പ്രസ്ഥാനം പ്രത്യേകിച്ചും, അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെല്ലാം തരണം ചെയ്യുന്നതിന് ക്രിസ്തുവിൽ ആശ്രയിക്കയല്ലാതെ മറ്റ് മാർഗ്ഗങ്ങൾ ഒന്നും എനിക്ക് കാണാൻ കഴിയുന്നില്ല.

## I

എവിടെയാണ് നമ്മുടെ സഭകൾ ഇന്ന്? ഒരുകാലത്ത് ആഫ്രിക്കയിലേയും ഏഷ്യയിലേയും വലിയ സഭകളായിരുന്ന അലക്സാണ്ട്രിയ, അന്ത്യോഖ്യാ, അർമേനിയ, എത്യോപ്യ, ഇന്ത്യ എന്നിവിടങ്ങളിലെ പുരാതന ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ കേവലം നാമമാത്ര അവശിഷ്ടങ്ങളായിത്തീർന്നിരിക്കുന്നു. ഈ ഓരോ സഭയും അവരവരുടെ നിലയിൽ, ആന്തരിക വഴക്കുകളും ബാഹ്യ പീഡനങ്ങളും നേരിട്ടുകൊണ്ടിരിക്കുന്നു. സർക്കാർ പിന്തുണ ലഭിക്കുന്നില്ല. ദൈവത്തിൽ ആശ്രയിക്കുന്നതിന് പൂർണ്ണസ്വാതന്ത്ര്യം ഉണ്ട്. ഞങ്ങൾക്ക് സമ്പത്തോ, ലൗകിക ശക്തിയോ ഇല്ല. എല്ലാവരുംകൂടി 25 മില്യൺ മാത്രം അംഗസംഖ്യയുള്ള ഞങ്ങൾക്ക് രാഷ്ട്രീയമായോ സാമ്പത്തികമായോ ശക്തിയില്ലെന്നു മാത്രമല്ല, ഞങ്ങളുടെ സഹോദരീ സഭയായ റോമൻ കത്തോലിക്കാസഭയുമായി താരതമ്യപ്പെടുത്തുമ്പോൾ, സഭകൾ തമ്മിൽ സമ്പർക്കം പുലർത്തുന്ന

തിനോ, കൂടിയാലോചിക്കുന്നതിനോ ഉള്ള സംവിധാനം പോലുമില്ല. എന്താ യിരുന്നാലും, നമ്മുടെ കഴിവിലോ ശക്തിയിലോ മാത്രം ശരണംവെ യ്ക്കാൻ കഴിയില്ല. 'തുറക്കപ്പെടട്ടെ' എന്നർത്ഥമുള്ള 'എഫഥാ' എന്ന ദൈവവചനം നമ്മുടെ കാതുകളെ തുറന്ന്, ദൈവവചനം നമ്മിൽക്കൂടെ കടന്നുവരുമ്പോൾ മാത്രമേ ക്രിസ്തുവിലുള്ള പൊതുപ്രത്യാശയിൽ നാം എത്തുകയുള്ളു. സൗഖ്യമാക്കുന്ന ദൈവവചനം നമ്മിലൂടെ കടന്നുവരാ നായി നമുക്ക് അനുതപിക്കാം.

## II

നാം തമ്മിലുണ്ടായിരുന്ന അകൽച്ച നീക്കുംവിധം എക്യുമെനിസം വളർന്നുവരുന്നതിൽ നമുക്ക് പ്രത്യാശിക്കാം. സഭകൾ തമ്മിൽ പരസ്പര സന്ദർശനങ്ങൾ പലതു നടന്നു – പുസ്തകങ്ങളായും, സ്കോളർഷിപ്പായും പല സഹായങ്ങൾ റോമാ സഭയിൽ നിന്നും ലഭിച്ചു. നാം തമ്മിൽ തുറന്ന് സംസാരിക്കാവുന്ന ഒരു ഘട്ടത്തിലെത്തിയോ? എത്തിയെങ്കിൽ രണ്ടു കാര്യങ്ങളാണ് ഇനിയും ചെയ്യാനുള്ളത്: ഒന്നാമത്തേത്, ഏറ്റുപറച്ചിലും ക്ഷമാപണവുമാണ്. രണ്ടാമത്തേത്, പ്രത്യാശ നിറഞ്ഞ ഭാവിയിലേക്കുള്ള ധീരമായ ആസൂത്രണവും.

സഭകൾ തമ്മിലുള്ള ഏറ്റുപറച്ചിൽ പ്രയാസമുള്ളതാണ്. വ്യക്തിപര മായും സാന്ദർഭികമായും ചിലപ്പോഴൊക്കെ ചില സഭകൾ തമ്മിൽ, പ്രത്യേ കിച്ചും റോമൻ കത്തോലിക്കാസഭയുമായി ഞങ്ങൾക്ക് ഒരു നിഷേധാ ത്മക സമീപനം എടുക്കേണ്ടി വന്നിട്ടുണ്ട്. ചരിത്രത്തിൽ നടന്ന അത്തരം കാര്യങ്ങൾ മറന്നുകളയുന്നതിനേക്കാൾ, ഏറ്റുപറഞ്ഞ് ക്ഷമിച്ച് മുന്നോട്ട് പോകുന്നതാണ് ഭാവിയിലേയ്ക്കുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നല്ലത്. ഉപബോധ മനസ്സിൽ നിന്നുപോലും കയ്പ്പും കുറ്റ ബോധവും മാറി സഹകരിച്ച് മുന്നോട്ടു പോകാൻ നമുക്ക് കഴിയണം.

പ്രത്യേകമായ ചില തത്വങ്ങൾ അടിസ്ഥാനമാക്കി ഭാവിയിലുള്ള എക്യു മെനിക്കൽ സഹകരണം മുന്നോട്ടു കൊണ്ടുപോകാൻ നമുക്ക് കഴിയണം. പ്രാദേശിക സാഹചര്യം അനുസരിച്ച് ഈ തത്വങ്ങൾക്ക് മാറ്റം വന്നേക്കാം. ഇത് എത്യോപ്യയിലും, അന്ത്യോഖ്യയിലും, ഈജിപ്തിലും, അർമേനി യയിലും, ഭാരതത്തിലുമെല്ലാം അതത് സഭയുടെ സാഹചര്യമനുസരിച്ച് വ്യത്യസ്തമായി പരിഗണിക്കേണ്ടി വരും.

എന്നിരുന്നാലും, ചില പൊതുവായ കാര്യങ്ങൾ എല്ലാ സഭകൾക്കു മുണ്ട്. 'സഭാമാറ്റം' (Proselytism) ആണ് ആദ്യമെ മനസ്സിൽ കടന്നുവരു ന്നത് – റീത്തുപ്രസ്ഥാനത്തിന്റെ നിലയും, പങ്കും, ഭാവിയുമാണ് മറ്റ് ഒരു കാര്യം. റോമൻ കത്തോലിക്കാസഭയുടെ ഔദ്യോഗിക സമീപനത്തിന്

വിപരീതമായ നിലപാടാണ് ഈ റീത്തുപ്രസ്ഥാനം (uniat churches) കൈക്കൊള്ളുന്നത് എന്ന് തോന്നിപ്പോകുന്നു. ഭാവിയിലുള്ള നമ്മുടെ പരസ്പരബന്ധത്തിൽ റീത്തുപ്രസ്ഥാനത്തിന്റെ സഭാമാറ്റ പ്രേരണ അവസാനിപ്പിക്കുമെന്ന ഒരു ധാരണ ഉണ്ടാകുകയും, അങ്ങനെ വന്നാൽ, യൂണിയറ്റ് (റീത്തു) സഭകളുടെ ഭാവി എന്തായിരിക്കുമെന്നും നിശ്ചയിക്കേണ്ടിയിരിക്കുന്നു. ഇവിടെ നടക്കുന്ന ചർച്ചകൾ എക്യുമെനിക്കൽ പാതയിലേയ്ക്ക് ഈ വിധം നയിക്കുമെന്ന് പ്രത്യാശിക്കുന്നു.

മാർപാപ്പായുടെ 'പ്രഥമസ്ഥാനീയത' (Primacy) സ്ഥാനത്തിലാണോ, അധികാര–ഭരണസീമയിലാണോ, എന്നതും, 'അപ്രമാദിത്വം' 'ഫിലിയോക്കേ' തുടങ്ങിയ വിശ്വാസകാര്യങ്ങളിലുള്ള വ്യത്യാസങ്ങളോടൊപ്പം, സഭ, ത്രിത്വം, പരിശുദ്ധാത്മാവ്, കൂദാശകൾ, ശുശ്രൂഷാസ്ഥാനികൾ തുടങ്ങിയ വിഷയങ്ങളെപ്പറ്റിയുള്ള നമ്മുടെ ധാരണയിൽ കൂടുതൽ യോജിപ്പ് കണ്ടെത്താൻ ശ്രമിക്കുകയും വേണം. പരിശുദ്ധാത്മവ്യാപാരം നിറഞ്ഞ സഭാശാസ്ത്രചിന്തയെപ്പറ്റിയുള്ള ചർച്ചകളാണ് റീത്തുപ്രസ്ഥാനം, സഭാമാറ്റം, പ്രഥമസ്ഥാനീയത, അപ്രമാദിത്വം, ഫിലിയോക്കേ തുടങ്ങിയ വിഷയങ്ങൾക്ക് പശ്ചാത്തലമാകേണ്ടത്.

## III

സഭയേയും പരിശുദ്ധാത്മാവിനേയും പറ്റിയുള്ള ചർച്ചകൾ മുന്നേറുന്നതോടെ, ഈ ഭൂതലത്തിൽ ജീവിക്കുന്ന മാനവരാശിയെ നാം വിസ്മരിക്കുവാൻ ഇടയാകരുത്. പാപം നിറഞ്ഞ മാനവവംശത്തിൽ, ആർത്തി നിറഞ്ഞ ഒരു സമൂഹം വളർന്നുവരുന്നതായിട്ടാണ് പടിഞ്ഞാറൻ സംസ്കാരത്തിലൂടെ കണ്ടുവരുന്നത്. ആരോഗ്യമുള്ള ഒരു ശിശു ഇതുവരെയും ജനിക്കുവാൻ ഇടയായിട്ടില്ല എന്നതാണ് ഞാനുൾപ്പെടെയുള്ള ചിലരെങ്കിലും കരുതുന്നത്.

ഇവിടെ ക്രിസ്തീയ സഭകൾക്ക് ഒരു വലിയ പങ്ക് നിർവഹിക്കാനുണ്ട്. ദൈവരാജ്യവും അതിന്റെ മൂല്യവുമെന്ന നിലയിൽ പരിസ്ഥിതി, ലോകനീതി, അന്താരാഷ്ട്ര സാമ്പത്തിക വ്യവസ്ഥിതി, സമാധാനവും നിരായുധീകരണവും എന്നീ വിഷയങ്ങൾക്കൂടി സഭകളായി പരിഗണനയ്ക്ക് എടുക്കുകയും സാമ്പത്തികവും സാമൂഹ്യവുമായ ഘടകങ്ങളെ സ്വാർത്ഥതയിൽ നിന്നും അത്യാഗ്രഹത്തിൽ നിന്നും മോചിപ്പിക്കുവാൻ കഴിയുമോ എന്ന് നോക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇത് സാധിച്ചെടുക്കുവാൻ നാം തീരുമാനിക്കുന്നു എങ്കിൽ, ഈവക കാര്യങ്ങളിൽ, വൈദികരേക്കാൾ കൂടുതൽ പ്രാവീണ്യം നേടിയ അയ്മേനികളുടെ സഹകരണവും സേവനവും നാം തേടേണ്ടിയിരിക്കുന്നു. നമ്മുടെ എക്യുമെനിക്കൽ ചർച്ചകളിലൊക്കെ അയ്മേനികളെയും പങ്കെടുപ്പിക്കാൻ സമയമായിട്ടുണ്ട്. വൈദി

കരും വേദശാസ്ത്രജ്ഞന്മാരും മാത്രമായാൽ സഭയാകുന്നില്ല. അയ്മേനികളുടെ പങ്കാളിത്തം മാനവരാശിയോടുള്ള സഭയുടെ വിശാലമായ സേവനത്തെപ്പറ്റിയുള്ള ചർച്ചയിൽ ഉണ്ടാകുമ്പോൾ സഭയുടെ പുതുക്കത്തിൽ ഒരു പുതിയ മാനം കണ്ടെത്താനാകും.

നമ്മുടെ കർത്താവായ ക്രിസ്തുവാണ് നമ്മെ ഇവിടെ കൂട്ടിവരുത്തിയിരിക്കുന്നത്. അവൻ തന്നെയാണ് വചനം സംസാരിക്കുന്നതും ജീവനെ ഉൽപാദിപ്പിക്കുന്നതും. കുരുടന്റെ കണ്ണു തുറക്കുന്നതും ചെകിടനെ കേൾക്കുമാറാക്കുന്നതും അവൻ തന്നെ. കുഷ്ഠരോഗിയെ ശുദ്ധനാക്കുന്നു. മുടന്തനെ നൃത്തം ചെയ്യിക്കുന്നു. അവന്റെ ശക്തിയേറിയ വചനം ഇന്ന് നമുക്ക് ജീവൻ നൽകുന്നു. അവന്റെ ശക്തിയും വചനവും നമ്മുടെ സഭകളെ സൗഖ്യമാക്കുകയും നമ്മെ ഐക്യത്തിലേയ്ക്ക് നയിക്കുകയും ചെയ്യട്ടെ - നമ്മുടെ നാഥൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതായ ഐക്യത്തിലേയ്ക്കു തന്നെ.

*(വിയന്നായിലെ സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽ വച്ച് കാർഡിനൽ കൊനിഗ് നടത്തിയ ആരാധനാമദ്ധ്യേ 1976 സെപ്തംബർ 5 ഞായറാഴ്ച പ്രസംഗിച്ചത്. തർജ്ജമ: ഫാ. സി. സി. ചെറിയാൻ. വിയന്നാ സംഭാഷണങ്ങൾ, പ്രോഓറിയന്റെ, കോട്ടയം, 1993, പേജ് 67-69.)*

# 8
# വ്യക്തിത്വം വെളിവാക്കുക

ദൈവം സൃഷ്ടിയുടെ മകുടമായി മനുഷ്യനെ സൃഷ്ടിച്ചു. തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന് വിവേചനാശക്തിയും അതോടൊപ്പം ഇച്ഛാശക്തിയ്ക്കൊപ്പം പ്രവർത്തിക്കുന്നതിനു സ്വാതന്ത്ര്യവും, അങ്ങനെ സ്വതന്ത്ര ചിന്തയ്ക്കുള്ള വ്യക്തിത്വവും നൽകി. തന്റെ പരിശുദ്ധാത്മ പ്രവർത്തനം മൂലം ലോകത്തെ താൻ അനുനിമിഷം പുതുക്കുന്നു. 'Behold, I make all things new.' 'ഇതാ ഞാൻ സകലവും പുതുതാക്കുന്നു' (വെളി. 21:5) എന്ന് തിരുവെഴുത്തിലും കാണുന്നു.

'ഇന്നലെ'കളിൽ കണ്ട ലോകം പതിന്മടങ്ങ് വികാസം പ്രാപിച്ചതായി, പുതുക്കത്തോടെ 'ഇന്നു'കളിൽ കാണുന്നു. ശാസ്ത്രീയമായും, സാങ്കേതികമായും, വിദ്യാഭ്യാസപരമായും – അങ്ങനെ വിവിധ മണ്ഡലങ്ങളിൽ കാണുന്ന പുതുക്കം, മാനസികമായും ആത്മീകമായും വന്നുചേരുന്നതിന്റെ പ്രതിരൂപമോ ഭാഗമോ എന്നതിനു രണ്ടു തരമില്ല. 'പിതാവേ, ഞാനും നീയും ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നാകേണം' എന്നുള്ള കർത്താവിന്റെ മഹാപുരോഹിതപ്രാർത്ഥന നിവൃത്തിയാകുന്ന ഈ എക്യുമിനിസത്തിന്റെ നൂറ്റാണ്ട് മനുഷ്യ മനസ്സാക്ഷിയുടെ പുതുക്കത്തിനു നിദാനമല്ലേ? എന്നാൽ ഇന്നത്തെ സമീപനരീതിയിൽ, പൊതുവിൽ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം 'പുതിയ ആകാശവും പുതിയ ഭൂമിയും' സംജാതമാകുന്ന കർത്താവിന്റെ രണ്ടാമത്തെ വരവ്, കുറെയെങ്കിലും നിരാശയ്ക്കു വകനല്കുന്നതത്രെ.

സകലത്തെയും അനുനിമിഷം താൻ പുതുക്കുമ്പോൾ 'നാളെ നല്ലത്' എന്ന ദൃഢവിശ്വാസം, പ്രത്യാശാകിരണങ്ങൾ ചൊരിയുന്നു. നിരാശയുടെ സ്ഥാനത്ത് പ്രത്യാശ – ജീവിതത്തിന് ഒരു പുതിയ കാഴ്ചപ്പാട് – അനുദിന ജീവിതത്തിൽ ഈ പുതുക്കം അനുഭവവേദ്യമോ? സകലവും മാറുന്നതിനും നശിക്കുന്നതിനും നിമിഷങ്ങളെണ്ണി കഴിയുമ്പോൾ ഈ ലോകത്തെ ദൈവം അനുനിമിഷം പുതുക്കുന്നു എന്നും കൂടുതൽ കൂടുതൽ പുതുക്കത്തിലേക്കു നയിക്കുന്നതിനു വ്യക്തികളെ യഥാസ്ഥാനപ്പെടുത്തിയിരിക്കുന്നുവെന്നും തോന്നേണ്ടതല്ലേ? ഈ പുതുക്കം രക്ഷയിലേക്കു നയിക്കുന്നു.

പഴയനിയമത്തിൽ ആദ്യന്തം കാണുന്ന നിരന്തരസമരം, രക്ഷ, വീണ്ടെടുപ്പ്, പുതുക്കം എന്നിവയുടെ ഭാഗമത്രെ. രക്ഷ പ്രാപിക്കുന്നതിനുള്ള 'struggle' നേതാക്കന്മാരിലൂടെ വീണ്ടെടുപ്പ്, പഴയനിയമത്തിൽ. മറുവശത്ത്, പുതിയനിയമത്തിൽ, യേശുക്രിസ്തുവിലൂടെ സമസ്ത ലോകത്തിന്റേയും വീണ്ടെടുപ്പും കാണുന്നു. യേശുക്രിസ്തുവിലൂടെ ക്രിസ്ത്യാനിക്കു മാത്രമല്ല, സകല സൃഷ്ടിക്കുമുള്ള വീണ്ടെടുപ്പാകയാൽ അവന്റെ കർത്തൃത്വവും കൂടുതൽ വെളിപ്പെടുന്നു. യേശുക്രിസ്തു 'മനുഷ്യത്വ'ത്തിന്റെ പൂർണ്ണതയിൽ അളവുകോലായി ചരിത്രത്തിൽ നിൽക്കുന്നു. ആ പരി

പൂർണ്ണ മനുഷ്യത്വത്തിലെത്തുവാൻ തക്കവണ്ണം സമൂഹത്തെ മാനവവല്ക്കരിക്കുന്നതിനുള്ള ചുമതല സഭയ്ക്കു താൻ നല്കിയിരിക്കുന്നു.

മനുഷ്യൻ അവന്റെ 'മനുഷ്യത്വം' നഷ്ടമാക്കുമ്പോൾ മൃഗീയ യാന്ത്രിക തലങ്ങളിലേക്ക് അധഃപ്പതിക്കുന്നു, വെറും പിണ്ഡത്തിനു സമാനമാകുന്നു. അങ്ങനെ സമൂഹത്തിൽ നിന്നും അന്യവൽക്കരിക്കപ്പെടുന്നു. "When dehumanisation takes place, people become mere masses", അന്യപ്പെട്ട സമൂഹത്തെ മനുഷ്യവല്ക്കരിക്കുന്നതിന്, സമൂഹത്തെ ക്രൈസ്തവവല്ക്കരിക്കാനുള്ള ചുമതല സഭയുടെ തോളിൽ നിക്ഷിപ്തമത്രേ. ഇവിടെയാണ് സഭ സമൂഹത്തിലേക്ക് ഇറങ്ങേണ്ടത്. ആയതിനു ചില തയ്യാറെടുപ്പും ആവശ്യമത്രേ.

സമൂഹത്തിലേക്കിറങ്ങുന്ന ക്രിസ്തീയവ്യക്തി, ആദ്യം തന്റെ 'വ്യക്തിത്വം' മനസ്സിലാക്കണം. ക്രിസ്ത്യാനിയെന്ന നിലയിൽ ക്രിസ്തുവിന്റെ വിളി സ്വീകരിച്ച വ്യക്തി, ക്രിസ്തുവിനോട് ഏകീഭവിക്കേണം. യേശുക്രിസ്തു തന്നെ അനുഗമിക്കാൻ വിളിക്കുന്നത്, അവനോടുകൂടി മരിക്കുന്നതിനാകുന്നു ('When Jesus Christ calls you to follow Him, he calls you to die with Him') എന്നത്രേ ഒരു മഹാൻ പറയുന്നത്. യേശുക്രിസ്തുവിനോടു കൂടി മരിക്കുന്നത്, സമൂഹത്തിനോടും സാമൂഹ്യപ്രശ്നങ്ങളോടും താദാത്മ്യം പ്രാപിക്കുന്നതിലൂടെയാകുന്നു. "എനിക്കു വിശന്നു. ..... ഈ ചെറിയവരിൽ ഒരുത്തന് ചെയ്തതെല്ലാം എനിക്കാകുന്നു" എന്നു കർത്താവു പറയുന്നത് സമൂഹത്തിലെ കഷ്ടപ്പെടുന്ന ഓരോരുത്തനേയും കുറിച്ചല്ലെന്ന് ആർക്കു പറയാനാവും? ആകയാൽ സമൂഹത്തിലേക്കു വരുമ്പോൾ, സമൂഹത്തോടും ക്രിസ്തുവിനോടും താദാത്മ്യം പ്രാപിക്കണം. വ്യക്തിയെ സംബന്ധിച്ചിടത്തോളം ബഹുവിധ സമ്മർദ്ദങ്ങളേയും ഇരുവശങ്ങളിൽ നിന്നുള്ള പിന്തിരിപ്പൻ ശക്തികളെയും അതിജീവിക്കാൻ കഴിയുകയും വേണം. കാറൽ മാർക്സ് പറയുന്നത് അല്പം ചിന്തിക്കുന്നതിനു പര്യാപ്തമാണ്, വിശുദ്ധനാകാൻ വിഷമമില്ല. പ്രത്യുത ഒരു മനുഷ്യനാകുക വിഷമമത്രേ ("It's easy to be a saint, but not easy to be a man"). ഇത്തരുണത്തിൽ ക്രിസ്തീയ വ്യക്തി 'ലോകത്തിൽ പ്രകാശിക്കുന്ന വിളക്കും', 'രഹസ്യത്തിൽ സ്വർഗ്ഗീയ പിതാവിനോടു പ്രാർത്ഥിക്കു'ന്നവനുമാകണം. പരിശുദ്ധനായ പരുമല തിരുമേനിയെപ്പോലുള്ള ശ്രേഷ്ഠ പിതാക്കന്മാരുടെ ജീവിതം കൂടുതൽ മാർഗ്ഗദർശനം നല്കും.

"സമൂഹത്തെ ക്രൈസ്തവവല്ക്കരിക്കുക (christianise) യല്ല, പ്രത്യുത മാനവവല്ക്കരിക്കുക (humanise) യത്രേ സഭയുടെ കർത്തവ്യം" എന്നു പലർക്കും പറയാനുണ്ടാകും. എന്നാൽ മനുഷ്യത്വത്തിന്റെ പൂർണ്ണതയും അളവുകോലും ക്രിസ്തുവിൽ ലഭ്യമാകയാൽ ക്രൈസ്തവവല്ക്കരണമാണ് സമൂഹത്തിൽ സഭയുടെ ദൗത്യം. വ്യക്തികളായും, സഭയായും ലോകത്തിലേക്ക് ഇറങ്ങണം.

'ലോകത്തിൽ നിന്നും വേറിട്ടുനില്ക്കുന്ന ക്രിസ്തീയത്വം' (Metaphysical thinking) മാറ്റണം. 'ഞാനും എന്റെ ദൈവവും' എന്ന വ്യക്തിജീവിതത്തിൽ മാത്രം അധിഷ്ഠിതമായ ക്രിസ്തീയ സമീപനവും (Individualistic

thinking), നന്നല്ല. ഉപരിയായി കാര്യസാദ്ധ്യത്തിനു വേണ്ടി മാത്രം ദൈവത്തെ തേടുന്ന രീതിയും അഭിലഷണീയമല്ല, ക്രിസ്തീയജീവിതത്തിൽ. ക്രിസ്ത്യാനികൾ സകല ലൗകിക പ്രശ്നങ്ങളിലും പ്രത്യേകമായി മാറി നില്ക്കുക, പ്രത്യേകമായ മേന്മ അവകാശപ്പെടുക, ലോകത്തിന്റെ മുഴുവൻ വിധികർത്താക്കളാകുക തുടങ്ങിയ രീതികളും ക്രൈസ്തവലോകത്തിന്റെ പൊതുവിലുള്ള മതപരിവേഷങ്ങളുടെ ഭാഗമാണ്. വൈരുദ്ധ്യം നിറഞ്ഞ മതപരിവേഷങ്ങളെ അവഗണിക്കുന്നതിനും, കേന്ദ്രസത്യം മുറുകെപ്പിടിക്കുന്നതിനും കഴിയണം. സകല നന്മയും ക്രിസ്തീയമെന്നഭിമാനിക്കാതെ, പ്രതിപക്ഷ ബഹുമാനത്തോടുകൂടിയ സമീപനമുണ്ടാകണം. അതേസമയം, വിമർശനങ്ങളിലൂടെ മാത്രമേ വിഗ്രഹങ്ങളെ തകർക്കാനാവൂ. സാമൂഹിക പരിവർത്തനത്തിൽ ക്രിസ്ത്യാനിക്കു നിർവ്വഹിക്കാനുള്ളത് കർത്തവ്യ പൂരണം മാത്രമാണ്.

ബാബിലോണാകുന്ന ഈ ലോകത്തിലേക്കു ദൈവം നമ്മെ വിളിച്ചാക്കിയിരിക്കുന്നതു വിലപിക്കുന്നതിനും സ്വർഗ്ഗീയ യരുശലേമിലേക്ക് ഓടി രക്ഷപ്പെടുന്നതിനുമല്ല. പ്രത്യുത, ബാബിലോണിൽ വേല ചെയ്യുന്നതിനും, അവിടെ ദൈവത്തിന്റെ സാക്ഷ്യം നിറവേറ്റുന്നതിനുമത്രേ. എന്തെന്നാൽ, കർത്താവായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ വലിയ രഹസ്യം സ്വർഗ്ഗീയ യരുശലേം ബാബിലോണിലേക്ക് ഇറങ്ങിവന്നിരിക്കുന്നു എന്നതത്രേ. ആകയാൽ നമ്മെ വിളിച്ച വിളിക്ക് യോഗ്യമായപ്രകാരം, നമ്മുടെ ഉത്തരവാദിത്വം സഭയായും വ്യക്തികളായും ഏറ്റെടുക്കണം. ദൈവരാജ്യ സംസ്ഥാപനത്തിന്, തന്റെ രക്ഷയുടെ വക്താക്കളായി, വാഹകരായി പുറപ്പെടണം. സുഖദുഃഖങ്ങളിലൊരുപോലെ, തന്നോടുകൂടി കഷ്ടമനുഭവിപ്പാനും, സന്തോഷിപ്പാനും, നാളത്തെ ദിവസം വ്യത്യസ്തമായിരിക്കും.' 'നാളെ നല്ലത്' എന്ന ദൃഢവിശ്വാസത്തോടെ പുറപ്പെടുവാൻ തയ്യാറാകുക. സഭയ്ക്കു വേണ്ടി മാത്രം പ്രവർത്തിക്കാതെ സമൂഹത്തിനു മുഴുവനുംവേണ്ടി പ്രവർത്തിക്കുക. സകല സൃഷ്ടിയേയും സ്രഷ്ടാവിലേക്ക് ആനയിക്കുവാനുള്ള പരിശ്രമം ആരംഭിക്കുക; അങ്ങനെ സൃഷ്ടിയുടെ മുഴുവൻ ദൈവീകരണം (Theosis) സാധിക്കട്ടെ.

'പുതിയ ആകാശവും പുതിയ ഭൂമിയും' സംജാതമാകുന്ന നല്ല നാളേ'ക്കു വേണ്ടി മുന്നേറുക.

*(വിദ്യാർത്ഥി പ്രസ്ഥാനം പരുമല യൂണിറ്റിന്റെ ഏകദിന സമ്മേളനത്തിൽ ചെയ്ത പ്രഭാഷണത്തിന്റെ സംഗ്രഹം. സമ്പാദകൻ: കെ. സി. സഖറിയ, നിരണം)*

# 9

# മേൽപ്പട്ടക്കാരന് ഉണ്ടായിരിക്കേണ്ട അഞ്ചു യോഗ്യതകൾ

**അ**തിമഹത്തായ ഒരു പെരുന്നാളിൽ സംബന്ധിക്കുവാനായി നാം ഇന്ന് വന്നുകൂടിയിരിക്കുകയാണ്. സഭയെ സംബന്ധിച്ചിടത്തോളം ഇന്ന് ഒരു വലിയ പെരുന്നാളാണ്; കാരണം സഭാംഗങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട, പരിശുദ്ധ സുന്നഹദോസിനാൽ അംഗീകരിക്കപ്പെട്ട, ദൈവത്താൽ വിളിക്കപ്പെട്ട അഞ്ച് സന്യാസവര്യന്മാരെ ഇന്ന് മേൽപട്ടക്കാരായി അഭിഷേകം ചെയ്യുകയാണ്. ഈ ദൈവീക ശുശ്രൂഷയിൽ പങ്കെടുക്കുന്ന നിങ്ങളോട് മേൽപ്പട്ടക്കാർക്ക് ഉണ്ടായിരിക്കേണ്ട അഞ്ച് യോഗ്യതകളെപ്പറ്റി വളരെ ചുരുക്കമായി പറയുവാനാണ് ഞാൻ കർത്താവിൽ പ്രത്യാശിക്കുന്നത്. ഈ എല്ലാ യോഗ്യതകളും എനിക്കില്ല എന്ന് നല്ലവണ്ണം അറിഞ്ഞുകൊണ്ടു തന്നെയാണ് ഞാൻ സംസാരിക്കുന്നത്. ഒരു മേൽപ്പട്ടക്കാരന് അത്യാവശ്യമായി ഉണ്ടായിരിക്കേണ്ട അഞ്ച് യോഗ്യതകൾ ഇവയാണ്: ഉപദേശം; ഭരണം; ബലി; പ്രാർത്ഥന; പ്രതീകം.

**ഉപദേശം**

ഒരു മേൽപ്പട്ടക്കാരൻ തന്റെ ജനങ്ങളെ ഉപദേശിക്കുവാൻ പ്രാപ്തനായിരിക്കണം. ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുവാൻ അദ്ദേഹം ബാദ്ധ്യസ്ഥനാണ്. ദൈവവചനത്തെ വിശ്വാസികളുടെ ഹൃദയങ്ങളിൽ സ്ഥാപിക്കുകയാണ് അദ്ദേഹത്തിന്റെ പ്രധാന ചുമതല. അതായത് ജനങ്ങളെ അദ്ദേഹം വി. വേദപുസ്തകം പഠിപ്പിച്ചു കൊടുക്കണം. അതിനായി ഒരു മേൽപ്പട്ടക്കാരൻ വേദപുസ്തകം പ്രാർത്ഥനയിൽ വായിച്ച് ധ്യാനിച്ച് ജനങ്ങൾക്ക് വ്യാഖ്യാനിച്ചു കൊടുക്കണം. സഭാപിതാക്കന്മാർ എല്ലാവരും തന്നെ വി. വേദപുസ്തകം വായിച്ച് ധ്യാനിക്കുമായിരുന്നു. എനിക്കറിയാവുന്ന മേൽപട്ടക്കാരായ സഭാപിതാക്കന്മാർ എല്ലാവരും തന്നെ വേദപുസ്തകം നല്ലവണ്ണം അരച്ചുകലക്കി കുടിച്ചിട്ടുള്ളവരായിരുന്നു. അവർ വേദപുസ്തകം വായിച്ച് ധ്യാനിച്ച് ആത്മീയ പോഷണം പ്രാപിക്കുകയും ജനങ്ങളെ പോഷിപ്പിക്കുകയും ചെയ്യുന്നവരായിരുന്നു.

**ഭരണം**

ഇടയൻ തന്റെ ആടുകൾക്കുവേണ്ടി നടത്തുന്ന ഭരണത്തിന്റെ ഉദ്ദേശ്യം, ഐക്യത്തിലും, രമ്യതയിലും അവർ വസിക്കണം എന്നുള്ളതാണ്. എവിടെ എങ്കിലും അഭിപ്രായ വ്യത്യാസമോ ഭിന്നിപ്പോ ഉണ്ടായാൽ അതൊക്കെ പരിഹരിച്ച് സഭയിൽ സമാധാനവും യോജിപ്പും ഉണ്ടാകുവാനായി മേൽപ്പട്ടക്കാരൻ ശ്രമിക്കണം. സമൂഹത്തിലും കുടുംബത്തിലും കലഹങ്ങൾ മാറി, നിലനിൽക്കാനായി അദ്ദേഹം യത്നിക്കണം. ആരോടും സ്പർദ്ധയില്ലാതെ

താഴ്മയോടു കൂടി ജനങ്ങളെ സേവിക്കണം. രാജാക്കന്മാരെപ്പോലെ അധികാരം ചെലുത്തുകയല്ല, സ്നേഹത്തിൽ തന്റെ ജനങ്ങളുടെ ക്ഷേമത്തിനായി പ്രയത്നിക്കുകയാണ് ഭരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

**ബലി**

സഭയുടെ പ്രധാന ചുമതലയാണ് ബലിയർപ്പിക്കുന്നത്. ഭദ്രാസനത്തിൽ എല്ലാ സ്ഥലങ്ങളിലും ബലി-വി. കുർബ്ബാന-നടക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടത് മേൽപട്ടക്കാരന്റെ കടമയാണ്. അതിന് ആവശ്യമായ പട്ടക്കാരെ അദ്ദേഹം ഏർപ്പെടുത്തുകയും, അനുയോജ്യമായ സ്ഥലങ്ങൾ ക്രമീകരിക്കുകയും ചെയ്യണം. വി. കുർബ്ബാന മാത്രമല്ല ബലി. ബലിയുടെ ഉദ്ദേശ്യം മനുഷ്യരെ ദൈവവുമായി രമ്യതപ്പെടുത്തുകയാണ്. വി. കുർബ്ബാന - ക്രിസ്തീയ ബലി - കർത്താവിന്റെ തിരുശരീര രക്തങ്ങൾ വഴി അനുഷ്ഠിക്കുന്ന അനുരഞ്ജന ശുശ്രൂഷയാണ്. ലോകത്തിന്റെ കാവലും രക്ഷയുമാണ് വി. ബലി. ആ വിശുദ്ധ ബലിയുടെ ക്രമമായ അർപ്പണത്തിന് മേൽനോട്ടം വഹിക്കുക ഒരു എപ്പിസ്കോപ്പായുടെ കർത്തവ്യമാണ്.

**പ്രാർത്ഥന**

ഒരു മേൽപ്പട്ടക്കാരൻ എപ്പോഴും തന്റെ ആടുകൾക്കുവേണ്ടി പ്രാർത്ഥിക്കണം. പഴയനിയമ കാലത്തെ മഹാപുരോഹിതനായിരുന്നു അഹറോൻ. അദ്ദേഹം ദൈവമുമ്പാകെ നിൽക്കുമ്പോൾ തന്റെ മാർവ്വിടത്തിൽ ഒരു പതക്കം അണിയുമായിരുന്നു. പന്ത്രണ്ട് വിലയേറിയ കല്ലുകൾ പതിച്ചതായിരുന്നു ആ പതക്കം. ഓരോ കല്ലിലും ഇസ്രായേലിലെ ഗോത്രങ്ങളുടെ പേരുകൾ കൊത്തിയിരുന്നു. അതായത് 12 ഗോത്രങ്ങളുടെ പേരുകൾ തന്റെ ഹൃദയഭിത്തിക്കടുത്ത് സ്ഥാപിച്ചുകൊണ്ടായിരുന്നു മഹാപുരോഹിതനായ അഹറോൻ ദൈവമുമ്പാകെ പ്രാർത്ഥിച്ചിരുന്നത്. ഓരോ മെത്രാപ്പോലീത്തായും, തന്റെ ചുമതലയിലുള്ള ആളുകളെ തന്റെ പ്രാർത്ഥനയിൽ ഓർക്കണം. സ്വന്ത കാര്യത്തിനു വേണ്ടിയല്ല ഒരു മേൽപ്പട്ടക്കാരൻ പ്രാർത്ഥിക്കുന്നത്. സഭയുടെ, ഭദ്രാസനത്തിന്റെ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം പ്രാർത്ഥനയാണ്. ഇടവകയിലെ ഒരു മനുഷ്യൻ പോലും നശിച്ചുപോകാതിരിക്കുവാൻ മേൽപ്പട്ടക്കാരൻ പ്രാർത്ഥിക്കണം. തന്നെ വിമർശിക്കുന്നവർക്കുവേണ്ടി പോലും, തന്നെ എതിർക്കുന്നവർക്കുവേണ്ടി പോലും അദ്ദേഹം പ്രാർത്ഥിക്കണം. ദൈവം തന്നെ ഏൽപ്പിച്ചിട്ടുള്ള ജനങ്ങളെ മുഴുവനും തന്റെ ഹൃദയത്തിൽ വഹിച്ചുകൊണ്ടായിരിക്കണം ഒരു മെത്രാപ്പോലീത്താ പ്രാർത്ഥിക്കുവാൻ നിൽക്കേണ്ടത്.

**പ്രതീകം**

അഞ്ചാമത്തെ ഗുണം, ഒരു മേൽപ്പട്ടക്കാരൻ 'പ്രതീകം' ആണ് എന്നുള്ളതാണ്. 'പ്രതീകം' എന്നു പറഞ്ഞാൽ എന്താണെന്ന് അധികം പേർക്കും മനസ്സിലാവുകയില്ലെന്ന് തോന്നുന്നു. ഒരു വിധത്തിൽ കൂദാശ എന്നു പറയാം. ഇന്ന് ഇവരെ കൂദാശ ചെയ്യുകയാണ്. മേൽപ്പട്ടക്കാരായി കൂദാശ ചെയ്ത് ശുദ്ധീകരിക്കുകയാണ്. അങ്ങനെ ഇവർ ദൈവവാഹിക

ളായിത്തീരുന്നു. അവർ ദൈവത്തിന്റെ 'പ്രതീകം' ആയി തീരുന്നു. അതു കൊണ്ടാണ് നമ്മുടെ സഭയിൽ മെത്രാപ്പോലീത്തന്മാർക്ക് റിട്ടയർമെന്റ് ഇല്ലാത്തത്. ഒരിക്കൽ കൂദാശ ചെയ്യപ്പെട്ടു കഴിഞ്ഞാൽ അവർ മരണം വരെ ആ സ്ഥാനത്ത് തുടരുന്നു. മെത്രാപ്പോലീത്താ തന്റെ ഇടവകയിൽ കർത്താവിന്റെ പ്രതീകമാണ്. മനുഷ്യനായിത്തീർന്ന കർത്താവിന്റെ കാണപ്പെടുന്ന പ്രതീകമാണ് ഓരോ മെത്രാപ്പോലീത്തായും. വിശക്കുന്നവന് ഭക്ഷണം നൽകി; ദാഹിക്കുന്നവന് വെള്ളം നൽകി, കർത്താവിന്റെ പ്രതീകമായി ലോകത്തിൽ മെത്രാപ്പോലീത്താ കാണപ്പെടണം. ദൈവം ലോകത്തിൽ കാണപ്പെട്ടത് യേശുവിലൂടെയാണ്. യേശുവിനെ നോക്കിയവർ ദൈവത്തെ കണ്ടു. അതുപോലെ മെത്രാപ്പോലീത്തായിലൂടെ ലോകം ദൈവത്തെ കാണണം.

*(1985 മെയ് 15 നു മാവേലിക്കരയിൽ വച്ചു നടന്ന മേൽപട്ട സ്ഥാനാരോഹണ ശുശ്രൂഷാമദ്ധ്യേ ചെയ്ത പ്രസംഗം. സമ്പാദകൻ: ഫാ. കെ. വി. ശമുവേൽ)*

# 10

# ക്രൈസ്തവ സഭയിൽ കശ്ശീശായുടെ ചുമതലകൾ

**ഇ**ന്നിപ്പോൾ നമ്മുടെ പ്രിയങ്കരനായ ജോർജ്ജ് പൗലോസ് ശെമ്മാശനെ സഭയിലെ ശ്രേഷ്ഠമായ കശ്ശീശാ സ്ഥാനത്തേയ്ക്കുയർത്തിയിരിക്കുകയാണ്. അറിവും പരിജ്ഞാനവും പക്വതയും പരിപാവനമായ ജീവിത നൈർമ്മല്യവും നേടിയിട്ടുള്ളവരെയാണ് കശ്ശീശാ സ്ഥാനത്തേയ്ക്കു നിയോഗിക്കേണ്ടത്. അവരുടെ പ്രായപരിധിയും നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് മുപ്പതു വയസ്സു കഴിഞ്ഞവരെ മാത്രമേ കശ്ശീശാ സ്ഥാനത്തേയ്ക്കു നിയോഗിക്കുകയുള്ളു. അതുകൊണ്ടാണ് കശ്ശീശാമാരെ സഭയിലെ 'മൂപ്പന്മാർ' എന്നു വിളിച്ചിരുന്നത്.

കശ്ശീശാ എന്ന സുറിയാനി പദത്തിന് 'ഉണങ്ങിവരണ്ടവൻ' എന്നും അർത്ഥമുണ്ട്. കശ്ശീശാ ഉപവാസത്തിലും പ്രാർത്ഥനയിലും സദാ ജാഗരൂകനായിരിക്കണമെന്നാണ് ആ പദത്തിന്റെ അർത്ഥസൂചന. അവൻ കേവലം ഭക്ഷണപ്രിയനായിരിക്കരുത്.

### കശ്ശീശായുടെ പ്രധാനപ്പെട്ട മൂന്നു ചുമതലകൾ

കശ്ശീശാ ഇടയനും ജനങ്ങൾ ആടുകളുമാകുന്നു. ആകയാൽ സർവപ്രധാനമായി മൂന്നു ചുമതലകളാണ് കശ്ശീശായ്ക്കുള്ളത്. ഒന്നാമത്തെ ചുമതല ആടുകൾക്കു ഭക്ഷണം കൊടുക്കുകയാണ്. ജനങ്ങളാകുന്ന ആടുകൾക്ക് സത്യവിശ്വാസമാകുന്ന ആത്മീയ ഭക്ഷണം നൽകി അവയെ പുഷ്ടിപ്പെടുത്തേണ്ടത് ഇടയന്റെ ചുമതലയാണ്. ആടുകൾക്കു നല്ല ഭക്ഷണപാനീയങ്ങൾ നൽകാത്ത ഒരിടയന് അവയുടെ പാൽ കറന്നെടുത്തുപയോഗിക്കാൻ അവകാശമില്ല.

രണ്ടാമത്തെ ചുമതല ആടുകൾ തമ്മിലുണ്ടാകുന്ന വഴക്കും പിണക്കവും പോരും തമ്മിൽകുത്തും അവസാനിപ്പിച്ച് അവയെ രമ്യപ്പെടുത്തുക എന്നുള്ളതാണ്. ചില മുഷ്ക്കരന്മാരായ മുട്ടാടുകൾ തമ്മിൽ ചിലപ്പോൾ കൊമ്പു കുലുക്കി ചാടിയടുത്ത് ഇടിയും കുത്തും നടത്താറുണ്ട്. അപ്പോൾ ഇടയൻ അവയുടെ നടുവിൽ ചാടി രണ്ടിനെയും പിടിച്ചുമാറ്റി സമാധാനമുണ്ടാക്കണം.

മൂന്നാമത്തെ ചുമതല വഴിതെറ്റിപ്പോകുന്ന ആടുകളെ പിടിച്ചു നേർവഴിയിലേയ്ക്കു കൊണ്ടുവരണം എന്നുള്ളതാണ്. ചില ആടുകൾ വഴിതെറ്റി വല്ല കുഴിയിലും അപകടത്തിലുമൊക്കെ ചാടിയെന്നു വരാം. അവയെ പിടിച്ചുകയറ്റി അപകടത്തിൽ നിന്നും രക്ഷിക്കേണ്ടത് ഇടയന്റെ ചുമതലയാണ്. ഇടയപ്രമുഖരായ മേൽപ്പട്ടക്കാരുടെ അറ്റം വളഞ്ഞ അംശവടി ആ ചുമതലയെ സൂചിപ്പിക്കുന്നതാണ്. ഇടയനായ കശ്ശീശാ ആടുകൾക്കു

വേണ്ടി ആരാധന നടത്തിയാൽ മാത്രം പോരാ, അവയെ നല്ല നിലയിൽ ഭരിക്കുകയും വേണം. കശ്ശീശാ ഇടയനും ഭരണകർത്താവുമാകുന്നു.

അവസാനമായി ജനങ്ങൾക്ക് കശ്ശീശായോടുള്ള ചുമതല കൂടി പറയട്ടെ. ചിലർ വൈദികരെ കുറ്റം പറയാറുണ്ട്. വൈദികർ കുറ്റമില്ലാത്തവരല്ല. അവരും നിങ്ങളെപ്പോലെ സാധാരണ മനുഷ്യരാണ്. തെറ്റും കുറ്റവുമൊക്കെ അവരിലും കാണും. അവയെ നിങ്ങൾ ക്ഷമിക്കുകയും അവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും അവർക്കു വേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും വേണം.

*(1987 ഡിസംബർ 26 നു മെത്രാപ്പോലീത്താ ഓണക്കൂർ സെന്റ് മേരീസ് പള്ളിയിൽ പട്ടംകൊട ശുശ്രൂഷാ മദ്ധ്യേ ചെയ്ത പ്രസംഗം. സമ്പാദകൻ: പി. മത്തായി ഓണക്കൂർ. 1988 ജനുവരിയിലെ ചർച്ച്‌വീക്ക്‌ലിയിൽ നിന്നും)*

# 11

# പുരുഷനോടൊപ്പം സ്ത്രീയ്ക്കും നേതൃത്വം

സഭയുടെ പാരമ്പര്യമനുസരിച്ച് ചിന്തിക്കുമ്പോൾ രണ്ടു കാര്യങ്ങളാണ് വേദപുസ്തകത്തിൽ കാണുന്നത്. ഒന്നാമത്, കർത്താവിന്റെ തിരുവചനം സുവിശേഷത്തിൽ കാണുന്നത് (വി. മത്തായി 19:4, വി. മർക്കോസ് 10:6).

കർത്താവിങ്ങനെയരുളിച്ചെയ്തു: "ആദിയിൽ അവരെ സൃഷ്ടിച്ചവൻ പുരുഷനും സ്ത്രീയുമായി അവരെ സൃഷ്ടിച്ചു എന്ന് നിങ്ങൾക്കറിഞ്ഞു കൂടെയോ?"

എന്നു പറഞ്ഞാൽ ആദിമുതലേ മനുഷ്യരാശിയുടെ രണ്ട് അവിഭാജ്യ ഘടകങ്ങളാണ് സ്ത്രീയും പുരുഷനും. അവയിൽ ഒന്നില്ലെങ്കിൽ മറ്റേതും ഇല്ലാതായിപ്പോകും. മാത്രമല്ല കർത്താവരുളിച്ചെയ്തിരിക്കുന്നതിൻ പ്രകാരം സ്ത്രീയും പുരുഷനും ഒന്നാണ്, ഏകശരീരമാണ് (വി. മത്തായി 19:6). അവയെ പൂർണ്ണമായി വേർതിരിപ്പാൻ നമുക്കവകാശമില്ല. കാരണം ദൈവമാണവരെ ഒന്നായി സൃഷ്ടിച്ചിട്ടുള്ളതും അവരെ ഒന്നാക്കിത്തീർക്കുന്നതും (19:6).

## 1. പുരുഷനോടൊപ്പം സ്ത്രീ

ഒന്നാമതു, സ്ത്രീപുരുഷബന്ധത്തെക്കുറിച്ചു വേദപുസ്തകത്തിലുള്ള നാലു ഘട്ടങ്ങൾ ചൂണ്ടിക്കാണിക്കാം. അതു കഴിഞ്ഞു സ്ത്രീകളുടെ സേവനം സഭയിൽ ഏതു വിധത്തിൽ ആയിരുന്നു എന്നു ചരിത്രപരമായ ഒരു അവലോകനം. വേദപുസ്തകം പഠിക്കുമ്പോൾ നാല് ഘട്ടങ്ങൾ കാണാം.

### 1:1 സ്ത്രീപുരുഷബന്ധം: മൗലികമായ അടിസ്ഥാനം

ആദ്യത്തെ ഘട്ടം ആരംഭിക്കുന്നതു സൃഷ്ടിയോടു കൂടിയാണ്. മോശ ന്യായപ്രമാണത്തിൽ പഠിപ്പിച്ചതല്ല ആദിയിൽ ഉണ്ടായിരുന്നത്. കർത്താവ് തന്നെ പറഞ്ഞു: 'മോശ നിങ്ങളുടെ ഹൃദയകാഠിന്യം മൂലം അങ്ങനെ കൽപ്പിച്ചതാണ്.' പക്ഷേ, ആദിയിൽ അങ്ങനെയല്ലായിരുന്നു. എന്താണ് ഈ ആദി? ആദി എന്നു പറയുന്നതു സൃഷ്ടിയുടെ ആദി തന്നെയാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ച സമയത്ത് മനുഷ്യനെ സ്വന്തരൂപത്തിലാണ് സൃഷ്ടിച്ചത്. മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു. ഈശ്വരന്റെ രൂപം ഭൂമിയിൽ പ്രകടമാക്കാനുള്ള പ്രത്യേക കർത്തവ്യമാണു സ്ത്രീയും പുരുഷനും ഒന്നിച്ചു കൂടുന്ന മനുഷ്യനുള്ളത്.

അദൃഷ്ടനായ ദൈവത്തിന്റെ ദൃഷ്ടരൂപം. അതാണു കാണാത്ത

ദൈവത്തിന്റെ കാണപ്പെട്ട രൂപം. നമ്മുടെ ജീവിതവിളി തന്നെ അതാണ്. നമ്മെ വിളിച്ചിരിക്കുന്നത് കാണപ്പെടാത്ത ദൈവത്തിന്റെ കാണപ്പെട്ട രൂപമായിത്തീരാൻ വേണ്ടിയാണ്. അതാണു നമ്മുടെ മൗലികദൗത്യവും. സൃഷ്ടിയുടെ വിളി ദൈവരൂപം ചരിത്രത്തിൽ യാഥാർഥ്യമാക്കിത്തീർക്കുക എന്നുള്ളതാണ്. ഇത് സ്ത്രീയും പുരുഷനും തമ്മിലുള്ള തുല്യത മാത്രമല്ല. സ്ത്രീയും പുരുഷനും ഒന്നിച്ചുവെങ്കിലേ ഇതു സാധിക്കൂ.

ദൈവം സ്ത്രീയെയും പുരുഷനെയും ഒന്നിച്ച് അനുഗ്രഹിച്ചു: 'നിങ്ങൾ ഭൂമിയിൽ പെരുകുക. ഭൂമിയിൽ മറ്റുള്ളവയെയെല്ലാം ഭരിക്കുക. ഭൂമി നന്നാക്കിയെടുക്കുക.' ഇങ്ങനെയൊരു നിയോഗമാണ് ആദ്യം മുതലേ ദൈവം മനുഷ്യനു നൽകിയിട്ടുള്ളത്. അതാണു സ്ത്രീപുരുഷബന്ധത്തിന്റെ അടിസ്ഥാനം. ദൈവത്തിന്റെ രൂപം ലോകത്ത് പ്രകാശിപ്പിക്കുകയെന്ന ഈ ദൗത്യം വളരെ പ്രയാസമുള്ള കാര്യമാണ്. നമ്മൾ ദൈവത്തെ പോലെയായിത്തീരുക എന്നുള്ളത് അതിൽ അന്തർഭവിച്ചിട്ടുണ്ട്. ദൈവം എവിടെയെന്ന് ആരെങ്കിലും ചോദിച്ചാൽ 'നോക്കൂ' എന്നു പറയാൻ നമുക്കു സാധിക്കണം. അതാണു ദൈവത്തിന്റെ വിളി. അവിടെയാണു സ്ത്രീപുരുഷബന്ധത്തിന്റെ മൗലികമായ അടിസ്ഥാനം. അതാണ് ഒന്നാംഘട്ടം.

### 1:2 ദൈവത്തെ അവിശ്വസിച്ചു, സാത്താനെ വിശ്വസിച്ചു

രണ്ടാം ഘട്ടത്തിലേയ്ക്കു വരുമ്പോഴാണ് അൽപ്പം പ്രയാസം ഉള്ളത്. ഈ ഘട്ടം ആരംഭിക്കുന്നതു പാപത്തിലേക്കുള്ള വീഴ്ചയോടു കൂടിയാണ്. ആ വീഴ്ചയുടെ വിവരണത്തെക്കുറിച്ച് ഇപ്പോൾ വനിതാ പ്രസ്ഥാനത്തിനകത്ത് ഒരുപാടു തർക്കങ്ങളൊക്കെ നടക്കുന്നുണ്ട്. അതു പുരുഷന്മാർ എഴുതിയുണ്ടാക്കിയ ഒരു വിവരണം ആയതുകൊണ്ടാണ് അത് അങ്ങനെയിരിക്കുന്നത് എന്നാണ് ഒരു വാദം. അതായത് ഹവ്വയാണ് ആദ്യ പഴം ഭക്ഷിച്ചതെന്നും അതു കഴിഞ്ഞ് ആദാമിനു കൊടുത്തതേയുള്ളുവെന്നുമൊക്കെയാണല്ലൊ എഴുതി വച്ചിട്ടുള്ളത്. ഈ ഗുലുമാലുകളൊക്കെ എഴുതി വച്ചതു പുരുഷന്മാരാണ് എന്നാണ് ഫെമിനിസ്റ്റു പ്രസ്ഥാനത്തിൽ പലരും പറയുന്നത്. എനിക്കതങ്ങോട്ട് അത്രയും ബോധ്യമാകുന്നില്ല എന്ന് ഞാൻ നിങ്ങളോടു സമ്മതിക്കാം. അതിന്റെ കാരണം ഒരു പക്ഷേ അമിതമായ പുരുഷഭാഗ സ്ഥാപന പ്രവണതയാവാം. പുരുഷനു പുരുഷനെപ്പറ്റി മാത്രമേ ചിന്തിക്കാൻ സാധിക്കു - മറ്റുള്ളവരെപ്പറ്റി ചിന്തിക്കാൻ സാധിക്കാത്ത ഒരു അവസ്ഥ.

ഇതൊക്കെയാണെങ്കിലും, വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നതെല്ലാം പുരുഷന്മാർ എഴുതിയതുകൊണ്ട് ഇങ്ങനെ വന്നു പോയി എന്ന് എനിക്കു വിചാരമില്ല. വീഴ്ചയുടെ ആഖ്യാനത്തിൽ സ്ത്രീയുടെ ഭാഗം അല്പം സ്പെഷ്യൽ ആണെന്നു പറയാം. അതു മുഴുവൻ സ്ത്രീയുടെ കുറ്റമാണെന്നു പറഞ്ഞു കൂടാ. സാത്താൻ മനുഷ്യനെ സമീപിക്കാൻ നോക്കിയപ്പോൾ, ആദാമിനെ നേരിട്ടു പിടികൂടിയാൽ ചിലപ്പോൾ കാര്യം പറ്റുകയില്ല എന്നൊരു സംശയം. അതിനുവേണ്ടിയാണു സ്ത്രീയുടെ അടു

ക്കൽ ആദ്യം ചെന്നത്.

അവൻ ചോദിച്ചു: 'നിങ്ങൾക്കിത് ഒന്നും ഭക്ഷിക്കാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ടോ?'

'ങും, പറഞ്ഞിട്ടുണ്ട്. എല്ലാം തിന്നാം. ചുറ്റുമുള്ളതൊക്കെ തിന്നാം. പക്ഷേ നടുക്കത്തെ മരത്തിന്റെ ഫലം മാത്രം തിന്നരുതെന്നാ ഞങ്ങളോടു പറഞ്ഞത്.'

'ദൈവത്തിനു നിങ്ങളോടു ശകലം അസൂയ ഉണ്ട്. അതുകൊണ്ടാണ് നിങ്ങളോട് അങ്ങനെ പറഞ്ഞത്. അതു തിന്നാൽ നിങ്ങൾ ദൈവത്തെപ്പോലെയാകും. അസൂയ കൊണ്ടാണു ദൈവം ആ കനി തിന്നരുത് എന്നു പറഞ്ഞത്. നിങ്ങളതു തിന്നാൽ നല്ല ബുദ്ധിയുള്ളവരാകും.' അങ്ങനെ സാത്താൻ ഒരു സൂത്രം പറഞ്ഞുകൊടുത്തു. ദൈവത്തെപ്പറ്റി ഒരു അപവാദം കൂടെ കൂട്ടിച്ചേർത്തു മനുഷ്യരെ കുഴിയിൽ ചാടിച്ചു.

കേട്ടപ്പോൾ നേരാണല്ലോ, ഇതു നല്ല ഫലങ്ങളാണല്ലോ, കണ്ടാലും നല്ലതാണല്ലോ എന്നു ഹവ്വയ്ക്കു തോന്നി. ഒന്നു കടിച്ചു നോക്കിയിട്ട് ഒരെണ്ണം ആദാമിനും കൊണ്ടുപോയി കൊടുത്തു: 'ദേ നോക്ക്; നല്ലതാണ്' എന്നു പറഞ്ഞു. അങ്ങനെ രണ്ടു പേരും കുഴിയിൽ ചാടി.

ദൈവകല്പന ലംഘിച്ചതിനാൽ ദൈവം മൂന്നുപേരെയും ശിക്ഷിച്ചു. ദൈവം പാമ്പിനു നല്കിയ ശിക്ഷ ഇതാണ്.

'നീ ശപിയ്ക്കപ്പെട്ടവനാണ്. നീ മണ്ണു തിന്നും. ഭൂമിയിൽ ഇഴഞ്ഞു നടക്കും.'

ദൈവം സ്ത്രീയോടു പറഞ്ഞു. "നീ സാത്താൻ പറഞ്ഞതു കേട്ടു. എന്നെ അവിശ്വസിച്ചു. ആയതിനാൽ നീ മക്കളെ നൊന്തു പ്രസവിക്കും. നിന്റെ ഭർത്താവ് നിന്നെ ഭരിക്കും."

ദൈവം പുരുഷനും ശിക്ഷ നല്കി: "ജീവിതകാലം മുഴുവൻ നീ ഭൂമിയിൽ അദ്ധ്വാനിച്ച് അതിൽ നിന്നു ഭക്ഷണം നേടും." മൂന്നു കൂട്ടർക്കും ശാപം.

ഈ മൂന്നു ശാപവും ഇപ്പോഴും നമ്മുടെ കൂടെയുണ്ട്. പാവപ്പെട്ട പാമ്പിനുമുണ്ടു ശാപം. അതും ശാപം അനുഭവിച്ചു കിടക്കുകയാണ്. ഇപ്പോഴത്തെ അവസ്ഥയിൽ സ്ത്രീക്കും ശാപമുണ്ട്; പുരുഷനും ശാപമുണ്ട് എന്നതാണ് പരമാർത്ഥം. എന്നാൽ ഈ രണ്ടാം ഘട്ടത്തിൽ മൗലിക പ്രശ്നം ദൈവം പറഞ്ഞതിനെ അവിശ്വസിച്ചു സാത്താൻ പറഞ്ഞതിനെ വിശ്വസിച്ചു എന്നുള്ളതാണ്. ഇന്നും പ്രശ്നം അവിടെയാണ് കിടക്കുന്നത്. ദൈവത്തെ വിശ്വസിക്കാൻ നാം തയ്യാറില്ല. പല കഥകളുമായി എവിടെ നിന്നെങ്കിലും ആരെങ്കിലും വന്നാൽ അവരെയൊക്കെ വിശ്വസിക്കാൻ നാം റെഡിയാണ്. അതു സ്ത്രീയും പുരുഷനും ഒരു പോലെ കേൾക്കുന്നുണ്ട്. അതുകൊണ്ടു രണ്ടു പേർക്കും ശാപമുണ്ടെന്നാണെന്റെ വിചാരം

ഇപ്പോഴും.

രണ്ടാമത്തെ കാര്യം: ഹവ്വ ഒരു തീരുമാനം ചെയ്തു. സാത്താനെയാണോ ദൈവത്തിനെയാണോ വിശ്വസിക്കേണ്ടത് എന്ന പ്രശ്നത്തിൽ. അവൾ നോക്കി. പഴം കണ്ടാൽ നല്ലത്: അത് ഇന്ദ്രിയങ്ങൾക്ക് അനുഭൂതിയുണ്ടാക്കുന്നതാണ്. നമ്മെ വലിയ ബുദ്ധിമാന്മാരാക്കുന്നതാണ്. ഇതാണ് മനുഷ്യനെ കീഴ്പോട്ടു കൊണ്ടു പോകുന്നത്. ഇന്നും അതു തന്നെയാണു പ്രശ്നം. എന്തുകൊണ്ടാണു നാം ഏതെങ്കിലും ഒരു കാര്യത്തിന്റെ പുറകെ പോകുന്നത് എന്നു ഗാഢമായി ചിന്തിക്കണം. രണ്ടാം ഘട്ടമാണിന്ന്. ഈ ഘട്ടത്തിൽ നാമിന്നും സൂക്ഷിക്കേണ്ട കാര്യമാണ്.

### 1:3 സ്ത്രീയിൽ നിന്നും രക്ഷകൻ

മൂന്നാമത്തെ ഘട്ടം; ക്രിസ്തുവിലുള്ള രക്ഷയാണ് പുനഃസ്ഥാപനം. ക്രിസ്തുവിലുള്ള പുതിയ പുനഃസംഘടനയുടെ പ്രധാനപ്പെട്ട തത്വമായി പൗലോസ് ശ്ലീഹാ പറയുന്നു. ദൈവം സ്വപുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനായി അയച്ചു; സ്ത്രീയിൽ നിന്നു ജനിച്ച മകനിൽ കൂടിയാണു ദൈവം ലോകത്തെ രക്ഷിക്കുക.

രണ്ടാമത്തെ ഘട്ടത്തിൽ സ്ത്രീയാണു മുൻകൈ എടുത്തത്. പുരുഷനും തുല്യ ഉത്തരവാദിത്വം ഉണ്ട്. എന്നാൽ മൂന്നാം ഘട്ടത്തിലാവട്ടെ. രക്ഷാപ്രവർത്തന ഘട്ടത്തിൽ, മുൻകൈയെടുത്തു പ്രവർത്തിക്കുന്നതു സ്ത്രീയാണ്. ഇതെപ്പറ്റിയാണ് ഈവആവെ (Eve Ave) സിദ്ധാന്തം എന്നു പറയുന്നത്. ഈവ എന്നുള്ളതു ലത്തീൻ ഭാഷയിൽ ഹവ്വയുടെ പേര്, ലത്തീൻ ഭാഷയിൽ 'കൃപ നിറഞ്ഞ മറിയമേ നിനക്കു സമാധാനം' (Ave Maria) എന്നാണു മാലാഖ മറിയമിനോടു പറഞ്ഞത്. അപ്പോൾ ഈവ ഉണ്ടാക്കി വച്ച കുഴപ്പം 'ആവെ' എന്നു പറയുന്നതുകൊണ്ട് മറിച്ചു വന്നു. 'Eva' മറിച്ചിട്ടാൽ 'Ave'. അതാണ് ഈവ ആവേ സിദ്ധാന്തം. അപ്പോൾ സ്ത്രീയിൽ നിന്നു ജനിച്ച മനുഷ്യനു ലോകത്തു രക്ഷയുണ്ടാകും. സ്ത്രീയാണു വിശ്വാസത്തിലുള്ള ആദ്യ പ്രതിസ്പന്ദനം നല്കിയത്. ദൈവം ഭൂമിയിൽ മനുഷ്യാവതാരം ചെയ്യേണ്ട സമയത്തു മാലാഖ വന്ന് ആ വാർത്ത അറിയിച്ചപ്പോൾ ആ വാർത്ത വിശ്വസിച്ചു സുവിശേഷമായി സ്വീകരിച്ചത് ഒരു സ്ത്രീയാണ്. അങ്ങനെ ഹവ്വയുടെ പ്രവൃത്തി മറിയം തിരുത്തിക്കുറിച്ചു. ഒരർത്ഥത്തിൽ മൂന്നാംഘട്ടം അവതരിപ്പിക്കുന്നതും സ്ത്രീ തന്നെ. ആ സ്ത്രീയിൽ നിന്നാണു രക്ഷയുടെ അരുവി - യേശുക്രിസ്തു - ഉദിക്കുന്നത്.

യേശുക്രിസ്തുവിന്റെ പ്രബോധനത്തെപ്പറ്റി രണ്ടു മൂന്നു കാര്യങ്ങൾ സൂചിപ്പിക്കട്ടെ. ഒന്നാമതു റബിമാരുടെ പാരമ്പര്യത്തിലാണു യേശു ജീവിച്ചത്. ആ പാരമ്പര്യത്തിൽ സ്ത്രീകളെ ശിഷ്യരാക്കുന്ന പതിവില്ല. സ്ത്രീകൾ കൂടെ പോകയുമില്ല. പക്ഷേ, കർത്താവിന്റെ കൂടെ ധാരാളം സ്ത്രീകളുണ്ടായിരുന്നു. കർത്താവിനു ശിഷ്യകളുമുണ്ടായിരുന്നു. അവൻ യഹൂദ പാരമ്പര്യം ഉല്ലംഘിച്ചു. യഹൂദ പാരമ്പര്യത്തിൽ നിയമവിജ്ഞാനം പുരു

ഷനു മാത്രമുള്ളതാണ്. പുരുഷന്മാർക്കു മാത്രമേ നിയമം പഠിക്കാനും ആരാധിക്കാനും അനുവാദമുള്ളു. ഇപ്പോഴും അങ്ങനെ തന്നെ. ഇന്നു നിങ്ങൾ ഒരു സുന്നഗോഗിൽ പോയാൽ അവിടെ ആരാധന നടക്കണമെങ്കിൽ പത്തു പുരുഷന്മാർ ഉണ്ടായിരിക്കണം. അല്ലാതെ അഞ്ചു സ്ത്രീകളും അഞ്ചു പുരുഷന്മാരും ഉണ്ടായാൽ പോരാ. ഒമ്പതു പുരുഷന്മാർ ഉണ്ടെങ്കിൽ പോലും സാധ്യമല്ല. തിരിച്ചു പോരും. ഡൽഹിയിലെ വലിയ പ്രശ്നം അതാണ്. അവിടെ 12 യഹൂദ കുടുംബങ്ങളേയുള്ളു. ശാബതു ദിവസം പത്തു പുരുഷന്മാരെ ഒന്നിച്ചു കിട്ടുക പ്രയാസം. സ്ത്രീകളെക്കൂടി പുരുഷന്മാരായി കണക്കാക്കരുതോയെന്നു ഞാൻ ചോദിച്ചിട്ടുണ്ട്.

'ഇല്ലില്ല, അതു മോശയുടെ പ്രമാണങ്ങൾക്കു വിരുദ്ധമാണ്.' ഡൽഹിയിലെ റബി വാദിച്ചു. അപ്പോൾ യേശു വളർന്നു വന്നത് ഈ യഹൂദ പശ്ചാത്തലത്തിലാണ്: അവൻ ആ പാരമ്പര്യം തച്ചുടച്ചു. അവൻ ശിഷ്യരെ പഠിപ്പിച്ചു. അവരിൽ പലരും സ്ത്രീകളായിരുന്നു.

രണ്ടാമതൊരു കാര്യം: ആരാണു കർത്താവിനെ മശിഹായായി അഭിഷേകം ചെയ്തത്? വല്ല മഹാപുരോഹിതനുമായിരുന്നോ? അല്ല, ഒരു സ്ത്രീയാണ് അഭിഷേകം ചെയ്തത്.

യേശു സ്ത്രീകളെ ഗൗരവബോധത്തോടെ പരിഗണിച്ചു. അവർക്കു ബഹുമാന്യമായ സ്ഥാനം നല്കി. ഞാൻ ഒരു കാര്യം കൂടെ പറയാം. ഓർത്തഡോക്സ് പാരമ്പര്യത്തിൽ പ്രതീകാത്മകമായി പറയും, സഭയെ സൃഷ്ടിച്ചതു കുരിശിന്റെ പാദത്തിങ്കലാണെന്ന്. യേശു അമ്മയോട് 'ഇതാ നിന്റെ മകൻ' എന്നു പറഞ്ഞു യോഹന്നാനെ കാണിച്ചു കൊടുത്തു. യോഹന്നാനോടു പറഞ്ഞു 'ഇതാ നിന്റെ അമ്മ.' അടുത്ത വാചകം 'അവൻ തല കുനിച്ചു, സ്വന്തം പ്രാണൻ വെടിഞ്ഞു.' ഗ്രീക്കു ഭാഷയിൽ എഴുതിയിരിക്കുന്നത് 'അവൻ തല കുനിച്ചു, പ്രാണനെ ഏല്പിച്ചു കൊടുത്തു' (He bowed his head and handed over the spirit) എന്നാണ്. മുകളിൽ പറഞ്ഞ രണ്ടു പേർക്കുമാണ് ഏല്പിച്ചുകൊടുത്തത് (handed over). കന്യകമറിയാമിനെയും യോഹന്നാനെയും കൂട്ടി യോജിപ്പിച്ചു കൊണ്ടു തന്റെ പ്രാണനും കൂടെ കൊടുത്തു. അതാണു സഭ. അപ്പോൾ സഭ രൂപംകൊണ്ടത് സ്ത്രീയും പുരുഷനും ദൈവാത്മാവും ചേർന്നുള്ള അത്ഭുതകരമായ ഒരു സംയോജനത്തിന്റെ ഫലമായിട്ടാണെന്നു സിദ്ധിക്കുന്നു.

### 1:4. ക്രിസ്തുവിൽ സ്ത്രീയുമില്ല പുരുഷനുമില്ല

ഇനി നാലാമതൊരു ഘട്ടം ഉണ്ട്. അത് അവസാനത്തെ ഘട്ടം. അതിന്റെ പ്രധാന ഭാഗങ്ങളെന്തൊക്കെയാണെന്നു നോക്കാം. അതിനെപ്പറ്റി പൗലോസ് ശ്ലീഹാ പറയുന്നതു ക്രിസ്തുയേശുവിൽ സ്ത്രീയുമില്ല പുരുഷനുമില്ല എന്നാണ്. എല്ലാവരും ഒന്നാണ്. 'ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യഹൂദനും യവനനും എന്നില്ല, ദാസനും സ്വത

ന്ത്രനും എന്നില്ല; ആണും പെണ്ണും എന്നുമില്ല. നിങ്ങൾ എല്ലാവരും ക്രിസ്തുവേശുവിൽ ഒന്നാകുന്നു' (ഗലാത്യർ 3:26–28).

നിങ്ങൾക്കോർമ്മയുണ്ടല്ലോ കർത്താവിനെ കുടുക്കാൻവേണ്ടി സാദൂക്യർ ചോദിച്ച ചോദ്യം? ഒരു പുരുഷൻ ഒരു സ്ത്രീയെ വിവാഹം ചെയ്തു. കുഞ്ഞുങ്ങളുണ്ടായില്ല. അയാളുടെ അനുജൻ ആ സ്ത്രീയെ വിവാഹം ചെയ്തു. കുഞ്ഞുങ്ങളുണ്ടായില്ല. അങ്ങനെ ഏഴുപേരും വിവാഹം ചെയ്തു. അവസാനം സ്വർഗത്തിൽ ചെന്നപ്പോൾ ആരുടെ ഭാര്യയായിരിക്കും അവൾ എന്ന്. ഒരു മുട്ടാപ്പോക്കു ചോദ്യമാണു ചോദിച്ചത്.

കർത്താവ് അതിനെന്താ മറുപടി പറഞ്ഞത്: 'സ്വർഗ്ഗത്തിൽ വിവാഹം ചെയ്യുന്നില്ല, ചെയ്യിക്കുന്നുമില്ല.'

ഞാനാലോചിച്ചു നോക്കി. വിവാഹം ചെയ്യുന്നത് നമ്മുടെ ഈ വീണ അവസ്ഥയുടെ പ്രധാനപ്പെട്ട ഭാഗമാണ്. കാരണം, നമ്മൾ മരിക്കുന്നതു മൂലമാണ് വീണ്ടും ജനിക്കേണ്ടി വരുന്നത്. മരിക്കുന്നില്ലെങ്കിൽ 'ജനനം' ആവശ്യമില്ല. മാലാഖമാർ മരിക്കുന്നില്ല. തന്മൂലം ജനിക്കേണ്ട ആവശ്യവുമില്ല. മരിക്കുകയും ജനിക്കുകയും ചെയ്യുന്നിടത്തേ കല്യാണത്തിന്റെ ആവശ്യമുള്ളു. പക്ഷേ സ്വർഗത്തിൽ ഈ പറയുന്നതൊന്നുമില്ല. മരണവുമില്ല, ജനനവുമില്ല, കല്യാണവുമില്ല. സ്ത്രീ, സ്ത്രീയാണ്. പുരുഷൻ, പുരുഷനാണ്. എന്നാൽ ഇതു തന്നെ ആത്യന്തികമായ അർത്ഥത്തിൽ എടുക്കാനുള്ളതല്ല. ക്രിസ്തുവിൽ സ്ത്രീയും പുരുഷനും ഏക മനുഷ്യനായി കരുതേണ്ടതാണ്. അതുകൊണ്ട് ഈ വ്യത്യാസങ്ങൾ ഈ ലോക ജീവിതത്തിൽ മാത്രമുള്ളതായി കാണണം.

വെളിപാടു പുസ്തകത്തിൽ രണ്ടു സ്ത്രീകളുടെ ഇമേജ് ഉണ്ട്. ഒന്ന് വേശ്യകളുടെ മാതാവായ ബാബിലോൺ. ബാബിലോൺ എന്നു പറയുന്നത് റോമൻ സാമ്രാജ്യത്തിന്റെ ഒരു രൂപമാണ്. അതിനെ ഭയങ്കരിയായ, പാപിനിയായ, ഒരു സ്ത്രീയായി ചിത്രീകരിച്ചിരിക്കുന്നു. അതേ സമയത്ത് അതിന്റെ എതിരായിട്ടുള്ള ഒരു ഇമേജ് ഉണ്ട്. സൂര്യനെ അണിഞ്ഞൊരു സ്ത്രീ. സൂര്യനെ വസ്ത്രമായിട്ട് ധരിച്ചിട്ടുള്ള ഒരു സ്ത്രീ. 12–ാം അദ്ധ്യായത്തിൽ കാണുന്നത് ഇങ്ങനെ രണ്ടു സ്ത്രീകളുടെ ബിംബങ്ങളാണ്. ഇവർ തമ്മിലുള്ള സമരമാണ് ഇവിടെ നടക്കുന്നത്. നാം ഇക്കാലത്തു സ്റ്റേറ്റ് എന്നു പറയുന്നതാണു ബാബിലോൺ. അതായത് ഗവൺമെന്റ് എന്നു പറയുന്നതു തന്നെ: അതിനെപ്പറ്റിയാണ് പറയുന്നത് വേശ്യമാരുടെ അമ്മ എന്ന്. ഇപ്പോഴും നമ്മുടെ ഈ ലോകത്തിൽ നമ്മൾ സ്റ്റേറ്റിനു വലിയ പ്രാധാന്യം കൊടുക്കുന്നതു വലിയ കുഴപ്പമാണ്. പത്രക്കാർ സ്റ്റേറ്റിനെപ്പറ്റിയും രാഷ്ട്രീയത്തെപ്പറ്റിയും മാത്രമേ എഴുതുന്നുള്ളു.

ആത്യന്തികമായി, ഇതിന്റെ പ്രശ്നം തീരണമെങ്കിൽ മനുഷ്യരാശി എന്നു പറയണം. സൂര്യനെ ധരിക്കുക എന്നതു പ്രായോഗികമാകുന്നതു ദൈവം ഈ മനുഷ്യരാശിയുടെ ഒരു ഭാഗം ആകുമ്പോഴാണ്.

ആത്യന്തികമായ അർത്ഥത്തിൽ പറഞ്ഞാൽ നാലാമത്തെ ഘട്ടത്തിൽ സ്റ്റേറ്റോ ഗവൺമെന്റോ ബാബിലോണോ ഒന്നുമല്ല പ്രസക്തം. പിന്നെയോ ദൈവത്തെ ധരിച്ച സ്ത്രീയാണ്. സൂര്യനെ ഉടയാടയാക്കിയ വനിത, അവ ളാണു കന്യകമറിയാം; സഭ. ഇവ മൂന്നും. അവൾ പ്രസവിച്ച മകനെ മണലാരണ്യത്തിലേക്കയക്കുന്നു. ശിശുവിനെ വിഴുങ്ങാൻ മഹാസർപ്പം പിറകെ ഓടുന്നു.

ഈ സ്ത്രീ കന്യകമറിയമാണ്. സഭയാണ്, മനുഷ്യരാശിയുമാണ്. ഈ മനുഷ്യരാശിയെ സൂര്യൻ ധരിക്കുക എന്നു പറയുന്നത്, ദൈവം ആ മനുഷ്യരാശിയിൽ പൂർണമായി ആരൂഢനാകുന്ന പ്രക്രിയയാണ്. അതാണ് ആത്യന്തികം ആയിട്ടുള്ളത്. അല്ലാതെ വേശ്യകളുടെ അമ്മ യായ ബാബിലോണോ, ഗവൺമെന്റോ അല്ല ആത്യന്തികമായിട്ടുള്ള തെന്ന് ഇന്ന് ഊന്നിപ്പറയേണ്ടിയിരിക്കുന്നു. പക്ഷേ, എല്ലാവരും കൂടെ ഇന്ന് ഗവൺമെന്റിന്റെ ചുറ്റുമാണ് കൂടുന്നത്. ഗവൺമെന്റിന് ആവശ്യ ത്തിനെന്തെങ്കിലും കിട്ടണം. ഗവൺമെന്റിനെ പൊക്കണം. ഗവൺമെന്റ് പിടിച്ചെടുക്കണം. ഇതും പറഞ്ഞുകൊണ്ടു ഗവൺമെന്റാണ് നമ്മുടെ പ്രശ്നങ്ങളൊക്കെ തീർക്കാൻ പോകുന്നതെന്നു പ്രചരിപ്പിക്കുന്നതിനാൽ വലിയ ഒരു തെറ്റിദ്ധാരണ നമുക്കെല്ലാവർക്കും വന്നു കൂടിയിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് പ്രശ്നങ്ങളൊന്നും പരിഹരിക്കുകയില്ലെന്നു നാം മനസ്സിലാക്കണം. ഗവൺമെന്റ് വേണം. പക്ഷേ ഗവൺമെന്റിനെ ആത്യ ന്തിക യാഥാർഥ്യമായി പരിഗണിക്കേണ്ട. അതു വേശ്യകളുടെ അമ്മയായ ബാബിലോൺ തന്നെ. അത് ഒരു വഴിക്ക് അങ്ങനെ പൊയ്ക്കൊള്ളും. നമുക്കു വേണ്ടതു മനുഷ്യരാശിയിൽ ദൈവം വസിച്ച് അതിനെ ശുദ്ധീക രിക്കണം എന്നുള്ളതാണ്.

### 2. സഭാചരിത്രത്തിൽ

സഭയുടെ ചരിത്രത്തിൽ സ്ത്രീകൾക്ക് ഉണ്ടായിരുന്ന ചുമതലകൾ എന്തൊക്കെയാണെന്നു നോക്കാം. മൂന്നു ശ്രേണിയിലുള്ള ശുശ്രൂഷാക്രമം സ്ത്രീകൾക്ക് ആദ്യം മുതലേ ഉണ്ട്. പഠിപ്പിക്കുക, പ്രാർത്ഥിക്കുക, പാവ പ്പെട്ടവരെ സേവിക്കുക. ഇതു മൂന്നുമാണ് സ്ത്രീകളുടെ മൗലികമായ ശുശ്രൂഷകൾ. പൌലോസ് ശ്ലീഹാ പറഞ്ഞിട്ടുണ്ട്, 'സഭയിൽ സ്ത്രീകൾ മിണ്ടാതിരുന്നുകൊള്ളട്ടെ' എന്ന്. അതു മാറ്റിക്കളയേണ്ട ആവശ്യമൊന്നു മില്ല പോലും! പൗലോസ് ശ്ലീഹാ വേറെ എന്തെല്ലാം പറഞ്ഞു. പുരു ഷൻ തലമൂടി പ്രാർഥിക്കുന്നതു ലജ്ജാവഹമാണെന്നു പറഞ്ഞു. ഞങ്ങ ളൊക്കെ അങ്ങനെയാണ് പ്രാർത്ഥിക്കുന്നത്. ഇപ്പോഴും അതെ. മെത്രാ ച്ചന്മാരൊക്കെ തല മൂടിക്കൊണ്ടാണല്ലോ പ്രാർത്ഥിക്കുന്നത്. പൌലോസ് ശ്ലീഹായുടെ അഭിപ്രായത്തിൽ അതു വലിയ അപകടമാണ്. ലജ്ജാകര മാണ്. പക്ഷേ സഭ സ്വീകരിച്ചിട്ടില്ല. സ്ത്രീകൾക്കു പഠിപ്പിക്കാൻ പാടി ല്ലെന്നു സഭയിൽ നിയമമൊന്നുമില്ല. അതിന്റെ ചെറിയ ഒരു ഉദാഹരണം ഞാൻ പറയാം.

എന്റെ വലിയ ആരാധനാപാത്രമായ ഒരു സ്ത്രീയാണ് മാർത്താ മക്രീന. നാലാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന അനുഗൃഹീതയായ മക്രീന, പരിശുദ്ധനായ മാർ ബസേലിയോസിന്റെ മൂത്ത പെങ്ങളാണ്. 12 വയസ്സായപ്പോൾ ആ കുട്ടിക്കു സങ്കീർത്തനങ്ങൾ മുഴുവനും മനഃപാഠമായി. ഒരു സ്ഥലത്തു നിന്നു വേറൊരു സ്ഥലത്തേക്കു പോകുന്നതു തന്നെ സങ്കീർത്തനം ചൊല്ലിക്കൊണ്ടായിരിക്കും. മാത്രമല്ല, അന്നത്തെ വേദപുസ്തകത്തിൽ 'ശലോമോന്റെ വിജ്ഞാനം' എന്നൊരു പുസ്തകമുണ്ടായിരുന്നു. അത് അപ്പോക്രിഫാ ബൈബിളിലേ ഉള്ളു. അതും മനഃപാഠമാക്കി. 12 വയസ്സായപ്പോൾ ആ കാലത്തെ ഏറ്റവും വലിയ പണ്ഡിതയെന്ന പ്രശസ്തി നേടി. നാലാം നൂറ്റാണ്ടിൽ ഇത്രയും വിദ്യാഭ്യാസമുള്ള ഒരു സ്ത്രീ ഉണ്ടായിട്ടില്ല. വലിയ പിതാക്കന്മാരായ ബസേലിയോസിനേയും ഗ്രീഗോറിയോസിനേയും പഠിപ്പിച്ചത് ഈ സഹോദരിയാണ്. അതുകൊണ്ട് പഠിപ്പിക്കൽ സ്ത്രീകളെ സംബന്ധിച്ചിടത്തോളം അതീവ പ്രധാനമായ ഒരു ധർമ്മമാണ്. മക്രീനയുടെയും, ബസേലിയോസിന്റെയും, ഗ്രീഗോറിയോസിന്റെയും അമ്മയും നല്ല അഭ്യസ്തവിദ്യയായ വനിത ആയിരുന്നു. ദൈവശാസ്ത്രം മാത്രമല്ല, ഭൗതിക വിജ്ഞാനീയവും നല്ലതു പോലെ അറിയാമായിരുന്നതുകൊണ്ടാണു മകളെ ഇങ്ങനെ വളർത്തി എടുത്തത്.

### 2:1 ബോധനശുശ്രൂഷ

സ്ത്രീകളുടെ പഠിപ്പിക്കൽ ശുശ്രൂഷ നഷ്ടപ്പെട്ടു പോയാൽ പൗരസ്ത്യ സഭകളെ സംബന്ധിച്ചിടത്തോളം അവയുടെ ജീവൻ നഷ്ടപ്പെടും. വാസ്തവം പറഞ്ഞാൽ പൗരസ്ത്യ സഭകളെ സംബന്ധിച്ചിടത്തോളം സഭകളുടെ നിലനില്പിന്റെ അടിസ്ഥാനം തന്നെ സ്ത്രീകളുടെ പഠിപ്പിക്കൽ ശുശ്രൂഷയാണ്. ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട്, എന്നിൽ വിശ്വാസത്തിന്റെ അടിത്തറ പാകിത്തന്നത് ആരാണെന്ന്. അത് എന്റെ പള്ളിയിലെ അച്ചൻ ആയിരുന്നില്ല. ഏതെങ്കിലും മെത്രാപ്പോലീത്താമാരുമല്ലായിരുന്നു; എന്റെ അമ്മയാണ് എന്നെ വിശ്വാസത്തിന്റെ ബാലപാഠം പഠിപ്പിച്ചത്. അവിടെ നിന്നാണ് എനിക്കു കിട്ടിയിട്ടുള്ള വിശ്വാസം.

ഇപ്പോഴും ദൈവശാസ്ത്രത്തിൽ പറയും മെത്രാന്മാർ അടുത്ത മെത്രാന്മാർക്കു വിശ്വാസം കൈയേൽപ്പിച്ചു കൊടുക്കുന്നുവെന്ന്. എന്നെ മെത്രാച്ചനൊന്നുമല്ല കൈയേല്പിച്ചത്. എന്റെ അമ്മയാണ്. എന്റെ അപ്പോസ്തലിക പിന്തുടർച്ച വരുന്നതും എന്റെ അമ്മയിൽ നിന്നാണ്. വിശ്വാസത്തെ സംബന്ധിച്ചിടത്തോളം ഇതാണു നമ്മുടെ സഭയുടെ വലിയ ശക്തി. വിശ്വാസം മക്കൾക്കു കൈമാറുന്നതിനുള്ള സ്വഭാവശുദ്ധിയും വിജ്ഞാനവും നമ്മുടെ സ്ത്രീകൾക്കുണ്ടെങ്കിൽ അതാണു വാസ്തവത്തിലുള്ള കരുത്ത്. സഭയുടെ സ്ഥാപനപരമായ ഘടനയൊക്കെ അവിടെ കിടക്കും. അതിനകത്തു കൂടെ കുറെ കാര്യങ്ങൾ ചെയ്യണം. തർക്കമില്ല. പക്ഷേ ആ സ്ഥാപനപരമായ ഘടനയേക്കാൾ കൂടുതലായി നമ്മുടെ സഭയുടെ വിശ്വാസം പരിരക്ഷിച്ചു പോന്നിട്ടുള്ളത് അമ്മമാരുടെ വിജ്ഞാനവും

വിവേകവും പ്രബോധനങ്ങളും ആണ്. ആദിമുതലേ സഭയിൽ അങ്ങനെ ആയിരുന്നു.

ഇതു സ്ത്രീകളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമായ ഒരു കാര്യമാണ്. മുമ്പു പറഞ്ഞ മക്രീനയുടെ അമ്മൂമ്മയും ഒരു മക്രീനയാണ്. ആ മഹതിയും ഒരു വലിയ അധ്യാപികയായിരുന്നു. ഈ അമ്മയിൽ നിന്നും അമ്മൂമ്മയിൽ നിന്നുമാണ് ഈ പറയുന്ന കുടുംബത്തിനു മുഴുവൻ വിശ്വാസവും കിട്ടിയിട്ടുള്ളത്. നമ്മുടെ ഇന്നത്തെ പ്രശ്നം വരുന്നതു മുഴുവനും അവിടെയാണ്. നമ്മുടെ അമ്മമാർ ഇന്നു വിശ്വാസം പഠിക്കാത്തതു വലിയ ഒരു പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. വിശ്വാസകാര്യങ്ങൾ സണ്ടേസ്കൂളിൽ പഠിപ്പിച്ചുകൊള്ളുമെന്നൊരു ധാരണ എങ്ങനെയോ പരന്നിട്ടുണ്ട്. അങ്ങനെ പറഞ്ഞു വിടരുത്. സണ്ടേസ്കൂളിൽ വിശ്വാസം പഠിപ്പിക്കും, പഠിപ്പിക്കണം. അത്യാവശ്യമാണ്. പക്ഷേ, അടിസ്ഥാനമിടേണ്ടത് അമ്മയാണ്; അമ്മൂമ്മയാണ്, അക്കാര്യത്തിൽ തർക്കം വേണ്ടാ. അവർക്കു യാഥാർഥമായിട്ടുള്ള വിശ്വാസം ഉണ്ടെങ്കിലേ സഭ നിന്നു പോരുകയുള്ളു. അതുകൊണ്ട് ആ ശുശ്രൂഷയ്ക്ക് ഇന്നും ഉയർന്ന മുൻഗണന കൊടുക്കണം. അതൊരു ചെറിയ കാര്യമായി തള്ളിക്കളയരുത്. അപ്പോൾ നമ്മുടെ വനിതകൾ നമ്മുടെ വിശ്വാസം ശരിയായി പഠിച്ചേ തീരു. അല്ലാതൊക്കുകയില്ല. നമ്മുടെ സ്ത്രീകൾ നമ്മുടെ വിശ്വാസം നന്നായി പഠിച്ചില്ലെങ്കിൽ കുഞ്ഞുങ്ങൾക്ക് അതു പകർന്നുകൊടുക്കാൻ കഴിയുകയില്ല. ബുദ്ധിപരമായി മാത്രം പഠിച്ചാൽ പോരാ. വിശ്വാസത്തിൽ ജീവിക്കണം.

### 2:2 പ്രാർത്ഥനാ ശുശ്രൂഷ

രണ്ടാമത്തേതു പ്രാർത്ഥനാ ശുശ്രൂഷയാണ്. ആദിമകാലത്തു പള്ളി ഉണ്ടായപ്പോൾ പള്ളിയുടെ പ്രധാന ധർമം അനുസ്യൂതമായ പ്രാർത്ഥനയായിരുന്നു. രാവിലെയും വൈകിട്ടും മാത്രമല്ല, നിരന്തരമായ, അനുസ്യൂതമായ പ്രാർത്ഥന. ആളുകൾ തുടർച്ചയായി പ്രാർത്ഥിച്ചുകൊണ്ടിരിക്കും. അങ്ങനെയാണ് പ്രായമേറിയ വിധവമാർ തുടർച്ചയായ പ്രാർത്ഥനയും മധ്യസ്ഥപ്രാർത്ഥനയും നിർവഹിക്കുവാൻ പള്ളികളിലേക്കു നിയോഗിക്കപ്പെട്ടത്.

അതിപ്പോൾ പള്ളിയിൽ വച്ചു ചെയ്യണമെന്നു ഞാൻ നിർബന്ധമായി പറയുന്നില്ല. വീടുകളിൽ വച്ചായാലും മനഃപ്രാർത്ഥനയിൽ കൂടിയായാലും സ്ത്രീകളുടെ ശുശ്രൂഷയുടെ ഒരു വലിയ ഭാഗമാണത്. ലോകത്തിനു വേണ്ടിയും കഷ്ടപ്പെടുന്ന മനുഷ്യർക്കു വേണ്ടിയും രോഗികൾക്കു വേണ്ടിയും, മർദ്ദിതർക്കു വേണ്ടിയും മറ്റും പ്രാർത്ഥിക്കുകയും, അങ്ങനെയുള്ള പ്രാർത്ഥനാശീലം വളർത്തിയെടുക്കുകയും ചെയ്യേണ്ടത് ഇന്നു വലിയ ആവശ്യമാണ്.

### 2:3 സേവന ശുശ്രൂഷ

മൂന്നാമത്തേത് ആവശ്യത്തിലിരിക്കുന്നവർക്കു സേവനം അനുഷ്ഠിക്കുന്ന ശുശ്രൂഷയാണ്. സഭ ആദ്യം മുതൽ തന്നെ പ്രയാസപ്പെടുന്ന

വർക്കും വഴിയാത്രക്കാർക്കും രോഗികൾക്കും വയോവൃദ്ധർക്കും അനാഥർക്കും എല്ലാം ശരണമായിരുന്നു, സങ്കേതമായിരുന്നു, അത്താണിയായിരുന്നു. അഭികാമ്യമായ ആ സ്ഥിതി വീണ്ടെടുക്കാൻ നമുക്കു കഴിയണം. ഇന്ന് ഇതു വളരെ ആവശ്യമായിരിക്കുന്നു.

### 3. സ്ത്രീ വേദശാസ്ത്രം പഠിക്കണം

ഇപ്പറഞ്ഞ മൂന്നിനം ശുശ്രൂഷകൾക്ക് ഏറ്റവും മുന്തിയ പരിഗണന നല്കണമെന്നാണ് ഉപസംഹാരമായി എനിക്കു പറയാനുള്ളത്. സ്ത്രീസംഘങ്ങൾ ദൈവശാസ്ത്രം പഠിക്കണമെന്ന പ്രായോഗിക നിർദ്ദേശം കൂടി ഞാൻ നിങ്ങളുടെ മുമ്പിൽ വയ്ക്കട്ടെ. വേദശാസ്ത്രപഠനം പുരുഷന്മാർക്കുള്ളതാണെന്നു പറഞ്ഞു മാറ്റിവയ്ക്കരുത്. വിശ്വാസം പഠിക്കണം. വേദശാസ്ത്രം എന്നു പറഞ്ഞാൽ വിശ്വാസം. പക്ഷേ വിശ്വാസം എന്താണ്?

യേശുക്രിസ്തു ലോകത്തിലേക്കു വന്നു. എന്താണ് ഈ ലോകം? എന്താണിവിടെ നടക്കുന്നത്? ലോകത്തിന് എന്തു സംഭവിച്ചു? ഇതെല്ലാം നാം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. കുഞ്ഞുങ്ങളെ മാത്രമല്ല, പുരുഷന്മാരെയും സ്ത്രീകളെയും ഒരുപോലെ പഠിപ്പിക്കാനുള്ള സകല അധികാരവും ദൈവം സ്ത്രീക്കു തന്നിട്ടുണ്ട്. അതു പഠിപ്പിക്കണം. പഠിപ്പിക്കുന്ന ഒരു ശുശ്രൂഷാ സംവിധാനം ഓർത്തഡോക്സ് സഭയിലെ സ്ത്രീകൾക്കു പ്രത്യേകമായി ഉണ്ടാകണം. അത് ഉണ്ടാകാതിരിക്കാൻ കാരണമെന്താണ്?

ഞങ്ങൾ മെത്രാച്ചന്മാർ അഞ്ചാം ശതാബ്ദം മുതലാണു സന്യാസിമാരായത്. അതിനു മുമ്പു മെത്രാന്മാരും വിവാഹം ചെയ്തിരുന്നു. അക്കാലത്ത് അവർ സ്ത്രീകളെ ഭയപ്പെട്ടിരുന്നില്ല. കാരണം, അന്നവർക്കു ഭാര്യയും കുഞ്ഞുങ്ങളുമുണ്ടായിരുന്നു. പക്ഷേ, മെത്രാന്മാർ സന്യാസിമാരായിക്കഴിഞ്ഞതോടെ അവർക്കു പെണ്ണുങ്ങളെ പേടിയായി. പെണ്ണുങ്ങളുടെ അടുത്തെങ്ങും പോവുകയില്ല. അവരെ അടുപ്പിക്കുകയില്ല. അവർക്ക് ഒരു ചുമതലയും കൊടുക്കുകയുമില്ല. അങ്ങനെയാണ് പള്ളി പുരുഷന്മാരുടെ കുത്തകയായിത്തീർന്നത്. ഞങ്ങളുടെ പേടി കൊണ്ടു തന്നെ അല്ലാതെ, നിയമമൊന്നും വിലങ്ങടിച്ചതുകൊണ്ടല്ല.

ഈ സ്ഥിതിയൊന്നു മാറാൻ കാലമായി. സ്ത്രീകൾക്കു സഭയിലെ അധ്യാപന ശുശ്രൂഷയിൽ ഹൃദയസ്ഥാനത്തു തന്നെ ചുമതല കൊടുക്കാൻ സമയം വൈകി. അതിനിനി നമ്മൾ ഒട്ടും മടിക്കരുത്. സൗകര്യംപോലെ കഴിവതും വേഗം ഉണ്ടാക്കണം.

ഓർത്തഡോക്സ് വൈദികസെമിനാരിക്ക് ഇക്കാര്യത്തിൽ താല്പര്യമുണ്ട്. ദിവ്യബോധനം പദ്ധതി അതിന്റെ ലക്ഷണമാണ്. സ്ത്രീകളെ പഠിപ്പിക്കുക കൂടിയാണ് അതിന്റെ ഉദ്ദേശ്യം. ദിവ്യബോധനം നടത്തിയ പരീക്ഷകളിൽ മിക്കപ്പോഴും ഉയർന്ന റാങ്കുകൾ നേടിയതു സ്ത്രീകളാണ്. സ്ത്രീകൾ വളരെ ഗൗരവബോധത്തോടെ പഠിക്കുന്നു. ഞങ്ങളുടെ സെമി

നാരിയിൽ പഠിപ്പിക്കുന്ന ചില പ്രൊഫസർമാരേക്കാൾ കൂടുതൽ വിജ്ഞാനം അവരിൽ ചിലർ കാണിക്കുന്നുണ്ട്. അതു സാധ്യമാണെന്ന് അവർ തെളിയിച്ചു കഴിഞ്ഞു. അതുകൊണ്ടു സ്ത്രീകൾ അധീരരാകേണ്ട കാര്യമൊന്നുമില്ല. ദൈവമാണു സ്ത്രീകൾക്കു ബുദ്ധിയും മറ്റു സിദ്ധികളും നല്കിയിട്ടുള്ളത്. പഠിക്കാനും പഠിപ്പിക്കാനുമുള്ള വാസനയും. ആ സിദ്ധികൾ നിങ്ങൾ പരമാവധി ഉപയോഗിക്കണം.

ഞാൻ നേരത്തെ പറഞ്ഞ പ്രാർത്ഥനാ ശുശ്രൂഷയ്ക്കു നിങ്ങൾ പുതിയ രൂപം കണ്ടുപിടിക്കണം. പഴയതു പോരാ. പഴയ രൂപം പള്ളിയിലിരുന്നു പ്രാർത്ഥിക്കുകയായിരുന്നു. ഒരു സംഘം പ്രാർത്ഥന അവസാനിപ്പിച്ചു പോകുമ്പോൾ മറ്റൊരു സംഘം ആ സ്ഥാനം ഏറ്റെടുക്കുന്നു. അങ്ങനെ പ്രാർത്ഥന അനുസ്യൂതം തുടർന്നു നടക്കുന്നു. അങ്ങനെയായിരുന്നു റോമാ നഗരത്തിലെ സഭയിൽ. മൂന്നാം നൂറ്റാണ്ടിൽ രണ്ടായിരത്തിലേറെ വിധവകൾ ഇങ്ങനെ മാറി മാറി പ്രാർത്ഥനാ ശൃംഖലയിൽ വർത്തിച്ചിരുന്നുവെന്നു ചരിത്രം പറയുന്നു.

ഇങ്ങനെയുള്ള പ്രാർത്ഥനയുടെ ശക്തി ഇന്നു വളരെ ആവശ്യമാണ്. വേദശാസ്ത്രത്തെപ്പറ്റി അതുമിതുമൊക്കെ പറഞ്ഞിട്ടു, പ്രാർത്ഥന ഇല്ലാതെ പോയാൽ വലിയ കുഴപ്പമാണ്. തിയോളജി തന്നെ കുഴപ്പമുണ്ടാക്കും. അപ്പോൾ പ്രാർത്ഥന ഇല്ലാത്ത തിയോളജി ഉണ്ടാക്കുന്ന കുഴപ്പത്തെപ്പറ്റി പറയാനില്ല. വിമോചന ദൈവശാസ്ത്രത്തിന്റെ കുഴപ്പം അതാണ്. അതു പ്രാർത്ഥനയില്ലാത്ത തിയോളജിയാണ്. പ്രാർത്ഥനയുടെ ശുശ്രൂഷ തിയോളജി പഠിക്കുന്നതോടൊപ്പം നാം വളർത്തിയെടുക്കണം.

### 4. സ്ത്രീനേതൃത്വം വളരണം

സമൂഹത്തിന്റെ അടിയിൽ ഉറഞ്ഞു കൂടിയിട്ടുള്ള ഈ അനീതി മാറ്റി സമൂഹത്തിനു കുറേക്കൂടി മാനുഷിക മൂല്യങ്ങൾ കൊടുക്കാൻ എങ്ങനെ സാധിക്കും? (ഇതു പുരുഷന്മാരുണ്ടാക്കിയ സമൂഹമാണെന്നതിൽ സംശയമൊന്നുമില്ല). അങ്ങനെ ഒരു നവീന സമൂഹമായി വളരണമെങ്കിൽ പുരുഷന്മാർ മാത്രം ഈ സമൂഹത്തെ നയിച്ചാൽ പോരാ, സ്ത്രീകൾ നേതൃത്വസ്ഥാനത്തു വരണം. അവർ മാത്രമായി നടക്കണമെന്നല്ല ഞാൻ പറയുന്നത്. അവർ കൂടെ തുല്യമായ നിലയിലേക്കു വരണം.

ഇപ്പോഴത്തെ സ്ഥിതിയിൽ സ്ത്രീകൾക്കു രാഷ്ട്രീയത്തിൽ പ്രവേശിക്കുക എളുപ്പമല്ല. അവരും പുരുഷന്മാരെപ്പോലെയായി തീരേണ്ടി വരും. അവർ സ്ത്രീസ്വഭാവം കളഞ്ഞിട്ടു പുരുഷന്മാരെപ്പോലെ പെരുമാറിയെങ്കിലേ ഇന്നത്തെ സ്ഥിതിയിൽ രക്ഷപെടാനൊക്കൂ. അതിന് ഇടയാകാതെ സ്ത്രീകൾ തന്നെ വിഭാവനം ചെയ്യുന്ന ഒരു വ്യവസ്ഥിതി ഉണ്ടാകണം. അതിന്റെ നേതൃത്വത്തിൽ സ്ത്രീകളും പുരുഷന്മാരും ഒരുമിച്ചു പ്രവർത്തിക്കുന്ന ഒരു വ്യവസ്ഥിതി ഉണ്ടാകാൻ ക്രൈസ്തവ സ്ത്രീകൾ മറ്റു സ്ത്രീകളോടൊരുമിച്ച് പ്രവർത്തിക്കേണ്ട കാലഘട്ടമാണിത്.

'സ്ത്രീ സഭയിൽ മിണ്ടാതിരിക്കണം' (1 കോരി. 14:34, 35; 1 തീമോത്തി 2:11, 12) എന്നും സഭയിൽ പഠിപ്പിയ്ക്കാൻ അനുവാദമില്ല എന്നും പൌലോസ് ശ്ലീഹാ ഉപദേശിക്കയും തന്റെ സഭകളിൽ നടപ്പിലാക്കാൻ ശ്രമിക്കയും ചെയ്തിരുന്നു എന്ന് വി. വേദപുസ്തകത്തിൽ വ്യക്തമായി കാണുന്നു. ഇത് പ്രത്യേക സാഹചര്യത്തിലുള്ള നിർദേശമാണ്. എന്നാൽ സ്ത്രീക്ക് പ്രവചന നൽവരമുണ്ടായിരുന്നു, തല മൂടിക്കൊണ്ട് പ്രവചിക്കണം എന്നു മാത്രമേയുള്ളു എന്നാണല്ലോ 1 കോരി. 11:5 ന്റെ അർത്ഥം. യോവേൽ പ്രവാചകന്റെ ദീർഘദർശനത്തിൽ "നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും" എന്ന് വ്യക്തമായി കാണുന്നു (യോവേൽ 2:28, അപ്പോ. പ്രവൃത്തികൾ 2:17). അപ്പോസ്തല പ്രവൃത്തികൾ 21:9 ൽ ഏഴ് ശെമ്മാശ്ശന്മാരിൽ ഒരുവനായ ഫീലിപ്പോസിന്റെ നാല് അവിവാഹിത പുത്രികൾ പ്രവചിച്ചിരുന്നു എന്ന് കാണുന്നു. പഴയനിയമത്തിൽ അഹറോന്റെ സഹോദരി മിറിയാം (പുറപ്പാട് 15:20) ലപ്പീദോത്തിന്റെ ഭാര്യ ദിബോറാ (ന്യായാധിപതിമാർ 4:4) ഷാലൂമിന്റെ ഭാര്യ ഹുൽദാ (2 രാജാ. 22; 14; 2 ദിനവൃത്താന്തം 34:22) എന്നിവർ പ്രവചിച്ചിരുന്നതായി നാം കാണുന്നു. പുതിയനിയമത്തിൽ ഫാനുയേലിന്റെ പുത്രി ഹന്നാ നമ്മുടെ കർത്താവിനെക്കുറിച്ച് ദേവാലയത്തിൽ പരസ്യമായി പ്രവചിച്ചതായി വി. ലൂക്കോസ് നമ്മെ അറിയിക്കുന്നു (വി. ലൂക്കോസ് 2:38).

എന്നാൽ സഭാപാരമ്പര്യത്തിൽ നമുക്കറിയാവുന്നിടത്തോളം സ്ത്രീകൾ പരിശുദ്ധ കുർബാനയർപ്പിച്ചതായോ, പട്ടം കൊടുത്തതായോ നാം കാണുന്നില്ല. ശെമ്മാശിനിമാർ സ്ത്രീകൾക്ക് കുർബാന കൊടുക്കും. സ്ത്രീകളെ മാമ്മോദീസാ മുക്കും. കൂദാശകൾ അഥവാ സഭാരഹസ്യങ്ങളെ സംബന്ധിച്ചിടത്തോളം സ്ത്രീകൾക്ക് ഇതിൽ കൂടുതൽ അധികാരം നല്കപ്പെട്ടതായി പാരമ്പര്യത്തിൽ കാണുന്നില്ല.

എന്നാൽ ഇന്നത്തെ സാഹചര്യങ്ങളിൽ വിശ്വാസം പഠിപ്പിക്കുക. പ്രായപൂർത്തിയായ സ്ത്രീകളെ മാമോദീസാ മുക്കുക മുതലായ കാര്യങ്ങൾക്ക് പ്രത്യേക അധികാരമുള്ള ശെമ്മാശിനിമാർക്ക് പട്ടം കൊടുക്കുക സാദ്ധ്യമാണ്.

സ്ത്രീ മെത്രാനായെങ്കിലേ സ്ത്രീപുരുഷ സമത്വം സ്ഥാപിതമാകയുള്ളു എന്ന അമേരിക്കൻ ചിന്ത എത്ര കണ്ട് ന്യായീകരിക്കാമെന്ന് നാം ചിന്തിക്കേണ്ടതാണ്. ഓർത്തഡോക്സ് പാരമ്പര്യത്തിൽ സ്ത്രീക്ക് മാത്രമല്ല വിവാഹിതനായ പുരുഷന് പോലും മെത്രാനാകാൻ സാദ്ധ്യമല്ല. ഇത് മൗലികാവകാശലംഘനമാണെന്ന് വാദിക്കുന്നത് എത്ര വലിയ അബദ്ധമാണ്. കശീശായാകാനും മെത്രാനാകാനുമൊക്കെ പുരുഷനും സ്ത്രീക്കും അവകാശമില്ല. പരിശുദ്ധാത്മാവ് സഭയിൽ കൂടെ വിളിക്കുന്നവർക്കേ ഈ സ്ഥാനങ്ങൾ നല്കപ്പെടുന്നുള്ളു.

**5. ഉപസംഹാരം**

സ്ത്രീകൾക്ക് പുരുഷന്മാരോട് തുല്യമായ സ്ഥാനമാണ് കർത്തൃ ശരീ

രത്തിലുള്ളത്. ക്രിസ്തുവിൽ സ്ത്രീപുരുഷഭേദമില്ല. നാമെല്ലാവരും ക്രിസ്തുവിൽ ഒന്നാകുന്നു എന്ന് പരിശുദ്ധ പൗലോസ് അപ്പോസ്തോലൻ പഠിപ്പിക്കുന്നു (ഗലാ. 3:28).

സഭാ ഭരണത്തിലും ഉപദേശത്തിലും സ്ത്രീകൾക്കുള്ള പങ്ക് സാമൂഹ്യ വ്യവസ്ഥിതി മാറുന്നതനുസരിച്ച് മാറിക്കൊണ്ടാണിരുന്നിട്ടുള്ളത്. അങ്ങിനെ ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിക്കനുസൃതമായ വ്യത്യാസങ്ങൾ വരുത്തുവാൻ സഭയ്ക്കവകാശമുണ്ട്.

*(തിരുവനന്തപുരത്തു നടന്ന ഓർത്തഡോക്സ് സഭയിലെ വനിതകളുടെ നേതൃസമ്മേളനത്തിൽ ചെയ്ത പ്രസംഗം.)*

# 12
# വൈ. എം. സി. എ. യിലെ യുവജനപങ്കാളിത്തം

**നാ**ഷണൽ കൗൺസിൽ ഓഫ് വൈ. എം. സി. എ. ഓഫ് ഇന്ത്യയുടെ നൂറാം വാർഷികവേളയിൽ നന്ദിസ്തോത്രത്തിലും, ആനന്ദത്തിലും പങ്കാളിയാവുക എന്നത് എന്നെ സംബന്ധിച്ചിടത്തോളം വളരെ സന്തോഷമുള്ള വസ്തുതയാണ്. ദൈവം ചെയ്ത വൻകാര്യങ്ങൾക്കായും, ദൈവം തന്റെ മുന്തിരിത്തോപ്പിലേക്ക് കണ്ടെത്തിയ മഹത് വ്യക്തികൾക്കായും ദൈവത്തിന് നന്ദിയർപ്പിക്കേണ്ട സമയമത്രെ ഇത്. ഈ മഹത് വ്യക്തികളിൽ, മൺമറഞ്ഞു പോയ ബിഷപ്പ് അസ്സറിയ, കെ. റ്റി. പോൾ, പി. ഡി. ദേവനാനന്ദൻ, സി. എഫ്. ആൻഡ്രൂസ് തുടങ്ങിയവരും, ഇപ്പോഴും Y. M. C. A. മുഖേന ദൈവമഹത്വത്തിനായി വൻകാര്യങ്ങൾ ചെയ്യുന്ന കെ. എം. ഫിലിപ്പിനെപ്പോലെ ഉള്ളവരും ഉൾപ്പെടുന്നു. ഭാരത വൈ. എം. സി. എ. കൾ ഈ നൂറ്റാണ്ടിലും ചെയ്ത അത്ഭുതാവഹമായ പ്രവർത്തനങ്ങൾക്കായി ദൈവത്തെ സ്തുതിക്കാം. ആരംഭകാലത്തിൽ കലാലയ വിദ്യാർത്ഥി പ്രവർത്തനം, സ്പോർട്സ്, ചെറുപ്പക്കാർക്കും, ആൺകുട്ടികൾക്കുമായി ഹോസ്റ്റലുകൾ, ഗ്രാമീണ വികസനം, നേതൃത്വപരിശീലനം, അടുത്ത കാലത്തായി അഭയാർത്ഥി പ്രവർത്തനം, സാങ്കേതിക വിദ്യാഭ്യാസം, തൊഴിൽ പരിശീലനകേന്ദ്രങ്ങൾ, വികലാംഗർക്കിടയിലുള്ള പ്രവർത്തനങ്ങൾ, ആദിവാസി പ്രശ്നങ്ങൾ, സമുദായ ഐക്യത്തിനായുള്ള പ്രവർത്തനം ഇത്യാദി മേഖലകളിൽ ദൈവം ഭാരതീയ വൈ. എം. സി. എ. യെ ശക്തിമത്തായി ഉപയോഗിച്ചിട്ടുണ്ട്-നാം വളരെയധികം നന്ദി പറയേണ്ടതായിട്ടുണ്ട്. ദൈവത്തിന് നന്ദിയർപ്പിക്കുന്ന മഹത്സന്തോഷത്തിൽ ഞാൻ നിങ്ങളോടൊപ്പം ചേരുന്നു.

ആദ്യകാലഘട്ടത്തിലെ വൈ. എം. സി. എ. 1854-ൽ കൽക്കട്ടയിൽ ആരംഭിച്ചു എന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. 1854-ൽ വൈ. എം. സി. എ. ആരംഭിക്കാനുള്ളത് ഒരു അധിനിവേശ ശ്രമമായിരുന്നു. പക്ഷേ അതു പരാജയപ്പെട്ടു. ലഹളയ്ക്കും അടിച്ചമർത്തലിനുംശേഷം 1857-ൽ വൈ. എം. സി. എ. വീണ്ടും ആരംഭിച്ചു. കൽക്കട്ട വൈ. എം. സി. എ. വീണ്ടും പ്രയാസമനുഭവിക്കാൻ തുടങ്ങി. പക്ഷേ വൈ. എം. സി. എ. യുടെ പ്രവർത്തനം ക്രിസ്ത്യൻ യുവജനങ്ങളുടെ ഇടയിൽ മാത്രമായിരുന്നു എന്നതായിരുന്നു പ്രശ്നം. ഫിലാഡൽഫിയ വൈ. എം. സി. എ. യുടെ പിന്തുണയുള്ള ഡേവിഡ് മക്ക് കോണോഗി, ഭാരത വൈ. എം. സി. എ. യെ ഇന്ത്യയിലെ ചെറുപ്പക്കാർക്കുവേണ്ടിയുള്ള വൈ. എം. സി. എ. ആക്കിത്തീർത്തു. ഒരു ക്രിസ്തീയ പ്രസ്ഥാനമെന്ന നിലയിൽ വൈ. എം. സി. എ. സ്വാന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിലും; ഭാരത സ്വാതന്ത്ര്യത്തിനും വേണ്ടി വഹിച്ച പങ്ക് നിസ്തുലമായിരുന്നു. കെ. റ്റി. പോളിനെ

പോലെയുള്ള നേതാക്കൾ നമുക്കുണ്ടായിരുന്നെങ്കിലും ഭാരത സ്വാതന്ത്ര്യ ത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ നാം മുൻപന്തിയിൽ ഉണ്ടായിരുന്നു (YWCA, WSCF ഇത്യാദി സംഘടനകൾ YMCA യിൽ നിന്നത്രെ ഉടലെടുത്ത ത്. വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ ഈറ്റില്ലവും YMCA ആയി രുന്നു).

നമ്മുടെ YMCA ഭാരതത്തെ ഒരു കാലത്ത് ഭരിച്ചിരുന്ന ക്രിസ്തീയ രാജ്യ വുമായി ഉറ്റ ബന്ധത്തിലായിരുന്നു. നമ്മുടെ സ്വന്ത ഇഷ്ടപ്രകാരമാണ് നാം (YMCA) സ്വദേശത്തേക്കാൾ ഉപരിയായി വിദേശീയരെ പിന്തുണച്ച തെന്ന് നാം ചിന്തിക്കും. നമ്മുടെ പേര് ഇന്നും ഭാരതത്തിലെ വലിയൊരു വിഭാഗം ജനങ്ങൾ സംശയബുദ്ധ്യാ വീക്ഷിക്കുന്നു.

ക്രൈസ്തവ സമുദായത്തെയും, YMCA യേയും, പാശ്ചാത്യ തല്പര രായി മുദ്രകുത്തിയിരുന്നു. പക്ഷേ ഇന്നോ? വിദേശ ആശയങ്ങളിൽ നിന്നും വിദേശ സിദ്ധിത നേതൃത്വത്തിൽ നിന്നും മോചനം പ്രാപിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? ഭാരത YMCA സാമ്പത്തികമായി സ്വയംപര്യാപ്തി നേടി എന്നറിയുന്നതിൽ എനിക്ക് ആഹ്ലാദമുണ്ട്. ഇത് ഒരു വലിയ സംഗതിയാണ്. പക്ഷേ ആശയങ്ങളുടെയും, പരിപാടികളുടെയും കാര്യത്തിലും, നാം എന്തു ചെയ്യുന്നുവോ അതിനുള്ള വഴികാട്ടലിലും നാം പാശ്ചാത്യരെ ഇപ്പോഴും ആശ്രയിക്കുന്നു. നാം എത്രയും കാലം ഇങ്ങനെ തുടരുന്നുവോ അത്രയും നാൾ ഭാരതീയരിൽ നിന്നും അകന്നിരിക്കുന്നു.

YMCA യ്ക്ക് ഇതിൽ നിന്നും എന്തെങ്കിലും വഴി കണ്ടുപിടിക്കാനുണ്ടോ? വിദേശീയാശ്രയം YMCA യ്ക്ക് മാത്രമല്ല ഭാരതത്തിന്റെ മുഴുവൻ നേതൃ ത്വവും പരിശീലനം സിദ്ധിച്ചത് പാശ്ചാത്യ സംസ്ക്കാരത്തിൽ നിന്നും, നാഗരികത്വത്തിൽ നിന്നും ആയിരുന്നു. അവരുടെ ഓരോ ആശയവും പാശ്ചാത്യ നാഗരികത്വത്തിൽ നിന്നും ഉടലെടുത്തതാണ്. പാശ്ചാത്യ നാഗ രികത്വത്തിന്റെ മൂല്യങ്ങളുടെ അടിമത്വത്തിൽ നിന്നുമുള്ള മോചനത്തെ ക്കുറിച്ച് YMCA യും, YWCA യും, സഭകളും എല്ലാ ക്രിസ്തീയ സംഘടന കളും ഗഹനമായി ചിന്തിക്കേണ്ടതുണ്ട്.

YMCA-യുടെ Yയെക്കുറിച്ച് എന്റെ എല്ലാ സുഹൃത്തുക്കളോടും ചോദി ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. YMCA, MMMM എന്നു പുനർനാമം ചെയ്യ ണമെന്ന് ആരോ ഒരു ദിവസം അഭിപ്രായപ്പെട്ടു. MMMM എന്തിനു വേണ്ടി നില്ക്കുന്നു? Middle Class, Middle Aged, Men's Movement (മദ്ധ്യവയസ്കരാ യ, സാമാന്യ ജനങ്ങൾക്കു വേണ്ടിയുള്ള പ്രസ്ഥാനം). YMCA അംഗങ്ങളി ലും, നയാവിഷ്ക്കരണ വിഭാഗങ്ങളിലും, 1/3 ഭാഗം 39 വയസ്സിൽ താഴെ യുള്ളവരായിരിക്കണം എന്ന് ഭരണഘടന ഇപ്പോൾ അനുശാസിക്കുന്ന തിൽ എനിക്ക് സന്തോഷമുണ്ട്. 1/3 ഭാഗം മാത്രം ചെറുപ്പക്കാരായ തുകൊണ്ട് അത് ചെറുപ്പക്കാരുടെ സംഘടനയാകുന്നില്ല. YMCA അംഗങ്ങ ളിലും നയാവിഷ്ക്കരണ വിഭാഗങ്ങളിലും 51%, 30 വയസ്സിൽ താഴെയുള്ള ചെറുപ്പക്കാരായിരിക്കണം എന്ന അവസ്ഥയിലേക്ക് YMCA നീങ്ങും എന്ന് പ്രത്യാശിക്കുന്നു. YMCA, YWCA പോലുള്ള ചെറുപ്പക്കാരുടെ സംഘടനക

ളിൽ, 1/3 ഭാഗത്തിനു മേൽ ആളുകൾ പ്രായമുള്ളവരായിരിക്കണം എന്ന കാര്യത്തിൽ ഞാൻ ന്യായീകരണം ഒന്നും കാണുന്നില്ല.

നമ്മുടെ രാജ്യത്തിന് മഹത്തായ ഒരു പൈതൃകമുണ്ട്. പ്രായമുള്ളവർ നമ്മുടെ ചെറുപ്പക്കാർക്കുവേണ്ടി ചിന്തിക്കാൻ ആഗ്രഹിക്കുന്നു. ചെറുപ്പക്കാർ നമ്മുടെ വഴികാട്ടലിലും, മേൽനോട്ടത്തിലും ആയിരിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. നമ്മുടെ രാജ്യത്തിലെ ചെറുപ്പക്കാർക്കു വേണ്ടി നല്ലതേതെന്ന് നിശ്ചയിക്കുവാൻ നമുക്ക് മാത്രമേ പക്വതയും, ജ്ഞാനവുമുള്ളെന്ന് നാം ചിന്തിക്കുന്നു. നമ്മുടെ സംരക്ഷണത്താൽ നാം സംഘടനയെ അധികഭാരമുള്ളതാക്കി. മദ്ധ്യവയസ്കരായ നമ്മുടെ ഈ സംരക്ഷണം പിൻവലിക്കപ്പെടുന്നതുവരേയും യുവജനങ്ങളുടെ സൃഷ്ടി പരമായ ശക്തി ഉപയോഗിക്കുവാൻ നമുക്ക് കഴിയുകയില്ല.

സഭകളിലുള്ള എന്റെ പരിചയത്തിൽ നിന്നും, താഴെയുള്ള ചെറുപ്പക്കാർക്ക് ഇപ്പോൾ ലോകത്തിൽ എന്തു നടക്കുന്നുവെന്ന് ശരിയായ ഗ്രാഹ്യമുണ്ടെന്ന് പറയാൻ കഴിയും. എന്നെപ്പോലെ 60 വയസ്സിനുമേൽ പ്രായമുള്ളവർ ലോകത്തിൽ ഇപ്പോഴുള്ള യാഥാർത്ഥ്യങ്ങളെക്കുറിച്ച് പെട്ടെന്ന് മനസ്സിൽ പതിയുന്ന സ്വഭാവമുള്ളവരല്ല. ഒരു പുതിയ ലോകം സൃഷ്ടിക്കാമെന്ന ശുഭാപ്തി വിശ്വാസവും ധൈര്യവുമുള്ള ചെറുപ്പക്കാരുടെ കരങ്ങളിൽ പ്രസ്ഥാനത്തിന്റെ സൃഷ്ടിപരമായ ശക്തി ആകുക എന്നത് YMCA, യുടെയോ, YWCA യുടേയോ ഭാവിയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടതത്രേ. മറ്റുള്ളവരുടെ ദോഷവശം മാത്രം കണ്ടെത്തുന്ന സ്ഥിതിയിൽ നാം എത്തിച്ചേർന്നിട്ടുണ്ട്. നാം ഒരു വിഷമഘട്ടത്തിലാണ്. പാശ്ചാത്യർ നിർമ്മിച്ച ഘടനകളിൽ നിന്നും പുറത്തുചാടാൻ നമുക്ക് കഴിയുന്നില്ല. ഈ അവസ്ഥകൾ നമ്മുടെ സഭകളിലും, നമ്മുടെ രാഷ്ട്രീയ സംഘടനകളിലും നിഴലിച്ചു കാണാം. പഴയ തലമുറക്ക് ഇതു മാറ്റുവാൻ സാധിക്കുകയില്ല. യുവജനങ്ങൾ ധൈര്യപുരസ്സരം അവരുടേതായ ശ്രമം നടത്തും.

ഞാൻ പറയാൻ ആഗ്രഹിക്കുന്ന മറ്റൊരു വസ്തുത, ചെറുപ്പക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തനമേഖലയിലുള്ള മാറ്റമാണ്. YMCA യെക്കുറിച്ചും ഞാൻ ഇത് പറയാൻ ആഗ്രഹിക്കുന്നു. യുവജനസംഘടനകളുടെ ശ്രദ്ധ 'യുവജനങ്ങൾക്ക് സേവനം' എന്നത് ആയിതീർന്നിട്ടുണ്ട്. പ്രായമുള്ളവരുടെ, ചെറുപ്പക്കാർക്കായുള്ള സേവനം എന്ന ആശയത്തിൽ നിന്നും യുവജനങ്ങളുടെ മുഴുവൻ സമൂഹത്തിനുവേണ്ടിയുള്ള സേവനം എന്നതിലേക്ക് വ്യതിയാനം വന്നുകാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. മുഴുവൻ സമൂഹത്തേയും സേവിയ്ക്കുവാനുള്ള അവസരം യുവജനങ്ങൾക്ക് പ്രായമുള്ളവരായ നാം ഒരുക്കിക്കൊടുക്കണം. 'യുവജനങ്ങൾക്ക് സേവനം' എന്ന ആശയത്തിൽ നിന്നും യുവജനങ്ങളിലുള്ള സേവനം എന്നതുകൊണ്ട് ഞാൻ ഉദ്ദേശിച്ചത് ഇതത്രെ. യുവജനങ്ങൾ അതു ചെയ്യുവാൻ നാം പൈതൃകം ഉപേക്ഷിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ രാജ്യത്തുള്ള ഭാഷാപരവും, പ്രാദേശികവുമായ സംഘട്ടനങ്ങളാൽ നമ്മുടെ രാഷ്ട്രത്തിന്റെ ഐക്യം അപകടത്തിലാണെന്ന് രാഷ്ട്രപതിപോലും കഴിഞ്ഞ

ദിവസം അഭിപ്രായപ്പെട്ടു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമുള്ള തെരഞ്ഞെടുക്കപ്പെട്ട ആയിരക്കണക്കിന് ചെറുപ്പക്കാരെ ചലനാത്മകമായി നിറുത്തിയാൽ വർഗ്ഗീയതയുടെ ബന്ധനങ്ങളെ തകർക്കുവാൻ അവർക്കു സാധിക്കുകയില്ലേ? പ്രാദേശികത്വവും, ഭാഷാപ്രശ്നങ്ങളും നമ്മുടെ രാഷ്ട്രത്തെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ നാം അത് അനുവദിയ്ക്കരുത്. വർഗ്ഗീയത, പ്രാദേശികത്വം, ഭാഷാപ്രശ്നം ഇത്യാദി സംഗതികൾക്കെതിരെ പോരാടുവാൻ ചെറുപ്പക്കാരെ നാം സജ്ജമാക്കുകയാണെങ്കിൽ നമുക്ക് അവയെ ഒക്കെ ഭേദിയ്ക്കാൻ സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ രാജ്യം കൈക്കൂലികൊണ്ടും, അഴിമതികൊണ്ടും നിറഞ്ഞിരിയ്ക്കുന്നു. എല്ലാവരും ഹിംസാത്മകമായി ശിക്ഷിക്കപ്പെടരുതെന്ന് ഞാൻ ആഗ്രഹിക്കുന്നു. ചെറുപ്പക്കാരായ വ്യക്തികളെ നാം അനുവദിക്കുമെങ്കിൽ, അവർ സാമൂഹ്യതിന്മയ്ക്കെതിരെ തങ്ങളെതന്നെ പ്രദർശിപ്പിക്കുകയും അങ്ങനെ സമൂഹത്തിന്റെ അന്തരീക്ഷത്തിൽ മാറ്റം വരികയും ചെയ്യും. ഇതാണ് വാസ്തവത്തിൽ YMCA ചെയ്യേണ്ടത്. അശരണരും അംഗവൈകല്യമുള്ളവരും ചേരിയിലെ കുട്ടികളും, തീർച്ചയായും ശ്രദ്ധിയ്ക്കപ്പെടണം. മുഴുരാഷ്ട്രത്തിലേക്കും മുഴുലോകത്തിലേക്കും നമ്മുടെ ശ്രദ്ധതിരിയപ്പെടുന്നതും തുല്യനിലയിൽ പ്രാധാന്യമുള്ളതാണ്. യുവജനങ്ങൾ മാർഗ്ഗദർശികൾ മാത്രം ആയാൽപോരാ, നേതൃത്വം നൽകുകയും വേണം.

19-ാം നൂറ്റാണ്ടിൽ സൃഷ്ടിയ്ക്കപ്പെട്ട YMCA യുടെ വലിയ ത്രികോണമെന്ന മഹത്തായ അടയാളം – ശരീരം, മനസ്സ്, ആത്മാവ്, ആരാധന, സേവനം, പഠനം എന്നിങ്ങനെ അത് എന്തായിരുന്നാലും ആ ത്രികോണത്തിന് നാം പുനർവ്യാഖ്യാനം നൽകേണ്ടതാണ്. ഇപ്പോൾ കാണുന്നതിന് വിരുദ്ധമായി ത്രികോണത്തിന്റെ ശിഖരം മുകളിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. മുകളിൽ ദൈവവും താഴത്തെ രണ്ടു മൂലകളിൽ ഒന്നിൽ മാനവരാശിയും, മറ്റേ മൂലയിൽ മറ്റു സൃഷ്ടികളും. ദൈവത്തിനും അവന്റെ സൃഷ്ടികൾക്കും മദ്ധ്യവർത്തിയായി വർത്തിക്കുക എന്നത് മാനവരാശിയുടെ ചുമതലയത്രെ. ദൈവവും സൃഷ്ടികളും തമ്മിൽ രഞ്ജിപ്പിന്റെ അനുഭവത്തിൽ കൊണ്ടുവരിക-YMCA യുടെ അടിസ്ഥാനപരമായ കർത്തവ്യം അതായിരിക്കണം. ഒരു ക്രിസ്ത്യാനി തന്റെ മനസ്സിനേയും ശരീരത്തെയും ആത്മാവിനെയും വികസിപ്പിച്ചെടുക്കുന്നതായുള്ള ത്രികോണമല്ല. ഈ ലോകത്തെ ഒരു ത്രികോണമായി കണ്ടുകൊണ്ട് ദൈവം മുകളിലും, താഴെ ഒരു മൂലയിൽ മനുഷ്യരും മറ്റേ മൂലയിൽ മറ്റു സൃഷ്ടികളുമായിരിക്കുന്ന അവസ്ഥ വീക്ഷിക്കുക.

ഇവ മൂന്നും ചേർന്ന് സമൂഹം ഇന്ന് അഭിമുഖീകരിയ്ക്കുന്ന വലിയ പ്രശ്നങ്ങൾക്കും നീതി, സമാധാനം എന്നിവയ്ക്ക് എതിരായ പ്രശ്നങ്ങൾക്കും പരിഹാരം കാണും. നാം 19-ാം നൂറ്റാണ്ടിൻപ്രകാരം ഒരു വ്യക്തിയുടെ ശരീരത്തിന്റേയും, മനസ്സിന്റേയും, ആത്മാവിന്റേയും വികാസം എന്ന നിലയിൽ ചിന്തിക്കുമ്പോൾ, നമുക്ക് വിജയം ആശിക്കുവാൻ സാധിക്കുകയില്ല. ദൈവത്താൽ സ്നേഹിക്കപ്പെടുകയും, നിലനില്ക്കപ്പെടുകയും

ചെയ്യുന്ന മനുഷ്യരും മറ്റു സൃഷ്ടികളും താഴെ ഇരുമൂലകളിലുമായി വരത്തക്കരീതിയിൽ YMCA ത്രികോണത്തിന്റെ ഒരു പുനർവ്യാഖ്യാനം ആവശ്യമാണെന്ന് ഞാൻ കരുതുന്നു.

നാം സൃഷ്ടിയെ ദൈവവുമായി അനുരഞ്ജനത്തിൽ കൊണ്ടുവരുമ്പോൾ മാനവരാശിയുടെ മുഴുജീവിതവും അർത്ഥപൂർണ്ണമാകുന്നു. 1855 ലെ പാരീസ് ബേസിസ് 19-ാം നൂറ്റാണ്ടിലെ വ്യക്തിജീവിതത്തെ പ്രതിനിധീകരിക്കുന്നു. പാരീസ് ബേസിസ് പുനഃപരിശോധിക്കുക എന്നത് ബുദ്ധിമുട്ടുള്ള സംഗതിയത്രെ. എന്തുകൊണ്ടെന്നാൽ എല്ലാ രാഷ്ട്രീയങ്ങളും വാദപ്രതിവാദത്തിന് വരും.

1855 ലെ പാരീസ് ബേസിസിനെ പുനഃപരിശോധിക്കുക വിഷമമുള്ള സംഗതിയത്രെ. പക്ഷേ മാനവരാശിയുടെ പുതുമുഖം നാം ദർശിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സഭ മാത്രമെന്നതിനേക്കാൾ ഉപരി മുഴുവൻ മാനവരാശിയെക്കുറിച്ചും നാം ചിന്തിക്കണം. മറ്റു മതങ്ങളോടുകൂടി നാം തുടക്കം ആരംഭിക്കേണം. ഇപ്രകാരം മുഴുസൃഷ്ടികൾക്കും ദൈവാനുഗ്രഹം പ്രാപിയ്ക്കാൻ കഴിയുന്നു.

ഒരു സമൂഹം അനീതി പ്രവർത്തിക്കുമ്പോഴും, യുദ്ധങ്ങൾ നടത്തുമ്പോഴും, ചുറ്റുപാടും മുഴുവനും വേദന അനുഭവിക്കുന്നു. “സമൂഹത്തിൽ നീതിയും, സത്യവും വസിക്കുമ്പോൾ, മരങ്ങൾ ചിരിയ്ക്കുകയും, പുഴകൾ ആനന്ദത്താൽ പാടുകയും, പർവ്വതങ്ങൾ അഹ്ലാദിക്കുകയും ചെയ്യുന്നു” എന്ന് പഴയനിയമത്തിൽ പറയുന്നതായി നമുക്കു കാണാൻ കഴിയും. മനുഷ്യമക്കൾ ദൈവേഷ്ടപ്രകാരം ജീവിക്കുമ്പോൾ മുഴുസൃഷ്ടിക്കും അതിന്റെ പ്രയോജനം ലഭിക്കുന്നു. മനുഷ്യസമൂഹത്തിലും, ചുറ്റുപാടിലും നീതിയും സമാധാനവുമായുള്ള അഭേദ്യബന്ധം സ്പഷ്ടമായിരിക്കുകയാണ്. നമ്മുടെ ഇളം തലമുറയുടെ ദൃഷ്ടി ഇവിടെ ആയിരിക്കേണം.

1991 ലും യുദ്ധം നടന്നു. പക്ഷേ ഈ യുദ്ധം നമ്മെ എന്തു പഠിപ്പിക്കുന്നു? ശാസ്ത്രവും, സാങ്കേതിക വിദ്യയും, മാനവീകതയ്ക്കും, പുരോഗതിക്കും, പുനർനിർമ്മാണത്തിനും ഉപരിയായി, മാനവരാശിയുടെ നാശത്തിനായി വികാസം പ്രാപിച്ചു എന്ന് ദൈവം നമുക്ക് കാണിച്ചുതന്നു. നാശത്തിന്റേയും, മരണത്തിന്റേയും ശക്തികളുടെ തടവറയിൽ ശാസ്ത്രവും, സാങ്കേതിക വിദ്യയും അകപ്പെട്ടു എന്ന ദുഃഖസത്യം-ഇതത്രെ നമ്മുടെ ഭീഷണി. നമ്മുടെ ഇളംതലമുറ ഈ പ്രശ്നം കാണണം. എന്തുകൊണ്ട് ശാസ്ത്രവും, സാങ്കേതികവിദ്യയും ഒന്നുകിൽ യുദ്ധത്തിന്റേയും, അല്ലെങ്കിൽ ലാഭത്തിന്റേയും അടിമത്വത്തിലായി എന്ന് അവർ കണ്ടു മനസ്സിലാക്കണം. ഈ മേഖലകളിലേക്ക് നമ്മുടെ ഇളംതലമുറയെ നാം എത്തിക്കേണം. നമുക്ക് ഇതുവരെ കാണാൻ കഴിയാതിരുന്ന പലതും അവർ നമ്മെ പഠിപ്പിക്കും.

തന്റെ അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ തക്കവണ്ണം, YMCA സജ്ജമാകുവാൻ ദൈവം ഇനിയും കാത്തിരിക്കുകയാണ്. നാം നമ്മെ മുഴുവനായും അവന്റെ കരങ്ങളിൽ ഏൽപിക്കുമ്പോൾ, നമ്മെയും, നമ്മുടെ ഇളം

തലമുറയേയും ദൈവത്തിന്റെ ഉപകരണങ്ങൾ ആക്കിത്തീർക്കുവാൻ തക്കവണ്ണം ദൈവത്തിന്റെ ആത്മാവ് നമ്മുടെ മേൽ ആഞ്ഞടിക്കപ്പെടുകയും ചെയ്യും. YMCA യ്ക്കും, സഭയ്ക്കുമുള്ള വിളി ഇതത്രെ. ആ വലിയ ദൗത്യം സഫലീകരിക്കുവാനുള്ള കൃപ ദൈവം നമുക്ക് നൽകട്ടെ. ഈ നൂറ് വർഷങ്ങൾ നമ്മെ നയിച്ചവൻ, ഈ 21-ാം നൂറ്റാണ്ടിലും നമുക്ക് വഴി കാട്ടിയായിരിക്കട്ടെ. ദൈവം നമ്മെ ഏവരേയും അനുഗ്രഹിക്കട്ടെ.

*(1992)*

# 13

# പൗരസ്ത്യ പാരമ്പര്യം ഉയർത്തിക്കൊണ്ടുവരിക

പ. ബാവാ തിരുമേനി, അഭിവന്ദ്യ പൗവ്വത്തിൽ തിരുമേനി, മറ്റു പിതാക്കന്മാരെ, സഭാംഗങ്ങളെ,

നിങ്ങൾ ഇവിടെ സഹൃദയത്തോടെ പറഞ്ഞിട്ടുള്ള എല്ലാ നല്ല കാര്യങ്ങൾക്കും വേണ്ടപോലെ പ്രതിസ്പന്ദിക്കുവാനുള്ള സാഹചര്യം എനിക്കില്ല. പൗവ്വത്തിൽ പിതാവും പ. ബാവാതിരുമേനിയും പറഞ്ഞിട്ടുള്ള വാക്കുകൾക്ക് ഞാൻ കൃതജ്ഞതയോടെ നന്ദി പറയുന്നു.

തരകൻ സാർ എന്റെ ആശയങ്ങളെ മലയാളത്തിൽ അവതരിപ്പിച്ച് കേരളത്തിൽ പ്രചരിപ്പിക്കുവാൻ ശ്രമിച്ചിട്ടുള്ള ഒരാളാണ്. അദ്ദേഹത്തിന്റെ ശ്രമങ്ങൾ എത്രമാത്രം വ്യക്തികളിൽ എത്തിയിട്ടുണ്ട് എന്നതിനെക്കുറിച്ച് ഞാൻ പലപ്പോഴും സംശയിക്കാറുണ്ട്. കാരണം, അദ്ദേഹത്തിന് ആ ചിന്തകൾ വളരെയധികം കാര്യമായി തോന്നിയെങ്കിലും അതിനെ ലഭിച്ച മറ്റാരെങ്കിലും അതിൽ പ്രധാനമായി ശ്രദ്ധ ചെലുത്തുന്നുണ്ടോ എന്നുള്ള സംശയം എനിക്ക് പലപ്പോഴും വരുന്നുണ്ട്. ഞാൻ കൂടുതൽ സമയം കോട്ടയത്ത് ചിലവഴിക്കണമെന്ന് നിങ്ങൾ പറയും. ചിലവഴിക്കുന്ന സമയത്ത് എന്റെ ചിന്ത മനസ്സിലാക്കാൻ ആരെങ്കിലും ശ്രമിക്കുന്നുണ്ടോ? പഠിക്കണമെന്നുള്ള ആഗ്രഹം വളരെ ചുരുക്കം പേർക്കേ ഉള്ളൂ. ആസായ ആഗ്രഹം പഠിക്കണമെന്നല്ല. അതാണ് നമ്മുടെ പ്രധാനമായ പ്രശ്നം. യഥാർത്ഥത്തിൽ അറിയുവാനുള്ള ആകാംക്ഷയുള്ള ആളുകൾ വളരെ ചുരുക്കമേയുള്ളു. തരകൻ സാറിന് ആ ആകാംക്ഷയുണ്ടായിരുന്നതുകൊണ്ട് അദ്ദേഹം പല കാര്യങ്ങൾ മനസ്സിലാക്കി. അതുപോലെ എന്റെ ആദ്യത്തെ അദ്ധ്യയനകാലത്ത് എന്റെ ശിഷ്യന്മാരായിരുന്ന കെ. എം. ജോർജച്ചനെപ്പോലെയുള്ള കുറെപ്പേർ കുറെ കാര്യങ്ങളെല്ലാം മനസ്സിലാക്കിയെന്നല്ലാതെ അതിൽ കൂടുതലായിട്ട് എന്തെങ്കിലും പഠിപ്പിക്കുമ്പോൾ കേട്ടിരിക്കുന്നവർക്ക് മനസ്സിലാകുന്നുവെന്ന് തോന്നുന്നില്ല. എം.റ്റി. എച്ചിനും മറ്റും ഞാൻ ക്ലാസ്സെടുക്കുന്നുണ്ട്. പഠിക്കുന്ന കുട്ടികൾക്ക് ഞാൻ പറയുന്നത് എന്തെങ്കിലും മനസ്സിലാകുന്നുണ്ടോയെന്ന കാര്യം എനിക്ക് വളരെ സംശയമാണ്.

എന്റെ ചിന്തകൾ മനസ്സിലാക്കി പ്രതികരിക്കുവാൻ സാധിക്കുന്ന ഒരു ഗ്രൂപ്പുണ്ടെങ്കിൽ തീർച്ചയായും അവിടെ ഞാൻ സമയം ചിലവാക്കും. അതി

ല്ലാത്തതാണ് സമയം ചിലവാക്കാൻ സാധിക്കാത്ത പ്രധാനപ്പെട്ട പ്രശ്നം. ഞാൻ ഒരു കാര്യം കൂടി ഒന്നു പറഞ്ഞുകൊള്ളട്ടെ. ഈ സെമിനാരി എന്റെ കുടുംബമാണ്. 1967-ൽ ഞാൻ ഇവിടെ വരുമ്പോൾ (ജനീവയിലെ W.C.C. സ്റ്റാഫിൽ ജോലി ചെയ്യുന്ന കാലത്താണ് അത് വേണ്ടായെന്ന് വച്ച് ഇവിടെ വന്ന് തുടങ്ങിയത്) ബഹുമാനപ്പെട്ട അഭിവന്ദ്യ തെയോഫി ലോസ് തിരുമേനി എന്നെ ചാർജ് ഏല്പിച്ചു. ചാർജ് ഏല്പിച്ച സമയത്ത് ബാലൻസിൽ നീക്കിയിരുപ്പ് ഒന്നുമില്ലായിരുന്നു എന്നു മാത്രമല്ല അടു ത്തയാഴ്ച ഇവിടെയുള്ള കുട്ടികൾക്ക് ഭക്ഷണം കഴിക്കാനുള്ള അരി പോലും ഇല്ലായിരുന്നു. അതുകൊണ്ട് ഞാൻ പ്രിൻസിപ്പലായ ശേഷം ആദ്യം ചെയ്തത് പി. സി. ഏബ്രഹാമിനെയും ഉപ്പൂട്ടിൽ കുഞ്ഞച്ചനെയും കെ. എം. മാത്യുവിനെയും പോലെയുള്ള കുറെ ആളുകളുടെ വീടുക ളിൽ പോയി അരി മേടിച്ചുകൊണ്ട് വരുകയായിരുന്നു. ഇവർ മൂന്നുപേരും ധാരാളമായി തന്നതുകൊണ്ടാണ് അടുത്തയാഴ്ച ഇവിടുത്തെ കുഞ്ഞു ങ്ങൾ ഭക്ഷണം കഴിച്ചത്. ആ നിലയിൽ നിന്ന് സെമിനാരി വളരെയധികം വളർന്നു കഴിഞ്ഞുവെന്നത് ദൈവത്തിന്റെ കരുണകൊണ്ട് മാത്രമാണ്. പക്ഷേ, എനിക്ക് ഈ സെമിനാരിയെപ്പറ്റി ഒരു വീക്ഷണമുണ്ടായിരുന്നു. ആ വീക്ഷണം നടപ്പിൽ വരുത്തുവാൻ ഞാൻ വളരെയധികം ശ്രമിച്ചു. അതായത് ഒരു അദ്ധ്യയന ആലയമായിട്ട് ഇതിനെ ഞാൻ കണ്ടു. ഇതിനെ ഞാനൊരു കമ്മ്യൂണിറ്റിയാക്കിത്തീർത്തു. വിദ്യാർത്ഥികളും അദ്ധ്യാപ കരും ഒറ്റ കുടുംബമായി പരിപൂർണ്ണമായി പരസ്പരം തുറന്ന മനസ്സോടു കൂടി പരസ്പരം പറയാനുള്ളതെല്ലാം തുറന്നു പറഞ്ഞ്, എന്നെ വിമർശി ക്കേണ്ടവർ എന്നെ വിമർശിച്ച്, പരസ്പരം തെറ്റുകൾ ഉണ്ടെങ്കിൽ അങ്ങോട്ടും ഇങ്ങോട്ടും പറഞ്ഞ് ക്ഷമിച്ച് വിദ്യാർത്ഥികളും അദ്ധ്യാപകരും ഒരു കുടുംബമായി കഴിഞ്ഞുപോന്നു. ഈ രീതിയിലാണ് സെമിനാരി യുടെ അടിസ്ഥാനം വളർത്തിക്കൊണ്ടു വന്നത്. 1967 മുതൽ 1972 വരെ യുള്ള കാലഘട്ടത്തിൽ അതായിരുന്നു ഈ സെമിനാരിയുടെ ഘടന. ഒരു single community. ഒരു വഴക്കും ഇവിടെ ഉണ്ടായിരുന്നില്ല. അദ്ധ്യാപകർ തമ്മിലും അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലും, വിദ്യാർത്ഥികൾ തമ്മിലും വഴക്കുണ്ടായിരുന്നില്ല. ഉണ്ടാവുകയാണെങ്കിൽ ഞാൻ തന്നെ പോയി രണ്ടു വശവും കേട്ട് ഏതെങ്കിലുംവിധത്തിൽ അത് രമ്യപ്പെടുത്തി ഒരു single community യായി ആരാധനയിലും പ്രാർത്ഥനയിലും ഉറ്റിരി ക്കുന്ന ഒരു community യായി ഇതിനെ വളർത്തിയെടുത്തു.

പക്ഷേ, അതിനുശേഷം 1972 മുതൽ നമ്മുടെ സഭയിൽ അനേക പ്രശ്ന ങ്ങൾ, കലഹങ്ങൾ വരുവാൻ തുടങ്ങി. ആ കലഹങ്ങളുടെ ഫലമായി ഇതിനകത്തും കലഹങ്ങൾ വന്നു. നമ്മുടെയാ community ക്ക് destruction വന്നപ്പോഴാണ് സെമിനാരിയുടെ ശക്തമായ ഒരു ആദ്ധ്യാത്മിക അടി

ത്തറ മുഴുവൻ നശിച്ചു പോയത്. അത് വീണ്ടും തിരികെ കൊണ്ടുവന്നാൽ കൊള്ളാമെന്ന് എനിക്ക് ആഗ്രഹമുണ്ട്. സാധിക്കുമെന്ന് വിശ്വസിക്കുന്നു.

എനിക്ക് ഒരു കാര്യം നിങ്ങളോട് പറയുവാനുണ്ട്. സഭയിലെ ഭരണപരമായ മറ്റെല്ലാ ചുമതലകളിൽ നിന്നും വിടർത്തിയിട്ട് സെമിനാരിയുടെ കാര്യത്തിൽ മാത്രം വ്യാപൃതനായി കുറച്ചുകാലം മാറിനിൽക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. ആ വിധത്തിൽ മറ്റെല്ലാ ചുമതലകളിൽ നിന്നും എന്നെ വിടർത്തുവാനുള്ള അപേക്ഷ പ. ബാവാ മുമ്പാകെ ഞാൻ ഇന്നോ നാളെയോ സമർപ്പിക്കുന്നതാണ്. സെമിനാരിയിൽ തന്നെ കൂടുതൽ സമയം ചെലവാക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. പക്ഷേ, ചെലവഴിക്കുന്ന സമയത്ത് എനിക്ക് പഠിപ്പിക്കാനും മറ്റുള്ളവരോട് സമ്പർക്കം ചെയ്യുവാനുമുള്ള സാഹചര്യമാണ് ആവശ്യം. ഒന്നാമത്, പഠിക്കുവാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ ഉണ്ടാകണം; അദ്ധ്യാപകർ ഉണ്ടാകണം. അങ്ങനെ വരുമ്പോൾ ഈ സെമിനാരിയിൽ നിന്ന് മുഖ്യ പ്രതിഭകൾ ഉണ്ടാകും. എന്റെ വളരെ വലിയ ഒരു ആഗ്രഹം ഇവിടെ പ. ബാവാതിരുമേനി അറിയുവാൻ വേണ്ടി പറയുന്നുവെന്നേയുള്ളു. 70 വയസ്സ് എന്നു പറയുന്നത് ഞാൻ ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല. അതിനൊക്കെ വളരെ മുമ്പേ കടന്നുപോകാമെന്നായിരുന്നു വിചാരിച്ചിരുന്നത്. ഏതായാലും കടന്നുപോകുമ്പോൾ ഇവിടെ ഒരു ആറടി മണ്ണ് ഈ സെമിനാരിയിൽ കിട്ടിയാൽ കൊള്ളാം എന്ന് വലിയ ആഗ്രഹമുണ്ട്.

പ. പൗവ്വത്തിൽ പിതാവ് ഉള്ള സമയത്ത് ഒരു കാര്യം കൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത് ഈ വൈദികസെമിനാരിയിൽ പൗരസ്ത്യ സഭയുടെ പാരമ്പര്യം വളർത്തിയെടുത്താൽ കൊള്ളാമെന്ന് എനിക്ക് ആഗ്രഹമുണ്ട്. പൗരസ്ത്യസഭയുടെ പാരമ്പര്യം എന്നു പറയുന്നത് മറ്റു സഭകളെ അവഗണിച്ചുകൊണ്ട് ഉള്ളതല്ല. എന്നെ സംബന്ധിച്ചിടത്തോളം നമ്മുടെ സഭയിൽ നാലു പാരമ്പര്യങ്ങളാണ് പ്രധാനമായിട്ട് ഉള്ളത്. ഒന്ന് നവീകരണസഭയുടെയും യൂറോപ്പിന്റെയും പാരമ്പര്യം. അതിൽ നിന്നാണ് protestentism ഉം മറ്റുമൊക്കെ വളർന്നു വന്നത്. രണ്ടാമത് ബൈസന്റിയൻ പാരമ്പര്യം എന്നു പറയുന്നത് ഗ്രീക്കുകാരുടെ രാജത്വത്തിനകത്തുണ്ടായ ഒരു പാരമ്പര്യമാണ്. ഇത് രണ്ടുമല്ല പൗരസ്ത്യ പാരമ്പര്യം എന്നുള്ളതുകൊണ്ട് ഞാൻ ഉദ്ദേശിച്ചത്. മൂന്നാമത് ആഫ്രിക്കക്കാരും ഏഷ്യാക്കാരുമായിട്ടുള്ള പിതാക്കന്മാരുടെ പാരമ്പര്യം. ഈ പിതാക്കന്മാർ, കർത്താവായ യേശുമിശിഹാ മനുഷ്യാവതാരം ചെയ്തതിന്റെ അർത്ഥമെന്താണെന്ന് മനസ്സിലാക്കാൻ വളരെ ഗഹനമായി തപസ്സ് ചെയ്തിരുന്നു പഠിച്ചു. അങ്ങനെ പഠിച്ചതിന്റെ ഫലമായിട്ട് എഴുതിയിട്ടുള്ള വലിയ കാര്യങ്ങൾ പാശ്ചാത്യ പാരമ്പര്യത്തിന് ഇപ്പോഴും അറിഞ്ഞുകൂടാ. അറിഞ്ഞുകൂടെന്ന് മാത്രമല്ല, അറിയാനുള്ള താല്പര്യം പോലും

ഇല്ല. അതെഴുതിയാൽ അവർ പ്രസിദ്ധീകരിക്കുകയില്ല; അതാണ് പരമാർത്ഥം. എന്റെ അനുഭവമതാണ്. പൗരസ്ത്യ പാരമ്പര്യത്തെപ്പറ്റി ഗഹനമായ പുസ്തകങ്ങൾ എഴുതിക്കഴിയുമ്പോൾ പാശ്ചാത്യർ പ്രസിദ്ധീകരിക്കുകയില്ല. ഇപ്പോൾ പ്രകാശനം ചെയ്ത 'ഹ്യൂമൻ ഗോഡ്' എന്ന ഗ്രന്ഥം രണ്ടു പാശ്ചാത്യ പ്രസാധകർ നിരാകരിച്ചു കഴിഞ്ഞതാണ്. എന്തുകൊണ്ട്? പാശ്ചാത്യ പാരമ്പര്യത്തെ വിമർശിക്കുന്നതായതുകൊണ്ട്, അതിനകത്തുള്ള തെറ്റുകളെ ചൂണ്ടിക്കാണിക്കുന്നതായതുകൊണ്ട്. അതാണതിന്റെ കാരണം. എന്നാൽ പൗരസ്ത്യ സിറിയൻ പാരമ്പര്യം, ഈ പാരമ്പര്യങ്ങളെയെല്ലാം കൂട്ടിപ്പിടിപ്പിയ്ക്കുന്നുണ്ട്. ക്രിസ്തീയ പാരമ്പര്യത്തെ ഒരു പുതിയ ദർശനത്തിൽകൂടി കാണുവാൻ നമുക്ക് സാധിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. അതു സാധിക്കുമെന്നാണെന്റെ വിശ്വാസം. നമുക്ക് സാംസ്കാരികമായ, ബുദ്ധിപരമായ പാശ്ചാത്യ സംസ്കാരത്തിന്റെ പിടിയിൽ നിന്നു രക്ഷപ്പെടുവാൻ കഴിയും. എന്നു പറഞ്ഞാൽ നമ്മുടെ ബൗദ്ധിക പരിശീലനം മുഴുവൻ പാശ്ചാത്യം ആണ്. അതിനകത്ത് വച്ചുംകൊണ്ട് ഈ പാരമ്പര്യം നിർമ്മിക്കുവാൻ ഒക്കുകയില്ല. ഈ പാശ്ചാത്യ ബൗദ്ധിക ടെൻഷനെ ക്രിട്ടിസൈസ് ചെയ്യുവാൻ സാധിക്കാതെ പൗരസ്ത്യ പാരമ്പര്യം നിർമ്മിക്കുവാൻ ഒക്കുകയില്ല.

വളരെ പ്രധാനമായ ഒരു പോയിന്റ് ആണ് ഞാൻ പറയുന്നത്. പൗവ്വത്തിൽ പിതാവിന് ഞാൻ പറയുന്നതെന്താണ് എന്ന് മനസ്സിലാകും. പാശ്ചാത്യ ചിന്താഗതിയ്ക്ക് അകത്തിരുന്നുകൊണ്ട് പൗരസ്ത്യ പാരമ്പര്യം വീണ്ടും കരുപ്പിടിപ്പിക്കുവാൻ അവർ സമ്മതിക്കുകയില്ല.

ഏഷ്യൻ ആഫ്രിക്കൻ പിതാക്കന്മാർ പാശ്ചാത്യ പാരമ്പര്യത്തോടും ഗ്രീക്ക് പാരമ്പര്യത്തോടും സമരം ചെയ്തുകൊണ്ടാണ് അവരുടെ പാരമ്പര്യം വളർത്തിയെടുത്തത്. ഇന്നും അതേ സമരം നാം നടത്തേണ്ടിയിരിക്കുന്നു.

ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. എനിക്കിന്ന് വളരെ മനഃപ്രയാസമുണ്ടാകുന്ന ഒരു കാര്യം നമ്മുടെ സഭകൾ എല്ലാംതന്നെ (എന്റെ സഭ പ്രധാനമായിട്ടും, അതുപോലെ തന്നെ കത്തോലിക്കാ സഭയും മാർത്തോമ്മാ സഭയും, സി.എസ്.ഐ. സഭയും എല്ലാം) ഉൾക്കൊണ്ടിരിക്കുന്ന ഒരു അപകടകരമായ മാർഗ്ഗം സഭയ്ക്കകത്ത് രാഷ്ട്രീയ രംഗത്തെ അനുകരിക്കുക എന്നുള്ള പരമാർത്ഥമാണ്. അധികാരത്തിനും ശക്തിക്കും വേണ്ടിയുള്ള ഇടിയും വഴക്കും. ഈ പ്രവണത വർദ്ധിച്ചുകൊണ്ടിരുന്നാൽ നമുക്കു സകല ശക്തിയും കഴിവും പോകും. കഴിഞ്ഞ കുറച്ച് കാലമായിട്ട് നമുക്ക് പണ സംബന്ധമായിട്ടും സ്ഥാപനങ്ങൾ സംബന്ധമായിട്ടും കുറെ പുരോഗതി ഉണ്ടായിട്ടുണ്ട്. അത് ഗൾഫിന്റേതും ഇവിടുത്തെ വരുമാനം വർദ്ധിച്ചതിന്റെയും ഫലമായിട്ട് ഉണ്ടായി

ട്ടുള്ളതാണ്. നമുക്ക് പുരോഗതി ഉണ്ടാകണമെങ്കിൽ അതിനാവശ്യമായ ശക്തി, പ്രാർത്ഥനയുടെ ശക്തി, തപസ്സിന്റെ ശക്തി സഭയിൽ ധാരാള മായി വളർന്നു വരണം. എന്റെ ഇപ്പോഴത്തെ വലിയൊരു പരിശ്രമം അതാണ്. എല്ലാ മതങ്ങളിലും ഈശ്വര ആരാധനയിൽ, ആത്മശിക്ഷണ ത്തിൽ, തപസ്യയിൽ പ്രാർത്ഥനയുടെ ശക്തി വളർന്ന് മതങ്ങളിൽ നിന്ന് മനുഷ്യനെ പുതുതാക്കാനുള്ള ഒരു പുതിയ ശക്തി രൂപവൽക്കരിക്കണം എന്നുള്ള ആഗ്രഹമാണ് എനിക്കുള്ളത്. അതിന് നമ്മുടെ ഇപ്പോഴത്തെ രാഷ്ട്രീയ പിടികളും വലികളുമെല്ലാം മാറ്റിവച്ചിട്ട് ആദ്ധ്യാത്മിക ശക്തി, യഥാർത്ഥമായ ആത്മശിക്ഷണത്തോടു കൂടിയുണ്ടാകുന്ന താപസശക്തി വളർത്തിയെടുക്കുവാൻ നമുക്ക് സാധിക്കുന്നതായിരിക്കും നമ്മെക്കൊണ്ട് സാധിക്കുന്ന ഏറ്റവും വലിയ കാര്യം എന്നുള്ള എളിയ അഭിപ്രായം നിങ്ങ ളുടെ മുമ്പിൽ അവതരിപ്പിച്ചുവെന്നുള്ളതേ ഉള്ളൂ. ഇവിടെ ഗാനങ്ങൾ മൂലവും കവിത മൂലവും പ്രസംഗങ്ങൾ മൂലവും പ്രബന്ധങ്ങൾ മൂലവും എന്നോട് സ്നേഹം അറിയിച്ചിട്ടുള്ള എല്ലാവരോടും ഒരിക്കൽ കൂടെ നന്ദി പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകളെ ചുരുക്കുന്നു.

*(പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ സപ്തതി സമ്മേളനവും മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷന്റെ ഉദ്ഘാടനവും, 15-9-1992. മാർ ഗ്രീഗോറിയോസിന്റെ മറുപടി പ്രസംഗം.)*

# 14
# പുതിയൊരു സംസ്ക്കാരം കെട്ടിപ്പടുക്കുക

**മ**റുപടി പ്രസംഗം പറയേണ്ടത് എങ്ങനെയാണെന്ന് എനിക്കറിഞ്ഞു കൂടാ. നിങ്ങൾ ആത്മാർത്ഥതയോടു കൂടിയാണ് എല്ലാം പറഞ്ഞതെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇവിടെ കോട്ടയത്ത് പല ചർച്ചകളും നടത്തുന്ന പതിവുണ്ടായിരുന്നു. കേരള സ്റ്റഡിഗ്രൂപ്പ് എന്നു പറഞ്ഞ് പല പ്രധാനപ്പെട്ട വിഷയങ്ങളും ചിന്തിക്കുകയും പഠിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഈ കെട്ടിടം (സോഫിയാ സെന്റർ) ഉണ്ടാകുന്നതിന് മുമ്പ് തന്നെ തുടങ്ങിയതാണ് കേരള സ്റ്റഡി ഗ്രൂപ്പ്. സെമിനാറുകളിൽ കേരളത്തിലെ പ്രതിഭാശാലികളായ പല ആളുകളും വന്ന് സംബന്ധിച്ചിട്ടുണ്ട്. സി. അച്യുതമേനോൻ, കെ. എം. ചെറിയാൻ, പി. ഗോവിന്ദപ്പിള്ള, പി. ടി. ഭാസ്ക്കരപണിക്കർ തുടങ്ങി അനേകം ആളുകൾ അക്കാലത്ത് വന്ന് സെമിനാറുകളിൽ സംബന്ധിക്കുമായിരുന്നു. പലപ്പോഴും പല പുതിയ ആശയങ്ങളും കേരളത്തിൽ ഉദിച്ചിട്ടുള്ളത് ഈ സ്റ്റഡി ഗ്രൂപ്പിൽ നിന്നായിരുന്നു. Trans-National Corporations നെക്കുറിച്ചുള്ള വളരെ പ്രധാനപ്പെട്ട ഒരു സെമിനാർ 1977 ൽ ഇവിടെ നടക്കുകയുണ്ടായി. ആ സെമിനാറിൽ പല പ്രഗത്ഭരുടെയും പ്രസംഗങ്ങൾ ഉണ്ടായിരുന്നതുകൊണ്ടാണ് T.N.C. എന്നു പറയുന്നത് മനുഷ്യരാശിയുടെ ഒരു പ്രധാനപ്പെട്ട പ്രശ്നമാണെന്നുള്ളത് അന്ന് പലർക്കും ബോധ്യമായത്. അതുപോലെ മറ്റു പല കാര്യങ്ങളെക്കുറിച്ചും ഇവിടെ പല ചർച്ചകളും നടന്നിട്ടുണ്ട്.

നമ്മുടെ സർവ്വകലാശാല അദ്ധ്യാപകരുടെ Initiative ൽ ഉണ്ടായിട്ടുള്ള ഒരു സംഘടനയാണ് ശാസ്ത്രസാഹിത്യ പരിഷത്ത്. കേരളത്തിലുള്ള ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് ശാസ്ത്ര സാഹിത്യ പരിഷത്ത് നടത്തിയ ശ്രമങ്ങൾ വളരെ വിലപ്പെട്ടതാണ്. അതുപോലെ ഇന്ന് ഇവിടെ പങ്കെടുക്കുന്ന എല്ലാ സംഘടനകളും മനുഷ്യരെ പ്രബുദ്ധരാക്കുവാൻ വേണ്ടി പ്രവർത്തിക്കുന്ന സംഘടനകളാണ്. അവയോട് ഒരുമിച്ച് എനിക്കും പ്രവർത്തിക്കുവാൻ ഭാഗ്യം ഉണ്ടായതിൽ ഞാൻ സന്തോഷിക്കുന്നു.

ഇവിടെ ചിലർ പറയുകയുണ്ടായി, ഞാൻ മുതലാളിത്തത്തിന് എതിരാണ്; West –ന് എതിരാണ് എന്ന്. എല്ലാ മനുഷ്യരാശിയ്ക്കും അനുകൂലമാണ് ഞാൻ. മുതലാളിത്തത്തിന് എതിരാണ് ഞാൻ എന്നു പറയാൻ ഒക്കത്തില്ല. അനീതിക്ക് എതിരാണ്. അനീതി എവിടെനിന്നുവരുന്നോ, ആ പ്രസ്ഥാനങ്ങൾക്ക് എതിരാണ്. അല്ലാതെ West – ൽ ഉള്ള മനുഷ്യരോട് എതിരൊന്നുമില്ല. വലിയ കോടീശ്വരന്മാരോട് പോലും ചിലപ്പോഴൊക്കെ വർത്തമാനം പറയുവാൻ മാത്രമുള്ള സൗഹൃദം എനിക്കുണ്ട്. അല്ലാതെ

വ്യക്തിപരമായിട്ട് അവരോട് വിരോധമില്ല. കോടീശ്വരന്മാരോട് പോലും എനിക്കങ്ങനെ വിരോധമില്ല. ഇന്ന് ലോകത്തിൽ നിലനിൽക്കുന്ന അനീതിയുടെ പ്രധാന ചുമതല ഇന്നത്തെ പാശ്ചാത്യ വ്യവസ്ഥിതിയ്ക്കാണെന്ന് ഞാൻ സാധാരണ ചിന്തിക്കുന്നതുകൊണ്ട് പലപ്പോഴും പാശ്ചാത്യ വ്യവസ്ഥിതിയുടെ പ്രാബല്യത്തിനെതിരായി സമരം ചെയ്യേണ്ടുന്ന ചുമതല എനിക്കുണ്ടായിട്ടുണ്ട് എന്നല്ലാതെ എന്റെ ലളിതമായ തത്വം പറഞ്ഞാൽ എല്ലാ മനുഷ്യരാശിക്കും അനുകൂലമാണ് ഞാൻ. മനുഷ്യരാശിക്ക് എതിരായി പ്രവർത്തിക്കുന്നവരോട് എതിർക്കേണ്ടുന്ന ചുമതല എനിക്കുണ്ടെന്നല്ലാതെ ആരെയും വ്യക്തിപരമായിട്ട് ഞാൻ എതിർക്കുന്നില്ല. അവരും കാര്യങ്ങൾ മനസ്സിലാക്കി പുതിയ ഒരു രീതിയിലേക്കു വരണം എന്നാഗ്രഹിക്കുക അല്ലാതെ, അവരെ കൊല്ലണമെന്നോ അവരോട് ബലം പ്രയോഗിക്കണമെന്നോ ഞാൻ ആഗ്രഹിക്കുന്നില്ല. പാശ്ചാത്യ സംസ്ക്കാരത്തെക്കുറിച്ചാണെങ്കിലും അതിനെ നശിപ്പിക്കണമെന്നല്ല എന്റെ ആഗ്രഹം. ഒരു പരിവർത്തനത്തിലൂടെ പുതിയ ഒരു സംസ്ക്കാരത്തിലേക്ക് വരുവാൻ ലോകത്തെ മുഴുവൻ സഹായിക്കണം എന്നുള്ള ആഗ്രഹമാണെനിക്ക് ഉള്ളത്. എന്റെ ഈ ദീർഘയാത്രയിൽ ഈ എഴുപതാം വയസിൽ നിങ്ങളീ പറഞ്ഞ വാക്കുകൾ എനിക്ക് വളരെയധികം പ്രചോദനം നൽകുന്നു. പലപ്പോഴും നമ്മുടെ നാട്ടിൽ നമ്മൾ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് വേണ്ടത്ര appreciation കിട്ടുന്നുണ്ടോ എന്നൊരു സംശയം വരുന്ന സമയത്ത് ഇങ്ങനെയുള്ള നിങ്ങളുടെ പ്രതികരണങ്ങൾ പ്രചോദനവും പ്രോത്സാഹനവും എനിക്ക് നൽകുന്നുണ്ട്.

ഭാവിയെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ ഇനിയും പ്രവർത്തിക്കണമെന്ന് ആഗ്രഹമുണ്ട്. ചില കാര്യങ്ങളിൽ ഇപ്പോൾ ഞാൻ ചില പുതിയ വഴികൾ കണ്ടെത്തിയിട്ടുണ്ട്. ഒന്നാമത്തേത്, നമ്മുടെ ഇന്നത്തെ സംസ്ക്കാരം എന്നു പറയുന്നത് പാശ്ചാത്യ സംസ്ക്കാരത്തിൽ നിന്നും ഉരുത്തിരിഞ്ഞിട്ടുള്ള ഒരു സംസ്ക്കാരമാണ്. പുതിയതായിട്ട് ചിലതൊക്കെ ഉണ്ടെങ്കിലും നമ്മുടെ Institutions ഉം നമ്മുടെ Education -ഉം നമ്മുടെ Medical സിസ്റ്റവും നമ്മുടെ Political സിസ്റ്റവുമെല്ലാം west -ൽ നിന്ന് പകർത്തിയിട്ടുള്ളതാണ്. അത് അടിയിൽ കിടക്കുന്ന നമ്മുടെ ഭാരതീയതയുടെ മുകളിൽ കിടക്കുന്നു. നമ്മുടെ Identity നഷ്ടപ്പെട്ടിരിക്കുന്നു എന്ന് ആത്മാർത്ഥമായിട്ട് ഞാൻ വിശ്വസിക്കുന്നു. എന്നാൽ പാശ്ചാത്യ സംസ്കാരത്തിന്റെ പഠിപ്പിക്കലുകൾ എല്ലാം നിരാകരിക്കാതെ അതിനെ സ്വായത്തമാക്കിക്കൊണ്ട് നമ്മുടേതായ ഒരു സ്വന്തം സംസ്കാരം കെട്ടിപ്പടുക്കുവാൻ നമുക്ക് സാധിക്കണം എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ. അതിൽ ഒരു പ്രിൻസിപ്പിൾ ഞാൻ കാണുന്നുണ്ട്. പാശ്ചാത്യ സംസ്കാരത്തിന് സെക്കുലർ പ്രിൻസിപ്പിൾ എന്നൊരു പ്രിൻസിപ്പിൾ ഉണ്ട്. ആ പ്രിൻസിപ്പിൾ Separate from religion and politics. Separation എന്നുള്ള വാക്കിനെക്കുറിച്ചാണ് എനിക്ക് അഭിപ്രായവ്യത്യാസമുള്ളത്. Separation സാധ്യമല്ല. Politics-ഉം Religion -ഉം തമ്മിൽ എത്ര separate ചെയ്താലും മറുവശത്തു കൂടി അത് പിന്നെയും ഒന്നിക്കും. Politics -ഉം Religion -നും തമ്മിൽ മനുഷ്യന് അനു

കൂലമായ ബന്ധമാണ് ഉണ്ടാകേണ്ടത്. അല്ലാതെ separation അല്ല. മതത്തെ എല്ലാ കാര്യത്തിൽ നിന്നും ഈ പ്രിൻസിപ്പിൾ നീക്കം ചെയ്തു. അതായത് മതത്തിന് വിദ്യാഭ്യാസത്തിൽ സ്ഥാനമില്ല, ചികിത്സാവിധിയിൽ സ്ഥാനമില്ല, രാഷ്ട്രീയത്തിൽ സ്ഥാനമില്ല. ഇങ്ങനെ വരുമ്പോൾ എന്തു പറ്റും? മതം ഒരു മൂലയിലേക്ക് മാറും. മൂലയിലേക്ക് മാറുന്ന മതത്തിന് അതിന്റേതായ ചില പരിവർത്തനങ്ങൾ ഉണ്ടാകും. മതം അതിനെപ്പറ്റിത്തന്നെ വളരെക്കൂടുതൽ ചിന്തിക്കാൻ തുടങ്ങുന്നു. എങ്ങിനെയെങ്കിലും അതിന് survive ചെയ്യണമെന്ന ഒരു വിചാരമേയുള്ളു. മതം നിലനിൽക്കുന്നത് മനുഷ്യരാശിയ്ക്ക് വേണ്ടിയാണെന്നുള്ളത് മറന്നിട്ട്, അതിന്റെ സ്വയം നിലനില്പിനുവേണ്ടി അത് പ്രവർത്തിക്കുവാൻ തുടങ്ങുന്നതുകൊണ്ട് മതങ്ങൾ തമ്മിലുള്ള സമരവും വഴക്കും ഉണ്ടാകുന്നു. മതങ്ങൾ തമ്മിലുള്ള സമരത്തിന്റെ പ്രധാനപ്പെട്ട അടിസ്ഥാനം ഇതാണ്.

അവനവന്റെ അഹം എന്ന ഭാവത്തിന് വലിപ്പമുണ്ടാക്കാൻ വേണ്ടിയോ അവനവന്റെ മതത്തിനു വലിപ്പമുണ്ടാക്കാൻവേണ്ടിയോ അല്ല മതം പ്രവർത്തിക്കേണ്ടത് – ഓരോ മതവും മനുഷ്യരാശിയ്ക്കുവേണ്ടി പ്രവർത്തിക്കുകയും മറ്റു മതങ്ങൾ ഒരുമിച്ചും, secular ആളുകൾ ഒരുമിച്ചും സഹകരിച്ച് മനുഷ്യരാശിയ്ക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യണം.

രണ്ടാമത് എന്റെ ചിന്തയിൽ വന്നിട്ടുള്ള ഒരു പ്രധാനപ്പെട്ട കാര്യം, ഈ ലോകസംസ്കാരം എന്നു പറയുന്നതിനെക്കുറിച്ചാണ്.

Global Civilization എന്നൊക്കെ പറയുന്നത് എല്ലാംകൂടി Enlightenment based civilization -നകത്തേയ്ക്ക് ലോകത്തെ വലിച്ചിഴച്ചുകൊണ്ടിരിക്കുകയാണ്. അതൊന്നു പിടിച്ചുനിർത്തണം. എന്നിട്ട് നമുക്കൊരു പുതിയ മാനുഷിക സംസ്കാരത്തിന് അടിത്തറ രണ്ടാമത് കെട്ടി ഉയർത്തണം. ആ പറയുന്ന സെക്കുലർ സംസ്കാരത്തിന്റെ അടിത്തറയാകേണ്ടത് enlightenment ആണ്. മനുഷ്യനെ അവന്റെ പൂർണ്ണതയിൽ കണ്ടുകൊണ്ടുള്ള ഒരു പുതിയ സംസ്കാരം ഉടലെടുക്കണം. സംസ്കാരത്തിന്റെ അടിസ്ഥാനം മാറണം. ഇപ്പോഴത്തെ സംസ്കാരത്തിന്റെ അടിസ്ഥാനം justice - നായാലും war - നായാലും മാറണം. നമ്മുടെ രാജ്യത്ത് രാജ്യം ഭരിക്കുന്ന അഭ്യസ്തവിദ്യരെന്നു പറയുന്ന ആളുകൾ എല്ലാവരും west സിസ്റ്റത്തിൽ പരിശീലനം നേടിയവരാണ്. Western Enlightement intellectuallity യിൽ പരിശീലനം നേടിയിട്ടുള്ളവരാണ്. അങ്ങനെ മാത്രം ചിന്തിക്കുവാൻ കഴിയുന്നവരും ആണ്. അങ്ങനെയുള്ളവരൊക്കെയാണ് ഈ രാജ്യം ഭരിക്കുന്നത്. അവരെ ഇക്കാര്യം പറഞ്ഞു മനസ്സിലാക്കുവാൻ ശ്രമിക്കണം. മനസ്സിലാക്കുകയാണെങ്കിൽ അതിന്റെ consequence വളരെ implode ആയിരിക്കും. ഈ സമരമാണ് ഇപ്പോൾ ഞാൻ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ സമരം വളരെയൊന്നും ഫലപ്രദമായിട്ടില്ല. പാശ്ചാത്യരാജ്യങ്ങളിലും ഡൽഹിയിലുമൊക്കെ ഇതിനുവേണ്ടി ഞാൻ പ്രവർത്തിക്കുന്നു. നിങ്ങളെല്ലാവരുടേയും ചിന്താഗതിയിൽ, നമ്മുടെ വിദ്യാഭ്യാസ രീതിയിൽ, നമ്മളെ പഠിപ്പിച്ചിട്ടുള്ള ചിന്താഗതിയിൽ തന്നെ ലോകത്തെ അവലോകനം ചെയ്യുന്നതിനുവേണ്ടി വളരെ വ്യത്യാസം വരണം.

ഇങ്ങനെയുള്ള കാര്യങ്ങൾക്കുവേണ്ടി അദ്ധ്വാനിക്കുന്നതിനിടയിൽ നിങ്ങൾ വളരെ ആത്മാർത്ഥമായി എന്നെ പ്രോത്സാഹിപ്പിച്ചതിൽ നന്ദിയുണ്ട്. നിങ്ങളുടെ പ്രാർത്ഥനകളും ഭാവുകങ്ങളും പ്രതിബദ്ധതയോടെ സ്വീകരിക്കുകയും താഴ്മയോടെ ഈ കാര്യങ്ങൾക്കുവേണ്ടി, മനുഷ്യരാശിയ്ക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിയ്ക്കാം എന്നു പ്രസ്താവിക്കുകയും ചെയ്യുന്നു.

*(1992 സെപ്റ്റംബർ 13-ന് കോട്ടയം സോഫിയാ സെന്ററിൽ വച്ച് കേരളത്തിലെ വിവിധ പരിസ്ഥിതി, സാംസ്ക്കാരിക, രാഷ്ട്രീയ സംഘടനകളുടെ ആഭിമുഖ്യത്തിൽ മെത്രാപ്പോലീത്തായുടെ സപ്തതി ആഘോഷിച്ചു. ആ സമ്മേളനത്തിൽ ചെയ്ത മറുപടി പ്രസംഗം.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്*)*

# 15
# ഭൗമ ഉച്ചകോടി

റിയോഡി ജനീറോയിൽ നടന്ന ഭൗമഉച്ചകോടി സമ്മേളനത്തിന് രണ്ട് പ്രധാന ഭാഗങ്ങളാണ് ഉണ്ടായിരുന്നത്. ഒന്ന് യുണൈറ്റഡ് നേഷൻസിന്റെ ആഭിമുഖ്യത്തിൽ നടന്ന ഔദ്യോഗിക സമ്മേളനം; രണ്ട് ഗവൺമെന്റേതര സംഘടനകളുടെ ആഭിമുഖ്യത്തിൽ നടന്ന അനൗദ്യോഗിക സമ്മേളനം. ഔദ്യോഗിക സമ്മേളനത്തിൽ ഗവൺമെന്റുകളെ പ്രതിനിധീകരിച്ച് എത്തിയവർക്കു മാത്രമേ പ്രവേശനം ഉണ്ടായിരുന്നുള്ളു. ബ്രസീലിലെ അസ്വസ്ഥാവസ്ഥ കൊണ്ട് ജനങ്ങൾ പ്രക്ഷോഭം ഉണ്ടാക്കുമോ എന്ന ഭയത്തിൽ സമ്മേളനത്തിൽ സംബന്ധിക്കുന്നവരെ സംരക്ഷിക്കുവാൻ വേണ്ടി കനത്ത സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്.

ഔദ്യോഗിക സമ്മേളനം നടക്കുന്ന സ്ഥലത്തുനിന്ന് അഞ്ചാറുമൈൽ ദൂരെ ഒരു വലിയ പാർക്കിൽ അനേകം കൂടാരങ്ങൾ നിർമ്മിച്ചാണ് ഗവൺമെന്റേതര സംഘടനകൾ സമ്മേളനം നടത്തിയത്. അതിനാൽ ഔദ്യോഗിക സമ്മേളനത്തിൽ പങ്കെടുത്തവർക്ക് ഗവൺമെന്റേതര സംഘടനകളെ പ്രതിനിധീകരിക്കുന്നവരുമായി ആശയവിനിമയം നടത്തുന്നതിന് യാതൊരു സാദ്ധ്യതയും ഉണ്ടായിരുന്നില്ല. എന്നാൽ ഫ്ളമന്റോ പാർക്കിൽ കൂടിയ സമ്മേളനത്തിൽ എല്ലാവർക്കും സംബന്ധിക്കാമായിരുന്നു. രണ്ടു സമ്മേളനങ്ങളും പരസ്പരബന്ധമില്ലാതെയാണ് നടന്നത്. ഫ്ളമന്റോ പാർക്കിൽ 39 വലിയ കൂടാരങ്ങളിലും അവ കൂടാതെയുള്ള ചെറിയ കൂടാരങ്ങളിലുമായി വിവിധ തരത്തിലുള്ള സംഘടനകൾ വന്ന് അവരുടേതായ ആശയങ്ങൾ അവതരിപ്പിച്ചുകൊണ്ടിരുന്നു. രാവിലെ മുതൽ വൈകുന്നേരം വരെ പ്രസംഗങ്ങളും പ്രദർശനങ്ങളും സംഗീതശില്പങ്ങളും നടന്നുകൊണ്ടിരുന്നു. ഗ്ലോബൽ ഫോറം ഫോർ പാർലമെന്റൽ ലീഡേഴ്സ് ആൻഡ് സ്പിരിചൽ ലീഡേഴ്സ് എന്നു പറയുന്ന സംഘടന ഇവിടെവച്ച് ഒരു വലിയ കോൺഫ്രൻസ് നടത്തി. പല പുതിയ ആശയങ്ങളും ഈ കോൺഫ്രൻസിൽ അവതരിപ്പിക്കുകയുണ്ടായി.

ഞങ്ങളുടെ ഈ ഫോറത്തിൽ പ്രസംഗിച്ചതിൽ ഒരാൾ അമേരിക്കൻ കോൺഗ്രസ് ഡലിഗേഷൻ ചീഫും മറ്റെയാൾ സെനറ്റർ ആൽഗോറും (ഇപ്പോഴത്തെ വൈസ് പ്രസിഡണ്ട് സ്ഥാനാർത്ഥി) ആയിരുന്നു. അമേരിക്കൻ ഡലിഗേഷൻ ചീഫ് പറഞ്ഞത്, 'ഞങ്ങളുടെ പ്രസിഡണ്ട് പറയുന്നതിനോട് ഞങ്ങൾ യോജിക്കുന്നില്ല' എന്നും സെനറ്റർ ആൽഗോർ പറഞ്ഞത് 'പ്രസിഡണ്ട് ബുഷ് പറയുന്നത് മുഴുവൻ നോൺസെൻസ് ആണ്' എന്നുമായിരുന്നു. അതുകൊണ്ട് അമേരിക്കയിൽ നിന്നു വന്നിരിക്കുന്ന ഗവൺമെന്റേതര സംഘടനകൾ പ്രസിഡണ്ട് ബുഷിനെ സ്വാധീനിക്കുവാൻ വേണ്ടി വളരെ ശ്രമിച്ചെങ്കിലും അതിന് യാതൊരു ഫലവും ഉണ്ടായില്ല.

യുണൈറ്റഡ് നേഷൻസ് വിവിധ കാര്യങ്ങളെപ്പറ്റി ചിന്തിക്കുവാനായി

കുറച്ചു വർഷങ്ങളായിട്ട് പല കോൺഫ്രൻസുകളും നടത്തുന്നുണ്ട്. ഒരിക്കൽ *യു. എൻ. കോൺഫ്രൻസ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി ഫോർ ഡവലപ്മെന്റ്* എന്നൊരു കോൺഫ്രൻസ് നടത്തി. അതിന്റെ ഫലമായിട്ട് ഒരു ഡിപ്പാർട്ടുമെന്റ് ഉണ്ടായി. സയൻസിനെക്കുറിച്ചും ടെക്നോളജിയെക്കുറിച്ചുമുള്ള ഗവേഷണങ്ങളുടെ 96 ശതമാനവും വികസിത രാജ്യങ്ങളിലാണ് നടക്കുന്നത്. ശാസ്ത്രവികസനത്തിന്റെ നിയന്ത്രണം മുഴുവൻ വികസിത രാഷ്ട്രങ്ങൾക്കാണ്. വികസ്വര രാഷ്ട്രങ്ങൾക്ക് എല്ലാം കൂടി നാലു ശതമാനം പങ്കു മാത്രമേയുള്ളു. ഈ സത്യം കണ്ടുപിടിച്ചതിന്റെ ഫലമായിട്ടാണ് മേൽപ്പറഞ്ഞ കോൺഫ്രൻസ് നടത്തിയത്.

എന്നാൽ ആ കോൺഫ്രൻസുകൊണ്ട് എന്താണ് ഫലമുണ്ടായത്? കോൺഫ്രൻസ് നടത്തുവാൻ തന്നെ 25 ലക്ഷം ബില്യൻ ഡോളർ ചിലവായി. അതിന്റെ ഫലമായി ഒരു ചെറിയ ഫണ്ട് രൂപീകരിച്ചു. വികസ്വര രാജ്യങ്ങൾക്ക് ശാസ്ത്രീയ ഗവേഷണം നടത്തുവാൻ വേണ്ടി സഹായം കൊടുക്കുക എന്നതായിരുന്നു ഫണ്ടിന്റെ ഉദ്ദേശ്യം. ആ ഫണ്ടുകൊണ്ട് യുൻ. എൻ. ഹെഡ്ക്വാർട്ടേഴ്സിൽ ഒരു പുതിയ ഡിപ്പാർട്ട്മെന്റ് (ഡിപ്പാർട്ടുമെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി) ഉണ്ടാക്കി കുറേപ്പേർക്ക് ജോലി കൊടുക്കാൻ മാത്രമാണ് സാധിച്ചത്. ആ ഫണ്ടുകൊണ്ട് ഒരു രാജ്യത്തും ഒരു ഗവേഷണവും നടന്നില്ല.

യു. എൻ. കോൺഫ്രൻസ് ഓൺ ഡവലപ്മെന്റ് ആൻഡ് ഡിസാർമമെന്റ് എന്നൊരു കോൺഫ്രൻസ് നടത്തി. അതിനുവേണ്ടി ഞാൻ ഒരുപാട് ജോലി ചെയ്തതാണ്. യാതൊരു പ്രയോജനവും ഇതുവരെ ഉണ്ടായിട്ടില്ല. ഡിസാർമമെന്റിൽ നിന്നുവരുന്ന നിക്ഷേപങ്ങൾ എങ്കിലും ഡവലപ്മെന്റിലേക്ക് തിരിച്ചുവിടാൻ സാധിക്കണം എന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് കോൺഫ്രൻസ് നടത്തിയത്. ഒരുപാട് പുതിയ ആശയങ്ങൾ ഉണ്ടായി. അതിന്റെ ഫലമായിട്ട് യാതൊന്നും നടന്നിട്ടില്ല. യു. എൻ. കോൺഫ്രൻസ് ഓഫ് സ്റ്റേറ്റ് ആൻഡ് ഡെവലപ്മെന്റ് എന്നൊരു കോൺഫ്രൻസ് നടത്തി. അതിനു കുറെ പ്രവർത്തനങ്ങളൊക്കെ ഉണ്ടായി. ഈ അവസാനത്തെ കോൺഫ്രൻസിന്റെ കാര്യം പറഞ്ഞാൽ കോൺഫ്രൻസുകൊണ്ട് വലിയ പ്രയോജനമൊന്നുമുണ്ടായിട്ടില്ല. റയോഡി ജനീറോയിൽ വച്ചുണ്ടായ കോൺഫ്രൻസിലെ തീരുമാനങ്ങൾ കൊണ്ട് പ്രധാനമായ അഞ്ചാറു പ്രശ്നങ്ങൾ ഉണ്ടാകുന്നുമുണ്ട്.

### ഭൗമ ഉച്ചകോടിയുടെ പ്രധാനനേട്ടം

ഭൗമഉച്ചകോടികൊണ്ടുണ്ടായ പ്രധാന നേട്ടം ആഗോളവ്യാപകമായി പരിസ്ഥിതി പ്രശ്നത്തെപ്പറ്റിയുള്ള ഒരു ബോധവത്ക്കരണം നടന്നു എന്നുള്ളത് മാത്രമാണ്. അല്ലാതെ അവിടെ ഉണ്ടായിട്ടുള്ള തീരുമാനങ്ങളുടെ ഫലമായി എന്തെങ്കിലും പുതിയ കാര്യങ്ങൾ നടക്കുമോ എന്നുള്ളത് വളരെ സംശയമാണ്. ചില തത്വങ്ങൾ അവിടെ പ്രസ്താവിക്കപ്പെടുകയും അവ പൊതുവെ സ്വീകാര്യമായി തീരുമാനിക്കുകയും ചെയ്തു. ഒരു പ്രധാന തത്വം പരിസ്ഥിതിയെ മലിനീകരിക്കുന്നവർ അതുമൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങളുടെയും ചിലവു വഹിക്കണം എന്നുള്ളതാണ്.

ഇന്നത്തെ മലിനീകരണത്തിന്റെ പ്രധാന ചുമതലയുള്ളത് Industrial Establishment - നും അതുപോലെതന്നെ Nuclear Establishment - നും ആണ്. ഇന്നത്തെ മലിനീകരണത്തിന്റെ പ്രധാനപ്പെട്ട രണ്ടു കാരണങ്ങൾ നമ്മുടെ Industrial System ഉം നമ്മുടെ Nuclear weapons ഉം ആണ്. അപ്പോൾ ഇവ ആരുടെ കൈയിലിരിക്കുന്നുവോ അവരാണ് മലിനീകരണം പരിഹരിക്കുവാനുള്ള ചിലവ് വഹിക്കുവാൻ ബാദ്ധ്യസ്ഥതയുള്ളവർ എന്നുള്ള ഒരു തത്വം പൊതുവെ സ്വീകരിക്കപ്പെട്ടു. അല്ലാത്തവരും തീർച്ചയായും പ്രകൃതിയെ മലിനീകരിക്കുന്നുണ്ട്. കല്ക്കട്ടായിലും ബോംബെയിലും ഡൽഹിയിലുമൊക്കെ ധാരാളം മലിനീകരണം ഉണ്ട്. അത് മുഴുവൻ Industrial system ത്തിന്റേതാണോയെന്ന് അറിയാൻ പാടില്ല.

മറ്റു ചില തത്വങ്ങൾ പരിശോധിക്കപ്പെട്ടതിനു ശേഷം തള്ളപ്പെട്ടു. ഒന്നാമത്തേത് വനസംരക്ഷണം. ഇത് ഭൗമികമായ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഇന്ന് എത്യോപ്യയിലും സുഡാനിലും വലിയ വരൾച്ചയുണ്ടാകുന്നുണ്ടെങ്കിൽ അതിന്റെ കാരണം ഒരുപക്ഷേ തെക്കേ അമേരിക്കയിലെ ആമസോൺ താഴ്‌വരയിലെ മരങ്ങൾ വെട്ടി ഫർണിച്ചർ ഉണ്ടാക്കുന്നു എന്നുള്ളതാണ്. അങ്ങനെയാണ് നമ്മുടെ ഭൂമിയുടെ കിടപ്പ്. ഒരിടത്ത് മരം വെട്ടുന്നതിന്റെ ഫലം ചെന്നുനില്ക്കുന്നത് വേറെ എവിടെയെങ്കിലുമായിരിക്കും. ഇങ്ങനെയുള്ള സാഹചര്യത്തിൽ അമേരിക്കക്കാർ ലോകത്തിലെ വനത്തിന്റെ മുഴുവൻ നിയന്ത്രണം ഒരു ആഗോള സംഘടനയ്ക്ക് കൊടുക്കണമെന്ന ഒരു നിർദ്ദേശം കൊണ്ടുവന്നു. ഈ നിർദ്ദേശമാണ് ഭാരതം ഉൾപ്പെടെയുള്ള രാജ്യങ്ങൾ സമ്മതിക്കാതിരുന്നത്. അതായത് ഒരു ആഗോള സംഘടനയ്ക്ക് ലോകത്തിലെ വനത്തിന്റെ മുഴുവൻ നിയന്ത്രണം കൊടുക്കാമെങ്കിൽ ആ സംഘടനയുടെ പേരുപറഞ്ഞ് അമേരിക്കക്കാർക്ക് ഓരോ രാജ്യത്തും കയറി അവിടുത്തെ കാടുകൾ ഭരിക്കുന്നതെങ്ങനെയാണെന്ന് തീരുമാനിക്കുവാനും (ഇപ്പോൾ യുണൈറ്റഡ് നേഷൻസിന്റെ പേരും പറഞ്ഞാണല്ലോ അമേരിക്ക പല കാര്യങ്ങളും ചെയ്യുന്നത്) ഓരോ രാജ്യത്തിലും മറ്റു പലതും ചെയ്യുവാനും കഴിയും എന്നുള്ളതുകൊണ്ട് നമ്മുടെ ഭാരത ഡലിഗേഷൻ വളരെ ശക്തിയായി ഇതിനെ എതിർക്കുകയും International Forest Conservation Board സാദ്ധ്യമല്ല എന്നൊരു പൊതുതത്വം തീരുമാനിക്കുകയും ചെയ്തു. ഇങ്ങനെ ഒന്നുരണ്ട് പൊതുതത്വം തീരുമാനമായിട്ടുണ്ട്. അവ എഴുതിവച്ച തീരുമാനമൊന്നുമല്ല. പൊതുവെ മനുഷ്യമനസ്സുകളിൽ ഉദിച്ചിട്ടുള്ള ചില തത്വങ്ങൾ ഒരുമാതിരി എല്ലാവരാലും സ്വീകരിക്കപ്പെട്ടു എന്നതാണ് ഉച്ചകോടിയുടെ പ്രധാനപ്പെട്ട നേട്ടം എന്നു പറയാമെന്ന് തോന്നുന്നു.

പരിസ്ഥിതി പ്രശ്നത്തിന് പല വശങ്ങളുണ്ട്. അവ എല്ലാം കൂടി സമഗ്രമായിട്ട് പ്രതിപാദിക്കുവാനുള്ള ഒരു ചട്ടക്കൂട് പോലും നമുക്കുണ്ടാക്കുവാൻ സാധിച്ചിട്ടില്ല. ഉദാഹരണമായി പരിസ്ഥിതി മലിനീകരണം എന്നു പറയുന്നത് ഒരു കാര്യം. ഭൗമമണ്ഡലത്തിന്റെ സംരക്ഷണം എന്നു പറയുന്നത് മറ്റൊരു കാര്യം, ഭൂമിയിൽ നിന്നും ലഭിക്കുന്ന വിഭവങ്ങളുടെ സാമ്പത്തികമായ ഉപഭോഗം എന്നു പറയുന്നത് മൂന്നാമത് ഒരു കാര്യം. ഇവ

എല്ലാം കൂടി ഉൾപ്പെടുന്ന ഒരു ഏകീകൃത സിദ്ധാന്തം ഇതുവരെ ആരും വ്യക്തമായ രൂപത്തിൽ പ്രസ്താവിച്ചിട്ടില്ല. ബന്ധപ്പെട്ട കാര്യങ്ങൾ പല യിടത്തായിട്ട് കിടപ്പുണ്ട്. അവ എല്ലാം കൂടി കൂട്ടിയിണക്കി ഏകീകൃത സിദ്ധാന്തം ഉണ്ടാക്കേണ്ട ആവശ്യം വളരെയധികമാണ്.

**മലിനീകരണം**

വായുവിന്റെയും വെള്ളത്തിന്റെയും മണ്ണിന്റെയും മലിനീകരണം ഇന്നുണ്ട്. ഇതിന്റെ പ്രധാനപ്പെട്ട ലക്ഷണങ്ങൾ ലോസ്ആഞ്ചലസ് നഗര ത്തിൽ നമുക്ക് കാണാം. 'സ്മോഗ്' എന്നു പറയുന്ന പൊടി അന്തരീക്ഷ ത്തിൽ നില്ക്കുന്നത് മൂലം ഈ നഗരത്തിലെ ആളുകൾക്ക് ശുദ്ധവായു ശ്വസിക്കുവാൻ കഴിയുന്നില്ല. ഒരുപാട് ജനങ്ങൾ ഇവിടെനിന്ന് മറ്റു നഗര ങ്ങളിലേക്ക് താമസം മാറ്റിക്കൊണ്ടിരിക്കുന്നു. ഇതുപോലെ അനേകം നഗ രങ്ങൾ ഇന്ന് പലതരത്തിലുള്ള മലിനീകരണം മൂലം വീർപ്പുമുട്ടുന്നു.

വെള്ളത്തിന്റെ മലിനീകരണത്തെപ്പറ്റി പറയുമ്പോൾ വേമ്പനാട്ടു കായ ലിലെ മത്സ്യരോഗം ഉദാഹരണമായിട്ട് എടുക്കാം. വെള്ളത്തിനുള്ളിൽ വിഷ മയം ക്രമാതീതമായപ്പോൾ മത്സ്യങ്ങൾ ചത്തൊടുങ്ങിത്തുടങ്ങി. വളരെ നാളുകളായി ജപ്പാനിലും മറ്റു സ്ഥലങ്ങളിലുമൊക്കെ ധാരാളം കണ്ടിട്ടു ള്ളതാണ് ഈ സ്ഥിതിവിശേഷം. എന്നാൽ നമ്മുടെ നാട്ടിൽ ഇപ്പോൾ മാത്ര മാണ് ഉണ്ടായതെന്നേയുള്ളു.

രാസവളങ്ങളുടെ അമിതമായ ഉപയോഗമാണ് മണ്ണ് മലിനീകരണ ത്തിന്റെ പ്രധാന കാരണം. ഇതിന്റെ ഫലമായി മണ്ണിന്റെ Life Generating Power കുറയുന്നു. മണ്ണിനകത്ത് ഒരു ബാക്ടീരിയൽ സിസ്റ്റമുണ്ട്. ആ ബാക്ടീരിയകൾ എല്ലാം കൂടി ജോലി ചെയ്യുന്ന സിസ്റ്റത്തിൽ നിന്നാണ് പുതിയ മരങ്ങളും ഒക്കെ വളരാനുള്ള അവസരമുണ്ടാകുന്നത്. ആ ബാക്ടീ രിയകളെ എല്ലാം കൊന്നിട്ട്, നേരിട്ട് കുറെ Chemical elements മാത്രം മണ്ണിന് നൽകുന്ന രാസവളങ്ങളുടെ ഉപയോഗം ക്രമത്തിലധികം വർദ്ധി ച്ചപ്പോൾ മണ്ണ് മലിനീകരിക്കപ്പെട്ടിരിക്കുകയാണ്. അത് ഭാവിയിൽ നിശ്ച യിക്കുവാൻ സാധിക്കാത്തത്ര വിധത്തിൽ ആയിത്തീരുവാൻ വഴിയുണ്ട് എന്ന് പറയുന്നു.

**കാർബൺ ഡയോക്സൈഡിന്റെ അമിത വർദ്ധനവ്**

കാർബൺ ഡയോക്സൈഡിന്റെ അമിത വർദ്ധനവ് ഇന്ന് അന്തരീ ക്ഷത്തിന്റെ സന്തുലനാവസ്ഥയ്ക്ക് സാരമായ പരിവർത്തനങ്ങൾ ഉണ്ടാ ക്കിക്കൊണ്ടിരിക്കുന്നു. കാർബൺ ഡയോക്സൈഡിന്റെ അമിത വർദ്ധ നവ് മൂലം വളരെയധികം നാശങ്ങൾ ലോകത്തിന് ഉണ്ടാകാൻ സാദ്ധ്യത യുണ്ട്. കാർബൺ ഡയോക്സൈഡിന്റെ അമിത ഉല്പാദനം എവിടെ നിന്നുണ്ടാകുന്നു? പെട്രോൾ, ഗ്യാസ്, കൽക്കരി ഇവ മൂന്നും ഭൂഗർഭത്തിൽ അനേക സഹസ്രാബ്ദങ്ങൾ ആയിട്ടുള്ള ഒരു Geological Process ന്റെ ഫല മായിട്ട് ഉത്ഭൂതമായിട്ടുള്ളവയാണ്. ഇവയെ ഇപ്പോൾ നമ്മൾ പത്തിരുന്നൂറ് വർഷങ്ങൾകൊണ്ട് തീർക്കുകയാണ്. പെട്രോൾ, ഗ്യാസ്, കൽക്കരി ഇവ യുടെ അമിതമായ ഉപയോഗം കൊണ്ടാണ് ഇത്രയധികം കാർബൺ ഡയോ

ക്സൈഡ് ഉണ്ടാകുന്നത് എന്നുള്ളത് ഒരു പരമാർത്ഥമാണ്.

പക്ഷേ ഈയടുത്ത കാലത്തെ ഒരു കണ്ടുപിടുത്തത്തിൽ പറയുന്നത് കാർബൺ ഡയോക്സൈഡ് ആഗിരണം ചെയ്യുന്ന കുറെ ബാക്ടീരിയകളുടെ നാശമാണ് അതിന്റെ വർദ്ധനവിന്റെ കാരണമെന്നാണ്. കാർബൺ ഡയോക്സൈഡ് ആഗിരണം ചെയ്യുന്ന കുറെ ബാക്ടീരിയകൾ കൃഷി ചെയ്യാത്ത മണ്ണിൽ ഉണ്ടെന്നാണ് പറയുന്നത്. അങ്ങനെയുള്ള ബാക്ടീരിയകൾ സൈബീരിയായിലെ കൃഷി ചെയ്യപ്പെടാത്ത മണ്ണിൽ ധാരാളമുണ്ടായിരുന്നു. ഈ സ്ഥലങ്ങൾ മുഴുവൻ രാസവളങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുവാൻ തുടങ്ങിയപ്പോൾ ഈ പ്രത്യേകതരം ബാക്ടീരിയകളുടെ പ്രവർത്തനം നിലച്ചതുകൊണ്ട് കൂടിയാണ് കാർബൺ ഡയോക്സൈഡിന്റെ വർദ്ധനവ് ഇത്രയധികമുണ്ടായതെന്ന് പറയുന്നു. രാസവളങ്ങളും കാർബൺ ഡയോക്സൈഡിന്റെ വർദ്ധനവും തമ്മിൽ ഒരു ബന്ധം ഉണ്ടെന്നാണ് ഇപ്പോഴത്തെ നിഗമനം. അപ്പോൾ നമ്മുടെ വിളവെടുപ്പ് രീതികളിൽതന്നെ പ്രശ്നങ്ങളുണ്ട്. രാസവളങ്ങളുടെ ഉപയോഗം കഴിയുന്നത്ര കുറച്ചിട്ട് ജൈവവളം കൂടുതൽ ഉപയോഗിക്കുന്നതാണ് നല്ലത്.

നമ്മുടെ ഇപ്പോഴത്തെ അന്തരീക്ഷം ഉണ്ടായത് കോടിക്കണക്കിനു വർഷത്തെ ബാക്ടീരിയകളുടെ പ്രവർത്തനം ഭൂതലത്തിൽ ഉണ്ടായതിന്റെ ഫലമായിട്ടാണ്. ഓക്സിജനും കാർബൺ ഡയോക്സൈഡും തമ്മിൽ സമതുലനാവസ്ഥയുള്ള അന്തരീക്ഷം ഉണ്ടായത് മനുഷ്യൻ ഉണ്ടാകുന്നതിനും മുമ്പ് കോടിക്കണക്കിനു വർഷത്തെ ബാക്ടീരിയാകളുടെ പ്രവർത്തനം മൂലമാണ്. അങ്ങനെയുണ്ടായ ആ സിസ്റ്റത്തെ മനുഷ്യൻ ചിന്താരഹിതമായി നശിപ്പിച്ചു കളയുന്നു എന്നുള്ളതാണ് ഇന്നത്തെ പ്രധാനപ്പെട്ട പ്രശ്നം.

ന്യൂക്ലിയർ ഫാക്ടറികളിൽ നിന്നും പുറത്തുവിടുന്ന സാധനങ്ങളും സാധാരണ ഓസോൺ ലെയറിന്റെ പദാർത്ഥങ്ങളുമായി ഏറ്റുമുട്ടി ഓസോൺ ലെയറിന്റെ പദാർത്ഥങ്ങളെ ന്യൂട്രലൈസ് ചെയ്ത് സുഷിരങ്ങൾ ഉണ്ടാക്കുന്നു. ഈ സുഷിരങ്ങളിൽ കൂടി അൾട്രാവയലറ്റ് രശ്മികൾ അകത്തേക്ക് കടന്ന് മനുഷ്യനു മാത്രമല്ല മറ്റു ജീവജാലങ്ങൾക്കും ക്യാൻസർ ഉളവാക്കുന്നു. ക്യാൻസർ രോഗത്തിന്റെ വർദ്ധനവ് ഈയടുത്ത കാലങ്ങളിൽ വളരെയധികം ഉണ്ടായിക്കൊണ്ടിരിക്കുന്നതിന്റെ ഒരു പ്രധാന കാരണം ഓസോൺലെയറുകളിൽ സുഷിരങ്ങൾ ഉണ്ടാകുന്നതാണ്.

കാട്ടിലെ മരങ്ങൾ വെട്ടി ഫർണിച്ചർ ഉണ്ടാക്കുകയും വിൽക്കുകയും ചെയ്യുന്നത് തടിവ്യവസായികളാണ്. ഇവരെ നിയന്ത്രിക്കുവാൻ ഗവണ്മെന്റിനും സാദ്ധ്യമല്ല. ഇവരുടെ സഹായം ഉണ്ടെങ്കിലേ ഗവണ്മെന്റിനു പിടിച്ചുനിൽക്കുവാൻ ഒക്കുകയുള്ളു. 'ചിപ്കോ' മൂവ്മെന്റ് പരിസ്ഥിതി മലിനീകരണത്തിനെതിരെയുള്ള നമ്മളുടെ സുപ്രധാനമായ ഒരു നീക്കമായിരുന്നു. സുന്ദർലാൽ ബഹുഗുണയും അദ്ദേഹത്തിന്റെ ഭാര്യയുമാണതിന് നേതൃത്വം നല്കിയത്. മിസിസ് ബഹുഗുണയുടെ കാര്യം പ്രത്യേകിച്ചാരും എടുത്തുപറയുന്നില്ല. പക്ഷേ അവരാണ് ഗ്രാമത്തിലുള്ള സ്ത്രീകളെ സംഘടിപ്പിച്ചത്. മരം വെട്ടുവാൻ വരുന്ന ആളുകൾ വന്നപ്പോൾ മരത്തിൽ കെട്ടി

പ്പിടിച്ച് നിന്നുംകൊണ്ട് 'മരം വെട്ടുമ്പോൾ എന്നെക്കൂടി വെട്ടിക്കോ' എന്നു ധൈര്യസമേതം പറയുവാൻ സ്ത്രീകൾക്ക് നേതൃത്വം കൊടുത്തത് ആ സ്ത്രീരത്നമായിരുന്നു. അതുപോലെ ജനങ്ങൾ കൂടിച്ചേർന്ന് ഒരു മുന്നേറ്റമുണ്ടായാൽ അവസാനം അതു വളർന്നു വലുതാകും.

മരങ്ങൾ വെട്ടി ഫർണിച്ചറുകളും മറ്റും നിർമ്മിക്കുന്ന വ്യവസായികൾ അവ വിദേശത്തേക്ക് കയറ്റി അയച്ച് വലിയ ലാഭം ഉണ്ടാക്കുകയാണ്. ഇതിനെയൊക്കെ പിടിച്ചുനിർത്തുവാൻ ആരെക്കൊണ്ട് സാധിക്കും? ഗവണ്മെന്റ് മരം വെട്ടു നിയന്ത്രിക്കുവാനോ ഇല്ലാതാക്കുവാനോ ഒരു ഡിപ്പാർട്ടുമെന്റിന് അധികാരം കൊടുത്താൽ ആ ഡിപ്പാർട്ടുമെന്റിൽ ഉള്ള കുറെ ജോലിക്കാർക്ക് കുറച്ചു കൂടി വരുമാനം ലഭിക്കുവാനുള്ള അവസരം ഉണ്ടാകുമെന്നല്ലാതെ യാതൊരു പ്രയോജനവും ഉണ്ടാവുകയില്ല. അതുകൊണ്ട് ഗവണ്മെന്റിനെ നമുക്ക് ആശ്രയിക്കുവാൻ ഒക്കുകയില്ല. ഗവണ്മെന്റിന്റെ കൂടെ ജനങ്ങളുടെ പ്രതിനിധികൾ (അവരെയും കൈക്കൂലി കൊടുത്ത് വാങ്ങിക്കുവാൻ സാധിക്കുമോ എന്നെനിക്ക് അറിയാൻ പാടില്ല) കൂടി പരിശ്രമിക്കുന്ന ഒരു സ്ഥിതി ഉണ്ടായെങ്കിലേ ഇത് നടക്കൂ.

### എൻ. ജി. ഒ. പങ്കാളിത്തം

ഈസ്റ്റേൺ യൂറോപ്പിലെ കമ്മ്യൂണിസ്റ്റ് ഭരണങ്ങൾ ഇല്ലാതായതിനു ശേഷമുള്ള ആദ്യത്തെ യു. എൻ. കോൺഫ്രൻസായിരുന്നു റയോ ഉച്ച കോടി. അതിന്റെ ഫലം ഞങ്ങൾ കണ്ടു. ഇതുവരെയുള്ള എല്ലാ യു. എൻ. കോൺഫ്രൻസുകളിലും പ്രധാനമായ ഒരു പങ്ക് നിർവ്വഹിച്ചിരുന്നത് ഗവണ്മെന്റ് ഉദ്യോഗസ്ഥരല്ല. പല യു. എൻ. കോൺഫ്രൻസുകളിലും ഞാൻ സംബന്ധിച്ചിട്ടുള്ളത് ഏതെങ്കിലും ഗവണ്മെന്റേതര സംഘടനകളുടെ പ്രതിനിധിയായിട്ടാണ്. പക്ഷേ ഈയടുത്ത കാലത്തായിട്ട് ഗവണ്മെന്റേതര സംഘടനാ പ്രതിനിധികളുടെ പങ്കാളിത്തം ഇല്ലാതാക്കാൻ വേണ്ടിയുള്ള ബോധപൂർവ്വമായ ഒരു ശ്രമം സൂപ്പർ സെവനിൽ (ഏഴു വികസിത രാജ്യങ്ങളെയും കൂടിയാണ് സൂപ്പർ സെവൻ എന്നു പറയുന്നത്) നിന്നുമുണ്ടായി. അവരെ ചെറുത്തുനിൽക്കുവാൻ വികസ്വര രാജ്യങ്ങൾക്ക് സാധിച്ചില്ല. റയോ കോൺഫ്രൻസിന്റെ തയ്യാറെടുക്കൽ മിക്കവാറും എൻ. ജി. ഒ. (ഗവണ്മെന്റേതര ഏജൻസികളെ പ്രതിനിധീകരിക്കുന്നവർ) കളുടെ പങ്കാളിത്തം ഇല്ലാതെയാണ് നടന്നിട്ടുള്ളത്. എൻ. ജി. ഒ. കളെ എവിടെയെങ്കിലും ഒരുമിച്ചൊന്ന് ഒരു മീറ്റിംഗ് പോലെ കൂട്ടി ഒരു പ്രമേയവും പാസ്സാക്കി, അതിന് ഒട്ടും പ്രാധാന്യം കൊടുക്കാതെ അജണ്ടാ നിർമ്മിക്കുന്ന ഒരു സമ്പ്രദായമാണ് ഇപ്പോൾ നടക്കുന്നത്.

മുൻ. യു. എൻ. കോൺഫ്രൻസുകൾക്ക് മുമ്പ് ഞങ്ങളൊക്കെ പോയി അജണ്ടാ തയ്യാർ ചെയ്യുന്നവരുമായിട്ട് നേരിട്ടു കണ്ടു സംസാരിച്ച് അവരോട് അവികസിത രാജ്യങ്ങൾക്ക് ഇങ്ങനെയൊരു താല്പര്യമുള്ള വിഷയം ഉണ്ട് എന്നു പറഞ്ഞ് അത് Draft നകത്ത് കടത്തിവിടുവാനുള്ള അവസരം ഉണ്ടായിരുന്നു. എൻ. ജി. ഒ. കളെ പൂർണ്ണമായി മാറ്റി നിറുത്തി – ഔദ്യോഗിക കോൺഫ്രൻസുമായി യാതൊരു ബന്ധവും ഇല്ലാതെ ഫ്ളമന്റോ പാർക്കിൽ കുറെ കൂടാരങ്ങളിൽ ഇരുന്ന് വർത്തമാനം പറയുവാൻ മാത്രം

അനുവദിച്ച് – യു. എൻ. നടത്തിയ ഒരു കോൺഫ്രൻസായിരുന്നു ഇത്. ഇതു ചിന്തിക്കേണ്ട ഒരു കാര്യമാണ്. അവികസിത രാജ്യങ്ങളിലെ ഗവണ്മെന്റ് പ്രതിനിധികൾ എല്ലാവരും അവരുടെ ജനങ്ങളുടെ യഥാർത്ഥ താല്പര്യം മനസ്സിലാക്കിക്കൊള്ളണമെന്നില്ല. അതിന് എൻ. ജി. ഒ. കൾ ഉണ്ടെങ്കിലേ ഒക്കൂ. ഗവണ്മെന്റുകൾക്ക് അതിന്റേതായ ചില പോളിസി പർപ്പസും പോളിസി ഇന്ററസ്റ്റും ഒക്കെ ഉണ്ടായിരിക്കും. അത് വച്ചായിരിക്കും കോൺഫ്രൻസിൽ വന്ന് പ്രസംഗിക്കുക. പല പ്രശ്നങ്ങളും ഗവൺമെന്റ് ഉയർത്തിക്കൊണ്ടുവരത്തില്ല. അവ ഉയർത്തിക്കൊണ്ടു വരുന്നത് എൻ. ജി. ഒ. കൾ ആണ്. അതുകൊണ്ട് എൻ. ജി. ഒ. കളുടെ അഭിപ്രായങ്ങൾ Strike ചെയ്യുവാനുള്ള ഒരു പരിശ്രമം വികസിത രാഷ്ട്രങ്ങൾ നടത്തുകയും അതു വിജയിക്കുകയും ചെയ്തു. യു. എൻ. –ൽ ലോകരാഷ്ട്രങ്ങളിലെ പാവപ്പെട്ടവരുടെ ആശയങ്ങൾ പ്രകടിപ്പിക്കുവാനുള്ള അവസരം ഇല്ലാതായിത്തീർന്നിരിക്കുകയാണ്. യു. എൻ. പ്രധാനമായും വികസിത രാഷ്ട്രങ്ങളുടെ ഒരു ഉപകരണമായി തീർന്നുകൊണ്ടിരിക്കുന്നു. ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഇതിനെതിരെ നമ്മുടെ ഗവണ്മെന്റ് പറയുന്ന പ്രധാന കാര്യം, സെക്യൂരിറ്റി കൗൺസിലിന്റെ ഘടനയിൽ മാറ്റം വരുത്തണമെന്നതാണ്. അതിനുള്ളിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തണമെന്ന്. അതിന്റെയർത്ഥം ഇൻഡ്യയ്ക്കും കൂടി അംഗമാകണം എന്നേയുള്ളു; അതല്ല പ്രശ്നം. ഈ സെക്യൂരിറ്റി കൗൺസിലിനും അസംബ്ലിക്കുമൊന്നും സാധാരണ ജനങ്ങളുടെ വികാരങ്ങൾ മനസിലാവുകയില്ല.

ഗവണ്മെന്റ് പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു കൗൺസിലും ഗവണ്മെന്റേതര പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു കൗൺസിലും യു. എൻ. –ൽ ഉണ്ടാകണം. അല്ലാതെ ഗവണ്മെന്റ് പ്രതിനിധികൾ മാത്രം കൂടിയാൽ യുണൈറ്റഡ് നേഷൻസ് ആവുകയില്ല. രണ്ടു മണ്ഡലങ്ങൾ ഉണ്ടാകണം. ഗവണ്മെന്റുകളെ പ്രതിനിധീകരിക്കുന്ന ഒരു മണ്ഡലം; ജനങ്ങളെ പ്രതിനിധീകരിക്കുന്ന രണ്ടാമതൊരു മണ്ഡലം. ആ ലൈനിലേക്കു യു. എൻ. പോയെങ്കിലേ ഇതുപോലെ ആഗോളവ്യാപകമായ പ്രശ്നങ്ങൾ തീർക്കാനൊക്കൂ. പരിസ്ഥിതിയെ മലിനീകരിക്കുന്നവർ അതു മൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങളുടെയും ചിലവു വഹിക്കണം എന്ന തത്വം നടപ്പിൽ വന്നാൽ പരിസ്ഥിതി മലിനീകരണത്തിന്റെ പ്രധാനപ്പെട്ട ചുമതലയുള്ള വികസിത രാഷ്ട്രങ്ങൾ വിഷമത്തിലാവും. അതുകൊണ്ട് അതിൽനിന്ന് എങ്ങനെയെങ്കിലും ഒഴിഞ്ഞുമാറുവാൻ വേണ്ടിയുള്ള നിയമങ്ങൾ ഒക്കെയാണ് ഇപ്പോൾ അവർ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ പ്രതിനിധികൾ ഇക്കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയും പ്രതികരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

### അണുവായുധ മലിനീകരണം

അണുവായുധ മലിനീകരണത്തെക്കുറിച്ച് റയോ ഉച്ചകോടിയിൽ അധികം ചർച്ചകൾ നടന്നില്ല. അണുവായുധങ്ങൾ നിർമ്മിക്കുന്ന സമ്പ്രദായം മുഴുവൻ മലിനീകരണം ഉണ്ടാക്കുന്നവയാണ്. അത് ഉച്ചകോടി ചർച്ച ചെയ്തില്ല. യുറേനിയം, തോറിയം എന്നീ മിനറൽസ് ഉപയോഗിച്ചാണല്ലോ

അണുവായുധങ്ങൾ ഉണ്ടാക്കുന്നത്. യുറേനിയം മൈനിംഗ് നടക്കുന്ന സ്ഥലങ്ങളിൽ മൈനിംഗ് കഴിഞ്ഞ് കഴുകിയെടുക്കുന്ന വെള്ളം റേഡിയോ ആക്ടീവാണ്. യുറേനിയം എടുത്തുകഴിഞ്ഞ് ബാക്കി വരുന്ന ഗെയി ലിംഗ്സും റേഡിയോ ആക്ടീവാണ്. ഈ മണൽ (റേഡിയോ ആക്ടീവായ ഗെയിലിംഗ്സ്) വീടുപണിക്ക് ഉപയോഗിക്കുവാനായി സൗജന്യമായിട്ട് കൊടുക്കുമായിരുന്നു. അതുപയോഗിച്ച് ഒരുപാട് ആളുകൾ വീടു പണി തു. ആ വീടുകളിൽ താമസിക്കുന്നവരുടെ സ്ഥിതി എന്തായി തീരും എന്ന് ചിന്തിക്കുക.

Fuel minerals കൊണ്ടുപോകുന്ന വഴിക്ക് എവിടെവച്ചെങ്കിലും ഒരു അപ കടമുണ്ടായാൽ അവിടെ മലിനീകരണം ഉണ്ടാകും. മാത്രവുമല്ല ഈ Fuel minerals ഉപയോഗിച്ചു കഴിഞ്ഞ് ഉപേക്ഷിക്കുവാൻ ഇതുവരെ സുരക്ഷിത മായ ഒരു മാർഗ്ഗം കണ്ടുപിടിക്കുവാൻ സാധിച്ചിട്ടില്ല. ആദ്യകാലത്തൊക്കെ കടലിന്റെ അടിത്തട്ടിലേക്ക് ഉപേക്ഷിക്കുകയാണ് ചെയ്തത്. അവിടെ കിടന്ന് എത്ര കൊല്ലം കഴിഞ്ഞാണ് ഇതിന്റെ റേഡിയോ ആക്ടിവിറ്റി മേല്പോട്ടു വന്ന് മത്സ്യങ്ങളെയും മനുഷ്യനെ തന്നെയും നശിപ്പിക്കുന്ന തെന്ന് അറിയാൻ പാടില്ല. ഇപ്പോൾ അമേരിക്കയിൽ Salt's Mines നക ത്താണ് ഇത് ഉപേക്ഷിക്കുന്നത്. സ്വീഡൻ മറ്റൊരു ടെക്നിക്കൽ പ്രോസ സാണ് ഉണ്ടാക്കിയിരിക്കുന്നത്. ആദ്യം ഗ്ലാസ്സ് കൊണ്ട് കവർ ചെയ്തു, പിന്നെ സിമന്റുകൊണ്ട് കവർ ചെയ്തു മാറ്റിവയ്ക്കുക. ഇതൊന്നും പരി പൂർണ്ണ സുരക്ഷിതത്വം വാഗ്ദാനം ചെയ്യുന്ന നടപടികളല്ല. ഇതിൽനിന്നു മൊക്കെ റേഡിയോ ആക്ടിവിറ്റീസ് വന്ന് നമ്മുടെ ലോകത്തിൽ ക്യാൻസർ വരുത്തുകയും മലിനീകരണം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വലിയ രണ്ട് അപകടങ്ങൾ ചെർണോബിലും ബീമൈലായിലും ഉണ്ടായിക്ക ഴിഞ്ഞു. ഇതുപോലെയുള്ള അപകടങ്ങൾ ഇനിയും ധാരാളം ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. എവിടെയെങ്കിലും ഒരു അപകടം ഉണ്ടായിക്കഴിയുമ്പോൾ മാത്രമാണ് ഇതിന്റെ ഫലങ്ങൾ എന്തെല്ലാമാണെന്ന് അറിയുവാൻ സാധി ക്കുന്നത്.

### യുദ്ധമലിനീകരണം

യുദ്ധങ്ങൾക്ക് വേണ്ടിയുള്ള പുതിയ ഇനം ആയുധങ്ങൾ നിർമ്മിക്കു വാനുള്ള രാഷ്ട്രങ്ങളുടെ അമിതമായ വ്യഗ്രത ലോകത്തിന്റെ തന്നെ നില നില്പിന് ഇന്നു ഭീഷണി ഉയർത്തുന്നു. Bacteriological research for weap-ons മൂലമുണ്ടാകാവുന്ന കുഴപ്പങ്ങൾ എന്താണെന്നുള്ളത് നമുക്കിപ്പോഴും കണ്ടുപിടിക്കുവാൻ സാധിച്ചിട്ടില്ല. 30 വർഷങ്ങൾക്ക് മുമ്പ് ഞാൻ മനസ്സി ലാക്കിയ ഒരു കാര്യമുണ്ട്. റഷ്യൻ ഗവൺമെന്റും അമേരിക്കൻ ഗവൺ മെന്റും മറ്റു പല ഗവൺമെന്റുകളും അന്ന് ഒരു പുതിയ ഗവേഷണം നട ത്തിക്കൊണ്ടിരുന്നു. മനുഷ്യനു പ്രതിരോധശക്തി കണ്ടുപിടിക്കുവാനാ വാത്ത ഒരു രോഗം ഉണ്ടാക്കുന്ന ബാക്ടീരിയാകളെ സൃഷ്ടിക്കുവാൻ വേണ്ടി. സ്ഫോടനമോ മറ്റു വല്ലതുമോ ഒന്നുമില്ലാതെ ആളുകൾ താനെ മരിക്കുന്ന ഒരു ആയുധത്തിനുവേണ്ടിയാണീ ഗവേഷണം നടന്നത്.

ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന ബാക്ടീരിയാകളിൽ ഒരെണ്ണം, ലാബൊറ ട്ടറിയിൽ നിന്നും അബദ്ധവശാൽ രക്ഷപെട്ടു പുറത്തുപോയെങ്കിലോ എന്നൊരു ചോദ്യം 25 വർഷം മുമ്പ് ഞാൻ ഉയർത്തിക്കൊണ്ടു വന്നു. ലാബൊറട്ടറിയിൽ നിന്ന് ഒരെണ്ണം രക്ഷപെട്ടാൽ എന്തുണ്ടാകും? ആ ചോദ്യത്തിന് ഉത്തരം ഇപ്പോൾ അറിയാം: എയിഡ്സ്. അതാണ് അവർ ഉണ്ടാക്കുവാൻ ശ്രമിച്ച മാരകായുധം. ആ ബാക്ടീരിയ ലാബൊറട്ടറിയിൽ നിന്നും രക്ഷപെട്ടോ ഇല്ലയോ എന്നു പറയുവാൻ എനിക്കു സാദ്ധ്യമല്ല. രക്ഷപെട്ടാൽ ഉണ്ടാകാവുന്ന ഫലങ്ങൾ എയിഡ്സിന്റേതിനോടു സമമാണ്. മനുഷ്യനു പ്രതിരോധശക്തി ഇല്ലാത്ത ഒരു രോഗത്തെ മനുഷ്യർ തന്നെ മാനവരാശിക്ക് സംഭാവന ചെയ്തിരിക്കുന്നു!

സമാധാനം, നീതി തുടങ്ങിയവയ്ക്കൊക്കെ പരിസ്ഥിതി മലിനീകരണ വുമായി ബന്ധമുണ്ട്. സമാധാനത്തിന്റെയും നീതിയുടെയും വീക്ഷണങ്ങൾ പരിസ്ഥിതി മലിനീകരണ പ്രശ്നത്തിൽ നിന്ന് മാറ്റിവച്ചുകൊണ്ട് ചിന്തി ക്കുവാനും പ്രവർത്തിക്കുവാനും സാദ്ധ്യമല്ല. ഇവ മൂന്നിനുംകൂടി ഒരുമിച്ച് ഒരു പരിഹാരം കണ്ടെത്തുവാൻ ശ്രമിച്ചാൽ നന്നായിരിക്കും.

### പ്രകൃതിയും മനുഷ്യനും

വളരെയധികം ചിന്തിക്കേണ്ട ചില ചോദ്യങ്ങളാണ് ഇപ്പോൾ പാശ്ചാത്യ രാജ്യങ്ങളിൽ ഉദിച്ചുകൊണ്ടിരിക്കുന്നത്. ഒന്നാമത്തേത്, പ്രകൃതി എന്നു പറയുന്നതിൽ മനുഷ്യനും ഉൾക്കൊള്ളുമോ, അതോ മനുഷ്യനെ കൂടാ ത്തതാണോ പ്രകൃതി എന്നുള്ളതാണ്. നമ്മൾ സാധാരണ ചിന്തിച്ചു കൊണ്ടിരുന്നത്, മനുഷ്യർ subject ഉം പ്രകൃതി object ഉം ആണെന്നാണ്. പ്രകൃതിയെ ഇഷ്ടം പോലെ പഠിക്കുവാനും ചൂഷണം ചെയ്യുവാനുമുള്ള അവകാശം മനുഷ്യന് ഉണ്ട് എന്ന് നമ്മൾ ഓട്ടോമാറ്റിക് ആയിട്ട് കണക്കു കൂട്ടിയതിന്റെ ഫലമായിട്ടാണ് ഇപ്പോഴത്തെ സയൻസും ടെക്നോളജിയും ഇൻഡസ്ട്രിയൽ സിസ്റ്റവും എല്ലാം ഡവലപ് ചെയ്തു വന്നിട്ടുള്ളത്. മനു ഷ്യൻ പ്രകൃതിയിൽ നിന്നും സ്വതന്ത്രനല്ല, പ്രകൃതിയിൽ നിന്നും വ്യത്യ സ്തനല്ല എന്നുള്ളത് വളരെ ലളിതമായ കാര്യമാണെങ്കിലും നമ്മൾ അത് സമ്മതിച്ചിട്ടില്ല.

മനുഷ്യന്റെ ചുറ്റും വായുവില്ലെങ്കിൽ അവൻ മരിച്ചുപോകും. ഈ വായു വും സൂര്യനും ഭൂമിയുമെല്ലാം ഇല്ലാതെ മനുഷ്യന് ജീവിക്കുക സാദ്ധ്യമല്ല. മനുഷ്യൻ പ്രകൃതിയുടെ ഒരു Integral part ആണ്. അല്ലാതെ പ്രകൃതി object ഉം മനുഷ്യർ subject ഉം അല്ല.

മനുഷ്യൻ ദൈവവും പ്രകൃതി അതിന്റെ അധീനതയിലുള്ള മറ്റൊ ന്നുമാണെന്നുള്ള ചിന്ത മാറുമ്പോൾ നമ്മളുടെ ഇപ്പോഴത്തെ Knowledge സിസ്റ്റവും Industrial സിസ്റ്റവും ഒക്കെ മാറേണ്ടിവരും. മനുഷ്യനും പ്രകൃതിയും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടെന്നും പ്രകൃതിയെ കൂടാതെ മനുഷ്യനു ജീവിക്കാൻ സാദ്ധ്യമല്ലെന്നുമുള്ള ഒരു ചിന്തയി ലേക്കു നമ്മൾ വളർന്നുവരേണ്ടിയിരിക്കുന്നു. മനുഷ്യന്റെ മനോഭാവങ്ങ ളിൽ വലിയൊരു പരിവർത്തനം വരേണ്ടത് വളരെ അത്യാവശ്യമാണ്.

## പരിസ്ഥിതിയും വികസനവും

നമ്മുടെ ഇപ്പോഴത്തെ വികസനം എന്നുപറയുന്ന ആശയത്തെ മൗലികമായി ചോദ്യം ചെയ്യേണ്ട ആവശ്യമുണ്ട്. ഇപ്പോൾ ഒരു നാഷണൽ ഡവലപ്മെന്റ് റൂൾസ് രൂപവൽക്കരിച്ചിട്ടുണ്ട്. ഇത് രൂപവല്ക്കരിച്ചപ്പോൾ നമ്മുടെ ഗിരിജനങ്ങളെക്കുറിച്ച് നമ്മൾ ചിന്തിച്ചോ? അവരെ കണ്ട് വികസനത്തെക്കുറിച്ചുള്ള അവരുടെ വീക്ഷണങ്ങൾ മനസ്സിലാക്കുവാൻ ആരെങ്കിലും ശ്രമിച്ചോ? ഇല്ല. അവരുടെ ചിന്തയിൽ വികസനം എന്നു പറയുന്നത് വിഭവങ്ങളുടെ വർദ്ധനവ് മാത്രമല്ല, മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിലും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിലും ഉണ്ടാകുന്ന പുരോഗതിയാണ്. ഇതാണ് മൗലികമായിട്ടുള്ളത് എന്ന് ഗിരിജനങ്ങൾ പഠിപ്പിക്കുന്നു. ഈ തത്വം നമ്മുടെ ഡവലപ്മെന്റ് സിസ്റ്റത്തിനകത്ത് എവിടെയെങ്കിലും ഉണ്ടോ?

ഗിരിജനങ്ങളുടെ ഈ ചിന്താഗതിയെ നമ്മൾ വളരെയധികം വളർത്തിക്കൊണ്ടു വരേണ്ടത് ആവശ്യമാണ്. അവരുടെ ഇടയിൽ നിന്നും ഒരു പ്രത്യേക ഉൾക്കാഴ്ച നമ്മൾ വികസിപ്പിച്ച് എടുക്കേണ്ടത് വളരെ അത്യാവശ്യമാണ്. പ്രകൃതിയെ ബഹുമാനിച്ചുകൊണ്ട്, പ്രകൃതിയും ജീവിക്കേണ്ട ആവശ്യമുണ്ട്, മനുഷ്യനും ജീവിക്കേണ്ട ആവശ്യമുണ്ട് എന്നു മനസ്സിലാക്കിക്കൊണ്ട് ഒരു പുതിയ ടെക്നോളജി വിഭാവനം ചെയ്ത് ഉണ്ടാകുന്ന ഒരു വികസനമേ നിലനിൽക്കുകയുള്ളു.

ഇപ്പോൾ എല്ലാ വിഷയങ്ങൾക്കും Environmental fact നോക്കണം. വികസനത്തെ സംബന്ധിച്ച എന്ത് പ്രോജക്ട് ഉണ്ടായാലും, പരിസ്ഥിതി പ്രശ്നത്തെക്കുറിച്ചുള്ള പഠനം ഉണ്ടാകണമെന്നു പറയുന്നു. ഇതിന്റെ ഫലമായിട്ട് ഉണ്ടായിരിക്കുന്ന പ്രശ്നം, പരിസ്ഥിതി മന്ത്രാലയം വിചാരിച്ചാൽ ഏതു വികസന പദ്ധതിയും പിടിച്ചുനിർത്തുവാനും ഇല്ലാതാക്കുവാനും സാധിക്കും എന്നതാണ്. പരിസ്ഥിതിയുടെ പേരും പറഞ്ഞുകൊണ്ട് മനുഷ്യരെ ഞെരുക്കുവാനുള്ള ഒരു അവസരം കൂടി ഉണ്ടായിരിക്കുന്നു. അതുകൊണ്ട് ഇതിനെക്കുറിച്ചൊക്കെ ജനങ്ങൾ ബോധവാന്മാരാകണം. ലോക്കൽ ആക്ഷൻ ഗ്രൂപ്പുകൾ ധാരാളമായി ഉണ്ടാക്കുകയും പരിസ്ഥിതി മലിനീകരണത്തെക്കുറിച്ച് പ്രതികരിക്കുകയും സാധാരണക്കാരനു മനസിലാവുന്ന ഭാഷയിൽ അവതരിപ്പിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും വേണം. നമ്മുടെ കുഞ്ഞുങ്ങളെ ഇക്കാര്യങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിന് പരമ പ്രാധാന്യം നല്കേണ്ടത് അത്യാവശ്യമാണ്. കുഞ്ഞുങ്ങൾക്ക് വളരെയധികം മനസ്സിലാക്കുവാനുള്ള കഴിവ് ഉണ്ട്. അവരെ ഇതിനെക്കുറിച്ച് പഠിപ്പിക്കുന്നത് വഴി അടുത്ത തലമുറയെ ഈ വൻവിപത്തിൽ നിന്നും ഒരു പരിധി വരെയെങ്കിലും രക്ഷിക്കുവാൻ കഴിയും.

*(1992 സെപ്തംബർ 13-ാം തീയതി കോട്ടയം സോഫിയാ സെന്ററിൽ വച്ച് കേരളത്തിലെ വിവിധ പരിസ്ഥിതി, സാംസ്ക്കാരിക, രാഷ്ട്രീയ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടന്ന ഭൗമ ഉച്ചകോടി സെമിനാറിൽ ചെയ്ത പ്രഭാഷണം.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)

# 16
# പുതിയ ജീവിതത്തിലേക്കുള്ള പ്രവേശനം

**എ**ന്റെ സുഹൃത്തും സഹോദരനുമായ പി. റ്റി. തോമസ് അച്ചൻ കർത്താവിൽ നിദ്ര പ്രാപിച്ച്, നമ്മിൽ നിന്നും വിടപറയുന്ന ഈ സന്ദർഭ ത്തിൽ, അദ്ദേഹത്തിന്റെ അപദാനങ്ങളെക്കുറിച്ച് വർണ്ണിക്കുവാൻ ഞാൻ ശക്തനല്ല.

നമ്മുടെ ക്രൈസ്തവ പാരമ്പര്യത്തിൽ ഒരു സഹോദരനോ സഹോദ രിയോ വിടപറയുമ്പോൾ നാം വിലപിക്കരുത്. ദൈവഭക്തന്മാരുടെ മരണം സ്വർഗ്ഗത്തിൽ സന്തോഷമുളവാക്കുന്നു. സ്വർഗ്ഗത്തിൽ ഒരംഗംകൂടി പ്രവേ ശിക്കുന്നതിനാൽ മാലാഖമാർ സന്തോഷിക്കുന്നു. നാമോ വിലപിക്കേണ്ട ആവശ്യമില്ല.

ലാസർ മരിച്ചതായ സമയത്ത്, ലാസറിന്റെ സഹോദരിമാരും, സൃഹൃ ത്തുക്കളും കരയുന്നതു കണ്ടിട്ട് കർത്താവും കരഞ്ഞു. ദുഃഖം മനുഷ്യ സഹജമാണ്. എന്നാൽ കർത്താവ് എന്തുകൊണ്ടു കരഞ്ഞു എന്നത് പ്രസ ക്തിയുള്ള ചോദ്യമാണ്. അവരുടെ, മരണത്തോടുള്ള ഭയവും ദുഃഖവും കണ്ടിട്ട് കർത്താവിന് അവരോടുണ്ടായ സഹതാപമായിരുന്നു അത്.

ജീവിച്ചിരിക്കുന്നവരെ ഉദ്ബോധിപ്പിക്കുക എന്നതാണ് മരണത്തിന്റെ ലക്ഷ്യം. മരണത്തിന് നമ്മെ ദൈവത്തിൽ നിന്നു വേർപിരിക്കാനാവില്ല. നാമെല്ലാവരും മാതൃഗർഭത്തിൽ നിന്നാണ് ഈ ലോകത്തിലേക്ക് വന്നത്. ഗർഭസ്ഥ അവസ്ഥയിൽ ശിശുവിന് പുറത്തുള്ള ലോകത്തിലെ കാര്യങ്ങൾ മനസ്സിലാക്കുവാൻ സാധിക്കുകയില്ല; അറിയുവാൻ കഴിയുകയില്ല. ഗർഭസ്ഥ അവസ്ഥയിൽ കഴിയുന്ന കാലയളവ് പോലെയാണ് മനുഷ്യന്റെ 70-തോ 80-തോ വയസു വരെയുള്ള ജീവിതവും. മരണശേഷം അടുത്ത പുതിയ ജീവിതത്തിലേക്കുള്ള പ്രവേശനമാണ്.

ഈ ശരീരത്തിൽ നിന്നും നാം വാങ്ങിപ്പോകുമ്പോൾ സ്ഥലകാല പരിമി തിയുള്ള ഈ ലോകവും താനേ തിരോധാനം ചെയ്തിട്ട്, വർണ്ണിക്കാവ തല്ലാത്ത മറ്റൊരു ലോകവ്യവസ്ഥിതിയിലേക്കു നാം പ്രവേശിക്കുന്നു. അവിടെ മാലാഖമാരെപ്പോലെ നാമും ജനനമരണങ്ങളോ സ്ഥലകാല പരിമിതികളോ ഇല്ലാത്ത ഒരു മനുഷ്യരാശിയായിത്തീരുന്നു. അതിന്റെയും അടുത്ത ലോകമായ പുനരുത്ഥാന ലോകത്തിൽ പുതിയ ശരീരം നമുക്കു ലഭിക്കുന്നുവെങ്കിലും അവിടെയും ജനനമരണങ്ങളോ വിവാഹബന്ധ ങ്ങളോ ഇല്ലെന്നു കർത്താവു നമ്മെ പഠിപ്പിക്കുന്നു (വി. ലൂക്കോസ് 20:35-36).

മനുഷ്യജീവിതത്തിൽ മനുഷ്യൻ ആർജ്ജിക്കേണ്ടതായ മൂന്ന് കാര്യ ങ്ങൾ ഉണ്ട്.

### 1) വിശ്വാസം - ദൈവത്തിലുള്ള ഉറപ്പ്

എന്റെ ദൈവമാണ് എന്റെ അസ്തിത്വത്തിന്റെ അടിസ്ഥാനം, എന്തു വന്നാലും ദൈവം എന്നെ കരുതിക്കൊള്ളും എന്ന ഉറപ്പാണ് വിശ്വാസം.

### 2) പ്രത്യാശ

പ്രത്യാശ എന്നുപറഞ്ഞാൽ നാം എവിടെച്ചെന്നു ചേരണമെന്നാണോ നാം ഉദ്ദേശിക്കുന്നത് (ലക്ഷ്യമാക്കുന്നത്) അതാണ് പ്രത്യാശ. ലോകത്തിൽ പലതരത്തിലുള്ള പ്രത്യാശകളുണ്ട്. എന്നാൽ ക്രിസ്തീയ പ്രത്യാശ; തനിക്ക് ദൈവമുമ്പാകെ നിന്നുകൊണ്ട് ജീവിതത്തിൽ എന്തെല്ലാം നേരിട്ടാലും ദൈവത്തെ സ്തുതിച്ചുകൊണ്ട് ജീവിക്കുവാൻ സാധിക്കും എന്നതാണ്. നമ്മെയും നമ്മുടെ ജീവിതത്തെയും രൂപവൽക്കരിക്കുന്നത് ക്രിസ്തീയ പ്രത്യാശയാകണം.

### 3) സ്നേഹം

സ്നേഹം അഭ്യസിക്കുവാനുള്ള സന്ദർഭമാണ് ഈ ലോകത്തിൽ നമുക്കുള്ളത്. ചുറ്റുമുള്ള സമൂഹങ്ങളിലെ മനുഷ്യർക്കു വേണ്ടി കരുതുകയും ജീവിക്കുകയും ചെയ്യുക എന്നതാണ് സ്നേഹം. തന്നെക്കുറിച്ച് വ്യാകുലചിന്തകളില്ലാതെ, മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കാനും, കരുതുവാനും നമുക്ക് സാധിക്കണം.

ഞാൻ ഉറപ്പിച്ചു പറയട്ടെ, മേൽ പ്രസ്താവിച്ച മൂന്നു കാര്യങ്ങളിലും പി. റ്റി. തോമസ് അച്ചൻ അടിയുറച്ചിട്ടുണ്ടായിരുന്നു.

*(മാങ്ങാനം ക്രൈസ്തവാശ്രമത്തിലെ ആചാര്യയും പ്രമുഖ ചിന്തകനും എഴുത്തുകാരനും സംഘാടകനുമായിരുന്ന പി. റ്റി. തോമസ് അച്ചന്റെ കബറടക്ക ശുശ്രൂഷാ മധ്യേ ചെയ്ത പ്രസംഗം. സമ്പാദകൻ: സന്തോഷ് മാങ്ങാനം)*

# 17

# സഭ ദൈവത്തിന്റെ പ്രത്യക്ഷ രൂപമായിത്തീരണം

പരുമല തിരുമേനിയേപ്പോലെ ഒരു പരിശുദ്ധനെ സൃഷ്ടിക്കുവാൻ (കേരളത്തിലെ) മറ്റു സഭകൾക്ക് സാധിച്ചിട്ടില്ല എന്നുള്ളത് നമ്മുടെ സഭയുടെ വിശ്വാസം ഉറയ്ക്കുവാൻ വളരെയധികം കാരണമായിട്ടുണ്ട്. "ഒരു പരിശുദ്ധനോടുള്ള മദ്ധ്യസ്ഥത എന്തിനാണ്? പരിശുദ്ധനെ എന്തിന് ബഹുമാനിക്കണം? നേരിട്ട് ദൈവത്തോട് പ്രാർത്ഥിച്ചാൽ പോരെ?" എന്നു ചോദിക്കുന്ന ആളുകൾ നമ്മുടെ ഇടയിലും നമ്മുടെ സഭയ്ക്ക് പുറത്ത് നവീകരണ സഭകളിലുമൊക്കെ ഉണ്ട്. മദ്ധ്യസ്ഥ പ്രാർത്ഥന ഒന്നും ആവശ്യമില്ല, ഇതൊക്കെ മൂഢവിശ്വാസമാണ് എന്നാണ് അവർ പറയുന്നത്.

എന്റെ വാത്സല്യമുള്ളവരേ, നാം ഒരു പരിശുദ്ധനെ ബഹുമാനിക്കുമ്പോൾ ആ വ്യക്തിയെ ബഹുമാനിക്കുക എന്നുള്ളതിൽ കൂടുതലായി ആ പരിശുദ്ധനിൽ തെളിഞ്ഞുകാണുന്ന ദൈവസ്വരൂപത്തെയാണ് ബഹുമാനിക്കുന്നത്. ഒരു പരിശുദ്ധനെ ബഹുമാനിക്കുമ്പോൾ ആ ബഹുമതി ദൈവത്തിങ്കലാണ് ചെന്നു ചേരുന്നത്. "എന്നിൽ യാതൊന്നുമില്ല. എന്നിൽ എന്തെങ്കിലും നന്മയുണ്ടെങ്കിൽ അത് ദൈവം എനിക്ക് നൽകുന്നത് മാത്രമേയുള്ളു. ദൈവസ്വരൂപത്തോട് ഞാൻ എത്രയും കൂടുതൽ അടുത്തു വരുന്നുവോ അത്രയും മാത്രമേ എനിക്ക് വിശുദ്ധിയുള്ളു" എന്നുള്ളത് എല്ലാ പരിശുദ്ധന്മാരും സമ്മതിക്കുന്നതാണ്.

അതുകൊണ്ട് ഒരു പരിശുദ്ധനെ നാം ബഹുമാനിക്കുമ്പോൾ ദൈവത്തെ തന്നെയാണ് ബഹുമാനിക്കുന്നത്. ദൈവത്തിന്റെ അദൃശ്യമായ രൂപം കർത്താവായ യേശുമശിഹായിൽ പൂർണ്ണമായി കാണപ്പെട്ടതുപോലെ, തന്റെ പരിശുദ്ധന്മാരിലും അതേ ദിവ്യരൂപമാണ് കാണപ്പെടുന്നത്. നാം പരുമല തിരുമേനിയെ ബഹുമാനിക്കുമ്പോൾ യഥാർത്ഥമായി ഈ പിതാവിൽ പ്രത്യക്ഷമായി കാണപ്പെട്ട ദൈവസ്വരൂപത്തെയാണ് ബഹുമാനിക്കുന്നത്. നമ്മുടെ സ്തുതികളും സ്തോത്രങ്ങളും പ്രാർത്ഥനകളുമെല്ലാം പിതാവാംദൈവത്തിന്റെയടുക്കൽ, പുത്രൻതമ്പുരാന്റെയടുക്കൽ, പരിശുദ്ധ റൂഹായുടെ അടുക്കൽ ചെന്നുചേരുവാനുള്ളതാണ്. അതുകൊണ്ട് ഒരു മനുഷ്യനെ ദൈവമാക്കുകയല്ല, ദൈവം മനുഷ്യനിൽ കൂടി കാണപ്പെട്ടു എന്നുള്ളതിനെ വിശ്വസിക്കുകയാണ് ചെയ്യുന്നത്. പ. പരുമല തിരുമേനി കാലം ചെയ്ത ഈ കബറിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം പ്രത്യേകമായി ഉള്ളതുകൊണ്ട് ദൈവസാന്നിദ്ധ്യവും പ്രത്യേകമായിട്ട് ഉണ്ട് എന്നു നാം വിശ്വസിക്കുന്നത് അതുകൊണ്ടാണ്.

ഒരു സ്ഥലത്തിന് വിശുദ്ധിയൊന്നും ഇല്ല എന്നാണ് നവീകരണ സഭക്കാർ പറയുന്നത്. സ്ഥലത്തിനും സമയത്തിനും പ്രത്യേക വിശുദ്ധി

യൊന്നും ഇല്ല എന്നവർ പറയുന്നു. എന്നാൽ നമുക്ക് അങ്ങനെയല്ല. സ്ഥല ങ്ങൾ വിശുദ്ധമാണ് എന്നു നാം കരുതുന്നു. പരിശുദ്ധനായ ഒരു തിരുമേ നിയുടെ ശരീരം വിശുദ്ധമാണ്. ആ ശരീരത്തിന്റെ തിരുശേഷിപ്പുകൾ ഇരി ക്കുന്ന സ്ഥലവും വിശുദ്ധമാണ്. അതുകൊണ്ട് സ്ഥലത്തിന് വിശുദ്ധിയുണ്ട് എന്നു തന്നെയാണ് നാം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്.

കാലത്തിനും വിശുദ്ധിയുണ്ട്. കർത്താവായ യേശുമശിഹായും അപ്പോ സ്തോലന്മാരും ജീവിച്ചിരുന്ന കാലം, മറ്റ് എല്ലാ കാലങ്ങളേക്കാൾ വിശു ദ്ധമാണ് എന്നു തന്നെ വിശ്വസിക്കുന്നവരാണ് നാം. അതുകൊണ്ട് ഈ സ്ഥലകാലങ്ങളിൽ കൂടി പ്രത്യക്ഷനാകുന്ന ദൈവത്തിന്റെ സാമീപ്യത്തെ യാണ് നാം പ്രത്യേകമായി ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യു ന്നത് എന്നുള്ള കാര്യം നിങ്ങളെ സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

പരിശുദ്ധനായ പരുമല തിരുമേനിയെ നാം ബഹുമാനിക്കുന്നതിന്റെ പിറകിൽ മറ്റൊരു കാര്യമുണ്ട്. ഇന്നത്തെ കാലത്ത് സാത്താൻ എന്നു പറ ഞ്ഞാൽ ആളുകൾക്ക് വലിയ വിശ്വാസമൊന്നുമില്ല. അങ്ങനെ ഒരാൾ ഉണ്ടോ? അതോ വെറും മൂഢവിശ്വാസമാണോ എന്നൊക്കെയാണ് ഇന്നത്തെ പരിഷ്കാരത്തിൽ പലരും ചോദിക്കുന്നത്. “ഉണ്ടായിരുന്നവനും ഇല്ലാത്തവനും ഇല്ലാതാകുവാൻ ഉള്ളവനും” എന്നാണ് വി. വേദപുസ്ത കത്തിലെ വെളിപ്പാട് പുസ്തകത്തിൽ സാത്താന്റെ നിർവ്വചനം. സാത്താ നും ഒരു സൃഷ്ടിയാണ്. പക്ഷേ അവൻ തന്റെ തിന്മ മൂലം ദൈവത്തിന് എതിരായി തീർന്നതുകൊണ്ട് അവന് അസ്തിത്വം തന്നെ ഇല്ലാതായി ത്തീർന്നിരിക്കുന്നു. എങ്കിലും ചരിത്രമുള്ളിടത്തോളം കാലം നമ്മെ പരി ശോധിക്കുവാനുള്ള ഒരു ഉപകരണമായി ഇല്ലാത്തവനായ സാത്താനെ ദൈവം അഴിച്ചുവിട്ടിരിക്കുകയാണ്.

എന്റെ വാത്സല്യമുള്ളവരേ, ഇന്നും ഉണ്ട് ഈ സാത്താൻ. ഈ സാത്താ നെ വേറൊരുവിധത്തിൽ നമുക്ക് കാണാം. നാമെല്ലാവരും കൂടി ചെയ്യുന്ന തിന്മകളുടെ മുഴുവൻ സമാഹാരമാണ് സാത്താൻ. മനുഷ്യരാശിയിൽ അക്രൈസ്തവരും ക്രൈസ്തവരും ചെയ്യുന്ന അനേകായിരം തിന്മകൾ ഉണ്ട്. ആദാമും ഹവ്വായും പാപത്തിൽ വീണു പോയതു മുതൽ ഇന്നു വരെ നാം ചെയ്തുപോയിട്ടുള്ള എല്ലാ തിന്മകളുടെയും കൂടെ ഒരു സംയു ക്തരൂപം പ്രാപിക്കുന്നതാണ് സാത്താൻ എന്നു ഞാൻ പറയും. അങ്ങ നെയാണെങ്കിൽ കൂടുതൽ തിന്മ ഞാൻ ചെയ്യുമ്പോൾ സാത്താന് കൂടു തൽ ശക്തി കിട്ടുന്നു. ഇന്നത്തെ പ്രശ്നമതാണ്. മനുഷ്യർ പൊതുവെ നന്മയിൽ നിന്ന് വേർപെട്ടിട്ട് സ്വന്തകാര്യത്തിനുവേണ്ടി അനേക തിന്മ കൾ ചെയ്യുന്നു. അത്തരമൊരു സമൂഹമാണ് ഇന്നുള്ളത്. അങ്ങനെ കൂടുതൽ തിന്മകൾ നാം ചെയ്യുമ്പോൾ സാത്താന് കൂടുതൽ ശക്തി കിട്ടു ന്നു. ഇക്കഴിഞ്ഞ പത്തുമുപ്പതു വർഷങ്ങളായിട്ട് സാത്താന്റെ കയർ കുറ ച്ചുകൂടെ അയച്ചുകൊടുത്തിരിക്കുകയാണ്. നമ്മെ എല്ലാവരെയും ഉപദ്ര വിക്കുവാൻ വേണ്ടി സാത്താൻ നടക്കുകയാണ്. പ്രത്യേകിച്ച് ദൈവത്തോട് അടുത്തു നില്ക്കുന്നവരെ വീഴിക്കുവാനാണ് സാത്താന് ഏറ്റവും വലിയ വ്യഗ്രത. അതുകൊണ്ട് സഭയുടെ തലവന്മാരെന്ന് പറയുന്ന ഞങ്ങൾ

പ്രത്യേകം സൂക്ഷിക്കേണ്ടതുണ്ട്. കാരണം ഞങ്ങളെ വീഴിക്കുവാൻ സാത്താന് പ്രത്യേകഉദ്ദേശ്യമുണ്ട്. ഞങ്ങൾ വീഴ്ചക്കാരായാൽ ബാക്കിയുള്ളവരൊക്കെ താനേ വീണുകൊള്ളും എന്ന് സാത്താനൊരു വിചാരമുണ്ട്.

എന്റെ വാത്സല്യമുള്ളവരേ, ഇന്ന് ലോകം മുഴുവൻ സാത്താന്റെ ഭയങ്കരമായ ശക്തി കാണുന്നു. ചിന്തിക്കാത്ത അക്രമം; അതായത് ഒരാൾ ഒരു ദിവസം അല്പം കുടിച്ചിട്ട്, കാണുന്നവരെയെല്ലാം തോക്കെടുത്ത് വെടിവയ്ക്കുന്നു. അമേരിക്കയിൽ സാധാരണ നടക്കുന്ന സംഭവമാണ്. ഒരു കാരണവും വേണ്ട. തന്നെത്താനെ ഇരിക്കുമ്പോൾ എനിക്ക് പുറത്തേയ്ക്ക് പോയി കുറേപ്പേരെ വെടിവയ്ക്കണമെന്ന് തോന്നുക. തോക്കെടുത്ത് വെടിവയ്ക്കുക. ഇതാണ് ചിന്തിക്കാത്ത അക്രമം. സാത്താൻ അവനിൽ പ്രവേശിച്ച് അവനെക്കൊണ്ട് ചെയ്യിക്കുന്നതാണ്. അങ്ങനെയുള്ള അനേക തിന്മകൾ അമേരിക്കയിൽ മാത്രമല്ല ഇവിടെയും ഉണ്ടെന്നുള്ളത് നമുക്കൊക്കെ അറിയാവുന്ന കാര്യമാണ്. നമ്മുടെ ആളുകളിലും സാത്താൻ പ്രവേശിച്ച് അനേക തിന്മകൾ ചെയ്യിക്കുന്നു. അങ്ങനെ തിന്മകൾ ചെയ്യിച്ച് സാത്താൻ കൂടുതൽ ശക്തിപ്രാപിക്കുന്ന ഒരു കാലമാണ്.

എന്റെ വാത്സല്യമുള്ളവരേ, അതിന്റെ കാര്യം ഞാൻ പറയുന്നത്, രണ്ട് പ്രത്യേക സംഗതികൾ നിങ്ങളെ പ്രബോധിപ്പിക്കുവാനാണ്. ഒന്നാമത്തേത് ഞാൻ എപ്പോഴും ആലോചിക്കുന്ന ഒരു കാര്യമാണ്. "എന്റെ ദൈവംതമ്പുരാനേ, നിന്റെ പേരും പറഞ്ഞ് നിന്റെ സഭയിൽ ജീവിക്കുന്ന ഞങ്ങൾ ഇത്രയുമെല്ലാം തിന്മ ചെയ്തിട്ടും, ഈ സഭയെ നീ നശിപ്പിക്കുന്നില്ലല്ലോ" എന്ന് ചിലപ്പോൾ ഞാൻ ദൈവംതമ്പുരാനോട് പറയാറുണ്ട്. വേറെ ഏതെങ്കിലും സംഘടനയാണെങ്കിൽ ഇത്രയും തെറ്റ് ചെയ്താൽ അതിനെ ദൈവം ഇല്ലാതാക്കും; നാമാവശേഷമാക്കും. ഇത് ഇന്നു ജീവിച്ചിരിക്കുന്നവരുടെ മിടുക്കുകൊണ്ടൊന്നും അല്ല. നിങ്ങളുടെ കാലത്തിന് മുമ്പ് ജീവിച്ചിരുന്ന ഒരുപാട് പരിശുദ്ധന്മാർ ഇപ്പോഴും സഭയിൽ ഉള്ളതുകൊണ്ടാണ് സഭയെ നശിപ്പിക്കാത്തത്.

എന്റെ വാത്സല്യമുള്ളവരേ, ഇന്ന് ദൈവം നമ്മുടെ സഭയെ നശിപ്പിക്കാതിരിക്കുന്നത്, സോദോമിലും ഗോമോറായിലും ഉണ്ടായതുപോലെയുള്ള ഭയങ്കര നാശം നമ്മുടെ മേൽ വരുത്താതിരിക്കുന്നത് ഈ സഭയിൽ അനേക പരിശുദ്ധന്മാർ മുമ്പ് ജീവിച്ചിരുന്നിട്ടുണ്ട് എന്നുള്ളതുകൊണ്ടാണ്. മറയ്ക്കു പുറകിൽ പരുമലത്തിരുമേനിയെപ്പോലെയുള്ള അനേകം പരിശുദ്ധന്മാർ നിൽക്കുന്നതു കൊണ്ടാണ് ഈ സഭയെ നശിപ്പിക്കാതിരിക്കുന്നത്. അല്ലെങ്കിൽ നമ്മളെയൊക്കെ നശിപ്പിക്കാനുള്ള എല്ലാ സന്നാഹങ്ങളും ഒരുക്കുന്നുണ്ട്. ഇപ്പോഴും ഒരുക്കിക്കൊണ്ടാണിരിക്കുന്നത്. നമ്മളുടെ പേരിലുള്ള തെറ്റുകൾ നിരവധിയാണ്. നശിക്കാതിരിക്കുന്നത് ഈ പരിശുദ്ധന്റെ മദ്ധ്യസ്ഥ പ്രാർത്ഥന കൊണ്ടാണ്. അതുപോലെ പരിശുദ്ധനായ തോമ്മാ ശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥന കൊണ്ടാണ്. അതുപോലെ നമുക്ക് പേരറിഞ്ഞുകൂടാത്ത അനേകായിരം പരിശുദ്ധന്മാരുണ്ട്. ലോകത്തിലുള്ള ക്രൈസ്തവസഭയിൽ ഉണ്ടായിട്ടുള്ള എല്ലാ പരിശുദ്ധ

ന്മാരും ഇന്നും ഈ സാത്താന്റെ ശക്തികൾക്ക് എതിരായി പോരാടി ക്കൊണ്ട് മറയ്ക്കു പുറകിൽ നില്ക്കുന്നുണ്ട് എന്ന കാര്യം നിങ്ങളെ ഞാൻ പ്രത്യേകമായിട്ട് ഓർപ്പിക്കുവാൻ ശ്രമിക്കുകയാണ്.

എന്റെ വാത്സല്യമുള്ളവരെ, പരുമലതിരുമേനി, പ. കന്യകമറിയാം, സകല നീതിമാന്മാരും, സകല പരിശുദ്ധന്മാരും, സകല ശുദ്ധിമതികളും ഇന്നും നമുക്ക് കാണാവുന്ന മറയ്ക്ക് പുറകിൽ നിന്നുകൊണ്ട് നമുക്കു വേണ്ടി പ്രാർത്ഥിക്കുന്നുണ്ട് എന്നുള്ളത് നാം മറക്കരുത് എന്ന് മാത്രമല്ല, അവരോടുള്ള പ്രാർത്ഥനയും അവരെ ഓർക്കുന്നതും കൂടുതലായി ഈ സമയത്ത് വർദ്ധിപ്പിയ്ക്കണം.

എന്റെ വാത്സല്യമുള്ളവരേ, സഭ എന്തിനാണ്? ലോകം മുഴുവനും തിന്മ യിലേക്ക് പോകുന്ന സമയത്ത് അതിന്റെ പുറകെ സഭയും പോകാതെ സഭ ദൈവഹിതം എന്താണെന്ന് വ്യക്തമാക്കുന്ന ഒരു സമൂഹമായി, ദൈവ ത്തിന്റെ സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു കോളനിയായി, നന്മയ്ക്ക് വേണ്ടി മാത്രം നിൽക്കുന്ന നേരും നീതിയുമുള്ള സമൂഹമായി, മനുഷ്യസ്നേഹ മുള്ള ഒരു സമൂഹമായി, ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്ന ഒരു സമൂഹമായി, ഇന്ന് നിലനിന്നെങ്കിൽ മാത്രമേ സാത്താന്റെ ശക്തി നശിച്ചു പോകുകയുള്ളു.

എന്റെ വാത്സല്യമുള്ളവരേ, നാം ഓരോരുത്തരും നീതിയോടും വിശു ദ്ധിയോടും വ്യാജം പറയാതെയും മറ്റുള്ളവരെ വഞ്ചിക്കാതെയും ദ്രവ്യാ ഗ്രഹം കൊണ്ട് തെറ്റായ കാര്യങ്ങൾ ചെയ്യാതെയും ഇനിയും ജീവിച്ചില്ല എങ്കിൽ സാത്താന്റെ ശക്തി വർദ്ധിച്ചുകൊണ്ടിരിക്കും. ഞാനും നേരോടും നീതിയോടും സത്യസന്ധതയോടും ദുരാഗ്രഹമില്ലാതെയും താഴ്മയോടും ജീവിച്ചെങ്കിൽ മാത്രമേ എന്റെ സഭയ്ക്ക് നന്മയുണ്ടാകുന്നുള്ളു; ഈ ലോക ത്തിനു നന്മയുണ്ടാകുന്നുള്ളു. സഭ സഭയായി തീരണം. സഭ ദൈവത്തിന്റെ പ്രത്യക്ഷരൂപമായി തീരണം. സഭ ക്രിസ്തുവിന്റെ ശരീരമായി, ക്രിസ്തു വിന്റെ സ്വഭാവം ലോകത്തിന് കാണിച്ചു കൊടുക്കണം. എന്റെ വാത്സല്യമുള്ളവരേ, ഞാൻ അവസാനിപ്പിക്കുന്നു.

ഇന്ന് നിങ്ങൾ ഇവിടെ വന്നുകൂടിയിരിക്കുന്ന എല്ലാവരും തന്നെ ഒരു തീരുമാനം ചെയ്യണം. “ഞാൻ തിന്മ ചെയ്യുകയില്ല. അനീതി ഞാൻ പ്രവർത്തിക്കുകയില്ല. കള്ളം ഞാൻ പറയുകയില്ല. വഞ്ചന ഞാൻ പരി ശീലിക്കുകയില്ല. സത്യസന്ധതയോടുകൂടെ എന്റെ ചുറ്റുമുള്ള മനുഷ്യരുടെ ആവശ്യങ്ങളെ കണ്ടുകൊണ്ട് അവർക്കുവേണ്ടി ജീവിക്കു വാൻ എന്റെ ജീവിതം ഇന്നുമുതൽ ഞാൻ ഉഴിഞ്ഞു വയ്ക്കുന്നു”. ഇത് കർത്താവിന്റെ സന്നിധിയിൽ പറഞ്ഞ് കർത്താവിൽ നിന്ന് കൃപയും അനു ഗ്രഹങ്ങളും പ്രാപിച്ച് പരിശുദ്ധനായ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥത മൂലം അനുഗ്രഹങ്ങൾ പ്രാപിക്കുന്ന ഒരു നല്ല സമൂഹമായി തീരുവാൻ, ദൈവം തമ്പുരാൻ നിങ്ങളെ എല്ലാവരെയും സഹായിക്കട്ടെ.

*(പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിൽ (1994 നവം. 2) ചെയ്ത പ്രസംഗം.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)

# 18
# നീതിക്കായി വിശന്നു ദാഹിച്ചിരിക്കുക

**1902** നവംബർ മാസം 2-ാം തീയതി കൃത്യം 92 വർഷം മുമ്പാണ് പരുമല തിരുമേനി നമ്മിൽ നിന്നും വാങ്ങിപ്പോയത്. 1947-ലാണ് ആ പിതാവിനെ ഒരു പരിശുദ്ധനായി പ്രഖ്യാപിച്ചത്. അതായത് അദ്ദേഹത്തിന്റെ കാലശേഷം 45 വർഷം കഴിഞ്ഞ്. പക്ഷേ ഈ 1947-ൽ, പരിശുദ്ധനല്ലാതിരുന്ന പരുമല തിരുമേനി പരിശുദ്ധനായി തീർന്നു എന്നർത്ഥമില്ല. അതിനു മുമ്പു തന്നെ ആ പിതാവ് പരിശുദ്ധനായിരുന്നു. അക്കാര്യം 1947-ൽ സഭ അംഗീകരിച്ചു, പ്രഖ്യാപിച്ചു എന്നുള്ളത് മാത്രമേയുള്ളു. ആ പിതാവ് ജീവിച്ചിരുന്ന കാലത്ത് ഈ സഭയുടെ വലിയ പ്രകാശസ്തംഭമായിത്തന്നെ നിലനിന്നു എന്നുള്ളതിന് യാതൊരു സംശയവുമില്ല. സുപ്രസിദ്ധനായ ബാർ എബ്രായയെപ്പോലെ തന്റെ 20-ാം വയസുകളിൽ തന്നെ ഒരു മെത്രാപ്പോലീത്തായായിത്തീർന്ന വലിയ പണ്ഡിതനും വലിയ ഭക്തനുമായ ആ പിതാവിന്റെ സന്നിധിയിൽ എല്ലാ വർഷവും നമുക്ക് ഒരുമിച്ച് കൂടുവാൻ സാധിക്കുന്നു എന്നുള്ളത് ഒരു വലിയ ഭാഗ്യം തന്നെയാണ്.

### സിറിയൻ സ്റ്റുഡൻസ് കോൺഫ്രൻസ്

ആ പിതാവ് നമ്മിൽ നിന്നും കാലം ചെയ്ത് ഏതാണ്ട് രണ്ട് വർഷം കഴിഞ്ഞപ്പോൾ സഭയിൽ ഒരു പുതിയ പ്രസ്ഥാനം സംജാതമായി. അദ്ദേഹം ജീവിച്ചിരുന്ന കാലത്ത് ഉണ്ടായിരുന്നതല്ല. ആ പിതാവ് കാലം ചെയ്ത് ഏതാണ്ട് രണ്ടു വർഷങ്ങൾക്കു ശേഷമാണ് സിറിയൻ സ്റ്റുഡൻസ് കോൺഫ്രൻസ് (S. S. C.) അഥവാ സിറിയൻ സ്റ്റുഡൻസ് അസോസിയേഷൻ എന്നു പേരുള്ള ഒരു സംഘടന ഇവിടെ രൂപവൽകൃതമായത്. അതിനകത്ത് ഏറ്റവും കൂടുതൽ മുൻകൈ എടുത്ത് പ്രവർത്തിച്ചത് സഭയിലെ അല്മായക്കാരായിരുന്നു. സുപ്രസിദ്ധന്മാരായ നമ്മുടെ അല്മായക്കാരെല്ലാം ആദ്യകാലം മുതലെ അതിന് നേതൃത്വം കൊടുത്തിട്ടുണ്ട്. സ്റ്റുഡൻസ് കോൺഫ്രൻസ് കൂടുകയാണെങ്കിൽ സഭയിലെ വലിയ അല്മായ നേതാക്കന്മാരെല്ലാം അവിടെ കാണും എന്നുള്ളത് ഒരു കാലത്തെ പതിവായിരുന്നു. കെ. സി. മാമ്മൻമാപ്പിള, ഒ. എം. ചെറിയാൻ, എം. എ. ചാക്കോ - ഇതുപോലെയുള്ള പ്രശസ്തന്മാരായ വലിയ അല്മായക്കാർ വന്ന് നേതൃത്വം നൽകിയ ഒരു സംഘടനയായിരുന്നു സിറിയൻ സ്റ്റുഡൻസ് അസോസിയേഷൻ അല്ലെങ്കിൽ സിറിയൻ സ്റ്റുഡൻസ് കോൺഫ്രൻസ്.

### മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം

1955-ലാണ് ഈ പ്രസ്ഥാനത്തിന്റെ ചുമതല ഏറ്റെടുക്കുവാൻ എനിക്ക് ഭാഗ്യമുണ്ടായത്. മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രിസ്ത്യൻ

സ്റ്റുഡന്റ് മൂവ്മെന്റ് എന്നൊരു പ്രസ്ഥാനം രൂപവൽക്കരിക്കാൻ എനിക്ക് 1955 ലും 1956 ലും ആയിട്ട് സാധിച്ചു. മുമ്പ് വെറും ആനുവൽ കോൺഫ്രൻസ് മാത്രമായിരുന്ന ഈ സംഘടനയ്ക്ക് തദ്ദേശീയ യൂണിറ്റുകൾ ഓരോ കോളജ് സെന്ററിലും ഉണ്ടാക്കി, അവിടെ തദ്ദേശീയ ഭാരവാഹികളെയാക്കി മൂവ്മെന്റിനെ ഒരു പ്രസ്ഥാനമാക്കി ഉയർത്തി. ഇന്നേക്ക് ഏതാണ്ട് 38 വർഷം മുമ്പാണ്. അതിന്റെ ആരംഭകാലത്ത് ഉത്തരേന്ത്യയിൽപ്പോലും പല കോളജുകളിലും – ആഗ്രായിലും കൽക്കട്ടായിലുമൊക്കെ പോയി – അതിന്റെ ബ്രാഞ്ചുകൾ സ്ഥാപിക്കുവാൻ അന്നെനിക്ക് സാധിച്ചിട്ടുള്ളത് വലിയ സന്തോഷത്തോടെ ഞാൻ ഓർക്കുകയാണ്. ഞാനന്ന് അല്മായക്കാരനായിരുന്നു – പോൾ വർഗീസ്. ആലുവാ ഫെലോഷിപ്പ് ഹൗസിലെ ഒരു അന്തേവാസിയായിട്ട് ജീവിക്കുന്ന കാലത്താണ് ഞാനിത് ചെയ്തത്. എന്നാൽ അതിനു മുമ്പുള്ള അനുഭവം വച്ച് നോക്കുമ്പോൾ നമ്മുടെ സഭയിൽ നല്ല തലയെടുപ്പുള്ള മെത്രാപ്പോലീത്തന്മാർ പലരും ഉണ്ടായിട്ടുള്ളത് സ്റ്റുഡന്റ് മൂവ്മെന്റിൽ നിന്നാണ്. ഭാസുരന്മാരായ വൈദിക ശ്രേഷ്ടന്മാർ ഉണ്ടായിട്ടുള്ളത് സ്റ്റുഡന്റ് മൂവ്മെന്റിൽ നിന്നാണ്. സഭാനേതൃത്വത്തിലേക്ക് എല്ലായ്പ്പോഴും നല്ല സ്ഥാനാർത്ഥികളെ കാഴ്ച വച്ചിരുന്ന ഒരു പ്രസ്ഥാനമായിരുന്നു വിദ്യാർത്ഥിപ്രസ്ഥാനം. ഇന്ന് അത് എത്രമാത്രം ശരിയാണെന്ന് എനിക്കറിഞ്ഞു കൂടാ. ഇന്ന് വിദ്യാർത്ഥിപ്രസ്ഥാനത്തിൽ നിന്ന് മുമ്പോട്ട് വന്ന് മെത്രാന്മാരാകുന്ന ചിലരൊക്കെ ഉണ്ടായിരിക്കാം. അങ്ങനെ സഭയ്ക്ക് ഒരു നേതൃത്വപരിശീലന ക്യാമ്പു കൂടിയായിട്ടാണ് ഈ സ്റ്റുഡന്റ് മൂവ്മെന്റ് പണ്ട് പ്രവർത്തിച്ചിട്ടുള്ളത് എന്ന കാര്യം ഞാൻ വലിയ ചാരിതാർത്ഥ്യത്തോടുകൂടെത്തന്നെ ഓർക്കുകയാണ്.

### ഗിരിപ്രഭാഷണം

കർത്താവിൽ വാത്സല്യമുള്ളവരെ, ഇന്ന് ദീർഘമായ ഒരു പ്രസംഗം ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വേദപുസ്തകത്തിലെ ഒരു ഭാഗത്തെ അടിസ്ഥാനമാക്കി രണ്ടു മൂന്നു കാര്യങ്ങൾ നിങ്ങളെ ഓർപ്പിക്കാനാണ് എനിക്ക് ആഗ്രഹം. അതായത് നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരെ വളരെയധികം കാര്യങ്ങൾ പഠിപ്പിച്ചു. അതിൽ ഏറ്റവും പ്രധാനമായ ഒരു സന്ദേശം വ്യക്തമാക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നമ്മുടെ കർത്താവിന്റെ ഗിരി പ്രഭാഷണത്തെപ്പറ്റി എല്ലാവരും കേട്ടിട്ടുണ്ട്. കർത്താവിന്റെ പഠിപ്പിക്കൽ എന്താണ് എന്നുള്ളതിന്റെ ഒരു സംക്ഷിപ്ത രൂപമാണ് ഗിരിപ്രഭാഷണം. ആ ഗിരിപ്രഭാഷണത്തിന്റെ ആദ്യത്തെ രണ്ടു മൂന്നു Beatitudes നെ സംബന്ധിച്ച് നിങ്ങളെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. കർത്താവ് തന്റെ ഗിരിപ്രഭാഷണം ആരംഭിച്ചത് അന്നത്തെ ആളുകൾക്ക് മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു വാചകത്തിലാണ്. ലൂക്കോസിന്റെ സുവിശേഷം വായിച്ചാൽ കാണുന്നത് “ദരിദ്രരായ നിങ്ങൾ ഭാഗ്യവാന്മാർ” എന്നാണ്. പരീശന്മാരുടെ പഠിപ്പിക്കൽ ധനവാന്മാർ ഭാഗ്യവാന്മാർ എന്നായിരുന്നു. അതായത് മോശയുടെ ന്യായപ്രമാണപ്രകാരമുള്ള നീതി മുഴുവനാക്കുന്ന ആളുകളാണ് ഭാഗ്യവാന്മാർ. പക്ഷേ അവരുടെ കൂട്ടത്തിൽ ഈ പരീശന്മാർ എന്നു പറയുന്നവർ അങ്ങേയറ്റം

വന്നാൽ അയ്യായിരം പേരേ ഉള്ളു. എന്നാൽ യഹൂദ സമൂഹത്തിലെ ഏറ്റവും പണക്കാരായ ആളുകളുടെ പകുതി ഭാഗമാണ് ഈ പരീശന്മാരായിരുന്നത്. അതുകൊണ്ട് അവരുടെ പഠിപ്പിക്കൽ ദൈവത്തെ സേവിച്ചാൽ ദൈവം അനുഗ്രഹിക്കും, പണമുണ്ടാകും എന്നായിരുന്നു. ഇപ്പോഴും പലരുടെയുമൊക്കെ വിചാരം അങ്ങനെയാണെന്നാണ് എനിക്ക് തോന്നുന്നത്. പരുമല പോവുകയും പ്രാർത്ഥിക്കുകയും ഒക്കെ ചെയ്യാമെങ്കിൽ ദൈവം അനുഗ്രഹിക്കും, അഭിവൃദ്ധി ഉണ്ടാകും, പണമുണ്ടാകും, സുഖമായിട്ട് ജീവിക്കാം എന്നൊരു മതം നമുക്കൊക്കെയുണ്ട്. അതാണ് പരീശന്മാരുടെ മതം എന്നു കർത്താവ് പറയുന്നത്. അതായത് ദൈവത്തെ പ്രസാദിപ്പിച്ചാൽ ദൈവം നമുക്ക് പ്രതിഫലം നൽകും എന്നുള്ള പഠിപ്പിക്കൽ. അത് പരീശന്മാരുടെ പഠിപ്പിക്കലാണ്. ആ പഠിപ്പിക്കൽ പ്രകാരം പാവപ്പെട്ടവരെന്നു പറഞ്ഞാൽ പാപികൾ എന്നാണ് അർത്ഥം. ഇതാണ് പരീശന്മാരുടെ പഠിപ്പിക്കൽ. എന്തുകൊണ്ട് നീ പാവപ്പെട്ടവനായി? നീ ദൈവനിയമപ്രകാരം ജീവിക്കാത്തതുകൊണ്ട് നീ പാവപ്പെട്ടവനായി. അതുകൊണ്ട് പാവപ്പെട്ടവനെന്നും പാപിയെന്നും പറയുന്നത് രണ്ടും ഒന്നാണെന്നായിരുന്നു പരീശന്മാരുടെ പഠിപ്പിക്കൽ. അതിന് കടകവിരുദ്ധമായ ഒരു പഠിപ്പിക്കൽ ആണ് കർത്താവിന്റെ പ്രഖ്യാപനം. ദൈവരാജ്യത്തിൽ ധനവാന് പ്രത്യേക സ്ഥാനമൊന്നും ഇല്ല  എന്നുള്ളത് കർത്താവ് ഇവിടെ വ്യക്തമാക്കുകയാണ്. മാത്രമല്ല ദൈവരാജ്യത്തിൽ പ്രവേശിക്കുന്നവർ കുഞ്ഞുങ്ങളെപ്പോലെയും പാവപ്പെട്ടവരെപ്പോലെയും  ഉള്ളവരായിരിക്കണമെന്ന് കർത്താവ് വ്യക്തമാക്കുകയും ചെയ്തു. മത്തായിയുടെ സുവിശേഷത്തിൽ കാണുന്നത് 'ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ' എന്നാണ്. എന്താണ് ഈ ആത്മാവിൽ ദരിദ്രത? പാവപ്പെട്ടവൻ എന്നു പറഞ്ഞാൽ രണ്ട് കാര്യങ്ങളാണ് പ്രധാനപ്പെട്ടതായിട്ടുള്ളത്. ഒന്ന് അവന് അവനവനെ തന്നെ ആശ്രയിക്കുവാൻ സാദ്ധ്യമല്ല. മറ്റുള്ളവരുടെ സഹായംകൊണ്ടേ ജീവിക്കുവാൻ ഒക്കൂ. അതാണ് poverty എന്നുപറയുന്നത്. Poverty എന്നുപറഞ്ഞാൽ Independence കൂടെ ഇല്ലാത്ത അവസ്ഥ. അതായത് always in need. എപ്പോഴും മറ്റുള്ളവർ വല്ലതുമൊക്കെ സഹായിച്ചെങ്കിലേ ജീവിക്കാൻ ഒക്കൂ. ആത്മാവിൽ ദരിദ്രരായവരെന്ന് പറഞ്ഞാലും ഏറെക്കുറെ അത് തന്നെയാണ്. അതായത് ഞാൻ ആത്മാവിൽ ധനികനാണ്, എനിക്ക് യാതൊന്നും ആവശ്യമില്ല, Spiritual power ഉണ്ട്, Energy ഉണ്ട് എന്ന് വിചാരിക്കുന്നവന് ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ സാധ്യമല്ല. ഞാൻ ദരിദ്രനാണ്, ദൈവത്തിന്റെ കരുണകൊണ്ട് മാത്രമേ എനിക്ക് ജീവിക്കാൻ ഒക്കൂ എന്ന് വിചാരിക്കുന്നവരെക്കുറിച്ചാണ് poor in spirit എന്നു പറയുന്നത്.

എന്റെ വാത്സല്യമുള്ളവരേ, എനിക്ക് നിങ്ങളോട് പറയാനുള്ള പ്രധാനകാര്യം; നമ്മൾ എന്തെങ്കിലും ചെയ്തിട്ട് അതിന്റെ പ്രതിഫലമായിട്ട് ദൈവം നമുക്കെന്തെങ്കിലും തരും, ദൈവരാജ്യം തരും എന്നല്ല പഠിപ്പിക്കുന്നത്. പക്ഷേ ദൈവരാജ്യത്തിന്റെ മക്കൾക്ക് ഉണ്ടായിരിക്കേണ്ട ചില പ്രത്യേകഗുണവിശേഷങ്ങളെക്കുറിച്ചാണ് ഈ വേദഭാഗം നമ്മെ പഠിപ്പി

ക്കുന്നത്. ഒന്നാമത്തെ ഗുണവിശേഷം poverty of spirit. ആത്മാവിൽ ദരിദ്ര രായിരിക്കുക. ആത്മീയമായി പാവപ്പെട്ടവനായിരിക്കുക. എനിക്ക് എന്നിൽ തന്നെ ആത്മീയമായി യാതൊന്നുമില്ല എന്നു മനസിലാക്കിക്കൊണ്ട് ദൈവ ത്തിന്റെ കരുണയിൽ ആശ്രയിക്കുക. അതാണ് ദൈവരാജ്യത്തിന് ഏറ്റവും ആവശ്യമായിട്ടുള്ളത്. ഇന്ന് വളരെ വിരളമാണീ കാര്യം. എനിക്ക് കഴി വില്ല, എന്നെക്കൊണ്ടൊന്നും വയ്യ, ദൈവം തമ്പുരാൻ വിചാരിച്ചെങ്കിലേ എനിക്ക് ജീവിക്കാൻ ഒക്കൂ എന്നു പറയുന്നവർ ചുരുക്കമാണ്. ദൈവരാ ജ്യത്തിലേക്ക് പ്രവേശിക്കുന്നവർ തങ്ങളുടെ സ്വന്തം അപര്യാപ്തതയും അപ്രാപ്തിയും അറിഞ്ഞുംകൊണ്ട് താഴ്മയോടെ ദൈവത്തിൽ ആശ്രയിച്ച് ജീവിക്കുന്നവരായിരിക്കണം.

രണ്ടാമത് കർത്താവ് പറയുന്നത്, അതുപോലെ തന്നെ പ്രയാസമേ റിയ ഒരു വാക്കാണ്: “വിലപിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ.” അന്നു പരീ ശന്മാർ പഠിപ്പിക്കുന്നതിന്റെ നേരെ വിപരീതമാണ്. ദൈവം അനുഗ്രഹി ക്കുന്നവൻ ഒരിക്കലും സങ്കടം കാണുകയില്ല എന്നാണ് പരീശന്മാരുടെ പഠിപ്പിക്കൽ. അതിന്റെ നേരെ വിപരീതമാണ് കർത്താവിന്റെ പഠിപ്പിക്കൽ. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നവർ എപ്പോഴും വിലപിച്ചുകൊണ്ടിരിക്കു ന്നവരാണ്. അവനവന്റെ പരാജയങ്ങളെക്കുറിച്ച് മാത്രമല്ല, ലോകത്തിന്റെ പരാജയത്തെക്കുറിച്ചും, ധാർമ്മികതയുടെ പരാജയത്തെക്കുറിച്ചും, മനു ഷ്യന്റെ പ്രയാസങ്ങളെക്കുറിച്ചുമൊക്കെ വിലപിച്ചുകൊണ്ടിരിക്കുന്നവരാണ് ദൈവരാജ്യത്തിന്റെ മക്കൾ. ലോകം അനുഭവിക്കുന്ന കഷ്ടപ്പാടുകളെപ്പറ്റി മനസ്സലിവുണ്ടായിട്ട് അതിനെപ്പറ്റി കരഞ്ഞ് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന വരെയാണ് ദൈവരാജ്യത്തിലേക്ക് ദൈവം പ്രവേശിപ്പിക്കുന്നത്. എനിക്ക് ഇന്ന് നിങ്ങളോട് പറയാനുള്ള ഒരു കാര്യമതാണ്. ലോകത്തിനു വേണ്ടി കരയാൻ, നമുക്കു വേണ്ടി തന്നെയല്ല, ലോകത്തിനു മുഴുവൻ വേണ്ടി, സഭയ്ക്കുവേണ്ടിയും – അതിന്റെ പ്രയാസങ്ങളും കഷ്ടപ്പാടുകളും മന സ്സിലാക്കി, കരയാൻ സാധിക്കുന്നവരെയാണ് ദൈവരാജ്യത്തിന് ആവശ്യം. അതുപോലെ സുപ്രധാനമായിട്ടുള്ളതാണ് “താഴ്മയുള്ളവർ ഭാഗ്യവാന്മാർ” എന്നതും. ഇന്ന് നമ്മുടെ സമൂഹത്തിലുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളു ടെയും പുറകിൽ കിടക്കുന്നത് അഹങ്കാരമാണ്. ഓരോ മനുഷ്യന്റെയും അഹങ്കാരം. ഞാൻ മറ്റൊരാളേക്കാൾ വലിയവനാണ് എന്ന അഹങ്കാരം. ആ അഹങ്കാരം നമ്മിൽ നിന്നു മാറിയെങ്കിലേ ദൈവരാജ്യത്തിന്റെ മക്ക ളായിത്തീരുവാൻ സാധിക്കൂ.

നാലാമത് നമ്മുടെ കർത്താവ് പറയുന്നു, “നീതിക്കായി വിശന്നു ദാഹി ച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ.” നിങ്ങൾക്ക് അങ്ങനെയൊരു വിശപ്പുണ്ടോ? ലോകത്തിൽ നീതിയുണ്ടാകണം, ലോകത്തിൽ നിന്ന് അനീതി പരിഹരി ക്കപ്പെടണം, എല്ലാ മനുഷ്യരും നീതിയോടു കൂടെ സമൂഹത്തിലും വ്യക്തി പരമായും ജീവിക്കണം എന്നു ദാഹത്തോടും വിശപ്പോടും കൂടെ ആഗ്ര ഹിക്കുന്നുണ്ടോ? ദൈവരാജ്യത്തിന്റെ മക്കൾ, നീതി ലോകത്തിൽ മുഴുവൻ, സഭയിൽ മുഴുവൻ, നടക്കുവാൻ വേണ്ടി വളരെയധികം വിശപ്പും ദാഹവും ഉള്ളവരാണ്. അല്ലാതെ ഞാൻ മാത്രം പരിശുദ്ധനാകണം എന്നു പറയു

ന്നയാളല്ല. നീതി എല്ലായിടത്തും നടപ്പിലാകുവാൻ വേണ്ടി നിന്റെ രാജ്യം വരേണമേ, നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകേണമേ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും അതിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് ദൈവരാജ്യത്തിന്റെ മക്കൾ.

മറ്റൊന്ന് കർത്താവ് നമ്മെ പഠിപ്പിച്ചിട്ടുള്ളത്, "കരുണ കാണിക്കുന്നവർ ഭാഗ്യവാന്മാർ" എന്നാണ്. ദൈവരാജ്യം അവരുടേതാണ്. മറ്റുള്ളവരുടെ പ്രയാസം എന്റെ സ്വന്തം പ്രയാസമായി കാണുക. അതിനുവേണ്ടി എന്നെക്കൊണ്ട് കഴിയുന്നത് എല്ലാം ചെയ്യുക. എന്റെ പ്രയാസങ്ങളെ മറന്നിട്ട് മറ്റുള്ളവരുടെ പ്രയാസങ്ങളിൽ കഷ്ടപ്പെട്ട് അവരെ സഹായിക്കുവാൻ സാധിക്കുക. അങ്ങനെയുള്ളവരാണ് ദൈവരാജ്യത്തിന്റെ മക്കൾ.

പിന്നെ കർത്താവ് പഠിപ്പിക്കുന്നത്, "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണുന്നു" എന്നാണ്. എന്താണ് ഈ ഹൃദയശുദ്ധി? ഹൃദയം എന്നു പറഞ്ഞാൽ സാധാരണ നമ്മൾ ചിന്തിക്കുന്നത് വികാരങ്ങളുടെ ആസ്ഥാനം എന്നാണ്. വേദപുസ്തകത്തിൽ ഹൃദയം എന്നു പറയുന്നത് വികാരങ്ങളുടെ ആസ്ഥാനമല്ല. മനുഷ്യന്റെ വ്യക്തിത്വത്തിന്റെ സെന്റർ ആണ്. നമുക്കുള്ള ഇച്ഛാശക്തി, വികാരശക്തി, ചിന്താശക്തി – ഈ മൂന്നു ശക്തികളുടെയും പിറകിൽ നിൽക്കുന്ന ഞാൻ എന്നു പറയുന്ന ആ പ്രതിഭാസം, അതാണ് ഹൃദയം. ഇതാണ് പഴയനിയമത്തിൽ ഹൃദയം എന്ന വാക്കിന്റെ അർത്ഥം. മനുഷ്യവ്യക്തിത്വത്തിന്റെ കേന്ദ്രമാണ് ഹൃദയം. ഏതിൽ നിന്ന് നമ്മുടെ വികാരങ്ങളും നമ്മുടെ ചിന്തകളും നമ്മുടെ ഇച്ഛകളും ഉദിക്കുന്നുവോ അതാണ് ഹൃദയം. Poor in Heart എന്നു പറഞ്ഞാൽ, വികാരങ്ങൾ ദുഷിച്ചതാകുന്നതിനെക്കുറിച്ച് മാത്രമല്ല, ദൈവത്തിന്റെ തിരുവിഷ്ടം നടക്കണമെന്ന ഒറ്റ ആഗ്രഹമേ ഉള്ളൂ. മറ്റു യാതൊരു അഗ്രഹങ്ങളുമില്ല. ആരെല്ലാം തള്ളിക്കളഞ്ഞാലും കുഴപ്പമില്ല, എനിക്ക് സ്ഥാനമുണ്ടായാലും ഇല്ലെങ്കിലും കുഴപ്പമില്ല, ഞാൻ ഭക്ഷണം കഴിച്ചാലും ഇല്ലെങ്കിലും കുഴപ്പമില്ല, അതൊന്നുമല്ല പ്രധാനമായിട്ടുള്ളത്. ഏകാഗ്രമായി ദൈവതിരുഹിതം ഈ സൃഷ്ടിയിൽ നടക്കുവാൻ വേണ്ടി, ആത്മാർത്ഥമായ ഹൃദയത്തോടെ ഏകാഗ്രമായി ജീവിതം ഉഴിഞ്ഞുവയ്ക്കുന്നവരാണ് ഹൃദയശുദ്ധിയുള്ളവർ. അവരാണ് ദൈവത്തെ കാണുകയും അറിയുകയും ചെയ്യുന്നത്. അതുകൊണ്ട് വാത്സല്യമുള്ളവരെ, നമ്മുടെ ഹൃദയങ്ങൾക്ക് ശുദ്ധിയുണ്ടാകണമെങ്കിൽ വികാരങ്ങളുടെ മേൽ വിജയം പ്രാപിച്ചാൽ മാത്രം പോരാ. ആന്തരിക മനുഷ്യന്റെ സർവ്വ ഓറിയന്റേഷനും ദൈവത്തിന്റെ ഇഷ്ടം നടക്കാൻ വേണ്ടിയാകണം.

അവസാനം കർത്താവ് പറഞ്ഞ ആ beatitude അന്ന് ആർക്കും ഒരു പിടിയും കിട്ടിയില്ല. നീതിക്കു വേണ്ടി പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ. നന്മ ചെയ്തിട്ട് മറ്റുള്ളവർ നമ്മെപ്പറ്റി തിന്മ പറയുമ്പോൾ ദൈവത്തെ സ്തുതിക്കുക. ഇത് എങ്ങും കാണുകയില്ല. ഹിന്ദുമതത്തിലും ഇസ്ലാമിലും ഒന്നും കാണുകയില്ല. നമുക്കെതിരായിട്ട് നിൽക്കുന്നവൻ നമ്മുടെ ശത്രുവാണ് എന്ന ചിന്തയേ മറ്റു മതത്തിൽ അധികവും കാണുകയുള്ളൂ. എന്നാൽ അങ്ങനെയല്ല, നമ്മൾ നന്മ ചെയ്യുമ്പോൾ പോലും നമ്മെപ്പറ്റി

ചീത്ത പറയുമ്പോൾ അതാണ് ദൈവരാജ്യത്തിന്റെ മക്കളുടെ സ്വഭാവം. അല്ലാതെ ഇയാൾ നല്ലവനാണ്, പരിശുദ്ധനാണ്, വലിയ ആളാണ് എന്നു പറഞ്ഞുകൊണ്ട് ജനങ്ങളെല്ലാം കൊണ്ടാടിക്കൊണ്ട് നടക്കുകയൊന്നുമില്ല. ദൈവരാജ്യത്തിന്റെ മകനോ മകളോ ആണെങ്കിൽ നമ്മൾ നന്മ ചെയ്യു മ്പോൾ നമ്മെ പീഡിപ്പിക്കും, നമ്മെപ്പറ്റി കുറ്റം പറയും. അതിന് തയ്യാ റുള്ളവരെയാണ് കർത്താവ് തിരഞ്ഞെടുത്ത് വിളിച്ചത്. പത്രോസ് ശ്ലീഹാ യായാലും തോമ്മാശ്ലീഹായായാലും, പിന്നീട് പൗലോസ് ശ്ലീഹായായാലും. അവരെയെല്ലാം വിളിച്ചത് അതിനുവേണ്ടിയാണ്. ദൈവരാജ്യത്തിനുവേണ്ടി കഷ്ടമനുഭവിക്കുവാൻ, ദൈവരാജ്യത്തിനുവേണ്ടി നല്ലത് പ്രവർത്തിക്കു വാനും, അതേസമയത്ത് ആ നല്ലതിന് പകരമായി ചീത്ത കേൾക്കാനുമാ യിട്ടാണ് ദൈവം തന്റെ മക്കളെ വിളിച്ചിരിക്കുന്നത്. വലിയ ഒരു പ്രത്യേക പ്രതിഭാസമാണ്. ഈ ലോകത്തിൽ നന്മ ചെയ്തുകൊണ്ട് തിന്മ പറയപ്പെ ടുന്നവരായിട്ട് ജീവിക്കുക എന്നുള്ളതാണ് ദൈവരാജ്യത്തിന്റെ അർത്ഥം.

എന്റെ വാത്സല്യമുള്ളവരേ, ദൈവരാജ്യത്തിന്റെ മക്കളായി നിങ്ങളെ ല്ലാവരും ജീവിക്കാൻ തക്കവിധം നിങ്ങളെയും എന്നെയും നമ്മുടെ സഭ യിലുള്ള എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ. പരിശുദ്ധനായ പരു മലതിരുമേനിയുടെ നാമത്തിലുള്ള ഈ സ്ഥാപനം മേൽക്കുമേൽ അഭി വൃദ്ധി പ്രാപിക്കട്ടെ. ഇത് മൂലം അനേകർ ദൈവത്തിങ്കലേക്ക് അടുത്തു വരുകയും ദൈവത്തിനായി തങ്ങളെത്തന്നെ ഉഴിഞ്ഞുവയ്ക്കുകയും ചെയ്യു വാൻ ഇടവരട്ടെ. നിങ്ങളെ എല്ലാവരെയും ദൈവംതമ്പുരാൻ അനുഗ്രഹി ക്കട്ടെ.

*(1994 ലെ പരുമലപ്പെരുന്നാളിനോടനുബന്ധിച്ചു നടന്ന മാർ ഗ്രിഗോറി യോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം സമ്മേളനത്തിൽ ചെയ്ത പ്രസംഗം.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)

# 19
# കുരിശിന്റെ വഴി

**ക**ർത്താവിൽ വാത്സല്യമുള്ളവരേ, ഇന്ന് സ്ലീബായ്ക്ക് ശേഷം ഒന്നാമത്തെ ഞായറാഴ്ചയാണ്. സ്ലീബാ പെരുനാളിന് ശേഷമുള്ള ഞായറാഴ്ചകളിൽ സഭ ക്രമീകരിച്ചിരിക്കുന്ന വായനകൾ ശ്രദ്ധേയമാണ്. സ്ലീബായുടെ മാർഗം എന്താണ്? സ്ലീബായുടെ അർത്ഥം എന്താണ്? കുരിശിന്റെ വഴി എന്താണ് എന്ന് നമുക്ക് വ്യക്തമായി മനസ്സിലാക്കുവാനുള്ള പല ഭാഗങ്ങളാണ് വായനകളായി ക്രമീകരിച്ചിരിക്കുന്നത്.

ക്രിസ്ത്യാനികളായ നാം എല്ലാവരും കുരിശിന്റെ വഴിയെ അനുഗമിക്കുന്നവരാണ്. പക്ഷേ ആ വഴി എന്താണ് എന്നുള്ളത് വീണ്ടും വീണ്ടും നമ്മെ പ്രബോധിപ്പിക്കേണ്ടിയിരിക്കുന്നു. കാരണം ആ വഴിയെ വിട്ട് നമുക്ക് ഇഷ്ടമുള്ള വഴിയെ നടക്കുവാനാണ് നമുക്ക് പലപ്പോഴും ആഗ്രഹം തോന്നുന്നത്. നാം സാധാരണ നടക്കുന്ന വഴിയിൽ നിന്ന് വീണ്ടും കുരിശിന്റെ വഴിയിലേക്ക് തിരിയുക എന്നുള്ളതാണ് ഈ ദിവസങ്ങളിലെ വായനകളുടെ പ്രത്യേകമായ അർത്ഥം.

കഴിഞ്ഞ വായനയിൽ, ശ്ലീഹന്മാർ കർത്താവിനെ ദേവാലയത്തിനകത്തേക്ക് കൊണ്ടുപോകുകയായിരുന്നു. ദേവാലയത്തിനകത്ത് അതിമനോഹരങ്ങളായ മന്ദിരങ്ങൾ പണിതുയർത്തിയിരിക്കുന്നു. നല്ല നല്ല കെട്ടിടങ്ങളും ഗോപുരങ്ങളുമൊക്കെ കാണിച്ചുകൊടുത്തിട്ട്, എന്തു മനോഹരമായിരിക്കുന്നു ഈ കെട്ടിടങ്ങൾ എന്ന് ശ്ലീഹന്മാർ പറഞ്ഞു. കർത്താവ് എന്താ പറഞ്ഞത്? “നിങ്ങൾ കാണുന്ന ഈ മന്ദിരങ്ങളെല്ലാം കല്ലിന്മേൽ കല്ല് ശേഷിക്കാതെ നാമാവശേഷമാകുവാൻ ഉള്ളതാകുന്നു.” ഈ ലോകത്തിൽ ഒരു നന്മയും സൗന്ദര്യവും ഒന്നും ultimate ആയിട്ട് നിലനിൽക്കുവാൻ ഒക്കുകയില്ല. അന്തിമമായിട്ട് നന്മയുണ്ട്, സൗന്ദര്യമുണ്ട്, ബ്യൂട്ടിയുണ്ട്, സത്യമുണ്ട്. എല്ലാമുണ്ട്. പക്ഷേ അതിന്റെ പ്രതിഫലനങ്ങളായിട്ട് ഈ ലോകത്തിൽ കാണുന്ന ഒന്നിനെയും നമുക്ക് അവസാനമായി പിടിക്കുവാൻ ഒക്കുകയില്ല.

ദൈവാലയം ദൈവത്തിന്റെ ആലയമാണ്, അതിമനോഹരമായ കെട്ടിടങ്ങളാണ്. പക്ഷേ അതിനോട് നമ്മുടെ Final attachment ആകാൻ ഒക്കുകയില്ല. നമ്മുടെ Final attachment, പ്രധാനമായ നമ്മുടെ ബന്ധം എന്നു പറയുന്നത് കുരിശിനോടും, കുരിശിന്റെ വഴിയോടും അതിന്റെ ലക്ഷ്യമാകുന്ന ദൈവസാന്നിദ്ധ്യത്തോടും മാത്രമേ ഒക്കൂ. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഇതു വളരെ പ്രയാസമുള്ള കാര്യമാണ്.

എന്റെ എളിയ ചിന്തയിൽ Beauty അല്ലെങ്കിൽ സൗന്ദര്യം എന്നു പറയുന്നത് ദൈവത്തിന്റെ സ്വഭാവമാണ്. പക്ഷേ നമ്മൾ ഉദ്ദേശിക്കുന്നതുപോലെയുള്ള beauty യല്ല. അതായത് ദൈവത്തിന് രൂപമില്ല. രൂപത്തിന്റെ സൗന്ദര്യമല്ല. പക്ഷേ ഇഹലോകത്തിൽ ആ സൗന്ദര്യം കാണപ്പെടുന്നത് രൂപങ്ങ

ളുടെ സൗന്ദര്യത്തിൽ കൂടെയും നിറങ്ങളുടെ സൗന്ദര്യത്തിൽ കൂടെയും വരകളുടെയും വരികളുടെയും സൗന്ദര്യത്തിൽ കൂടെയും കെട്ടിടങ്ങളുടെയും മറ്റ് എല്ലാറ്റിന്റെയും, സൗന്ദര്യത്തിൽ കൂടെയും വസ്ത്രത്തിന്റെ സൗന്ദര്യത്തിൽ കൂടെയുമാണ്. എല്ലാ സൗന്ദര്യങ്ങളും ദൈവത്തിൽ നിന്ന് വരുന്നതാണ്. അതിന്റെ പല പ്രതിഫലനങ്ങളാണ് ഈ ലോകത്തിൽ കാണുന്നത്. പക്ഷേ ഇതിലേതെങ്കിലുമൊരു പ്രതിഫലനത്തോട് നമ്മുടെ attachment ആയാൽ അതു കുരിശിന്റെ വഴിയല്ല. ഇതെല്ലാം നീങ്ങിപ്പോകാൻ വേണ്ടിയുള്ളതാണ്. ഈ ലോകത്തിലെ എല്ലാ മഹത്വങ്ങളും ഭംഗികളും സൗന്ദര്യങ്ങളും – സംഗീതത്തിന്റേതായാലും കലയുടേതായാലും മറ്റെന്തിന്റേതായാലും – എല്ലാം നീങ്ങിപ്പോകാനുള്ളതാണ്.

പക്ഷേ ഈ ലോകത്തിൽ നമുക്ക് അവയെ ഉപയോഗിക്കാം. എന്തിനു വേണ്ടി? പ്രത്യേകിച്ച് ദൈവാരാധനയ്ക്ക് വേണ്ടി ഉപയോഗിക്കാം. എല്ലാ ഭംഗിയും എല്ലാ സൗന്ദര്യവും ദേവാലയത്തിൽ കൊണ്ടുവന്ന് നിക്ഷേപിക്കുക എന്നുള്ളതാണ് ശലോമോന്റെ കാലം മുതലുള്ള പ്രധാന തത്വം. നമുക്കുള്ളതിൽ ഏറ്റവും നല്ലത് ദേവാലയത്തിൽ സ്ഥാപിക്കണം. ദേവാലയം ദൈവത്തിന്റെ സൗന്ദര്യത്തിന്റെ ഒരു പ്രതീകമായി നമ്മുടെയിടയിൽ നിൽക്കണം. പക്ഷേ ദേവാലയം എന്നു പറയുന്നത് കല്ലും മണ്ണും മരവും കൊണ്ട് കെട്ടിയുണ്ടാക്കുന്നതാണ്. അതിന് നിത്യമായ സൗന്ദര്യമൊന്നുമില്ല. നിത്യമായ സൗന്ദര്യത്തിന്റെ പ്രതീകമാണ് ദേവാലയം. അതുകൊണ്ട് ദേവാലയം ഭംഗിയായിരിക്കണം. പക്ഷേ അധികം അതിനോട് attachment വരുമ്പോൾ ശത്രുക്കൾ വന്ന് ദേവാലയം പൊളിച്ച് നാശമാക്കിക്കളയും. നമുക്ക് നമ്മുടെയീ ഭാരതത്തിൽ ദൈവം സഹായിച്ച് സ്വതന്ത്രമായിട്ട് ജീവിക്കാൻ ഒക്കുന്നുണ്ട്. സ്വതന്ത്രമായി ആരാധിക്കാൻ ഒക്കുന്നുണ്ട്. ഇത് എന്നും നിലനിന്നുകൊള്ളണമെന്നില്ല. നാളെ ഒരു ഗവൺമെന്റ് വന്നിട്ട്, "ഒക്കുകയില്ല, ക്രിസ്ത്യാനികൾക്ക് ഇവിടെ ആരാധിക്കുവാൻ അവകാശമില്ല" എന്നു പറയുകയും നമ്മുടെ ദേവാലയങ്ങളെല്ലാം തകർക്കുകയും ചെയ്താൽ എന്തു സംഭവിക്കും? ഒന്നും സംഭവിക്കില്ല. കാരണം യഥാർത്ഥ ദേവാലയം എന്നു പറയുന്നത് നാം തന്നെയാണ്. നമ്മിലാണ് യഥാർത്ഥമായ സൗന്ദര്യവും ഭംഗിയും കാണേണ്ടത്. ക്രിസ്ത്യാനികളുടെ സമൂഹമാണ് ദൈവത്തിന്റെ ശരീരം, ദൈവത്തിന്റെ ആലയം, ദൈവത്തിന്റെ മന്ദിരം. നാമാണ് ആ മന്ദിരത്തിലെ കല്ലുകൾ. നാം പരസ്പരം അനുയോജ്യമായി സ്നേഹത്തിലും സമാധാനത്തിലും ജീവിക്കുമ്പോൾ അതാണ് ദൈവത്തിന്റെ യഥാർത്ഥ മന്ദിരം. അതിനെ ഒന്നും ചെയ്യാൻ അവർക്ക് ഒക്കുകയില്ല. കൊല്ലാനൊക്കും, കൊന്നാലും ആ മന്ദിരം തീർന്നുപോകുകയില്ല, അതു നിത്യമായ മന്ദിരമാണ്, ദൈവത്തിന്റെ മന്ദിരമാണ്. ക്രിസ്തുവിന്റെ ശരീരത്തിലേക്ക് ഒട്ടിച്ചേർക്കപ്പെട്ടിട്ടുള്ള കല്ലുകളാകുന്ന ജീവനുള്ള കല്ലുകളാകുന്ന, നമ്മെക്കൊണ്ട് കെട്ടിപ്പടുക്കപ്പെട്ടിട്ടുള്ള മന്ദിരമാണ്.

വാത്സല്യമുള്ളവരേ, നമുക്ക് ഒന്നുകൊണ്ടും ഭയപ്പെടേണ്ട ആവശ്യമില്ല. എന്തെല്ലാം നാശങ്ങൾ വന്നാലും ഒന്നും ഭയപ്പെടേണ്ട. ദൈവം നമുക്ക് നൽകിയിട്ടുള്ള തന്റെ ജീവൻ എന്നുള്ളത് ഈ ലോകത്തിൽ ഒരാൾക്കും

നശിപ്പിക്കുവാൻ ഒക്കുകയില്ല. ഏതു ഗവൺമെന്റ് വന്നാലും ശരി, ഏത് സർവ്വാധികാരി വന്നാലും ശരി, ഒരാൾക്കും നശിപ്പിക്കുവാൻ ഒക്കാത്ത ഒരു ജീവിതം ദൈവംതമ്പുരാൻ നമുക്ക് നൽകിയിട്ടുണ്ട്. അതിന്റെ വഴി യാണ് കുരിശിന്റെ വഴി എന്നുള്ളതെന്ന് നിങ്ങളുടെ സ്നേഹത്തോടെ ആദ്യ മായി ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഈ ലോകത്തിലുള്ള യാതൊന്നിനും നമ്മെ നശിപ്പിച്ചുകൂടായെങ്കിലും ഈ ലോകത്തിലുള്ള എല്ലാറ്റിനെയും നാം ഭംഗിയാക്കി ദൈവത്തിന്റെ ഭംഗി, ആ ഭംഗിയിൽ കൂടി കാണപ്പെടുവാൻ തക്കവിധം നമ്മുടെ പരിസരങ്ങളെ നാം ഉപയോഗിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യണമെന്നുള്ളതാണ് ആദ്യമായി എനിക്ക് നിങ്ങ ളോട് പറയുവാനുള്ളത്.

രണ്ടാമത്, ഇന്നത്തെ ഈ വായന നിങ്ങൾ ശ്രദ്ധിച്ചുവെങ്കിൽ ഏവൻഗേ ലിയോനിൽ പറഞ്ഞത് കർത്താവ് എപ്പോഴാണ് വരുന്നതെന്ന് നമുക്ക് അറി ഞ്ഞുകൂടാ. എവിടെ വരും, എങ്ങിനെവരും, ഇതാ അവിടെ, ഇതാ ഇവിടെ എന്നു പറഞ്ഞാൽ നിങ്ങൾ ഓടരുത്. അല്ലെങ്കിൽ ഇന്ന ദിവസം ഇത്രാം തീയതി കർത്താവ് വരും എന്നു പറഞ്ഞാൽ നിങ്ങൾ കേൾക്കണ്ട. പല പെന്തിക്കോസ്തുകാരും, പല രണ്ടാം വരവുകാരും, അഡ്വന്റിസ്റ്റുകളു മൊക്കെ ഇതിനുമുമ്പ് പലപ്രാവശ്യം ഇങ്ങനെ പ്രവചിച്ചിട്ടുണ്ട്. ഇത്രാം തീയതി കർത്താവ് തിരിച്ചുവരുമെന്നും പറഞ്ഞ്. അമേരിക്കയിലാണ് ഏറ്റവും വലിയ വിഭ്രാന്തി കണ്ടിട്ടുള്ളത്. നല്ല പ്രാസംഗികന്മാർ പോയി ഒക്ടോ. മാസം 15-ാം തീയതി 4 മണിക്ക് കർത്താവ് വരുമെന്ന് അനൗൺസ് ചെയ്യും. എന്നിട്ട് ആളുകളോട് പറയും, "നിങ്ങൾ വീട്ടിൽ നിന്നൊക്കെ ഇറങ്ങി വല്ല മണലാരണ്യത്തിലുമൊക്കെ പോയി നിന്നുകൊണ്ട്, കർത്താവ് വരുവാൻ വേണ്ടി കാത്തുനിൽക്കുവാൻ." അത് വിശ്വസിച്ച് പതിനായിര ക്കണക്കിനാളുകൾ വിജനസ്ഥലങ്ങളിലേക്ക് പോയി കാത്തുനിൽക്കും. കർത്താവ് ഈ പറഞ്ഞ ദിവസം വരികയില്ല. അപ്പോൾ വേറൊന്നു പറയും. "ഓ കർത്താവ് വന്നു. പക്ഷേ ഇങ്ങോട്ടല്ല വന്നത്. സ്വർഗ്ഗത്തിൽ തന്നെ വേറെയൊരിടത്തേക്കാണ് പോയത്" എന്നുപറഞ്ഞ് ഒരു മുടന്തൻ വാദമു ണ്ടാക്കി ജനങ്ങളെ സമാധാനിപ്പിക്കും. അങ്ങിനെയാണ് ഈ സെവന്ത്ഡേ അഡ്വൻന്റിസ്റ്റുകളും യഹോവയുടെ സാക്ഷികളുമൊക്കെ ഉണ്ടായിട്ടു ള്ളത്. ഈ പറയുന്ന അബദ്ധചിന്തകൊണ്ടാണ്.

കർത്താവ് നമ്മോട് പറയുന്നു, നിങ്ങളത് കേൾക്കരുത്. ഇന്ന ദിവസം ഇന്ന സമയത്ത് വരുമെന്ന് ആരെങ്കിലും പറഞ്ഞാൽ നിങ്ങൾ കേൾക്കണ്ട. അല്ലെങ്കിൽ ഇത്രാം ആണ്ടിൽ ലോകാവസാനം ഉണ്ടാകുമെന്നു പറഞ്ഞാൽ അത് കേൾക്കണ്ട. ലോകാവസാനവും കർത്താവിന്റെ വരവും ഈ നിമിഷ ത്തിൽ തന്നെയുണ്ടാകാം. അതിന് വിരോധമൊന്നുമില്ല. പക്ഷേ ആയിരം കൊല്ലം കഴിഞ്ഞും ആവാം. ഏതു നിമിഷത്തിൽ വന്നാലും നമ്മൾ attentive ആയിട്ട് കാണണം. 'യജമാനൻ വരുമന്നേരം ഉണർവ്വുള്ളോരായി തൻ മുന്തി രിത്തോട്ടത്തിൽ കാൺമോരീ ഭാഗ്യവാന്മാർ'. അതാണ് നമ്മളിൽ നിന്ന് പ്രതീ ക്ഷിക്കുന്നത്. എപ്പോൾ കർത്താവ് വന്നാലും we must be found working and labouring in the vineyard of God. കർത്താവ് നമ്മെ പഠിപ്പിച്ചിട്ടുള്ളത് അതാണ്.

ഇന്നു വന്നാലും, രണ്ടായിരമാണ്ടിൽ വന്നാലും, ഈ ആണ്ടിൽ വന്നാലും അടുത്താണ്ടിൽ വന്നാലും, എപ്പോൾ വന്നാലും വരുമ്പോഴൊക്കെ, നാം ദൈവത്തിന്റെ കുരിശിന്റെ വഴിയിൽ നടക്കുന്നവരായി കാണപ്പെടണം. ആ വഴിയുടെ പ്രത്യേകമായിട്ടുള്ള അർത്ഥം രണ്ടാണ്. ഏറ്റവും പ്രധാനമായിട്ടുള്ളത് എല്ലായ്പ്പോഴും ദൈവതിരുനാമത്തെ ആരാധിക്കുകയും ദൈവത്തിന് ബലിയായി തന്നെത്തന്നെ അർപ്പിക്കുകയും ചെയ്യുക. രണ്ടാമത്തേത്, മനുഷ്യരാശിക്കു വേണ്ടി നമ്മുടെ സ്വന്തം ജീവിതത്തെ ഒഴിഞ്ഞു കൊടുത്ത് അവരെ പരിചരിക്കുക. ആവശ്യമുള്ളവരെ, പ്രയാസപ്പെടുന്നവരെ പരിചരിക്കുക. 'യജമാനൻ വരുമന്നേരത്ത് പരിചരിക്കുന്ന വർ' എന്ന് പറയുന്നത് അതാണ്. അതായത് പരിചാരകൻ എന്നുള്ള വാക്ക് ഗ്രീക്ക് ഭാഷയിൽ ഡിയാക്കോൻ എന്നാണ്; ഡീക്കൻ എന്നാണ്. ഡീക്കൻ, ശംശോനോ, ശെമ്മാശൻ എന്നു പറഞ്ഞാൽ ശുശ്രൂഷകൻ, പരിചാരകൻ എന്നാണ് അർത്ഥം. എന്താണ് ശുശ്രൂഷ? ദൈവാലയത്തിൽ ദൈവത്തിന്റെ സാന്നിദ്ധ്യത്തെക്കുറിക്കുക, ലോകത്തിൽ പ്രയാസമുള്ള മനുഷ്യരെ ശുശ്രൂഷിക്കുക. ഇത് രണ്ടുമാണ് ഡിയാക്കോണിയ എന്നു പറയുന്നത്. ഒരു ശെമ്മാശന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് ആരാധനയിൽ സഹായിക്കുക, ലോകത്തിലെ മനുഷ്യരുടെ ആവശ്യങ്ങളെ അറിഞ്ഞ് അവരെ സഹായിക്കുക എന്നിവയാണ്. ഇതാണ് കർത്താവ് നമ്മെ ഏല്പിച്ചിട്ടുള്ള ദൗത്യം. ഇതാണ് കുരിശിന്റെ വഴി.

*(ഡൽഹി ഭദ്രാസന അരമനപള്ളിയിൽ ചെയ്ത പ്രസംഗം. 1994 സെപ്റ്റം. 18.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്*)*

# 20

# കുരിശിന്റെ വഴിയിൽ നടക്കുക

ഈ വചനം വളരെ സുപ്രധാനമായ വചനമാണ്. ശിഷ്യന്മാർ ഇത് പല പ്രാവശ്യം കേട്ടിട്ടും അവർക്ക് മുഴുവനായിട്ട് മനസ്സിലായില്ല. കർത്താവിന്റെ ക്രൂശുമരണത്തിനു ശേഷമാണ് ഇതിന്റെ അർത്ഥം അവർക്ക് മനസ്സിലാവുന്നത്.

എന്തുകൊണ്ട് മനുഷ്യപുത്രൻ മനുഷ്യരുടെ കൈയിൽ ഏല്പിക്കപ്പെടണം, എന്തുകൊണ്ട് മനുഷ്യപുത്രൻ മരിക്കണം, എന്തുകൊണ്ട് മനുഷ്യപുത്രൻ വീണ്ടും ഉയിർത്തെഴുന്നേൽക്കണം. ഇതുകൊണ്ടെങ്ങനെയാണ് മനുഷ്യന്റെ രക്ഷ ഉണ്ടാകുന്നത് എന്നുള്ളതിനെക്കുറിച്ച് ശിഷ്യന്മാർക്ക് സംശയമുണ്ടായിരുന്നു. അവർ വിചാരിച്ചത്, കർത്താവ് തന്റെ പ്രാർത്ഥന മൂലം ഈ ലോകത്തിലുള്ള സകല തിന്മയെയും മാറ്റിയിട്ട് തന്റെ രാജ്യം സ്ഥാപിക്കുമെന്നും അങ്ങനെ എല്ലാവർക്കും സുഖമായിട്ട് ആ രാജ്യത്തിൽ വസിക്കാമെന്നുമായിരുന്നു.

ഇപ്പോൾ നമ്മുടെ മറ്റു മതങ്ങളിലുള്ള സഹോദരങ്ങൾ, ക്രിസ്തീയ വിശ്വാസത്തിന്റെ ഈ മർമ്മത്തെക്കുറിച്ച് അധികം ബോധവാന്മാരല്ല. കർത്താവ് മതപുരോഹിതന്മാരുടെ കൈയിൽ ഏല്പിക്കപ്പെട്ടുവെന്നും, അവർ തന്നെ വധിച്ചുവെന്നും, താൻ മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റുവെന്നുമുള്ളതാണ് ക്രിസ്തീയ വിശ്വാസത്തിന്റെ വലിയ മർമ്മം, പക്ഷേ പുറത്തുള്ളവർ പറയുന്നത്, ഇതൊക്കെ എന്തിനാ പറയുന്നത്, കർത്താവ് പഠിപ്പിച്ച എത്രയോ നല്ല കാര്യങ്ങളുണ്ടല്ലോ, അത് പറഞ്ഞാൽ പോരേ, എന്തിനാ മരിക്കുന്ന കാര്യം പറയുന്നത് എന്നാണ്.

അത് തന്നെയാണ് ശ്ലീഹന്മാരുടെ ചിന്തയിലും ഉണ്ടായിരുന്നത്. പക്ഷേ കർത്താവ് പറഞ്ഞു, അങ്ങനെ മരിക്കുന്നതു കൊണ്ടു മാത്രമേ ലോകത്തിനു രക്ഷ ഉണ്ടാകുകയുള്ളു. കുരിശിന്റെ മാർഗ്ഗത്തിൽ കൂടിയല്ലാതെ ലോകത്തിന് രക്ഷയില്ല. ഇപ്പോഴും നമ്മുടെ ചിന്ത ഈ കുരിശിന്റെ മാർഗത്തിൽ പോകാതെ സർക്കാരോ അല്ലെങ്കിൽ യുണൈറ്റഡ് നേഷൻസോ മറ്റാരെങ്കിലും നമ്മെ രക്ഷിക്കുമെന്നുള്ള തരത്തിലാണ്. അത്തരത്തിലാണ് നമ്മുടെ രാഷ്ട്രീയവും എല്ലാ കാര്യങ്ങളും പോകുന്നത്.

മനുഷ്യന്റെ പ്രവൃത്തി മൂലം മനുഷ്യസമൂഹത്തിന് രക്ഷയുണ്ടാകുമെന്നുള്ള ഒരു ധാരണയിലാണ് അധികം രാഷ്ട്രീയവും അധികം

ചിന്തയും ഇന്നത്തെ സെക്കുലർ ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ക്രിസ്ത്യാനികൾ പ്രത്യേകം ലോകത്തോട് പറയുന്നത് അങ്ങനെയല്ല. കുരിശിന്റെ മാർഗത്തിൽ കൂടി പോകുവാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. മറ്റുള്ളവർക്കുവേണ്ടി നമ്മുടെ തന്നെ ജീവനെ നാം ബലി കഴിക്കണം. അതു മൂലമേ രക്ഷയുണ്ടാകൂ. അല്ലാതെ നാം പോയി കുറെ സാമൂഹ്യപരിഷ്ക്കാരങ്ങളും സാമ്പത്തിക പരിഷ്ക്കാരങ്ങളും വരുത്തി ലോകത്തെ അഥവാ സമൂഹത്തെ ഉയർത്തിയെടുക്കാമെന്നും സ്വാതന്ത്ര്യപ്പെടുത്താമെന്നുമുള്ള വ്യാമോഹം കർത്താവ് പഠിപ്പിച്ചില്ല. കർത്താവ് പഠിപ്പിച്ചത് കുരിശിന്റെ വഴിയാണ്. അതായത്, തന്റെ ശിഷ്യന്മാരായിട്ടുള്ളവർ തന്നെപ്പോലെ തന്നെ യാതൊരു അധികാരവും സ്ഥാനവും ഒന്നും കാംക്ഷിക്കാതെ തങ്ങളെത്തന്നെ ബലിയായിട്ട് ഒരുക്കിക്കൊണ്ട്, അവസാനം അധികംപേരും രക്തസാക്ഷി മരണം പ്രാപിച്ച് സഭയെ വളർത്തിയെടുക്കണമെന്നുള്ള ആ ഒരു കാര്യം ഇന്നും പലർക്കും മനസ്സിലാകുന്നില്ല. ഇന്നും പലർക്കും, നമ്മൾ ക്രിസ്ത്യാനികളായിരുന്നാൽ ദൈവത്തിൽ നിന്നും എന്തെല്ലാമോ പ്രത്യേക അനുഗ്രഹങ്ങൾ കിട്ടും, പൈസ ഉണ്ടാകും, ജോലി കിട്ടും അല്ലെങ്കിൽ അസുഖം മാറും എന്നുള്ള ചിന്തയാണുള്ളത്. ഇങ്ങനെയൊക്കെയുള്ള കാര്യങ്ങൾക്കു വേണ്ടി മാത്രം ദൈവത്തെ സമീപിക്കുക എന്നുള്ളതാണ് നമ്മുടെ വിശ്വാസമായി തീർന്നിരിക്കുന്നത്.

അങ്ങനെയല്ല വാത്സല്യമുള്ളവരേ, നമ്മുടെ ജീവിതത്തെ ദൈവത്തിനായി ബലിയായി അർപ്പിക്കണം. നമ്മുടെ ജീവിതത്തെ ത്യാഗപൂർവ്വം ലോകത്തിനുവേണ്ടി, ലോകജനതയ്ക്കു വേണ്ടി ഒരുക്കുകയും ചെയ്യുമ്പോൾ അതുകൊണ്ട് രക്ഷയുണ്ടാകും എന്നല്ല, അതിൽകൂടി ദൈവം പ്രവർത്തിച്ചുകൊള്ളും. പക്ഷേ, ഉണ്ടാകുന്നത് അവസാനം മരണം ആയിരിക്കാം. എപ്പോഴും നമ്മൾ ചെയ്യേണ്ടത് സ്വയപരിത്യാഗം ആണ്. ക്രിസ്ത്യാനികളിൽ നിന്ന് കാണുവാൻ ലോകം പ്രതീക്ഷിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം ഈ സ്വയപരിത്യാഗമാണ്. എല്ലാവരും അവനവന്റെ കാര്യം കാണുവാൻവേണ്ടി വെമ്പൽ കൊള്ളുന്നു. സ്വന്തം താല്പര്യങ്ങളെക്കുറിച്ച് ചിന്തിക്കാതെ മറ്റുള്ളവരോട് സമരം ചെയ്ത് എല്ലാം നേടിയെടുക്കാൻ ശ്രമിക്കാതെ, തങ്ങളെത്തന്നെ മറ്റുള്ളവർക്കുവേണ്ടി ബലിയായി ഒരുക്കിക്കൊടുക്കുക എന്നുള്ളതാണ് കുരിശിന്റെ വഴി എന്ന് ഞാൻ നിങ്ങളുടെ സ്നേഹത്തെ പ്രത്യേകമായി ഓർപ്പിക്കുന്നത്. ഈ കുരിശിന്റെ വഴി നമ്മൾ ഒരിക്കലും മറന്നുപോകരുത്. പ്രത്യേകിച്ചും സ്ലീബായുടെ വലിയ പെരുന്നാളിന്റെ ഈ സമയത്ത്. കുരിശിന്റെ മാർഗ്ഗത്തെ നമ്മളുടെ ജീവിതത്തിലും പ്രാവർത്തികമാക്കുന്നത് എങ്ങനെ എന്ന് നാം കൂടുതൽ ചിന്തിക്കേണ്ടത് ആവശ്യമാണ്.

രണ്ടാമതിന്ന്, ശീമോൻ പത്രോസിനോട് സംഭാഷണം നടത്തിയതിന്റെ കാര്യമുണ്ട്. അതായത് ദേവാലയ നികുതി. യരുശലേം ദേവാലയത്തിന്റെ റീശിസ്സാ എന്നു പറഞ്ഞ് ഒരു നാണയം വീതം എല്ലാ യഹൂദന്മാരും (റോമാ ഗവർണർക്കു കൊടുക്കാനുള്ളതല്ല) ദേവാലയത്തിനു കൊടുക്കാൻ വേണ്ടിയുള്ള നികുതി പിരിവാണ്. അല്ലെങ്കിൽ റീശിസായാണ്. എല്ലാവർക്കും ഒരേ തുകയാണ്. അത് കൊടുക്കാൻ വേണ്ടി നികുതി പിരിവുകാർ കർത്താവിന്റെ അടുക്കൽ വന്നപ്പോൾ, കർത്താവ് ശീമോനെ വിളിച്ചു ചോദിച്ചു. 'ശീമോൻ, സാധാരണഗതിയിൽ രാജാക്കന്മാർ ഇങ്ങനെ കരവും നികുതിയുമൊക്കെ പിരിക്കുന്നത് സ്വന്തം മക്കളിൽ നിന്നാണോ, അന്യരിൽ നിന്നാണോ.' രാജാക്കന്മാർ അധികവും പിരിച്ചു കൊണ്ടിരുന്നത് അന്യന്മാരിൽ നിന്നാണ്. പൗരന്മാർ അല്ലാത്തവരിൽ നിന്നാണ്, പൗരന്മാർ ഒന്നും കൊടുക്കേണ്ട ആവശ്യമില്ല. അവർ സ്വതന്ത്രന്മാർ ആണ് എന്നുള്ളതായിരുന്നു. അപ്പോൾ തിരഞ്ഞെടുക്കപ്പെട്ട ആളുകൾ മാത്രമേ കരം കൊടുക്കേണ്ട ആവശ്യമുള്ളു. പത്രോസിനോടു കർത്താവ് ചോദിച്ചു, ആരുടെ കൈയിൽ നിന്നാണ് ഈ കരം പിരിക്കുന്നത്? തങ്ങളുടെ മക്കളിൽ നിന്നല്ല. മറ്റുള്ളവരിൽ നിന്നുമാണ്. അപ്പോൾ പിന്നെ നമ്മൾ എന്തിനാ കരം കൊടുക്കുന്നത്, ദേവാലയ നികുതി കൊടുക്കുന്നത് എന്തിനാണ്? നമ്മൾ മക്കളല്ലേ? ദേവാലയത്തിന്റെ മക്കൾ അല്ലേ. ദേവാലയത്തിന്റെ കരം വേണമെങ്കിൽ അത് യഹൂദന്മാർ എല്ലാം കൂടി ഇട്ടാൽ പോരെ? എന്നാലും സാരമില്ല, എല്ലാവരും കൊടുക്കുന്നു. ആ കൂട്ടത്തിൽ നമുക്കും കൊടുക്കാം എന്നു പറഞ്ഞ്, നമ്മുടെ കർത്താവായ യേശുമശിഹാ തന്നെ പത്രോസിനോട് നിർദ്ദേശം കൊടുത്തു. 'നീ പോയി മീൻ പിടിക്കൂ. ആ പിടിക്കുന്ന മീനിന്റെ വായിൽ ഒരു നാണയം കാണും. അത് നികുതിയായിട്ട് നീ കൊടുത്തേക്കൂ' എന്ന് കർത്താവ് പറഞ്ഞു.

ഇവിടെയും വാത്സല്യമുള്ളവരേ, നാം കാണുന്ന പ്രധാന തത്വം, കർത്താവ് എല്ലാവിധത്തിലും മനുഷ്യരുമായി താദാത്മ്യം പ്രാപിച്ചു. മറ്റുള്ള മനുഷ്യർ ചെയ്യുന്നതുപോലെയൊക്കെ ചെയ്തു. ദേവാലയ നികുതി പോലും കൊടുക്കുകയില്ല എന്ന് പറഞ്ഞ് ബഹളം വച്ചില്ല. അതുപോലും കൊടുത്തു. എന്തിനുവേണ്ടി? യഹൂദ മക്കൾ കൊടുക്കുന്ന എല്ലാ കാര്യങ്ങളും സ്വയമായി സ്വീകരിച്ച് അവരോട് പരിപൂർണ്ണമായി താദാത്മ്യം പ്രാപിക്കുവാനാണ് താൻ ആഗ്രഹിച്ചത്. അല്ലാതെ താൻ ദൈവപുത്രനാണ്, അതുകൊണ്ട് ദേവാലയ നികുതി കൊടുക്കുകയില്ല എന്ന് കർത്താവ് പറഞ്ഞില്ല. കർത്താവ് കരം കൊടുക്കുക തന്നെ ചെയ്തു.

എന്റെ വാത്സല്യമുള്ളവരേ, ഇതിൽ നിന്നു നാം പ്രധാനമായിട്ടു മനസ്സിലാക്കാനുള്ളത് കർത്താവ് തന്നെത്തന്നെ സ്വയം താഴ്ത്തി നമ്മെപ്പോലെ ആയിത്തീർന്നു. നമ്മുടെ എല്ലാ ബലഹീനതകളും സാദ്ധ്യതകളും സ്വയം

സ്വീകരിച്ചു നമുക്കുവേണ്ടി ജീവിക്കുകയും നമുക്കുവേണ്ടി മരിക്കുകയും ചെയ്തുവെന്നുള്ളതാണ് ഏറ്റവും പ്രധാനമായ കാര്യം. ദേവാലയ നികുതി നീതീകരിക്കാവുന്നതാണോ അല്ലയോ എന്നുള്ളതല്ല പ്രധാനമാ യിട്ടുള്ളത്. കർത്താവ് എല്ലാ മനുഷ്യരും പ്രവർത്തിക്കുന്നതുപോലെ താനും കൊടുക്കണമെന്നു തീരുമാനിക്കുകയും എല്ലാ മനുഷ്യരെയും പോലെ തന്നെത്തന്നെ താഴ്ത്തി നമ്മോട് ഒന്നാകുകയും ചെയ്തു.

എന്റെ വാത്സല്യമുള്ളവരേ, ഇന്ന് ക്രിസ്തീയ വിശ്വാസികൾ, ഞങ്ങൾ നിങ്ങളേക്കാൾ ഉയർന്നവരാണെന്നൊന്നും പറയാതെ, നമ്മളെത്തന്നെ സ്വയം താഴ്ത്തി മറ്റുള്ളവരുടെ ദാസന്മാരും ദാസികളുമായി സ്നേഹ പൂർവ്വം സേവനം ചെയ്യുന്ന ഒരു സഭ ഉണ്ടാകുമ്പോളാണ് സുവിശേഷ ത്തിന് വിശ്വാസ്യത ഉണ്ടാകുന്നത്. ഇപ്പോൾ നമ്മൾ പറയുന്ന സുവിശേഷം ആരും കേൾക്കുന്നില്ല. അതിന്റെ കാരണം, ആ സുവിശേഷം പ്രഖ്യാപി ക്കുന്ന സഭയ്ക്ക് അതിന്റെ ഗുണങ്ങൾ ഒന്നും കാണുന്നില്ല എന്നുള്ള താണ്. സത്യസന്ധത, ത്യാഗശീലം, സ്വഭാവ പരിഷ്ക്കരണം ഇങ്ങനെ യുള്ള കാര്യങ്ങളൊക്കെ സഭയിൽ ഉണ്ടാവുകയും സഭ തങ്ങളെത്തന്നെ മറ്റുള്ളവർക്ക് ഒരുക്കികൊടുക്കുന്നവരായി ജീവിച്ച് കുരിശിന്റെ വഴിയിൽ ചരിക്കുകയും വേണം. കർത്താവായ യേശു മശിഹാ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്നുള്ള സുവിശേഷം ലോകം വിശ്വസിക്കാനിട വരണമെങ്കിൽ ആ സുവിശേഷം ആ കുരിശിന്റെ വഴിയുടെ ഫലങ്ങൾ നമ്മളുടെ ജീവിതത്തിൽ കാണണം. നമ്മളുടെ മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ കാണണം. നമ്മുടെ മനോഭാവത്തിൽ കാണണം. അങ്ങനെ ദൈവത്തിന്റെ കുരിശിന്റെ വഴിയിൽ നടക്കുന്ന ഒരു സത്യ സഭയായി തീരുവാൻ ദൈവംതമ്പുരാൻ നമ്മളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

*(വി. കുർബാനമദ്ധ്യേ നടത്തിയ ഒരു പ്രസംഗം.)*

# 21

# നല്ല ഇടയൻ

ജനങ്ങൾക്കുവേണ്ടി സ്വയം സംസ്കരിക്കുന്ന, സ്വയം കഷ്ടപ്പെടുന്ന, സ്വയം ബുദ്ധിമുട്ടുകളനുഭവിക്കുന്ന, സത്യത്തിനുവേണ്ടി എതിർപ്പും ആക്ഷേപവും പരിഹാസവും സഹിക്കുന്ന ആളാണ് നല്ല ഇടയൻ.

കർത്താവ് പരീശന്മാരെക്കുറിച്ച് പറയുന്നു, നിങ്ങൾ പോകുന്നിടത്തൊക്കെ നിങ്ങൾക്ക് മുഖ്യാസനം വേണം, റബ്ബീ എന്നെല്ലാവരും വിളിക്കുന്നത് നിങ്ങൾക്കു കേൾക്കണം. ഇതൊക്കെയാണ് പരീശന്മാരുടെ കുറ്റങ്ങളായി കർത്താവ് പറയുന്നത്. ഇങ്ങനെയുള്ള കുറ്റങ്ങൾ ഇടയന്മാരിൽ കാണരുത്. അവർ മുഖ്യാസനങ്ങളെ ആഗ്രഹിക്കരുത്. അവനവൻ ഏറ്റവും വലിയ ആളാണെന്ന് പറഞ്ഞ് അഹങ്കരിക്കരുത്.

എല്ലാവർക്കുംവേണ്ടി സ്വയം പരിത്യജിക്കുന്ന, ലോകം നിന്ദിച്ചാലും കുഴപ്പമൊന്നുമില്ല, ലോകത്തിൽ വലിയ സ്റ്റാറ്റസ് ഒന്നും കിട്ടിയില്ലെങ്കിലും കുഴപ്പമൊന്നുമില്ല, സ്വന്തം ഇടവകയിലെ ആളുകൾക്കുവേണ്ടിയും, നമ്മുടെ സമൂഹത്തിലെ ജനങ്ങൾക്കുവേണ്ടിയും സ്വയം ബലികഴിക്കുന്ന, അൺപോപ്പുലർ കോസസിനുവേണ്ടി നീതിയുടെ ഭാഗത്തു നിന്നുകൊണ്ട് സമരം ചെയ്യുന്നവരായിട്ട് അച്ചന്മാർ തീരണം. അങ്ങനെ ചെയ്താൽ വലിയ കുഴപ്പമുണ്ടാകുമെന്ന് ഞാൻ പറയാതെതന്നെ അറിയാമല്ലോ.

നീതിയുടെ ഭാഗത്തുനിന്ന് തിന്മയ്ക്കെതിരായി സമരം ചെയ്യണം. ചെന്നായ എന്നു പറഞ്ഞാൽ നമ്മളെ കൊല്ലാൻ വരുന്നവരല്ല. നമ്മുടെ ആടുകളെ നശിപ്പിക്കാൻ വരുന്ന തിന്മകൾ ധാരാളമുണ്ട്. ആ തിന്മകൾക്കെതിരായിട്ട് സമരം ചെയ്യുമ്പോൾ നമുക്കും കേടു പറ്റും. സംശയമൊന്നുമില്ല. പക്ഷേ, ആ തിന്മകൾക്കെതിരായിട്ട് സമരം ചെയ്യുവാനും അതുപോലെ കുറെ ത്യാഗങ്ങൾ അനുഭവിക്കാനും നിങ്ങൾക്ക് അവസരമുണ്ടാകണം. ഇന്നത്തെ കാലത്ത് കേരളത്തിൽ മാത്രമല്ല, ലോകത്തിലൊട്ടാകെ തിന്മയ്ക്കു വലിയ ശക്തി ലഭിച്ചുകൊണ്ടിരിക്കുകയാണ്. തിന്മയുടെ അണ്യൂഷൽ ആയിട്ടുള്ള ഫോംസ് ആണ് നമ്മളിപ്പോൾ കാണുന്നത്. അതിൽ ഒന്നാണ് എയ്ഡ്സ് എന്നു പറയുന്നത്. മറ്റൊന്ന് മൈൻഡ്ലെസ് വയലൻസ്; അത് ഭയങ്കരമാണ്. അമേരിക്കയിൽ പ്രത്യേകിച്ചും കാണുന്നുണ്ട്. ഒരു സമയത്ത് ഒരു മനുഷ്യൻ, പെട്ടെന്നുള്ള ഉൾപ്രേരണ ഉണ്ടായിട്ട് തോക്കുമെടുത്ത് പുറത്തേക്കിറങ്ങിയിട്ട് കാണുന്നവരെയൊക്കെ വെടിവയ്ക്കുകയാണ്. ഒരു ഉദ്ദേശ്യവും ഇല്ല. അതാണ് മൈൻഡ്ലെസ് വയലൻസ്. ഏതോ ഒരു പൈശാചികശക്തി മനുഷ്യനിൽ പ്രവേശിച്ച് അവൻ

സാധാരണഗതിയിൽ ചെയ്യുകയില്ലാത്ത കാര്യങ്ങൾ പോലും ചെയ്യിച്ചു കൊണ്ടിരിക്കുകയാണ്.

മൂന്നാമത്, ഇപ്പോൾ പ്ലേഗ് പോലുള്ള ഒരു സാധനം വെസ്റ്റിൽ വരുന്നുണ്ട്. അതായത് പഴയ ബാക്ടീരിയകളെ പ്രതിരോധിക്കുവാൻ ആന്റിബയോട്ടിക്കുകൾ കൊടുത്തുകൊടുത്ത് ആ ബാക്ടീരിയകൾക്ക് ആന്റിബയോട്ടിക്കുകളെ റെസിസ്റ്റ് ചെയ്യാനുള്ള ശക്തി ഉണ്ടായിരിക്കുകയാണ്. അങ്ങനെ ശക്തിയുള്ള ധാരാളം ബാക്ടീരിയാകൾ ലോകത്തിലുണ്ട്. അമേരിക്കയിൽ 1993–ൽ 13500 ആളുകൾ മരിച്ചത് ഇങ്ങനെയുള്ള ബാക്ടീരിയാകൊണ്ടാണ്. അതായത്, എന്ത് ആന്റിബയോട്ടിക്സ് കൊടുത്താലും ഏൽക്കുകയില്ലാത്ത ബാക്ടീരിയ. എന്തിന്റെ ബാക്ടീരിയയാണ്? ട്യൂബർകുലോസിസ്, മെനെഞ്ചൈറ്റിക്സ് പോലെയുള്ള രോഗങ്ങളുടെ ബാക്ടീരിയകളാണ്. ആന്റിബയോട്ടിക്സുകൊണ്ട് നമ്മളവയെ അതിജീവിച്ചു കഴിഞ്ഞു എന്ന് പറയുന്ന മരുന്നുകളാണ്. വലിയ പേടിയാണ് യുഎസിന്. ബാക്ടീരിയയ്ക്ക് എല്ലാം ഇതുപോലെയുള്ള റസിസ്റ്റന്റ് പവർ വന്നാൽ എയ്ഡ്സിന്റെ അനുഭവം തന്നെയാണ്. എയ്ഡ്സ് എന്നു പറഞ്ഞാൽ എന്താണ്? എമൂ ഡെഫിഷൻസി ആണ്. ബാക്ടീരിയയെ ഫൈറ്റ് ചെയ്യുവാനുള്ള കഴിവ് ശരീരത്തിന് ഇല്ലാതാവുക എന്നു പറയുന്നതാണ് എയ്ഡ്സ്. ബാക്ടീരിയ വന്ന് നമ്മളെ അറ്റാക്ക് ചെയ്താൽ ആ ബാക്ടീരിയ കൊണ്ടുണ്ടാകുന്ന രോഗം റെസിസ്റ്റ് ചെയ്യാൻ സാധിക്കാതെ വരിക എന്നു പറഞ്ഞാൽ സാധാരണക്കാർക്കു വലിയ പേടിയുണ്ടാകുന്ന ഒരു കാര്യമാണ്.

അങ്ങനെ ആലോചിച്ചു നോക്കുമ്പോൾ ആർക്കെങ്കിലും എന്തെങ്കിലും ഒരു ആപത്ത് ഉണ്ടാകുന്ന സമയത്ത് അത് ദൈവശിക്ഷയാണെന്ന് പറയാൻ വലിയ മടിയാണ്. ഭൂകമ്പം ഉണ്ടായി, പ്ലേഗ് ഉണ്ടായി. അതൊക്കെ ദൈവശിക്ഷയാണെന്ന് പറയാൻ എനിക്ക് മടിയാണ്. കർത്താവ് പറഞ്ഞിട്ടുണ്ടല്ലോ ശീലോഹോമിലെ ഗോപുരം വീണപ്പോൾ, അത് അവിടെയുള്ളവരോട് മാത്രം ദൈവം ചെയ്ത ശിക്ഷയാണോ? അല്ല, നിങ്ങളും അനുതപിച്ചില്ലെങ്കിൽ നിങ്ങൾക്കും അങ്ങനെ വരുമെന്ന് കാണിക്കാൻ വേണ്ടിയാണെന്നാണ് കർത്താവ് പഠിപ്പിച്ചത്. മറ്റു സ്ഥലങ്ങളിൽ ഇതുപോലെയുള്ള വയലൻസും ആന്റിബാക്ടീരിയയും പ്ലേഗും വർദ്ധിക്കുന്ന സമയത്ത് അവർക്കു ദൈവശിക്ഷയാണെന്നു പറയരുത്. മനുഷ്യരാശിയെ മുഴുവനും പഠിപ്പിക്കാൻ വേണ്ടിയാണ് ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ ഉണ്ടാകുന്നത്.

ഇതുപോലെയുള്ള അനേക അനീതികൾ വരുന്ന കൂട്ടത്തിൽ ഒന്നാണ് അഴിമതി. എത്ര തുടച്ചുമാറ്റാൻ ശ്രമിച്ചിട്ടും സാധിക്കാത്ത അഴിമതി

നമ്മുടെ കേരളത്തിലും വന്നുകഴിഞ്ഞു. വടക്കേ ഇന്ത്യയിലൊക്കെ പണ്ടേ ഉണ്ടായിരുന്നു. ഇപ്പോൾ ഇവിടെയും സമഗ്രമായിട്ട് വ്യാപിച്ചു കഴിഞ്ഞു. ഇതിനെതിരായിട്ട് ആര് പിടിച്ചുനിൽക്കും? പ്രസക്തമായ ചോദ്യമാണിത്.

നിങ്ങളുടെ പ്രാദേശിക ഇടവകയെ അഴിമതിക്കെതിരെ എതിർത്തു നില്ക്കുവാൻ പ്രാപ്തമാക്കുക. അഴിമതി പൈശാചികമാണ്. അഴിമതി ക്രിസ്ത്യാനികളും അല്ലാത്തവരുമായ എല്ലാവരെയും നശിപ്പിക്കുന്ന ഒന്നായതുകൊണ്ട് അതിനെതിരായിട്ട് നിൽക്കാൻ നമുക്ക് സാധിക്കണം.

ഒരു നല്ല ഇടയന്റെ ചുമതല എന്നു പറയുന്നത് ചെന്നായ്ക്കൾ വരുമ്പോൾ ഓടിക്കളയാതെ, ധൈര്യമായിട്ട് നിൽക്കുക എന്നുള്ളതാണ്. അതിന്റെ ഇന്നത്തെ പ്രസക്തി ഇതാണ്. സമൂഹത്തിലെ തിന്മകളാകുന്ന ചെന്നായ്ക്കൾ ജനങ്ങളെ നശിപ്പിക്കുവാൻ വരുമ്പോൾ അവയ്ക്കെതിരായിട്ട് നില്ക്കണം. അതുമൂലം സ്ഥാനം പോയാലും, ചീത്തപ്പേരുണ്ടായാലും, ഗവണ്മെന്റ് എതിരായാലും സാരമില്ല, നിൽക്കാൻ നോക്കണം, ഓടരുത്. തിന്മ വരുമ്പോൾ ഭയപ്പെട്ട്, 'അയ്യോ, എന്നെ കൊള്ളുകയില്ല, ഞാനിതിനകത്തൊന്നും പെടാൻ പോകുന്നില്ല' എന്നു പറഞ്ഞ് നിൽക്കാതെ തിന്മകൾക്കെതിരായുള്ള സമരത്തിൽ മുമ്പോട്ടു നിൽക്കുന്ന ആളാണ് നല്ല ഇടയൻ. അങ്ങനെയുള്ള നിൽപ്പിൽ പലപ്പോഴും ക്ഷതമേറ്റെന്നു വരും, ചിലപ്പോൾ മരണം തന്നെ വന്നെന്നു വരും. എന്നാലും പിടിച്ചുനിൽക്കാൻ കഴിയുകയാണ് വേണ്ടത്.

ഡൽഹിയിൽ, നമ്മുടെ കോട്ടയം കലക്ടറായിരുന്ന അൽഫോൻസ് കണ്ണന്താനം പ്രതിനിധാനം ചെയ്തത് അത്ഭുതാവഹമായ പ്രവർത്തനം ആണ്. ഒരു സർക്കാർ ഉദ്യോഗസ്ഥൻ ഇത്രയും ധൈര്യമായിട്ട് തന്റെ ഭാര്യയെയും അതുപോലെ കുറച്ച് ആളുകളെയും കൂട്ടിക്കൊണ്ട് അഴിമതിക്കെതിരായിട്ട് മുമ്പോട്ട് ചെന്ന് അടികൊള്ളുകയും ചെയ്തു. അദ്ദേഹത്തെയും ഭാര്യയെയും അളിയനെയും അടിച്ചു. ഇത് നമ്മൾ ക്രിസ്തീയ സഭകൾ ചെയ്യേണ്ടതായിരുന്നു. ഇതുപോലെ ധൈര്യമായിട്ട് തിന്മയെ അഭിമുഖീകരിക്കുകയും അതുമൂലം അടികൊള്ളുകയും ചെയ്യുക. അടിച്ചവനെയെല്ലാം തിരിച്ചടിക്കുക എന്നുള്ളതല്ല പ്രധാനമായ കാര്യം. ഈ ധീരോദാത്തമായ, തിന്മയ്ക്കെതിരായിട്ടുള്ള നിൽപ്പുമൂലം യഥാർത്ഥ ഇടയനായിത്തീർന്നു അൽഫോൻസ്. അൽഫോൻസിന് സാധാരണഗതിയിൽ കോടിക്കണക്കിന് രൂപാ ഉണ്ടാക്കാനുള്ള അവസരം ഉണ്ടായിരുന്നു. ആ കോടിക്കണക്കിന് രൂപ ഉണ്ടാക്കാനുള്ള അവസരത്തെ തള്ളിക്കളഞ്ഞ് സത്യത്തിനും നീതിക്കും വേണ്ടി അൽഫോൻസ് നിന്നു എന്നുള്ളതാണ് പ്രധാനം. കത്തോലിക്കാ സഭയിലെ അംഗമാണെങ്കിലും എനിക്ക് വളരെയധികം അഭിമാനമുണ്ട് അദ്ദേഹത്തിന്റെ കാര്യത്തിൽ. ഞാൻ അദ്ദേ

ഹത്തെ അന്നുതന്നെ വിളിച്ച് അഭിനന്ദിക്കുകയും ചെയ്തു. അൽഫോൻസ് വളരെ കഷ്ടപ്പെട്ടു, പ്രയാസപ്പെട്ടു എങ്കിലും ധൈര്യമായിട്ട് ക്രിസ്തുവിൽ ആശ്രയിച്ചുകൊണ്ട് പോകുന്നു.

നല്ല ഇടയന്റെ ഒരു പ്രധാനപ്പെട്ട കാര്യം നമ്മിൽ നിന്നു വരേണ്ടത് അങ്ങനെയാണ്. ചെന്നായ്ക്കൾക്കെതിരായിട്ട് ഇടവകയെ കൂടെനിർത്താനും അതിന്റെ മുമ്പിൽ അച്ചൻ തന്നെ നിൽക്കാനും സാധിക്കണമെന്ന് എനിക്ക് തോന്നുന്നു. അങ്ങനെ വരുമ്പോൾ നിങ്ങളീ കരിസ്മാറ്റിക്ക്കാരെപ്പറ്റിയൊന്നും വിഷമിക്കേണ്ടി വരികയില്ല. നിങ്ങളുടെ ജീവിതത്തിൽ ഈ പറയുന്ന കാര്യങ്ങൾ നടക്കുകയാണെങ്കിൽ സഭ വളർന്നുകൊള്ളും. സഭയ്ക്ക് പ്രശ്നങ്ങൾ ഉണ്ടാകും. എന്നാലും പ്രശ്നങ്ങൾ ഉണ്ടെങ്കിലും സഭ വളരും. സഭയ്ക്കകത്തുള്ള തിന്മകൾ കൂടി ചൂണ്ടിക്കാണിക്കുക എന്നത് പ്രയാസമുള്ള കാര്യമാണ്. സഭയ്ക്കകത്തുള്ള അനീതി ചൂണ്ടിക്കാണിച്ചാൽ വള്ളം ഇളകും, മുങ്ങും എന്നൊക്കെ പേടിയുണ്ട് നമുക്ക്. പക്ഷേ, കുറച്ച് അങ്ങനെ ചെയ്യാതെ ഒക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഇപ്പോൾ നമ്മുടെ സഭയിൽ വളരെയധികം തിന്മ വർദ്ധിച്ചുവരികയാണ്. ഞങ്ങളൊക്കെ അതിനകത്തുള്ളവരാണ്. മുകളിൽ മുതൽ താഴോട്ട് എല്ലാവരും ഈ പ്രശ്നത്തിൽപെട്ടു കിടക്കുകയാണ്. അതിൽ സാത്താൻ കയറുന്ന പ്രധാനമായ കാര്യം ദ്രവ്യാഗ്രഹമാണ്. അതാണ് ഏറ്റവും പ്രധാനമായ സാത്താന്റെ പ്രവർത്തനം. അതിലാണ് എല്ലാവരും താഴെ വീണുപോകുന്നത്. വലിയ തുക പണ്ട് കണ്ടിട്ടില്ലാതിരുന്നതുകൊണ്ട് നമ്മുടെ കയ്യിൽ കിട്ടുമ്പോൾ നമ്മുടെ ആന്തരികമായ ബലഹീനതകൊണ്ട് അതിൽ നമ്മൾ വീണുപോകും. അതുകൊണ്ട് അങ്ങനെ വലിയ തുകകൾ വരുമ്പോൾ വീണു പോകുകയില്ല എന്ന് പറയുന്ന ഒരു സംഘം ആളുകൾ സഭയ്ക്കകത്തുണ്ടാകണം. മുകളിലുണ്ടാവണം, താഴെയുമുണ്ടാവണം. അതു വന്നെങ്കിലേ നല്ല ഇടയത്വം സംസാദ്ധ്യമാവുകയുള്ളു എന്ന് എനിക്ക് വളരെ ഉറപ്പുണ്ട്. വളരെയധികം മനഃപ്രയാസത്തോടു കൂടിയാണ് ഇത് സംസാരിക്കുന്നത്. എനിക്ക് കൂടുതൽ സംസാരിക്കാൻ വയ്യ. ഇവിടെ ഇരിക്കുന്ന ചിലർക്കൊക്കെ അറിയാം, സഭയിൽ നടക്കുന്ന അഴിമതികൾ എത്രമാത്രമാണെന്ന്. ദ്രവ്യാഗ്രഹത്തെ മാത്രം ആസ്പദമാക്കിയുള്ള അഴിമതികളാണ് അതിൽ പ്രധാന ഭാഗം. അതിൽ സുന്നഹദോസിനകത്തുള്ളവർ വരെ ഉൾപ്പെട്ടുപോകുന്ന അവസ്ഥയാണ് കാണുന്നത്. അതിനെതിരായിട്ട് സഭ നല്ലതുപോലെ നിവർന്നു നിന്നെങ്കിലേ ഇത് അവസാനിക്കുകയുള്ളു. ഗവണ്മെന്റിലെ അഴിമതി പൊളിക്കാൻ നമ്മൾ പോകുമ്പോൾ തന്നെ നമ്മുടെ അകത്തുള്ള അഴിമതി കൂടെ ഇല്ലാതാക്കിത്തീർക്കണം. നമ്മുടെ സ്ഥാപനങ്ങളിലെ പണത്തിന് കണക്കുണ്ടാകണം, നമ്മുടെ മെത്രാപ്പോലീത്തന്മാർ പിരിക്കുന്ന

തുകകൾക്ക് കണക്കുണ്ടാവണം, സ്ഥാപനങ്ങൾ നടത്തുന്നവർ ക്യാപ്പിറ്റേഷൻ ഫീ വാങ്ങുന്നുണ്ടെങ്കിൽ അതിനും കണക്കുണ്ടാവണം. വളരെ ആവശ്യമാണിത്. അങ്ങനെ ഒരു രീതി സഭയിൽ നടക്കുന്നില്ല എങ്കിൽ പിന്നെ നമുക്ക് പുറത്തുള്ള അഴിമതിയെ എങ്ങനെ അഭിമുഖീകരിക്കുവാൻ ഒക്കും? നാമും ഈ അഴിമതി നിറഞ്ഞ സമൂഹത്തിന്റെ കൂടെ ഒഴുകിപ്പോകുന്ന ഒരു സഭയായിട്ട് കാണുന്നത് വലിയ സങ്കടമാണ് എന്നു മാത്രമേ ഈ സമയത്ത് ഞാൻ പറയുന്നുള്ളു.

എന്റെ വാത്സല്യമുള്ളവരേ, നിങ്ങൾ ദൈനംദിന പ്രശ്നങ്ങളുമായിട്ട് എന്നേക്കാൾ കൂടുതലായിട്ട് ഇടപെടുന്നവരാണ്. നിങ്ങൾക്കാണ് കാര്യങ്ങൾ എന്നേക്കാൾ കൂടുതലായിട്ട് അറിയാവുന്നവർ. അതുകൊണ്ട് ഇതൊക്കെ മനസ്സിൽ വച്ചുകൊണ്ട് നല്ല ഇടയന്മാരായിത്തീരണം. ജനത്തെ വഴിനടത്തുകയും, ജനത്തെ സംരക്ഷിക്കുകയും ജനത്തെ തിന്മയുടെ ചെന്നായ്ക്കളിൽ നിന്ന് പോരാട്ടത്തോടുകൂടി സംരക്ഷിക്കുകയും ചെയ്യുന്ന നല്ല ഇടയന്മാരായി തീരണം നിങ്ങളോരോരുത്തരും.

*(1994-ൽ കോട്ടയം വൈദികസെമിനാരിയിൽ നടന്ന ഒരു പൂർവ്വവിദ്യാർത്ഥി സംഗമത്തിൽ മെത്രാപ്പോലീത്താ നടത്തിയ പ്രഭാഷണം. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)*

# 22
# അന്തിമവിജയം നീതിയ്ക്ക്

**ലോക**കമ്പോള വ്യവസ്ഥിതിയെ തങ്ങളുടെ അധികാരത്തിൻകീഴിൽ കൊണ്ടുവരുന്നതിനും ഒരു ഗവൺമെന്റിനും നിയന്ത്രണമില്ലാതെ ലോകമെമ്പാടും വ്യാപാരം നടത്താനുള്ള സ്വാതന്ത്ര്യം തങ്ങൾക്കു ലഭിക്കുന്നതിനുമായി രാഷ്ട്രാന്തരകമ്പനികൾ സൃഷ്ടിച്ചതാണ് ഈ വരുന്ന ജനുവരി ഒന്നിന് നടപ്പിൽ വരുന്ന ഗാട്ട് കരാർ.

ദരിദ്രരാജ്യങ്ങളിലെ പണം തങ്ങളുടെ രാജ്യങ്ങളിലേക്ക് ഒഴുക്കാൻ പാശ്ചാത്യരാജ്യങ്ങൾ ഏറെക്കാലമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന അടവുകളിൽ ഒന്നാണ് ഇതിലൂടെ പ്രാവർത്തികമാകുന്നത്.

എല്ലായിടത്തുമുള്ള കുറെ 'പ്രിവിലേജ്ഡ് പീപ്പിൾസിന്റെ' പോക്കറ്റിലേക്ക് പണം പോകത്തക്കവിധത്തിലുള്ള ഒരു വ്യവസ്ഥിതിയാണവർ ഉണ്ടാക്കിയിരിക്കുന്നത്. ആ വ്യവസ്ഥിതിയുടെ ചാർട്ടറാണ് ഇപ്പോഴത്തെ വേൾഡ് ട്രേഡ് എഗ്രിമെന്റ്.

കമ്മ്യൂണിസ്റ്റ് രാജ്യങ്ങളുടെ പരാജയമാണ് ഗാട്ട് മെച്ചപ്പെടുത്താനുള്ള ഉറുഗ്വേവട്ട ചർച്ചകൾ തുടങ്ങാനുള്ള പ്രധാനപ്പെട്ട കാരണം. കമ്മ്യൂണിസത്തിന്റെ ട്രേഡ് സർക്കിൾ നശിച്ചതോടുകൂടി ആഗോള വ്യാപാരത്തിന്റെ ചിത്രം മാറി. ലോകത്തിന്റെ ഒരു ഭാഗം വ്യാപാരസ്വാതന്ത്ര്യം ഉള്ളവരായിട്ട് ഗാട്ടിനകത്ത് മുമ്പ് നിന്നുകൊണ്ടിരുന്നു. ഇപ്പോൾ അത് ഇല്ലാതായിരിക്കുന്നു. ആഗോളവ്യാപാരം ഒരൊറ്റ ലോകകമ്പോള സമ്പദ്‌വ്യവസ്ഥയാക്കാൻ ഇപ്പോഴേ സാധിക്കുകയുള്ളു. ആ ലക്ഷ്യപ്രാപ്തിക്കായിട്ടാണ് ഗാട്ട് മെച്ചപ്പെടുത്തിയത്.

ഗാട്ട് കരാർ പ്രാവർത്തികമാകുന്നതോടെ ഇൻഡ്യയുടേത് മാത്രമല്ല ലോകത്തിലെ എല്ലാ രാജ്യങ്ങളുടേയും ഭരണഘടനകൾ അപ്രസക്തമാകും. ഭരണഘടനകളിൽ പറയുന്നപോലുള്ള പരമാധികാരമൊന്നും ഇനി ഒരു രാജ്യത്തിനും ലഭിക്കുകയില്ല. പരമാധികാരം നേഷൻ സ്റ്റേറ്റിൽ നിന്നും എക്കണോമിക് യൂണിറ്റുകളിലേക്ക് മാറ്റപ്പെടും. അതിനാൽ ഭരണഘടനകളൊക്കെ കടലാസിൽ കിടക്കുമെന്നല്ലാതെ അതിനകത്തെ പരമാധികാരം ആർക്കും ഉണ്ടായിരിക്കുകയില്ല. യഥാർത്ഥ അധികാരം രാഷ്ട്രാന്തരകമ്പനികൾ പിടിച്ചടക്കും. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ സഹനസമരത്തിലൂടെ നാം നേടിയെടുത്ത സ്വാതന്ത്ര്യം അപകടത്തിലാണ് എന്നു തന്നെ ഇപ്പറഞ്ഞതിനർത്ഥം.

മുമ്പ് നാം പറയുമായിരുന്നു, ഗവൺമെന്റുകളിലാണ് ശക്തി എന്ന്. പക്ഷേ ഏഴു വികസിത രാജ്യങ്ങളിലുള്ള പതിനേഴായിരത്തോളം ബഹുരാഷ്ട്രകുത്തകകളുടെ കൈയിലാണ് ഇന്നത്തെ ശക്തി മുഴുവനും. ഗവൺമെന്റുകളുടെ വരുമാനത്തെക്കാൾ കൂടുതലുണ്ട് ഈ പതിനേഴായിരം കമ്പനികളുടെ വരുമാനം. അവരാണ് ഇന്ന് ലോകത്തെ മുഴുവൻ കൈപ്പി

ടിയിൽ ഒതുക്കിയിരിക്കുന്നത്. വ്യാവസായിക ഉത്പാദനത്തിന്റെ 80 ശതമാനം അവരുടെ കൈകളിലാണ്. ഈ കമ്പനികൾക്കാണ് ഓരോ രാജ്യത്തെയും സർക്കാരിനേക്കാൾ കൂടുതൽ ശക്തി. ഈ കമ്പനികൾ പറയുന്നതുപോലെയുള്ള നയങ്ങളേ സർക്കാരുകൾക്ക് സ്വീകരിക്കാൻ സാധിക്കൂ. ഇവർക്ക് കൂടുതൽ ആദായം ലഭിക്കാൻ തക്കവിധമുള്ള ഒരു വ്യവസ്ഥിതിക്കാണ് നാം ഒപ്പുവെച്ചുകൊടുത്തിരിക്കുന്നത്.

മിക്ക രാജ്യങ്ങളിലെയും അധികാരസ്ഥാപനങ്ങളിലേക്ക് ലോകബാങ്ക് അവരുടെ ആളുകളെ കടത്തിവിട്ടുകൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ അധികാരം വെട്ടിക്കുറക്കുകയും അവ രാജ്യാന്തരകുത്തകകൾക്ക് വീതിച്ചു നൽകുകയുമാണ് അവരുടെ ലക്ഷ്യം.

160 രാഷ്ട്രങ്ങളുടേയും, ലോകം അടക്കി വാഴുവാൻ വെമ്പൽകൊള്ളുന്ന 500 രാജ്യാന്തരകുത്തകകളുടേയും പ്രതിശീർഷവരുമാനം താരതമ്യപ്പെടുത്തിയാൽ നൂറിലേറെ രാഷ്ട്രങ്ങളുടെ വരുമാനത്തേക്കാൾ കൂടുതൽവരും 500 കമ്പനികളുടെ വാർഷികവരുമാനം.

പല കൊച്ചു രാജ്യങ്ങളെയുംകാൾ കൂടുതൽ സാമ്പത്തികശേഷിയുള്ളത് ഈ കമ്പനികൾക്കാണ്. അതായത് ചെറിയ രാജ്യങ്ങൾ അധികാരമില്ലാത്തവയായിത്തീരുന്നു.

ഈ രാഷ്ട്രാന്തരകുത്തകകളിൽ നിന്ന് പ്രയോജനം സ്വീകരിക്കുന്ന ഒരു 'ശ്രേഷ്ഠ ഗ്രൂപ്പിനെ' ഓരോ രാജ്യത്തും അവർ സൃഷ്ടിക്കുന്നു. ഈ ഗ്രൂപ്പിൽ കൂടിയാണ് ഓരോ രാജ്യത്തും രാഷ്ട്രാന്തരകുത്തകകളുടെ അധികാരപ്രയോഗം നടക്കുന്നത്. ഈ ഗ്രൂപ്പിന് കൂടുതൽ ശമ്പളവും എല്ലാ വിധസൗകര്യങ്ങളും അവർ ചെയ്തുകൊടുക്കും. ഇവർ കമ്പനികളുടെ ഏജന്റുമാരായി പ്രവർത്തിച്ചുകൊണ്ടിരിക്കും.

ഇപ്പോൾ നാം ഉത്പാദിപ്പിക്കുന്നതിന്റെ സിംഹഭാഗവും പുറത്തേക്കു പൊയ്ക്കൊണ്ടിരിക്കുകയാണ്. പുറത്തുനിന്നുവരുന്ന നിക്ഷേപത്തിന്റെ മൂന്നിരട്ടി പുറത്തേക്കു പൊയ്ക്കൊണ്ടിരിക്കുന്നു. അങ്ങനെ നാം പോകുന്നത് കൂടുതൽ ദാരിദ്ര്യത്തിലേക്കും കടത്തിലേക്കുമാണ്.

ഒരു രാജ്യത്തിന് അതിന്റെ അതിർത്തിക്കകത്ത് സാമ്പത്തികമായി എന്തെങ്കിലും ചെയ്യാനുള്ള സ്വാതന്ത്ര്യം ഇനി ഉണ്ടായിരിക്കുകയില്ല. കാരണം ഗാട്ട് കരാർ സാമ്പത്തിക സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നു. അവർ സാമ്പത്തിക സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നത് മുതലാളിത്ത വ്യവസ്ഥിതിക്കാണ് ഗുണം ചെയ്യുക.

ഗാട്ട്കരാർ അംഗീകരിക്കുന്നതോടെ എല്ലാ രാജ്യങ്ങളും വിപണിയുടെ ഒരേ തട്ടിൽ വരുമെന്നാണ് വികസിതരാജ്യങ്ങളുടെ പ്രചരണം. പുറമേ കുറ്റമറ്റതാണെന്നു തോന്നുമെങ്കിലും ഭീകരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന നിർദ്ദേശങ്ങളാണ് ഈ കരാറിൽ ഒളിച്ചിരിക്കുന്നത്.

ഇൻഡ്യൻ വിപണിയെ ലോകവിപണിക്ക് അടിയറവെക്കുകയാവും ഇതിന്റെ ഫലം. ഈ വിപണിവ്യവസ്ഥയിലൂന്നിയ സാമ്പത്തികക്രമമാകട്ടെ

ദരിദ്രരെ കൂടുതൽ ദരിദ്രരാക്കുന്നതും സമ്പന്നരെ കൂടുതൽ സമ്പന്നരാക്കുന്നതുമാണ്.

ഔഷധരംഗത്ത് വൻവിലക്കയറ്റമാണ് ഗാട്ടുകരാറിലൂടെ ഉണ്ടാകാൻ പോകുന്നത്. ജീവൽപ്രധാനമായ അത്യാവശ്യ ഔഷധങ്ങൾക്കുപോലും വിദേശികളുടെ കാരുണ്യം തേടേണ്ട അവസ്ഥ നമുക്കുണ്ടാവും. പേറ്റന്റ് സംബന്ധിച്ച് ഗാട്ട് കരാറിലുള്ള വ്യവസ്ഥകളും നമ്മുടെ രാജ്യത്തിന് ദോഷകരമാണ്.

ഇൻഡ്യൻ സമ്പദ്മേഖലയുടെ നട്ടെല്ലായ കാർഷികമേഖലയെ തകർക്കുന്ന കരാറാണിത്. രാസവളങ്ങളുടേയും കീടനാശിനികളുടേയും സബ്സിഡി നിർത്തലാക്കുന്നത് ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കും.

തെറ്റായ ആസൂത്രണങ്ങളുടെ ഫലമായി ഇൻഡ്യ ഇന്നൊരു നിസഹായാവസ്ഥയിലാണ്. ഇതിൽനിന്ന് രക്ഷപെടാനുള്ള ഒരു മാർഗം ഗാന്ധിയൻ സാമ്പത്തിക വ്യവസ്ഥിതിയിലേക്കു നീങ്ങുക എന്നതാണ്. പക്ഷേ അതിനുള്ള ചങ്കൂറ്റം ഇന്നുള്ള ഒരു രാഷ്ട്രീയ പാർട്ടിക്കും നേതാവിനും ഉണ്ടെന്ന് ഞാൻ കരുതുന്നില്ല.

നാമൊരു വെട്ടിൽ ചാടിയിരിക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിൽ വി. പി. സിംഗും രാജീവ് ഗാന്ധിയും ചന്ദ്രശേഖറുമെല്ലാം ധനകാര്യം തെറ്റായ രീതിയിൽ കൈകാര്യം ചെയ്തതിന്റെ ഫലമായി നമ്മുടെ അവശിഷ്ടമിച്ചം ഇല്ലാതെയായി. കടക്കെണിയിൽ എത്തിയ ഇൻഡ്യക്ക് സ്വയം രക്ഷിക്കാൻ ലോകബാങ്കിന്റെ നിബന്ധനകൾക്ക് വഴങ്ങുകയല്ലാതെ മറ്റ് യാതൊരു നിർവാഹവും ഇല്ലായിരുന്നു. നമ്മുടെ സാമ്പത്തികസ്വാതന്ത്ര്യവും രാഷ്ട്രീയസ്വാതന്ത്ര്യവും സാമൂഹികസ്വാതന്ത്ര്യവുമെല്ലാം നമുക്ക് നഷ്ടപ്പെട്ടു. പാശ്ചാത്യരാജ്യങ്ങളുടെ ചൂഷണാധിഷ്ഠിത വ്യവസ്ഥിതിയിലേക്ക് നാംകൂടി വലിച്ചുചേർക്കപ്പെട്ടു. ഇതിൽനിന്ന് തലയൂരുക വളരെ ആയാസകരമാണ്. ആഗോളവ്യാപാര ഉടമ്പടികൾ വരുത്തുന്ന പ്രശ്നങ്ങളെക്കുറിച്ച് ഭരണകക്ഷികളും പ്രതിപക്ഷകക്ഷികളും എത്രമാത്രം മനസ്സിലാക്കിയിട്ടുണ്ടെന്ന് സംശയമുണ്ട്. ഇതിനെതിരെ ഏതാനും കത്തോലിക്കാ പുരോഹിതന്മാരല്ലാതെ, ഏതെങ്കിലും സഭ പ്രതികരിച്ചതായി അറിയില്ല. ഏതായാലും ഗൗരവമായ പഠനം ആവശ്യമാണെന്നുള്ള കാര്യത്തിൽ സംശയമില്ല.

ബഹുരാഷ്ട്രകുത്തകകൾ നിയന്ത്രിക്കുന്ന ലോകവിപണിയിലേക്ക് രാജ്യം വലിച്ചിഴയ്ക്കപ്പെടുകയാണ്. ലോകബാങ്കിനും മറ്റ് അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾക്കും മുൻതൂക്കമുള്ള ഈ വ്യവസ്ഥയിൽ നിന്ന് ഒരു രാജ്യത്തിനും രക്ഷയില്ലാത്ത സ്ഥിതിയാണ്. ഇതിനെതിരായ പോരാട്ടം അടിയന്തിരാവശ്യമാണ്. അതിന് അടിത്തറയൊരുക്കാൻ എല്ലാവിധ അടിമത്തമനോഭാവവും നാം കൈവെടിയണം. ഇന്ന് എല്ലാ രംഗത്തും ഇൻഡ്യാക്കാർ പാശ്ചാത്യ സംസ്ക്കാരത്തിന്റെ തടവുകാരാണ്. നമ്മുടെ സംസ്ക്കാരത്തിന്റെ ഉത്തമ മൂല്യങ്ങൾ പുനരുദ്ധരിച്ച് നിലവിലുള്ള അപകർഷതാ

ബോധത്തിൽ നിന്ന് മോചനം നേടി നാം സ്വയം പോരാട്ടത്തിനൊരുങ്ങ ണം. പുതിയൊരു സ്വാതന്ത്ര്യസമരത്തിനും വിമോചനപ്പോരാട്ടത്തിനും കാലമായിരിക്കുന്നു.

ഗാട്ട് കരാർ തിരസ്ക്കരിക്കുക എന്നൊരു സാധ്യത ഇപ്പോൾ നമുക്കു മുന്നിലില്ല. നമ്മുടെ സർക്കാർ കരാറിൽ ഒപ്പിട്ടു കഴിഞ്ഞിരിക്കുന്നു. ഈ സർക്കാരിനെ മാറ്റിയെങ്കിലേ അത് തിരസ്ക്കരിക്കാൻ നമുക്ക് സാധിക്കൂ. ഇപ്പോഴത്തെ സർക്കാർ എങ്ങനെയെങ്കിലും പാർലമെന്റിൽ ഇക്കാര്യം പാസാക്കിയെടുക്കും. നമ്മുടെ സ്വാതന്ത്ര്യം അതോടെ നമുക്ക് നഷ്ടപ്പെട്ടു പോകും.

അത് തിരികെ എടുക്കാനൊക്കുമോ, എന്ന കാര്യം നോക്കണം. ഇതിന്റെ പരിണതഫലങ്ങൾ കാണുമ്പോഴേ അങ്ങനെ ചെയ്യണമെന്ന ബോധ്യം വരൂ. 'സാരമില്ല, നമുക്ക് വലിയ നഷ്ടം ഒന്നും വരില്ല.. നമുക്ക് കുറച്ചു പേർക്കൊക്കെ ഇങ്ങനെ അങ്ങ് പോകാം' എന്നുള്ള പൊതുവായ ഒരു ചിന്തയാണ് ഇപ്പോഴുള്ളത്. ഒരു പത്തുകൊല്ലം കഴിഞ്ഞ് ഈ ഗാട്ടിന്റെ പരിണതഫലങ്ങൾ ആളുകൾക്ക് മനസ്സിലായിത്തുടങ്ങുമ്പോൾ വിപ്ലവം ഉണ്ടാകും. അതുവരെ ഇങ്ങനെയൊക്കെ പോകുകയേ ഉള്ളു.

ഇൻഡ്യക്ക് ഇന്ന് സംഭവിച്ചിരിക്കുന്ന അടിസ്ഥാനപരമായ പ്രശ്നം മൗലികമായി ചിന്തിക്കുന്ന മനുഷ്യർ ഇല്ലാത്തതാണ്. നമ്മുടെ നാട്ടിൽ പാശ്ചാത്യരെപ്പോലെ ചിന്തിക്കുന്ന മനുഷ്യരാണ് അധികവും. പാശ്ചാത്യ രുടെ ആസൂത്രിതമായ കരുനീക്കങ്ങളുടെ ഫലമാണ് ഇത്. അവരെപ്പോലെ ചിന്തിക്കാൻ മാത്രം കഴിയുന്ന ഒരു പറ്റം മനുഷ്യരെ സൃഷ്ടിച്ചുവിടുന്ന ഫാക്ടറികളായി നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അധഃപതിച്ചിരി ക്കുന്നു. ഇവിടെയാണ് ആദ്യം മാറ്റമുണ്ടാകേണ്ടത്.

പാശ്ചാത്യർ നൽകിയ വികസനം (ഡെവലപ്മെന്റ്) എന്ന മുദ്രാവാ ക്യത്തിന്റെ കെണിയിൽ മൂന്നാംലോക രാഷ്ട്രങ്ങൾ വീണുപോയിരിക്കുന്നു. ഈ വ്യവസ്ഥിതിയിൽ കുടുങ്ങിയിരിക്കുന്ന ഇൻഡ്യയെ സ്വതന്ത്രമാക്കുക എന്നതാണ് ഇന്ന് ഇൻഡ്യൻ സമൂഹത്തിന്റെ ഒന്നാമത്തെ ചുമതല.

സ്വാതന്ത്ര്യസമരം പോലുള്ള ഒരു വലിയ സമരം മൂലം മാത്രമേ ഇന്ന് നമ്മെ പിടിച്ചടക്കിയിരിക്കുന്ന സാമ്പത്തിക വ്യവസ്ഥിതിയിൽ നിന്ന് നമുക്ക് രക്ഷപ്രാപിക്കാൻ സാധിക്കുകയുള്ളു. കാരണം ആ സാമ്പത്തിക വ്യവ സ്ഥിതിക്കു പിന്നിൽ ലോകബാങ്കുണ്ട്; അന്താരാഷ്ട്ര നാണ്യനിധിയുണ്ട്. മാത്രമല്ല, ഇതിന്റെ പ്രയോജനം കിട്ടുന്ന കമ്പനികളെ സംരക്ഷിക്കാൻ വേണ്ടിയാണ് ലോകത്തിലെ മുഖ്യ പങ്ക് സൈനികശേഷിയും ഉപയോഗി ക്കപ്പെടുന്നത്. ഇന്ന് സൈനിക ശക്തികളുടെ ഉദ്ദേശ്യം ഈ കമ്പനികളെ സംരക്ഷിക്കുക എന്നതാണ്.

എല്ലാ മാധ്യമങ്ങളെയും ഈ ശക്തികൾ പിടിച്ചെടുത്തുകൊണ്ടിരിക്കു കയാണ്. പത്രത്തിൽക്കൂടിയും റേഡിയോയിൽക്കൂടിയും ടെലിവിഷനിൽ കൂടിയും സത്യമറിയാൻ വയ്യാത്ത സ്ഥിതിയാണിന്ന്. ഈ കമ്പനികളുടെ താത്പര്യമനുസരിച്ച് എഴുതിയുണ്ടാക്കുന്ന സത്യമാണ് നമുക്ക് കിട്ടുന്നത്.

ഇപ്പോൾ നാം വലിയൊരു ബന്ധനത്തിൽ കിടക്കുകയാണ്. മോചനം ഉണ്ടാകണമെങ്കിൽ ഈ അവസ്ഥയെപ്പറ്റി നാം ബോധവാന്മാരാകുകയും സ്വാതന്ത്ര്യസമരം നടന്നതുപോലെ, ആഗോളവ്യാപകമായ ഒരു സാമ്പത്തികവിമോചനസമരം നടത്തുകയും വേണം. എന്നിട്ട് കുറെക്കൂടി ജനാധിപത്യപരമായ ഒരു ലോകസാമ്പത്തിക വ്യവസ്ഥിതിക്ക് രൂപം നൽകണം.

നാം സമരം ചെയ്യേണ്ടത് അമേരിക്കയ്ക്ക് എതിരായിട്ടോ ജർമ്മനിക്ക് എതിരായിട്ടോ അല്ല. മുമ്പു പറഞ്ഞ പതിനേഴായിരം കമ്പനികൾക്കെതിരായിട്ടാണ്. ഈ കമ്പനികളുടെ നിയന്ത്രണത്തിൽ നിന്ന് ദേശീയോത്പാദനത്തെ വിമോചിപ്പിക്കുക എന്നുള്ളതാണ് ഭാവിയെ സംബന്ധിച്ച് ഞാൻ കാണുന്ന ഏകമാർഗം. അതിനുവേണ്ടി ഒരു സഹനസമരത്തിനുള്ള സമയമായി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഇതേപ്പറ്റി യാതൊരു ചിന്തയുമില്ല. ജനങ്ങൾ സ്വയം ബോധവാന്മാരായി പരസ്പരം സംഘടിപ്പിച്ച് ഒരു വിമോചന സമരത്തിലേക്ക് ഇറങ്ങാനുള്ള സമയം വന്നിരിക്കുന്നു.

എന്റെ അഭിപ്രായത്തിൽ കാര്യങ്ങൾ മാറ്റാനുള്ള കഴിവുള്ളത് ജനശക്തിക്കാണ്. ജനശക്തിയെ ബോധവത്ക്കരിക്കുക എന്നുള്ളതാണ് അല്പമെങ്കിലും വിവരമുള്ളവർക്ക് ചെയ്യാവുന്ന ഒരു പ്രധാനകാര്യം.

ആ ജനശക്തി സംഘടിതമായി ശക്തമായി പ്രവർത്തിക്കുന്ന സമയത്ത് സാമൂഹിക പരിവർത്തനങ്ങൾ ഉണ്ടാകും. ജനശക്തിയിലാണെനിക്ക് പ്രത്യാശയുള്ളത്.

രാഷ്ട്രീയ പാർട്ടികൾക്കൊന്നും ഇപ്പോൾ ജനങ്ങളുടെ പൊതുതാത്പര്യങ്ങളെ സംരക്ഷിക്കാനുള്ള വ്യഗ്രത കാണുന്നില്ല. അവരവരുടെ പാർട്ടിയുടെ താല്പര്യത്തെ സംരക്ഷിക്കാനുള്ള താല്പര്യം മാത്രമേ അവർക്കുള്ളു. രാഷ്ട്രീയമില്ലാത്ത പാർട്ടികളാണ് വല്ലതുമൊക്കെ ആത്മാർത്ഥമായി ചെയ്യുന്നത്. ജനതാല്പര്യം സംരക്ഷിക്കുന്ന രാഷ്ട്രീയേതരപാർട്ടികൾ ഉണ്ടായി വന്ന് അവരിനിയും ഒരു രാഷ്ട്രീയ ശക്തിയായി വരണം.

ജനങ്ങൾക്ക് നന്മയായിട്ടുള്ളത് എന്താണ് എന്ന് ജനങ്ങളെ പറഞ്ഞു മനസ്സിലാക്കി, അവരെ അത് നേടിയെടുക്കുന്നതിനുള്ള ഇച്ഛാശക്തിയുള്ളവരാക്കിത്തീർക്കുകയാണ് കാര്യവിവരമുള്ളവർ ചെയ്യേണ്ടത്. അതിനാവശ്യമായ ബോധവത്ക്കരണത്തിന് ഇനിയും വൈകിക്കൂടാ.

ദൈവം എല്ലാ കാര്യങ്ങളിലും അവസാനം നീതി ഉണ്ടാക്കും. കുറച്ചു നാളത്തേക്ക് അനീതിക്ക് വിജയം കിട്ടുമെങ്കിലും അത് എന്നും നിലനിൽക്കുകയില്ല. അനീതി തോൽക്കണം. നീതി വിജയിക്കണം. അതിനുവേണ്ടി ജനങ്ങൾ സഹകരിച്ച് പ്രവർത്തിക്കണം. അന്തിമവിജയം നീതിയുടെ പക്ഷത്തിനായിരിക്കും.

*(കോട്ടയം സോഫിയാ സെന്ററിൽ ചെയ്ത പ്രഭാഷണത്തിന്റെ സംക്ഷിപ്തരൂപം. 1994 ജൂൺ 16.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്*)*

# 23

# മനസ്സിനും ശരീരത്തിനും ആശ്വാസം കിട്ടണം

**ന**മ്മുടെ നാട്ടിൽ അലോപ്പതിയെന്നു പറയുന്ന പാശ്ചാത്യ വൈദ്യശാസ്ത്രത്തെക്കുറിച്ച് അടുത്ത രണ്ടു ദശകങ്ങളിലായി പല ചോദ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. യഥാർത്ഥത്തിൽ അലോപ്പതി എന്നൊരു വാക്ക് പാശ്ചാത്യർ ഉപയോഗിക്കുന്നില്ല. അവരുടെ വാക്ക് മെഡിക്കൽ സയൻസ് എന്നാണ്.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം നമ്മുടെ ഗവൺമെന്റ് തന്നെ നാലു പ്രധാന വൈദ്യസമ്പ്രദായങ്ങൾക്ക് ഔദ്യോഗിക അംഗീകാരം നൽകിയിട്ടുണ്ട്. ആയുർവേദ – സിദ്ധവൈദ്യ – ഹോമിയോപ്പതി – യുനാനി എന്നിവ.

പാശ്ചാത്യ ചികിത്സാസമ്പ്രദായങ്ങളെപ്പറ്റിയുള്ള വിമർശനങ്ങളിൽ ചിലതു താഴെചേർക്കുന്നു. അതിന്റെ ചെലവു വളരെ കൂടുതലാണ്. അതു പലരുടെയും സാമ്പത്തികശേഷിക്ക് അപ്പുറമാണ്. ഇവിടെ മാത്രമല്ല, പാശ്ചാത്യ രാജ്യങ്ങളിലും സ്ഥിതി ഇതുതന്നെ. ഡോക്ടർമാരുടെ അനാസ്ഥയോ അറിവില്ലായ്മയോ കാരണവും ആശുപത്രിയിലെ ക്രമക്കേടു മൂലവും രോഗങ്ങളുടെ സംഖ്യ വർദ്ധിച്ചുവരികയാണ്.

കെമിക്കൽ ഔഷധങ്ങളുടെ വർധനമൂലം മനുഷ്യശരീരത്തിൽ വളരെയധികം പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. അതോടു ചേർന്നു പോകുന്നതാണു രാസവളങ്ങളും കീടനാശിനികളും മൂലവും മനുഷ്യശരീരത്തിലേക്കു വന്നുകൊണ്ടിരിക്കുന്ന രാസദ്രവ്യങ്ങളുടെ വർദ്ധന. ഇതു മനുഷ്യമനസിനെത്തന്നെ സ്വാധീനിക്കാൻ ശക്തിയുള്ളതാണ്.

എല്ലാ രോഗത്തിനും ആന്റിബയോട്ടിക്സ് നിർണ്ണയിച്ചു നിർണ്ണയിച്ചു, ഇപ്പോൾ ആന്റിബയോട്ടിക്സിനോട് പ്രതിരോധശക്തിയില്ലാത്ത രോഗങ്ങളുടെ സംഖ്യയും വർദ്ധിച്ചുവരികയാണ്. 1992-ൽ അമേരിക്കയിൽ 13,300 പേർ ആന്റിബയോട്ടിക്സിനെ ചെറുക്കുന്ന രോഗങ്ങൾ മൂലം മരിച്ചു. ഇപ്പോൾ ആന്റിബയോട്ടിക്സ് ഫലിക്കാത്ത മലേറിയ, ക്ഷയം എന്നിവ വർദ്ധിച്ചുവരുന്നു. എയിഡ്സ് പോലെതന്നെ ഭീതിജനകമായ ഒരവസ്ഥയാണിത്.

രോഗനിവാരണത്തിന്റെ ഒരു പ്രാഥമിക ഉപാധിയായിരുന്നു രോഗിയും ഡോക്ടറും തമ്മിലുള്ള മാനുഷിക ബന്ധം. ഇന്നതു ബലഹീനമായിക്കൊണ്ടിരിക്കുന്നു. ഒരു രോഗി വന്നാൽ ഉടനെ കുറേ ടെസ്റ്റുകൾ ഭരമേൽപ്പിക്കുന്നു. ഡോക്ടർ രോഗിയോട് സംസാരിക്കുന്നില്ല. അതാണ് അവസ്ഥ. അത് രോഗം വർദ്ധിപ്പിക്കുന്നു.

പാശ്ചാത്യ രാജ്യങ്ങളിൽ ചിലരുടെ ഭാവനയിൽ അടുത്തകാലത്തുണ്ടാകാവുന്ന ഒരു പ്രത്യേക സ്ഥിതിവിശേഷം, ഒരു മാതിരി രോഗങ്ങൾ

ക്കൊക്കെ ചികിത്സ വിധിക്കാൻ ഒരു കേന്ദ്രിത കമ്പ്യൂട്ടറിനു കഴിയുന്ന അവസ്ഥയാണ്. ഏതു രോഗിയായാലും അയാളുടെ രോഗവിവരങ്ങൾ സ്വന്തം കമ്പ്യൂട്ടർ വഴി കേന്ദ്രിത കമ്പ്യൂട്ടറിലേയ്ക്ക് അറിയിച്ചാൽ അവിടെനിന്നും ചികിത്സ പറയും; ഡോക്ടറെ കാണേണ്ട. രോഗനിർണ്ണയവും ചികിത്സയും കൂടുതൽ കൂടുതലായി യന്ത്രങ്ങളെ ആശ്രയിച്ചാണ് ഇപ്പോൾ മുമ്പോട്ടുപോകുന്നത്.

ഓരോ രോഗിക്കും ആവശ്യത്തിൽ കൂടുതൽ ടെസ്റ്റുകൾ ഡോക്ടർമാർ വിധിക്കാറുണ്ട്. കാരണം ഏതെങ്കിലും ഒരു ടെസ്റ്റ് ചെയ്യാതിരുന്നതുമൂലം രോഗി അപായത്തിലായാൽ അതിനു നഷ്ടപരിഹാരം ഡോക്ടർ കൊടുക്കണമെന്നാണു നിയമം. അതിന്റെ പരിണതഫലമെന്താണ്? ഒരാവശ്യവും ഇല്ലാത്ത അനേകം ടെസ്റ്റുകൾ വിധിച്ച് രോഗിയുടെ ധനശക്തിക്ക് അപ്പുറമായ ഭാരം അയാളുടെമേൽ ഏൽപ്പിക്കുന്നു. ധനശക്തിക്കും ശാരീരിക കഴിവിനും അപ്പുറമായ ഭാരം ഇതുമൂലം ഉണ്ടാകുന്നു.

പത്തൊൻപതാം ശതാബ്ദത്തിൽ മനുഷ്യന്റെ ശരീരം തന്നെ ഒരു യന്ത്രമാണെന്നുള്ള അടിസ്ഥാനത്തിൽ ഉയർന്നുവന്നതാണ് പാശ്ചാത്യ വൈദ്യശാസ്ത്രം. ശരീരത്തിന്റെ ചികിത്സയ്ക്ക് ഒരു വൈദ്യസമ്പ്രദായത്തെയും മാനസികരോഗ ചികിത്സയ്ക്ക് മറ്റൊരു വൈദ്യസമ്പ്രദായത്തെയും ആവിഷ്ക്കരിച്ചു.

അടിസ്ഥാനപരമായി ചോദ്യം ചെയ്യാവുന്ന തത്വസംഹിതയിന്മേലാണു പാശ്ചാത്യ വൈദ്യശാസ്ത്രം വളർന്നുയർന്നിട്ടുള്ളത്. മനുഷ്യൻ എന്ന പ്രതിഭാസത്തെപ്പറ്റി പാശ്ചാത്യ വൈദ്യശാസ്ത്രത്തിനുള്ള വിലയിരുത്തൽ വളരെ വികലവും വഴിതെറ്റിയതുമാണെന്നു ബോധ്യമായിത്തുടങ്ങിയിട്ടുണ്ട്.

ചൈനീസ് വൈദ്യം അക്യുപങ്ചർ, അക്യുപ്രഷർ, ടിബറ്റൻ വൈദ്യശാസ്ത്രം, സൈബീരിയൻ വൈദ്യശാസ്ത്രം, യോഗവൈദ്യശാസ്ത്രം എന്നിങ്ങനെ ഏതാണ്ട് അറുപതോളം പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങൾ ലോകജനത ഇന്ന് ഉപയോഗിക്കുന്നു.

അലോപ്പതി വൈദ്യന്മാർക്ക് മറ്റു വൈദ്യന്മാരെ ഏറെക്കുറെ പുച്ഛമാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് നാലര ലക്ഷം അലോപ്പതി ഡോക്ടർമാരാണ്. സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ എന്ന സർക്കാർ സംഘടനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് അഞ്ചര ലക്ഷം പരമ്പരാഗത ചികിത്സകന്മാരാണ്. ഈ രണ്ടു സംഘടനകളും കൂടി ഒന്നാകണമെന്ന് ആരെങ്കിലും പറഞ്ഞാൽ ഉടനെ അലോപ്പതി ഡോക്ടർമാരാണ് എതിർക്കുന്നത്.

പരമാർത്ഥത്തിൽ അലോപ്പതി ഡോക്ടർമാരോളം നല്ല പരിശീലനം ലഭിച്ചിട്ടുള്ള പരമ്പരാഗത ചികിത്സകന്മാർ വളരെക്കുറച്ചേയുള്ളു. ആയുർവേദത്തിന്റെയും ഹോമിയോപ്പതിയുടെയും സിദ്ധവൈദ്യത്തിന്റെയും യുനാനിയുടെയും പരിശീലന വ്യവസ്ഥകൾ കുറേക്കൂടി ഉയർന്ന നിലവാരത്തിലാക്കണമെന്നു പറയാൻ തുടങ്ങിയിട്ടു വർഷം ഏറെയായി.

അലോപ്പതി ഡോക്ടർമാരെ പരിശീലിപ്പിക്കുന്ന മെഡിക്കൽ കോളജു

കളിൽ പരമ്പരാഗത ചികിത്സാസമ്പ്രദായങ്ങൾ കൂടി ഉൾപ്പെടുത്തി എല്ലാ ഡോക്ടർമാർക്കും മറ്റു ചികിത്സാരീതികൾ കൂടി അറിയാവുന്ന ഒരു വ്യവസ്ഥിതിയിലേക്കാണു നാം നീങ്ങേണ്ടിയിരിക്കുന്നത്.

അതിനു മുമ്പുതന്നെ നമുക്കു ചെയ്യാവുന്ന ഒന്നുരണ്ടു കാര്യങ്ങളുണ്ട്. ഒന്നാമത്, നിലവിലുള്ള അലോപ്പതി ആശുപത്രികളിൽ ആയുർവേദവും ഹോമിയോപ്പതിയും കൂടി ഉൾപ്പെടുത്തിയാൽ വളരെ പ്രയോജനം ഉണ്ടാകും. അതോടുകൂടെത്തന്നെ യുനാനി, സിദ്ധവൈദ്യം, അക്യുപങ്ചർ, യോഗചികിത്സ എന്നിവ കൂടി ഉൾപ്പെടുത്താമെങ്കിൽ ഏറെ നന്ന്.

ആശുപത്രിയിൽ വരുന്ന എല്ലാ രോഗികളെയും പാശ്ചാത്യരീതിയിൽത്തന്നെ ചികിത്സിച്ചുകൊള്ളണമെന്ന് എന്തിനാണ് നിർബന്ധിക്കുന്നത്? ഒരു ചെറിയ കുട്ടിയുടെ പ്രശ്നം ഹോമിയോകൊണ്ടു തീരാവുന്നതേയുള്ളു. അല്ലെങ്കിൽ ഒരു വാതരോഗിയുടെ പ്രശ്നത്തിന് ആയുർവേദമായിരിക്കും കൂടുതൽ ഉപയുക്തം. ഓരോ രോഗിക്കും അയാൾക്ക് ഉതകുന്ന ചികിത്സാരീതി നിർണയിക്കാൻ സാധിക്കുന്ന ബഹുമുഖ ചികിത്സാരീതിയുള്ള ആശുപത്രി നമ്മുടെ നാട്ടിൽ ഉണ്ടാകണം.

ഇന്നു പാശ്ചാത്യ ചികിത്സാരീതിക്ക് എത്താൻ സാധിക്കാത്ത പല മണ്ഡലങ്ങളിലും പ്രയോജനം ചെയ്യാൻ ബഹുവിധ ചികിത്സാരീതികൾ ഉള്ള ഒരു ആശുപത്രിക്കു കഴിയും.

ഇന്നത്തെ ആശുപത്രികൾ ഓരോ രോഗിയെയും ഒരു കെട്ടിടത്തിനകത്ത് അടച്ചു പൂട്ടുന്നതിനു പകരം കുറേക്കൂടി പ്രകൃതി സൗന്ദര്യം ഉള്ള പശ്ചാത്തലത്തിൽ കുറേ ദിവസം കഴിച്ചുകൂട്ടാൻ അനുവദിച്ചാൽ രോഗം വേഗം സൗഖ്യമാകും. ഇന്നത്തെ ആശുപത്രികൾ ഒരുവിധത്തിൽ പറഞ്ഞാൽ ജയിൽകെട്ടിടങ്ങളാണ്. രോഗികൾക്കു കലകളും പ്രകൃതിസൗന്ദര്യവും ആസ്വദിക്കാനുള്ള ഒരവസരവും അവിടെ കിട്ടുന്നില്ല. രോഗിയുടെ ആശുപത്രി ജീവിതം ഒരുവിധം നരകമാണ്. കുറേക്കൂടി മനസിനും ആത്മാവിനും ഉത്തേജനം നൽകുന്ന ജീവിതസാഹചര്യങ്ങളാണ് ആശുപത്രിയിൽ ഉണ്ടാകേണ്ടത്.

ഒഴുകുന്ന വെള്ളവും വളരുന്ന മരങ്ങളും പച്ചപിടിച്ച പുൽത്തകിടികളും കണ്ണിനാശ്വാസം തരുന്ന തോട്ടങ്ങളും ഒക്കെയായിരിക്കും രോഗിക്കു കുറേക്കൂടി പ്രയോജനം നൽകുക.

രോഗികൾ തമ്മിലും ഇന്നു സമ്പർക്കമില്ല. അവർ തമ്മിലുള്ള സഹകരണവും സഹവർത്തിത്വവും വർധിക്കുമ്പോൾ മനസിന് ആശ്വാസം ഉണ്ടായി രോഗശാന്തിക്കു വേഗത വർധിക്കും.

മനസിനും ശരീരത്തിനും ആത്മാവിനും ഒരുപോലെ ആശ്വാസം നൽകുന്ന പുതിയ ചികിത്സാപരിസരങ്ങളെ നമുക്കു വിഭാവനം ചെയ്യാൻ കഴിയണം. വിവിധ രീതിയിലുള്ള ചികിത്സാക്രമങ്ങളും ലഭ്യമാക്കണം.

പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും അന്തരീക്ഷം ഈ ചികിത്സാസ്ഥലങ്ങളിൽ ഉണ്ടായിരിക്കണം. എല്ലാവർക്കും ആരോഗ്യം സംസിദ്ധമാകാൻ ഇങ്ങനെയൊക്കെയുള്ള സമീപനമാണ് ആവശ്യമായിട്ടുള്ളത്.

പാശ്ചാത്യ ചികിത്സാരീതികളെ അപ്പാടെ തള്ളിക്കളയണമെന്നല്ല വാദം. അതോടൊപ്പം പരമ്പരാഗത ചികിത്സാരീതികളുംകൂടി വളർന്നു വരണമെന്നാണ് അർത്ഥമാക്കുന്നത്. ആശുപത്രികൾ അരോഗതയുടെയും ആശ്വാസത്തിന്റെയും കേന്ദ്രങ്ങളായി മാറണമെന്നു മാത്രം.

*(കോട്ടയം സോഫിയാ സെന്ററിൽ ചെയ്ത പ്രഭാഷണത്തിന്റെ സംക്ഷിപ്തരൂപം. 1994 ജൂലൈ 7.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്*)*

# 24

# നാഗരികതയും പാശ്ചാത്യ പ്രബുദ്ധതയും

പാശ്ചാത്യ പ്രബുദ്ധതയെപ്പറ്റി എന്തിന് നമ്മൾ ചിന്തിക്കണം എന്നൊരു സംശയം നിങ്ങളുടെയൊക്കെ മനസ്സിൽ തോന്നും. എന്നെ സംബന്ധിച്ച്, ഞാനൊരു അഞ്ചാറു വർഷമേ ആയുള്ളു ഈ വിഷയത്തെക്കുറിച്ച് സംസാരിക്കാൻ തുടങ്ങിയിട്ട്. അതിനുള്ള ഏക കാരണം നമ്മുടെ എല്ലാ പ്രശ്നങ്ങളുടെയും മർമ്മം ഇതാണ് എന്ന് എനിക്ക് ബോധ്യം വന്നതാണ്. ഇന്ന് നാം ജീവിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന ചിന്താരീതിയുടെയും പ്രവർത്തനരീതിയുടെയും പുറകിൽ കിടക്കുന്നത് പാശ്ചാത്യ പ്രബുദ്ധ തയാണെന്ന് എനിക്ക് ബോധ്യം വന്നിരിക്കുന്നതുകൊണ്ടാണ് ഈ വിഷ യത്തിന് ഞാൻ വളരെ പ്രാധാന്യം കൊടുക്കുകയും രണ്ട് പുസ്തക ങ്ങൾ ഇതുവരെയായി അതേക്കുറിച്ച് എഴുതുകയും ചെയ്തിട്ടുള്ളത്.

ദീപക് ചോപ്രാ എന്നു പറയുന്ന ഒരു ഇൻഡ്യൻ ഡോക്ടർ അമേരി ക്കയിൽ എഴുതി പ്രസിദ്ധീകരിച്ചിട്ട്, ന്യൂയോർക്ക് ടൈംസിന്റെ ബെസ്റ്റ് സെല്ലർ ലിസ്റ്റിലെ നമ്പർവൺ ആയിട്ട് വന്നിരിക്കുന്ന ഒരു ഗ്രന്ഥമാണ് "The Ageless Body Timeless Mind." ദീപക് ചോപ്രാ ബോസ്റ്റണിൽ ഒരു ആശുപത്രി, മഹർഷി മഹേഷ് യോഗി ആയുർവേദ ആശുപത്രി എന്ന പേരിൽ തുടങ്ങി അവസാനം മഹർഷിയുടെ ചിന്താരീതിയുമായി തെറ്റി, സ്വതന്ത്രമായിട്ട് കാലിഫോർണിയായിൽ ജോലി ചെയ്യുകയാണ്. ഇപ്പോൾ ഇദ്ദേഹത്തിന്റെ ഈ പുസ്തകത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ അമേ രിക്കൻ ഫെഡറൽ ഡ്രഗ്സ് ഏജൻസിയുടെ കൺസൾട്ടന്റായിട്ട് ഇദ്ദേ ഹത്തെ നിയമിച്ചിരിക്കുകയാണ്. അത്രയ്ക്ക് നമ്മുടെ ഇന്ത്യാക്കാരിൽ പുറത്തുപോയി പേരുണ്ടാക്കിയിട്ടുള്ള ഒരാളാണ്. അദ്ദേഹം പറയുന്നു, നമ്മുടെ സുഖക്കേടുകളുടെയെല്ലാം പ്രധാന കാരണം മനസ്സാണ്, ശരീ രമല്ല. നമ്മുടെ മനസ്സിൽ വന്നിരിക്കുന്ന ചിന്തകൾ മൂലമാണ് നമുക്ക് രോഗം ഉണ്ടാവുന്നത്. അങ്ങനെ നമുക്ക് ഉണ്ടാവുന്ന ചിന്തകൾ - അബദ്ധചിന്ത കൾ - അവയാണ് നമുക്ക് അസ്വസ്ഥത ഉണ്ടാക്കുന്നത്. പത്തു കാര്യങ്ങ ളാണ് ഈ അബദ്ധചിന്തകൾ എന്ന് അദ്ദേഹം പറയുന്നു. ഇത് പത്തു മാണ് പാശ്ചാത്യ പ്രബുദ്ധതയുടെ അടിസ്ഥാനം. അദ്ദേഹം ഈ സുഖ ക്കേടുണ്ടാക്കുന്നതെന്ന് പറയുന്ന അബദ്ധങ്ങൾ, നമ്മുടെ എല്ലാവരുടെയും ചിന്തയുടെ അടിസ്ഥാനവും അതു തന്നെയാണ്. ഈ അടിസ്ഥാനം മാറാതെ നമുക്ക് രോഗം ശാന്തിയാവുകയില്ല, സമൂഹം ശരിയാവുകയി

ല്ല, വ്യക്തിക്കും സുഖം വരികയില്ല എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് അത്ര വളരെ പ്രാധാന്യമുള്ള ഒരു വിഷയമാണിത്.

നമ്മുടെ ലോകാവലോകനത്തിലുള്ള പത്ത് കാര്യങ്ങളെ ദീപക് ചോപ്രാ എടുത്തു പറയുന്നു. ഒന്നാമത്തേത്, നമ്മുടെ മനസ്സിനെ അപേക്ഷിയ്ക്കാതെ സ്വതന്ത്രമായി ഒരു വസ്തുനിഷ്ഠ ലോകം ഉണ്ട്. ആ വസ്തുനിഷ്ഠ ലോകത്തിന്റെ ഒരു ഭാഗമാണ് എന്റെ ശരീരവും. അതായത് ഞാനതിനെ കാണുന്നുണ്ടോ എന്നുള്ളതിനെ അപേക്ഷിയ്ക്കാതെ അതിൽ തന്നെ സ്വതന്ത്രമായി നിലകൊള്ളുന്ന വസ്തുനിഷ്ഠമായ ഒരു ഒബ്ജക്ടീവ് റിയാലിറ്റി ഉണ്ട്. ആ റിയാലിറ്റിയുടെ ഒരു ഭാഗമാണ് എന്റെ ശരീരം എന്നുള്ള ചിന്ത പരമാബദ്ധമാണ് എന്നാണ് അദ്ദേഹം തെളിയിക്കുവാൻ പോകുന്നത്. രണ്ടാമത്തെ അബദ്ധചിന്തയായി അദ്ദേഹം പറയുന്നത് ഈ ശരീരം എന്നു പറയുന്നത് പദാർത്ഥശകലങ്ങൾ മൂലം പരസ്പരം ഘടിപ്പിക്കപ്പെട്ടിട്ടുള്ള ഒരു സാധനമാണ്. മൂന്നാമത്തേത്, മനസ്സും ശരീരവും രണ്ട് കാര്യങ്ങളാണ്, അവ തമ്മിൽ കാര്യമായ ബന്ധമൊന്നുമില്ല. അവയെ രണ്ടിനെയും വേറെ വേറെ വിധത്തിൽ ട്രീറ്റ് ചെയ്യണം. നാലാമത്തേത്, ആദ്യമുണ്ടായത് പദാർത്ഥമാണ്. പദാർത്ഥത്തിൽ നിന്ന് ഉണ്ടായിട്ടുള്ള മറ്റൊന്നാണ് ബോധം എന്നു പറയുന്നത്. ബോധമല്ല ആദ്യം ഉണ്ടായത്. ആദ്യമുണ്ടായത് പദാർത്ഥമാണ്. പദാർത്ഥത്തിൽ നിന്നും ഉത്ഭവിച്ചിട്ടുള്ള മറ്റൊന്നാണ് ബോധം എന്നു പറയുന്നത്. അഞ്ചാമത്തേത്, മനുഷ്യന്റെ ബോധത്തെ ബയോകെമിസ്ട്രി കൊണ്ട് മനസ്സിലാക്കാൻ സാധിക്കും. ബയോകെമിസ്ട്രി എന്നു പറയുന്നത് ഓർഗാനിക് കെമിസ്ട്രിയുടെ ഒരു ഭാഗമാണ്. ആ ബയോകെമിസ്ട്രി കൊണ്ട് നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളു ഈ മനുഷ്യബോധം എന്നു പറഞ്ഞാൽ എന്താണെന്ന്. ആറാമത്തേത്, വ്യക്തികൾ എന്ന നിലയിൽ നാം പരസ്പരം വ്യതിരിക്തരാണ്, വ്യത്യസ്തരാണ്, മാറി നില്ക്കുന്നവരാണ് എന്നുള്ളതാണ്. Independant of each other, we are individuals. ഏഴാമത്, നാം ലോകത്തെ ദർശിക്കുന്ന പ്രക്രിയ സ്വയചലിതമാണ്. നമ്മുടെ ജ്ഞാനപ്രക്രിയ സ്വയചലിതമാണ്. അതായത് സബ്ജക്ടും ഓബ്ജക്ടും തമ്മിൽ അടുത്തു വരുമ്പോൾ ഓട്ടോമാറ്റിക്കലി നോളഡ്ജ് ഹാപ്പൻസ്. ഈ വിജ്ഞാനം വസ്തുവിനെ അത് ഉള്ളതുപോലെ കാണിക്കുന്നൊന്നുമില്ല. അതായത് Knowing process is not a creative process is an automatic process. അതിൽ സബ്ജക്ടും ഓബ്ജക്ടും കൂടി ഒരുമിച്ച് വരുമ്പോൾ Subject gets a acurate picture of object. ഇത് നമ്മുടെ ഇപ്പോഴത്തെ സംസ്ക്കാരത്തിന്റെ അബദ്ധജഡിലമായ ചിന്തകളിൽ ഒന്നാണ്. എട്ടാമത്തേത്, പേഴ്സണാലിറ്റി, ഈഗോ, ബോഡി ഇത്രയും ഒരുമിച്ചു കൂടിയാൽ മനുഷ്യൻ എന്ന പ്രതിഭാസമാകും എന്നാണ് നമ്മുടെ ചിന്ത. നമുക്ക്

അസ്ഥി മാംസങ്ങളുള്ള ഒരു പഞ്ചരം. ആ പഞ്ചരത്തിന്റെ അകത്ത് കുറെ ബോധങ്ങളും കുറെ ചിന്തകളും അടങ്ങിയിരിക്കുന്നു എന്നുള്ള ഒരു ചിന്ത. സമയം എന്നു പറയുന്നത് ഒരു absolute (നിരപേക്ഷം) ആണ്. അതിന്റെ തടവുകാരാണ് നമ്മൾ. അതിൽ നിന്ന് ഒരാൾക്കും രക്ഷപ്പെടുവാൻ സാദ്ധ്യമല്ല എന്നുള്ളതാണ് ഒമ്പതാമത്തെ അബദ്ധവിശ്വാസം. പത്താമത്തേത്, Suffering. ദുഃഖവും ദുരിതവും ഈ ജീവിതത്തിന്റെ ഒരു അവിഭാജ്യഘടകമാണ്. അത് യാഥാർത്ഥ്യത്തിന്റെ ഒരു ഭാഗമാണ്. അതുകൊണ്ട് നമുക്ക് ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. രോഗം വരുന്നു, രോഗത്തിന്റെ പിറകെ മരണം വരുന്നു. ഇതെല്ലാം നോർമൽ ആണ്. അബ്നോർമൽ ആയിട്ട് ഒന്നുമില്ല.

ഈ പത്ത് ആശയങ്ങളെ ദീപക് ചോപ്രാ എടുത്തു കാണിച്ചിട്ട് ഈ ആശയങ്ങൾ ഉള്ളിടത്തോളം കാലം നമുക്കിതുപോലെയുള്ള രോഗങ്ങൾ ഒക്കെ ഉണ്ടായിക്കൊണ്ടിരിക്കും എന്നാണ് പറയുന്നത്. ഈ പത്ത് ആശയങ്ങളും പാശ്ചാത്യപ്രബുദ്ധതയുടെ ഭാഗങ്ങളാണ്. ഞാൻ പാശ്ചാത്യ പ്രബുദ്ധത എന്നു പറയുന്ന ആ യാഥാർത്ഥ്യത്തിന്റെ ഭാഗങ്ങളാണ്.

### എന്താണീ പാശ്ചാത്യ പ്രബുദ്ധത?

പ്രബുദ്ധത എന്നത് ഇന്ത്യൻ വാക്കാണ്. 'ബുദ്ധ' എന്നാൽ Enlightened അഥവാ പ്രബുദ്ധൻ എന്നാണ് അർത്ഥം. സംബോധി ഉണ്ടായവൻ, അന്തർദ്ദീപനമുണ്ടായവൻ എന്നൊക്കെ ഈ വാക്കിന് അർത്ഥമുണ്ട്. ബുദ്ധമതത്തിലെ ഒരു പ്രധാന ആശയമാണ് അന്തർദ്ദീപനം എന്നു പറയുന്നത്. സകല പ്രശ്നങ്ങളെയും പരിഹരിക്കുന്നത് ഈ അന്തർദ്ദീപനമുണ്ടാകുമ്പോഴാണ്; സംയഗ് സംബോധി ഉണ്ടാകുമ്പോഴാണ്. സംബോധി എന്നു പറഞ്ഞാൽ 'നല്ല ബോധം." സംയഗ് എന്നു പറഞ്ഞാൽ 'ചേരുന്നത്.' നന്നായി ചേരുന്നത്, നല്ലതുപോലെ യുക്തമായി ചേരുന്ന ഒരു നല്ല ബോധം. അതിനാണ് നമ്മൾ ഇവിടെ എൻലൈറ്റൻമെന്റ് എന്ന പേരു കൊടുത്തത്. ബുദ്ധൻ തന്നെ കൊടുത്ത പേരാണ്. ബുദ്ധ എന്ന പദത്തിന്റെ അർത്ഥമതാണ്. ബോധി എന്നു പറയുന്നതിന്റെയും അർത്ഥം എൻലൈറ്റൻമെന്റ് എന്നാണ്.

പാശ്ചാത്യബോധി എന്നു പറയാതെ പാശ്ചാത്യ പ്രബുദ്ധത എന്നു ഞാൻ വിശേഷിപ്പിക്കുന്നത് ഇതൊരു പ്രത്യേക സാഹചര്യത്തിൽ യൂറോപ്പിൽ ഉണ്ടായ ഒരു പ്രത്യേക കാര്യമാണ് എന്നതുകൊണ്ടാണ്.

എന്റെ പുസ്തകത്തിൽ ഞാൻ പാശ്ചാത്യ പ്രബുദ്ധതയ്ക്ക് ഒരു നിർവചനം കൊടുത്തിട്ടുണ്ട്. അതിൽ പറയുന്നത്, "18-ാം ശതാബ്ദത്തിന്റെ മദ്ധ്യത്തോടുകൂടെ യൂറോപ്പിലെ മിക്ക രാജ്യങ്ങളിലും പിന്നീട് അമേരി

ക്കയിലും പടർന്നു പിടിച്ച ആദ്ധ്യാത്മികവും ബോധപരവുമായ ഒരു സാംക്രമിക രോഗമാണ് യൂറോപ്യൻ എൻലൈറ്റൻമെന്റ്" എന്നാണ്. കാരണം ഇതൊരു പടർന്നുപിടിക്കുന്ന രോഗം പോലെയായിരുന്നു. പെട്ടെന്ന് ഇത് പൊട്ടിപ്പുറപ്പെട്ടു.

*(കോട്ടയം സോഫിയാ സെന്ററിൽ നടത്തിയ ഒരു പ്രഭാഷണത്തിന്റെ തുടക്കം. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)*

# 25
# കുട്ടികളുടെ അവകാശങ്ങൾ

കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള ഈ സെമിനാറിൽ സംബന്ധിക്കുന്നത് ഒരു വലിയ ഭാഗ്യമായിട്ട് ഞാൻ കരുതുന്നു. അതിന്റെ ഉദ്ഘാടനം നിർവഹിക്കുവാൻ എനിക്ക് അർഹതയുണ്ടോ എന്ന് വളരെ സംശയമുണ്ട്. ...... എന്നാലും കുട്ടികളുടെ ഒരു വലിയ സ്നേഹിതനാണ് ഞാൻ. കുട്ടികളെ ആത്മാർത്ഥമായി സ്നേഹിക്കുകയും അവരെപ്പറ്റി കരുതുകയും ചിന്തിക്കുകയും ചെയ്തുകൊണ്ടിരുന്ന പ്രമുഖനായ ഒരു മനുഷ്യവ്യക്തി എന്ന നിലയിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന് എന്റെ ആദരാഞ്ജലികൾ ഈ സമയത്ത് ഞാൻ സവിനയം അർപ്പിക്കുന്നു.

'കുട്ടികളുടെ അവകാശങ്ങൾ' എന്ന വിഷയം ഈ അടുത്ത കാലത്താണ് വ്യക്തമായി പൊട്ടിവന്നിട്ടുള്ളത്. മനുഷ്യന്റെ മൗലിക അവകാശങ്ങളെപ്പറ്റി ചിന്തിക്കുന്ന കൂട്ടത്തിൽ കുട്ടികളുടെ അവകാശങ്ങളെപ്പറ്റി കൂടി ചിന്തിക്കേണ്ടത് ആവശ്യമാണെന്ന ഒരു കാഴ്ചപ്പാട് ഈ അടുത്ത കാലത്താണ് നമുക്ക് ഉണ്ടായിട്ടുള്ളത്. അതിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. എങ്കിലും അതിനകത്ത് ഒരു പ്രശ്നം ഉള്ളത് മാത്രം ഞാൻ പറയാം. അവകാശങ്ങൾ എന്നു പറയുന്നത് കോടതിയിൽ പോയി നേടിയെടുക്കാൻ സാധിക്കുന്ന അവകാശങ്ങളാണ്. കുട്ടികളുടെ അവകാശങ്ങൾ കോടതിയിൽ പോയി നേടിയെടുക്കണമെങ്കിൽ കുട്ടികൾക്ക്, നേരെ കോടതിയിൽ പോകുവാനുള്ള കഴിവില്ല. അവർക്കുവേണ്ടി അവരുടെ അവകാശങ്ങളെ സംരക്ഷിക്കുവാൻ വേണ്ടി വാദിക്കുകയും കോടതിയിൽ പോവുകയും ചെയ്തെങ്കിൽ മാത്രമേ അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയുള്ളു. നിയമങ്ങൾ കൊണ്ടു മാത്രം തീരുന്ന ഒരു കാര്യമല്ല കുട്ടികളുടെ അവകാശങ്ങൾ. കുട്ടികളുടെ മൗലികമായ മനുഷ്യത്വത്തെ ധ്വംസിക്കുന്ന പല പ്രക്രിയകളും ഇന്നത്തെ സമൂഹത്തിൽ നടക്കുന്നുണ്ട്. ഒന്നാമത് ബാലവേല. കുട്ടികളെക്കൊണ്ട് പണിയെടുപ്പിച്ച് മറ്റുള്ളവർ പണമുണ്ടാക്കുന്നു. ഇത് ഭാരതത്തിൽ പൊതുവെ ഉള്ളതാണ്. കേരളത്തിൽ പ്രത്യേകിച്ചും ഉണ്ട്. കന്യാകുമാരി പോലുള്ള ജില്ലകളിലും മറ്റു പല സ്ഥലങ്ങളിലും ബാലന്മാരെയും ബാലികമാരെയും എട്ടും പത്തും മണിക്കൂർ വീതം ജോലി ചെയ്യിച്ച് അതുകൊണ്ട് മുതലെടുക്കുന്ന ഒരു സമ്പ്രദായം നിലനിൽക്കുന്നു. നമ്മുടെ കേരളത്തിലുമുണ്ടിത്. വടക്കേയിന്ത്യയിലും ധാരാളമുണ്ട്.

ഞാൻ ഡൽഹിയിൽ പോയപ്പോൾ ആദ്യം കണ്ട ഒരു കാര്യം ഇതായിരുന്നു. അവിടെ റോഡുപണിക്കായി കല്ലുപൊട്ടിക്കുവാൻ വേണ്ടി രാജസ്ഥാനിൽ നിന്ന് കുറെ പാവപ്പെട്ട ആളുകളെ റോഡ് കോൺട്രാക്ടർമാർ ഇറക്കുമതി ചെയ്ത് താമസിപ്പിച്ചിട്ടുണ്ട്. പതിനായിരക്കണക്കിന് ആളുകളുണ്ട്. ഒരിയ്ക്കൽ അവരുടെ കുഞ്ഞുങ്ങളെ കാണാൻ ഞാൻ പോയപ്പോൾ ആ കുഞ്ഞുങ്ങളുമൊക്കെ ജോലി ചെയ്യുകയാണ്. രാവിലെ മുതൽ വൈകു

ന്നേരം വരെ ജോലി ചെയ്താൽ അന്ന് രണ്ടു രൂപായൊന്നും കുട്ടികൾക്ക് കിട്ടുകയില്ല. അതിൽ താഴെയേ കിട്ടുകയുള്ളു. പക്ഷേ ആ രൂപാ കൂടി കിട്ടാൻവേണ്ടി മാതാപിതാക്കൾ കുട്ടികളെ ഈ കല്ല് പൊട്ടിക്കുവാൻ വേണ്ടി പറഞ്ഞയയ്ക്കുകയാണ്. “ഞാനൊരു സ്കൂളുണ്ടാക്കിത്തരാം, സ്കൂളിലേക്ക് കുട്ടികളെ അയയ്ക്കാമോ?” എന്നു ചോദിച്ചപ്പോൾ “അതെങ്ങനെയാ കുട്ടികളെ അയയ്ക്കുന്നത്? കുട്ടികളെ സ്കൂളിൽ അയച്ചാൽ അവർ ഉണ്ടാക്കുന്ന പണം ഞങ്ങൾക്ക് കിട്ടുകയില്ലല്ലോ” എന്നാണ് മാതാപിതാക്കൾ പറയുന്നത്. കുറച്ചുസമയം അവരുമായിട്ട് സംസാരിച്ചതിന്റെ ഫലമായിട്ട് അവർക്ക് തന്നെ ചില പ്രശ്നങ്ങളുണ്ടെന്ന് മനസ്സിലായി. തുടർച്ചയായി കല്ലു പൊട്ടിക്കുന്ന ജോലി ചെയ്യുന്നതുമൂലം, കല്ലിൽ നിന്നും വമിക്കുന്ന വിഷങ്ങൾ അവരുടെ മൂക്കിൽ കയറി മാതാപിതാക്കന്മാരിൽ പലർക്കും റ്റി. ബി. പിടിച്ചിരിക്കുകയാണ്. അതുകൊണ്ട് അവരെക്കൂടി ചികിത്സിക്കാതെ കുട്ടികളെ നോക്കുവാൻ സാധിക്കുകയില്ല എന്നു വരുകയും, അവസാനം അവരുടെ സമ്മതത്തോടുകൂടി രണ്ടു ബാലവാടികൾ തുടങ്ങുകയും, ആ ബാലവാടികളിൽ ഈ കുഞ്ഞുങ്ങളെ കഴുകി വെടിപ്പാക്കി, അവരുടെ ലംഗ്സിനകത്തുള്ള പൊടിയുമൊക്കെ എടുത്തുകളഞ്ഞ്, ചിലർക്കൊക്കെ റ്റി. ബി. യുടെ ആരംഭം ഉണ്ടായിരുന്നതു പോലും ചികിത്സിച്ച് മാറ്റി അവരെ ഒരു വിധത്തിൽ ആക്കിയെടുത്തു എന്നുള്ളത് ഞാൻ സ്വന്തമായിട്ട് അവിടെ ചെയ്തിട്ടുള്ള ഒരു പരിശ്രമമാണ്.

അതിൽനിന്ന് എനിക്ക് മനസ്സിലായിട്ടുള്ള ഒരു കാര്യം, കുട്ടികളുടെ അവകാശങ്ങൾ എന്നുപറയുന്നത് കുട്ടികളോടുള്ള പരിഗണനയിൽ മാതാപിക്കൾക്കു തന്നെ ഉണ്ടാകേണ്ടുന്ന ചില പരിവർത്തനങ്ങളാണ്. കുട്ടികൾ എന്നു പറയുന്നത് നമ്മുടെ സ്വത്താണ്, അത് നമ്മുടെ ആവശ്യം പോലെ ഉപയോഗിക്കാം, അവരെക്കൊണ്ട് മുതലെടുക്കാം എന്നൊരു വിചാരം മാതാപിതാക്കൾക്ക് പോലും ഉള്ളതായിട്ടാണ് അവിടെ കണ്ടത്.

അപ്പോൾ കുട്ടികളുടെ അവകാശങ്ങൾ എന്നുള്ളതിൽ പ്രധാനമായി ഞാൻ കാണുന്നത് കുട്ടികളോടുള്ള മനുഷ്യരുടെ മനോഭാവമാണ്. അവരെ വെറും നിസഹായരും സ്വന്തമായി ചിന്തിക്കാൻ കഴിവില്ലാത്തവരുമായി കണ്ടുകൊണ്ട് അവരെ ഇഷ്ടംപോലെ ഉപയോഗിക്കാം എന്നൊരു ചിന്ത പ്രായമുള്ളവർക്കു വരുമ്പോഴാണ് പ്രശ്നങ്ങൾ ഉണ്ടാകുന്നത്. അത് നിയമങ്ങൾ കൊണ്ട് കുറെയൊക്കെ പരിഹരിക്കാനൊക്കും. കുട്ടികൾ പത്ത് പതിനാലു വയസുവരെ ജോലി ചെയ്യുവാൻ പാടില്ല എന്നൊരു നിയമം ഉണ്ടാക്കാം. എന്നാൽ അതൊന്ന് നടപ്പാക്കുവാൻ നമ്മുടെ രാജ്യത്ത് സാധിക്കുന്നില്ല.

ഫാക്ടറിയിലായാലും, കല്ല് പൊട്ടിക്കുന്നിടത്തായാലും, കശുവണ്ടി ഫാക്ടറിയിലായാലും, നമ്മുടെ കുട്ടികളെ നമ്മൾ നിർദയമായി ജോലി ചെയ്യിച്ച് അതുകൊണ്ട് മറ്റുള്ളവർ പ്രയോജനം സിദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത്; കുട്ടികളുടെ അവകാശങ്ങൾ എന്നതു പോലെ തന്നെ പ്രധാനമാണ് കുട്ടികളോടുള്ള സമൂഹത്തിന്റെ മനോഭാവം. ഇതാണ് എനിക്ക് ആദ്യമായിട്ട് പറയുവാനുള്ളത്. കുട്ടികൾ മനുഷ്യവ്യക്തികളാണ്. അവ

രെയും ഈശ്വരരൂപത്തിലാണ് നാം കാണേണ്ടത്. സാധാരണ എല്ലാ മനുഷ്യരെയും ബഹുമാനിക്കുന്നതുപോലെ അവരെയും ബഹുമാനിക്കണം. മനുഷ്യന്റെ അന്തസ്സ് എന്നു പറയുന്നത് കുട്ടിക്കും ഉണ്ട്. അത് എടുത്തുകളയുവാൻ സാധ്യമല്ല എന്ന ഒരു കാര്യം ആദ്യമായിട്ട് ഞാനൊന്ന് പറയട്ടെ.

രണ്ടാമത്, കുട്ടികളെ സംബന്ധിച്ചിടത്തോളം ഇന്നത്തെ പ്രധാനമായ ഒരു പ്രശ്നം അവരുടെ ആരോഗ്യമാണ്. ഭാരതത്തിൽ കുട്ടികളുടെ ആരോഗ്യത്തെ വേണ്ടവിധം സംരക്ഷിക്കാത്തതു മൂലം അനേകായിരം ശിശുക്കൾ പ്രായമാകുന്നതിനു മുമ്പു തന്നെ മരിച്ചുപോകുന്നതായിട്ട് കണക്കുകളിൽ കാണുന്നുണ്ട്. കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് മുൻകൈയെടുത്ത് പലതും ചെയ്തിട്ടുണ്ട്. എങ്കിലും കുട്ടികളോടുള്ള സമീപനത്തിൽ അവരെ വേണ്ടവിധം നോക്കുക, അവരുടെ ആരോഗ്യം സംരക്ഷിക്കുക എന്നുള്ളത് ഗവൺമെന്റിന്റെ മാത്രം ചുമതലയല്ല; മാതാപിതാക്കന്മാരുടെ കൂടെ ചുമതലയാണ്. മാതാപിതാക്കന്മാർ അക്കാര്യത്തിൽ ശുഷ്കാന്തിയായി പ്രവർത്തിച്ചില്ലെങ്കിൽ വലിയ കുഴപ്പമുണ്ടാകും. അതോട് അനുബന്ധിച്ച് പറയാനുള്ളത്, വടക്കേയിന്ത്യയിൽ പെൺകുട്ടികളോട് പ്രത്യേകിച്ചും വിവേചനപരമായിട്ടാണ് പെരുമാറുന്നത് (കേരളത്തിൽ എത്രമാത്രമുണ്ടെന്ന് എനിക്ക് അറിഞ്ഞു കൂടാ). പെൺകുട്ടികൾ അങ്ങ് മരിച്ചുപോയാലും നഷ്ടമൊന്നുമില്ല; ആൺകുട്ടികളാണെങ്കിൽ കുടുംബത്തിന് വരുമാനം വർദ്ധിക്കുവാൻ ഉപകരിക്കും എന്ന മനോഭാവത്തോടുകൂടി പല സ്ഥലങ്ങളിലും പെൺകുട്ടികളെ നിർദയമായിട്ട് അവഗണിക്കുന്ന ഒരവസ്ഥ ഉണ്ട് എന്നുള്ളത് പരമാർത്ഥമാണ്. കേരളത്തിൽ അത് അത്രയും ഇല്ല എന്നു തോന്നുന്നു.

മനുഷ്യകുഞ്ഞുങ്ങളെ സംബന്ധിച്ച് ഒരു പ്രത്യേകതയുണ്ട്. ഒരു പശുവിന് ഒരു കിടാവുണ്ടായി കഴിഞ്ഞാൽ, പെറ്റുവീണാൽ ഒരു മിനിറ്റിനകത്ത് ആ കിടാവ് ചാടിയെഴുന്നേറ്റ് തന്നെത്താനെ നടക്കാൻ തുടങ്ങും. മനുഷ്യക്കുഞ്ഞാണെങ്കിലോ പെറ്റുവീഴുമ്പോൾ പൂർണമായും നിസഹായ അവസ്ഥയിലാണ്. അതിനെക്കൊണ്ട് കരയാനല്ലാതെ വേറെയൊന്നും സാധ്യമല്ല. ഇത് മനുഷ്യപ്രതിഭാസത്തിന്റെ ഒരു പ്രത്യേകതയാണ്. മൃഗങ്ങൾക്ക് വളരെ ഹ്യസ്വമായ ഒരു ശൈശവമേ ഉള്ളൂ. ആ ശൈശവ കാലത്ത് പ്രധാനമായിട്ടുള്ള ചില കാര്യങ്ങളൊക്കെ സമ്പാദിച്ചിട്ട് അവർ പെട്ടെന്ന് പ്രായമായവരുടെ കൂട്ടത്തിൽ ചേരും. പക്ഷേ മനുഷ്യക്കുഞ്ഞ് 20 വർഷം മറ്റുള്ളവരെ ആശ്രയിച്ച് ജീവിച്ച് സ്വന്തമായി നിലനിൽക്കാനുള്ള കഴിവ് സമ്പാദിക്കുന്നു. എന്തുകൊണ്ടാണ് പ്രകൃതി മനുഷ്യനെ ഇങ്ങനെ സൃഷ്ടിച്ചിട്ടുള്ളത്? കാളക്കിടാവിനെയും കോഴിക്കുഞ്ഞിനെയും പോലെ പെറ്റുവീണാൽ ഉടനെ, അല്ലെങ്കിൽ മുട്ട വിരിഞ്ഞാൽ ഉടനെ സ്വന്തം കാര്യം നോക്കാനുള്ള കഴിവ് മനുഷ്യക്കുഞ്ഞിനും കൂടി കൊടുത്തിരുന്നെങ്കിൽ എത്ര നല്ലതായിരുന്നുവെന്ന് നിങ്ങൾക്ക് തോന്നിയേക്കാം. അങ്ങനെ കൊടുക്കാഞ്ഞതിന് പ്രത്യേക കാരണമുണ്ട്. ഈ പത്തോ ഇരുപതോ വർഷക്കാലം മറ്റുള്ളവരെ ആശ്രയിച്ചു ജീവിക്കുന്ന കാലത്താണ് ഒരു മനുഷ്യ പ്രതിഭാസത്തിന്റെ

മനുഷ്യത്വം ഉരുത്തിരിയുന്നത്. നീണ്ട കാലത്തെ വിദ്യാഭ്യാസം, അതിൽ കൂടി മാത്രമാണ് ഒരു മനുഷ്യൻ മനുഷ്യനായി തീരുന്നത്. അപ്പോൾ കുട്ടികളെ നാം ശരിയായിട്ട് രൂപവൽക്കരിക്കുകയാണെങ്കിൽ ഒരു നല്ല സമൂഹം നമുക്ക് ഉണ്ടാകും. നേരെ മറിച്ച് കുട്ടികളുടെ കാര്യത്തിൽ നമ്മൾ വരുത്തുന്ന വീഴ്ചകൾ സമൂഹത്തെ മുഴുവൻ ബാധിക്കും. ഒരു മനുഷ്യക്കുഞ്ഞിനെ മനുഷ്യനാക്കിയെടുക്കുന്ന പ്രക്രിയയിൽ മൂന്നു വശങ്ങളാണുള്ളത്. ഒന്ന്, കുടുംബം; രണ്ട്, വിദ്യാഭ്യാസം/വിദ്യാലയം; മൂന്ന്, സമൂഹം. ഇത് മൂന്നും കൂടിയാണ് ഒരു കുഞ്ഞിന്റെ മനസ്സും മനോഭാവവും രൂപവൽക്കരിക്കുന്നത്. അതിലാണിന്ന് നമുക്ക് വലിയ പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സ്കൂളിലായാലും സമൂഹത്തിലായാലും കുടുംബത്തിലായാലും തെറ്റായ മനോഭാവങ്ങൾ മാതാപിതാക്കന്മാരിലും, സ്കൂളധികാരികളിലും, സമൂഹത്തിന്റെ കാര്യങ്ങൾ കരുപ്പിടിപ്പിക്കുന്നവരിലും ഉണ്ടാകുമ്പോൾ അതനുസരിച്ച് ഈ മനുഷ്യ പ്രതിഭാസത്തിന്റെ രൂപവൽക്കരണത്തിൽ വളരെയധികം വൈകല്യങ്ങൾ വന്നുചേരുന്നുണ്ട്. ഒരു ചെറിയ ഉദാഹരണം ഞാൻ പറയാം.

നമ്മുടെ ഭാരതത്തിൽ 1930–ൽ ഉണ്ടായ ഒരു യഥാർത്ഥ സംഭവമാണ് – Kamala The Wolf Child ന്റെ കഥ. നിങ്ങളിൽ കുറെപ്പേരെങ്കിലും ഈ കഥ വായിച്ചുകാണും. അന്നത്തെ കാലത്തെ എല്ലാ സൈക്കോളജി ടെസ്റ്റ് ബുക്കുകളിലും ഉണ്ടായിരുന്നു Kamala The Wolf Child ന്റെ കഥ. ഒരു ആദിവാസി സ്ത്രീക്ക് ഒരു കുഞ്ഞുണ്ടായ സമയത്ത് ആ കുഞ്ഞിനെ അവർ, കാട്ടിൽ കൊണ്ടുപോയി ഉപേക്ഷിച്ചു. കുടിക്കാനുള്ള പാൽ മാത്രം അതിന്റെ വായിൽ വച്ചുകൊടുത്തിട്ട് അവിടെ ഇട്ടിട്ട് പോന്നു. ആ കുഞ്ഞ് കിടന്ന് കരയാൻ തുടങ്ങിയപ്പോൾ ചെന്നായ്ക്കളുടെ ഒരു വ്യൂഹം അതിലെ വന്നു. ഒരു അമ്മ ചെന്നായും അതിന്റെ എട്ടോ പത്തോ കുട്ടികളുമടങ്ങുന്നതാണാ കൂട്ടം. ഈ മനുഷ്യക്കുഞ്ഞ് നിസ്സഹായമായി കിടന്ന് കരയുന്നതു കണ്ടപ്പോൾ അമ്മ ചെന്നായയ്ക്ക് മാതൃസഹജമായ അനുകമ്പ തോന്നിയിട്ട് ഈ കുഞ്ഞിനെ എടുത്തുകൊണ്ടുപോയി അതിന്റെ സ്വന്തം വയറ്റിൽ വച്ചു വളർത്തിയെടുത്തു. ആ കുഞ്ഞ് ചെന്നായ് കുഞ്ഞുങ്ങളുടെ ഇടയ്ക്കാണ് വളർന്നുവന്നത്. ഒരു പത്ത് പതിമൂന്ന് കൊല്ലം കഴിഞ്ഞപ്പോൾ ഈ ആദിവാസികൾ നോക്കുമ്പോൾ, ഒരു കൂട്ടം ചെന്നായ്ക്കൾ നടക്കുന്നു. ആ കൂട്ടത്തിൽ ഒരെണ്ണത്തിന്റെ മുഖം മനുഷ്യന്റേതുപോലെയിരിക്കുന്നു. നീണ്ട തലമുടി താഴേക്കു വീണുകിടക്കുന്നു, നാലു കാലിലാണ് നടക്കുന്നതെങ്കിലും മനുഷ്യനാണെന്ന് തോന്നുന്ന ഒരു പ്രതിഭാസമാണത് എന്നു കണ്ടപ്പോൾ ആദിവാസികൾ ഭയപ്പെട്ടു. ഇത് എന്തോ ഒരു പൈശാചിക പ്രതിഭാസമാണെന്ന് അവർ കരുതി. ആ സമയത്ത് സമൂഹത്തിലുണ്ടായിരുന്ന ചില ആളുകൾ ഈ കുഞ്ഞിനെ എങ്ങനെയെങ്കിലും പിടിച്ചെടുത്ത് മനുഷ്യസമൂഹത്തിലേക്ക് കൊണ്ടുവരണമെന്നും, ഇതൊരു മനുഷ്യക്കുഞ്ഞായിരിക്കുവാൻ വഴിയുണ്ടെന്നും പറഞ്ഞ് ഇറങ്ങിത്തിരിച്ചു. ആ കുഞ്ഞിനെ പിടിച്ചെടുക്കുവാൻ ശ്രമിച്ച സമയത്ത്, അമ്മ ചെന്നായ് ഒരു കാരണവശാലും ആ കുഞ്ഞിനെ വിട്ടുകൊടുക്കാതെ ആ മനുഷ്യരെ

ആക്രമിക്കുവാൻ ശ്രമിച്ചു. അവസാനം അമ്മ ചെന്നായയെ കൊന്നിട്ടാണ് ആ കുഞ്ഞിനെ മനുഷ്യസമൂഹത്തിലേക്ക് കൊണ്ടുവന്നത്. മനുഷ്യസമൂഹത്തിൽ കൊണ്ടുവന്ന് അതിന് കമല എന്നു പേരുമിട്ടു. മനുഷ്യന്റെ ഭക്ഷണം കൊടുത്താൽ ആ കുട്ടി കഴിക്കുകയില്ല. നീണ്ട നഖങ്ങൾ കൊണ്ട് ചെല്ലുന്നവരെയെല്ലാം മാന്താനും കടിക്കാനും ശ്രമിക്കും. മനുഷ്യശബ്ദമല്ല ചെന്നായ്ക്കളുടെ ശബ്ദമാണ് ഉണ്ടാക്കുന്നത്. ആ കുഞ്ഞ് രണ്ടു വർഷത്തോളം മനുഷ്യസമൂഹത്തിൽ വളർത്തപ്പെട്ടുവെങ്കിലും അവസാനം മരിച്ചുപോയി. ഈ കഥ ഞാൻ പറഞ്ഞതിന്റെ കാരണം ആ കുഞ്ഞിന്റെ സ്വഭാവം രൂപവൽക്കരിക്കപ്പെട്ടത് അത് ആരുടെ കൂടെ വളർന്നുവോ, ആ ചെന്നായ് കുഞ്ഞുങ്ങളുമായിട്ടുള്ള സമ്പർക്കം മൂലമാണ്.

നമ്മുടെയുമെല്ലാം സ്വഭാവം രൂപവൽക്കരിക്കുന്നത് ഇങ്ങനെയാണ്. നാം ആരുമായി സമ്പർക്കം പുലർത്തുന്നുവോ അവരിൽ നിന്നാണ് നമ്മുടെ മനോഭാവങ്ങളും ആശയങ്ങളും ചിന്താരൂപങ്ങളുമൊക്കെ ഉരുത്തിരിയുന്നത്. കുടുംബത്തിലെയും വിദ്യാലയത്തിലെയും സമൂഹത്തിലെയും സാമൂഹ്യസമ്പർക്കത്തിൽ കൂടി കരുപ്പിടിപ്പിക്കപ്പെട്ടിട്ടുള്ളവരാണ് നാമെല്ലാവരും. സമൂഹത്തിലുള്ള വൈകല്യങ്ങൾ, കുടുംബത്തിലുള്ള വൈകല്യങ്ങൾ, വിദ്യാലയത്തിലുള്ള വൈകല്യങ്ങൾ തുടങ്ങിയവ മനുഷ്യരാശിയെത്തന്നെ കരുപ്പിടിപ്പിക്കുന്നതിൽ പ്രധാനമായ ഒരു ഭാഗഭാഗിത്വം വഹിക്കുന്നുണ്ട്. അതിനെക്കുറിച്ച് നാം മനസ്സിലാക്കുകയും സമൂഹത്തിൽ തന്നെ മനോഭാവത്തിൽ മൗലീകമായ പരിവർത്തനം വരികയും വേണം. നാമോരോരുത്തരും സ്വാർത്ഥപരന്മാരായി ജീവിക്കുന്ന സമയത്ത് നമ്മുടെ കുഞ്ഞുങ്ങൾക്ക് സ്വാർത്ഥം ഉണ്ടാകരുതെന്ന് പറഞ്ഞാൽ നടക്കില്ല. സമൂഹത്തിലുള്ള മനോഭാവങ്ങളും മൂല്യങ്ങളുമാണ് കുഞ്ഞുങ്ങൾക്കും കിട്ടുന്നത്. അതുകൊണ്ട് കുഞ്ഞുങ്ങളെ സംരക്ഷിക്കുവാനുള്ള പ്രധാനമായ ഉപാധി സമൂഹത്തിൽ തന്നെ മനുഷ്യൻ മനുഷ്യനോട് മനുഷ്യത്വത്തോടുകൂടെ പെരുമാറുക എന്നുള്ളതാണ്. ഇന്ന് അത് പൊയ്ക്കഴിഞ്ഞിട്ട് കമ്പോള വ്യവസ്ഥിതിയുമൊക്കെ വന്നിട്ട് എല്ലാവരും പണത്തിനുവേണ്ടി എന്തും ചെയ്യാം, കുഞ്ഞുങ്ങളെ വിൽക്കാം, സ്വന്തബന്ധങ്ങളെ ത്യാഗം ചെയ്യാം എന്നുള്ള ഒരു മൂല്യ വ്യവസ്ഥിതിയിലാണ് ജീവിക്കുന്നത്. ഈ ഒരു സാഹചര്യത്തിലേക്ക് സമൂഹം വന്നിരിക്കുകയാണെങ്കിൽ കുഞ്ഞുങ്ങളും ആ വിധത്തിലേ വളർന്നുവരികയുള്ളു. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, കുഞ്ഞുങ്ങളുടെ ഭാവിഭാഗധേയമാണ് നാം അന്വേഷിക്കുന്നതെങ്കിൽ സമൂഹത്തിൽ മൗലീകമായ പരിവർത്തനങ്ങൾ വന്നിട്ട് മനുഷ്യത്വമുള്ള മനോഭാവങ്ങൾ ഇവിടെ കൂടുതലായി വളർന്നുവരണം. എങ്കിൽ മാത്രമേ കുഞ്ഞുങ്ങളുടെ ഉത്കർഷം ശരിയായിട്ട് ഉണ്ടാവുകയുള്ളു.

*(കോട്ടയം ജവഹർ ബാലഭവനിൽ നടന്ന 'കുട്ടികളുടെ അവകാശങ്ങൾ' എന്ന സെമിനാറിൽ ചെയ്ത ഉദ്ഘാടനപ്രസംഗം, 1995.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്*)*

# 26

# ഭാരതസഭ ആദിമുതലേ സ്വതന്ത്രം

പരിശുദ്ധ തോമ്മാശ്ലീഹാ ഭാരതത്തിൽ വന്നു സ്ഥാപിച്ച സഭ വിദേശത്തുള്ള മറ്റേതെങ്കിലും സഭയ്ക്കു വിധേയമായിരുന്നോ, അതോ സ്വതന്ത്രവും അന്യനിരപേക്ഷവുമായിരുന്നോ? കത്തോലിക്കാസഭയിലെ ചില ചരിത്രലേഖകന്മാരുടെ ചിന്തയിൽ ഭാരതത്തിലെ സഭ ആദിമുതലേ റോമൻ കത്തോലിക്കാസഭയുടെ കീഴിലായിരുന്നു. പക്ഷേ എ. ഡി. 52 ലാണ് ഇവിടെ സഭയുണ്ടായതെങ്കിൽ ആ സമയത്ത് റോമാ നഗരത്തിൽ ഒരു സഭയുണ്ടോയെന്നുതന്നെ സംശയമാണ്. ഉണ്ടായിരുന്നെങ്കിൽ തന്നെയും പരിശുദ്ധ തോമ്മാശ്ലീഹായ്ക്ക് അതേക്കുറിച്ച് അറിവുണ്ടായിരുന്നിരിക്കാനും വഴിയില്ല. ഏതായാലും ഒരപ്പോസ്തോലനും എവിടെയെങ്കിലും സഭ സ്ഥാപിക്കുമ്പോൾ അത് മറ്റൊരു സഭയ്ക്കു വിധേയമായി സ്ഥാപിച്ചു എന്നുള്ളതിനു ലവലേശം തെളിവില്ല.

പരിശുദ്ധ തോമ്മാശ്ലീഹാ ഇന്ത്യയിൽ പലയിടത്തും സഭ സ്ഥാപിച്ചു. പ്രധാനമായും ഉത്തരപശ്ചിമദേശത്തുള്ള തക്ഷശിലയിലും, ദക്ഷിണപശ്ചിമതീരത്തുള്ള കൊടുങ്ങല്ലൂരും, കേരളത്തിലെ മറ്റു പട്ടണങ്ങളിലും, ദക്ഷിണപൂർവതീരത്തുള്ള മൈലാപ്പൂരിലുമായിരിക്കണം സഭകൾ സ്ഥാപിച്ചത്. ഇന്ത്യയുടെ ഈ മൂന്നു കോണിലുമുള്ള സഭകൾ തമ്മിൽ എന്തെങ്കിലും പരസ്പരസമ്പർക്കമുണ്ടായിരുന്നുവോ എന്നുതന്നെ സംശയമാണ്.

കേരളത്തിലുള്ള ക്രൈസ്തവരുടെ പാരമ്പര്യമനുസരിച്ചു (വീരടിയാൻ പാട്ട്, റമ്പാൻപാട്ട്, മാർഗംകളി മുതലായവയൊക്കെ പതിനേഴാം ശതാബ്ദത്തിനു ശേഷമുള്ളതാണെങ്കിലും അവയുടെ പിമ്പിൽ വലിയ പഴക്കമുള്ള പാരമ്പര്യങ്ങളാണുള്ളത്) പരിശുദ്ധ തോമ്മാശ്ലീഹാ ഏഴു പള്ളികൾ ഇവിടെ സ്ഥാപിക്കുകയും ഏഴു പുരോഹിതന്മാരെ വാഴിക്കയും ചെയ്തു എന്നാണല്ലോ പറയുന്നത്. നാലാം ശതാബ്ദത്തിനുശേഷം മാത്രമാണ് ഇടവകകളുടെ ഭരണചുമതല കശീശന്മാർ വഹിക്കാൻ തുടങ്ങിയത്. അതിനുമുമ്പ് ഓരോ ഇടവകയ്ക്കും കശീശന്മാരുടെ ഒരു സംഘവും അവരുടെ തലവനായി ഒരു എപ്പിസ്കോപ്പായുമാണുണ്ടായിരുന്നത്. ഓരോ പട്ടണത്തിലും ഒരു എപ്പിസ്കോപ്പാ ഉണ്ടായിരുന്നു.

പരിശുദ്ധ തോമ്മാശ്ലീഹാ ഇവിടെ വന്ന് ഏഴ് പുരോഹിതർക്ക് പട്ടം കൊടുത്തു എന്നു പറയുന്നത് ഏഴ് കശീശന്മാരല്ല. ഏഴ് മെത്രാന്മാരത്രെ. പറവൂർ, പാലയൂർ, കൊല്ലം, നിരണം, കോക്കമംഗലം മുതലായ ഏഴു സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിച്ചു എന്നു പറയുന്നതിന്, ആ സ്ഥലങ്ങളിൽ ഓരോ കെട്ടിടങ്ങൾ പണിതു എന്നല്ല അർത്ഥം. നേരെമറിച്ച് ഈ സ്ഥലങ്ങളിലെല്ലാം വിശ്വാസികളുടെ സംഘങ്ങളാകുന്ന തദ്ദേശീയ സഭകൾ സ്ഥാപിക്കുകയും മറ്റുള്ള എല്ലാ അപ്പോസ്തോലന്മാരും ചെയ്തതു

പോലെ ഓരോ സ്ഥലത്തും ഒരു സംഘം കശീശന്മാരെയും ശെമ്മാശന്മാരെയും, അവരുടെ മേലധികാരിയായി ഓരോ എപ്പിസ്ക്കോപ്പന്മാരെയും പട്ടം കെട്ടി എന്നുതന്നെയാണ്.

ഏഴ് പട്ടക്കാർ അല്ലെങ്കിൽ ഏഴു പുരോഹിതന്മാർ എന്ന് അന്ന് പറഞ്ഞതിന് ഏഴു കശീശന്മാർ എന്നല്ല അർത്ഥം. പ്രത്യുത ഏഴു മെത്രാന്മാർ എന്നു തന്നെയാണ്. യഥാർത്ഥത്തിൽ കശീശന്മാർ, പുരോഹിതന്മാർ എന്നു വിളിക്കപ്പെടുവാൻ തുടങ്ങിയത് ഏറെക്കുറെ നിഖ്യാ സുന്നഹദോസിന്റെ കാലത്തായിരുന്നു. കുസ്തന്തീനോസ് ചക്രവർത്തിയും ലിസിനിയസ് ചക്രവർത്തിയും ഒരുമിച്ച് 313-ാം ആണ്ടിൽ മിലാനിൽ കൂടി ക്രിസ്തീയവിശ്വാസത്തെ നിയമദൃഷ്ടിയിൽ സാധുതയുള്ള മതമായി അംഗീകരിച്ചതോടെയാണ് സഭയുടെ അംഗസംഖ്യ പതിന്മടങ്ങ് വർദ്ധിച്ചത്. തത്ഫലമായി ഓരോ ഇടവകയും പല പള്ളികളായി വിഭജിക്കപ്പെടുകയും കശീശന്മാർ ഇടവകയുടെ ചുമതല ഏറ്റെടുക്കേണ്ടിവരികയും ചെയ്തു. അതിനുമുമ്പ് ഓരോ ഇടവകയ്ക്കും അതായത് ഓരോ തദ്ദേശീയ സഭയ്ക്കും ഒരു എപ്പിസ്കോപ്പായും അദ്ദേഹത്തോടൊരുമിച്ചു കുറെ കശീശന്മാരും ശെമ്മാശന്മാരുമുണ്ടായിരുന്നു.

പരിശുദ്ധന്മാരായ അപ്പോസ്തോലന്മാർ ഓരോ സ്ഥലത്തും സഭ സ്ഥാപിക്കുമ്പോൾ അവിടെയുള്ള ആദ്യഫലങ്ങളായുള്ള ക്രിസ്ത്യാനികളിൽ ആത്മീകവളർച്ചയുള്ള കുറേപ്പേരെ മൂപ്പന്മാരായും അവരിലൊരാളെ എപ്പിസ്ക്കോപ്പായായും വാഴിക്കുന്ന പതിവാണുണ്ടായിരുന്നത് എന്ന് അപ്പോസ്തോലിക പിതാക്കന്മാരായ റോമ്മായിലെ വി. ക്ലീമീസിന്റെയും അന്ത്യോഖ്യായിലെ വി. ഇഗ്നാത്തിയോസിന്റെയും എഴുത്തുകളിൽ കാണുന്നു.

അതുതന്നെയാണ് പരിശുദ്ധനായ തോമ്മാശ്ലീഹാ ഇന്ത്യയിലും ചെയ്തത്. ഏഴു പള്ളികൾ സ്ഥാപിച്ച് ഏഴു പുരോഹിതന്മാർക്ക് പട്ടം കൊടുത്തു എന്നു പാരമ്പര്യം പറയുന്നതിന്റെ അർത്ഥം ഏഴു എപ്പിസ്കോപ്പന്മാരെ വാഴിച്ചു എന്നുതന്നെയാണ്. ഏഴരപള്ളി എന്നു പാരമ്പര്യത്തിൽ കാണുന്നത് നിലയ്ക്കലോ തിരുവിതാംകോട്ടോ എപ്പിസ്കോപ്പായില്ലാതെ കശീശന്മാർ മാത്രമുള്ള ഒരു പള്ളി സ്ഥാപിച്ചതിനെ ഉദ്ദേശിച്ചായിരിക്കണം.

ഏഴു എപ്പിസ്ക്കോപ്പന്മാരെ വാഴിച്ചതിന്റെ ഉദ്ദേശ്യം അവരിൽ ഒന്നോ രണ്ടോ പേർ കാലം ചെയ്താലും അവശേഷിക്കുന്ന എപ്പിസ്കോപ്പന്മാരിൽ മൂന്നുപേർക്ക് ഒരുമിച്ചുകൂടി കാലം ചെയ്തവരുടെ പിൻഗാമികളെ വാഴിക്കുവാൻ സാധിക്കുമെന്നതിനാലായിരുന്നു. ഒരു സഭയുടെ സ്വയംശീർഷകത്വത്തിന് എത്രയും അത്യാവശ്യമുള്ളത് നാല് എപ്പിസ്കോപ്പന്മാരെങ്കിലും ഉള്ള ഒരു സുന്നഹദോസാണ്. ഒരു മെത്രാനെ വാഴിക്കുന്നതിന് മൂന്നു മെത്രാന്മാരെങ്കിലും വേണമെന്നാണ് സഭാപാരമ്പര്യം. അല്ലാതെ പാത്രിയർക്കീസിനും ഒറ്റയ്ക്ക് ഒരു എപ്പിസ്കോപ്പായെ വാഴിക്കുവാനുള്ള അധികാരമില്ല.

അതുകൊണ്ട് ഒരു മെത്രാൻ കാലം ചെയ്യുമ്പോൾ പിൻഗാമിയെ വാഴി

ക്കുന്നതിന് ഏറ്റവും ആവശ്യമുള്ള മിനിമം ഘടനയാണ് നാലംഗങ്ങളെങ്കിലും ഉള്ള ഒരു എപ്പിസ്കോപ്പൽ സുന്നഹദോസ്. സഭയുടെ സ്വയം ശീർഷകത്വം നിലനിർത്തിക്കൊണ്ട് പോകുന്നതിനുള്ള ഏറ്റവും കുറഞ്ഞ ഉപാധിയാണ് നാലംഗ സുന്നഹദോസ്. എന്നാൽ ഒന്നിൽ കൂടുതൽ മെത്രാന്മാർ ഒരേ സമയത്തു കാലം ചെയ്യുവാനും ശേഷിക്കുന്നവരിൽ ചിലർക്ക് രോഗം കൊണ്ടോ വാർദ്ധക്യസഹജമായ ബലഹീനതകൊണ്ടോ എപ്പിസ്കോപ്പായെ വാഴിക്കുന്നതിൽ സഹകരിക്കാൻ സാധിക്കാതെ വരുമ്പോൾ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനും വേണ്ടിയാണ് സുന്നഹദോസിന്റെ മിനിമം അംഗസംഖ്യ ഏഴ് എന്നു അപ്പോസ്തോലന്മാർ ക്രമീകരിച്ചത്. ഏഴ് എന്ന സംഖ്യ പൂർണതയുടെ പ്രതീകമാണല്ലോ.

ഒരു സഭയുടെ സ്വയംശീർഷകത്വത്തിനു പാത്രിയർക്കീസിനേക്കാൾ അത്യാവശ്യമാണ് ഈ ഏഴംഗ സുന്നഹദോസ്. അങ്ങിനെ ഒരു സുന്നഹദോസാണ് പരിശുദ്ധ തോമ്മാശ്ലീഹാ ഇവിടെ സ്ഥാപിച്ചത്. നമുക്ക് മറ്റാരെയും ആശ്രയിക്കാതെ ഭാരതസഭയുടെ സ്വയംശീർഷകത്വം തുടർന്നു കൊണ്ടുപോകുവാൻ എക്കാലവും സാധിക്കേണ്ടതായിരുന്നു. നമ്മുടെ ബുദ്ധിമോശം കൊണ്ട് പല പ്രാവശ്യം നാം ഈ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തി. പേർഷ്യൻ സഭയ്ക്കും പിന്നീട് അന്ത്യോക്യൻ സഭയ്ക്കും നാം നമ്മുടെ സ്വാതന്ത്ര്യം അടിയറവച്ചു. മാർത്തോമ്മാക്കാരെ തോല്പിക്കുവാനായി നമ്മൾ അന്ത്യോക്യയെ കൂട്ടുപിടിച്ചു.

### സുപ്രീം കോടതിവിധിയും സമാധാന ശ്രമങ്ങളും

സുപ്രീംകോടതി വിധിയോടെ നമ്മളൊരു വെട്ടിൽ വീണിരിക്കുകയാണ്. നമ്മൾ തലകൊണ്ടു പോയി സുപ്രീംകോടതിയിൽ കൊടുത്തു. കോടതി നമ്മളെ ഒരു വെട്ടിൽ കൊണ്ടുചെന്നു ചാടിച്ചിരിക്കുകയാണ്. കോടതിയിൽ പോയില്ലായിരുന്നെങ്കിൽ കുഴപ്പമില്ലായിരുന്നു. കോടതിയിൽ പോയി കഴിഞ്ഞാൽ കോടതി പറഞ്ഞത് അനുസരിക്കാൻ ബാദ്ധ്യസ്ഥരാണ്. ഈ രാജ്യത്തെ നിയമവും മറ്റും അനുസരിക്കാൻ നമ്മൾ കടപ്പെട്ടവരാണ്.

കോടതിവിധി പ്രകാരം സ്റ്റാറ്റസ്കോ നിലനിൽക്കുന്നു. അസോസിയേഷൻ കൂടിക്കഴിഞ്ഞാലേ സ്റ്റാറ്റസ്കോ മാറുകയുള്ളു. സ്റ്റാറ്റസ്കോ അനുസരിച്ച് തങ്ങളും മലങ്കര അസോസിയേഷൻ വൈസ്പ്രസിഡന്റുമാരാണെന്ന് പാത്രിയർക്കീസ് വിഭാഗം മെത്രാന്മാർ വാദിക്കുന്നു. നമ്മളിത് അംഗീകരിച്ചുകൊടുത്തിട്ടില്ല. അവർക്ക് ഇപ്പോൾ അവരുടെയിടയിൽ ഭരണമൊക്കെ നടത്താമെന്നല്ലാതെ, അസോസ്യേഷൻ കൂടി കഴിഞ്ഞ ശേഷമേ അവർ ആ നിലയിലെത്തുകയുള്ളു. ഇന്ത്യയിലെ എല്ലാ മെത്രാന്മാരും ഇവിടുത്തെ സുന്നഹദോസിലെ അംഗങ്ങളാണെന്നും അവർ സുന്നഹദോസിന് കീഴ്പെട്ട് പ്രവർത്തിക്കേണ്ടതാണെന്നുമാണ് നമ്മൾ വാദിക്കുന്നത്.

സിംഹാസനപള്ളികളും പൗരസ്ത്യ സുവിശേഷ സമാജം പള്ളികളും സുന്നഹദോസിന്റെ കീഴിൽ വരണം. പാത്രിയർക്കീസ് മെത്രാന്മാരെ വാഴിക്കുകയില്ലായിരിക്കാം. പക്ഷേ ഈ മെത്രാന്മാർ ചേർന്ന് മെത്രാന്മാരെ വാഴി

ച്ചെന്നു വരാം. അങ്ങനെ ഉണ്ടാകാതിരിക്കുവാനുള്ള വഴികൾ നോക്കണം. അവരെ സുന്നഹദോസിന്റെ കീഴിൽ കൊണ്ടുവന്ന് ഭരണഘടനയ്ക്കു വിധേയമാക്കണം. ആ രീതിയിലാണ് ഇപ്പോൾ നെഗോസിയേഷനുള്ള ശ്രമങ്ങൾ പോകുന്നത്. മലങ്കരസഭയിൽ ശാശ്വത സമാധാനമുണ്ടാക്കുക എന്നതാണ് നമ്മുടെ ഇപ്പോഴത്തെ ലക്ഷ്യം.

**മാർത്തോമ്മാ സിംഹാസനം**

മാർത്തോമ്മാ ശ്ലീഹായ്ക്ക് സിംഹാസനമില്ല എന്ന വാദം പൂർണ്ണമായും വിഡ്ഢിത്തമാണ്. യാക്കോബ് തൃതീയൻ ബുദ്ധിമോശമായ പല കാര്യങ്ങളും എഴുതുകയും പറയുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തോട് നേരിട്ട് ഇക്കാര്യത്തെക്കുറിച്ച് സംസാരിക്കുവാൻ എനിക്ക് അവസരം ലഭിച്ചു. ഒരു ഓർത്തഡോക്സ് വേദശാസ്ത്രജ്ഞനും ബാവാതിരുമേനിയുടെ ഈ വാദഗതി അംഗീകരിക്കുകയില്ല എന്നു ഞാൻ തുറന്നുപറഞ്ഞു. ഓർത്തഡോക്സ് സഭകളുടെ പാരമ്പര്യത്തിൽ ഇങ്ങനെയൊരു ചിന്താഗതി ഇല്ല എന്നു ഞാൻ ചൂണ്ടിക്കാട്ടി. ഇപ്പോൾ മാർത്തോമ്മാശ്ലീഹായെ തുബ്ദേനിൽ ഓർക്കാൻ പാത്രിയർക്കീസ് തന്നെ കല്പന ഇറക്കിയിട്ടുണ്ട്.

ഇപ്പോഴത്തെ ഈ പ്രത്യേക സാഹചര്യത്തിൽ സഭാസമാധാനത്തിനായി ഏവരും പ്രാർത്ഥിക്കുകയും അതിനോട് സഹകരിക്കുകയും ചെയ്യണമെന്ന് അപേക്ഷിച്ചുകൊണ്ട് എന്റെ വാക്കുകളെ ചുരുക്കുന്നു.

*(കോട്ടയം ഓർത്തഡോക്സ് സെമിനാരിചാപ്പലിൽ വി. മാർത്തോമ്മാ ശ്ലീഹായുടെ ദുഖ്റോനോ പെരുനാളിൽ വി. കുർബാന മദ്ധ്യേ നടത്തിയ പ്രസംഗം. 1996.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)

# 27
# കാഴ്ചയും ശ്രവണവും

**ഇ**ന്ന് ഈ അത്ഭുതഗ്രന്ഥം പ്രസിദ്ധീകരിക്കുന്ന ദിവസത്തിൽ ഒരു ശതാബ്ദി വർഷമായി ഇതേതുടർന്നുള്ള ആത്മീയപരിപാടികൾകൂടി ഉദ്ഘാടനം ചെയ്യപ്പെടുകയാണ്.

ഈ പുസ്തകത്തിന്റെ 90-ാം പേജിൽ തിരുമേനി പറയുന്നു: "സത്യ ദൈവത്തെ സേവിക്കുന്നതിനു ഇന്ന സ്ഥലമെ ആവൂ എന്നില്ല. ആത്മാ വിലും സത്യത്തിലും നാം സേവിക്കണം. എന്നാലും, ആത്മാവിന്റെയും സത്യത്തിന്റെയും പൂർണ്ണത പ്രാപിക്കുവാൻ കാഴ്ച ഏറ്റവും ഉപയോഗമു ള്ളതാകകൊണ്ടു നമ്മുടെ ജനങ്ങളിൽ കഴിയുന്നവർ എല്ലാം ഈ വിശുദ്ധ സ്ഥലങ്ങളെ സന്ദർശിക്കുന്നതായാൽ നന്നായിരിക്കുമെന്നു നാം അഭിപ്രാ യപ്പെടുകയും ഗുണദോഷിക്കുകയും ചെയ്യുന്നു".

ആദ്ധ്യാത്മികമായി എല്ലാ കാര്യങ്ങളും സംസിദ്ധമാകുന്നത് പഞ്ചേന്ദ്രി യങ്ങളിൽ കൂടിയാണ് എന്ന കാര്യം നാം പലപ്പോഴും വിസ്മരിക്കുന്നു. പൗരസ്ത്യ സഭയുടെ ആരാധനയുടെ അടിസ്ഥാനതത്വം ഇതാണ്. നമ്മുടെ ആരാധനയിലും എപ്പോഴും കാണുന്ന തത്വമിതാണ്.

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചപ്പോൾ പ്രകാശ ത്തിന് അസ്തിത്വം നൽകിക്കൊണ്ടാണു സൃഷ്ടിച്ചത്. ദൈവം നൽകുന്ന പ്രകാശത്തിലൂടെ സാധ്യമാകുന്ന ഒന്നാണ് കാഴ്ച. അതിൽ കൂടിയും ആദ്ധ്യാത്മികത പ്രാപിക്കേണ്ടതാണ്. എന്നാൽ കാഴ്ചയ്ക്കും ശ്രവണ ത്തിനും എന്റെ വീക്ഷണത്തിൽ തുല്യ പ്രാധാന്യമാണുള്ളത്.

ഹൈന്ദവ പാരമ്പര്യത്തിൽ ഒരു പ്രത്യേക വിശ്വാസമാണ് 'നാദബ്രഹ്മ വാദം.' സൃഷ്ടി എന്നത് ബ്രഹ്മനാദത്തിന്റെ വിവിധ സ്ഫുരണങ്ങൾ മാത്ര മല്ല. എല്ലാം ഈശ്വരനാദമാണ്. അത് നമുക്ക് ശ്രവിക്കാൻ കഴിഞ്ഞാൽ അതു മൂലം നമുക്ക് ജന്മസാഫല്യം ഉണ്ടാകാം. തീർത്ഥയാത്ര എന്നത് ഈ പഞ്ചേന്ദ്രിയങ്ങൾക്കും പ്രധാനമായ അനുഭൂതി നൽകാൻ സാധിക്കു ന്നതാണ്. അതിന്റെ വർണ്ണനയാണ് പുസ്തകത്തിന്റെ അവസാനഭാഗത്തു പറയുന്നത്.

വരുംനാളുകളിൽ ഈ പരിശുദ്ധസ്ഥലങ്ങളിൽ നാം പോകുമ്പോൾ വെറും വിനോദയാത്രയായിട്ട് പോകാതെ ആദ്ധ്യാത്മികമായ തപശക്തി യോടും ഭക്തിയോടും കൂടെ ഈ തീർത്ഥാടന യാത്രകളിൽ നാം സംബ ന്ധിക്കുകയും അതിൽനിന്ന് ഈശ്വരന്റെ പ്രത്യേക കാരുണ്യം പ്രാപി ക്കുകയും ചെയ്യുവാൻ തക്കവണ്ണം ഈ അടുത്തവർഷം നമുക്ക് പല പരിപാടികളും രൂപീകരിക്കുവാൻ സാധ്യമാവട്ടെ എന്ന് ആശംസിക്കുന്നു. ഈ പുസ്തകത്തിന്റെ പ്രസാധനത്തിനുവേണ്ടി അത്യധികം ഉത്സാഹി ച്ചിട്ടുള്ളതും അതിന് വളരെ രസാവഹമായ ഒരു മുഖവുര എഴുതിയിട്ടു ള്ളതുമായ ശ്രീ. പോൾ മണലിലിനെയും അത് പ്രസിദ്ധീകരിച്ച കറന്റ്

ബുക്സിനെയുമെല്ലാം ഞാൻ വളരെ പ്രത്യേകമായി അനുമോദിക്കുന്നു. ആ പിതാവിന്റെ അനുഗ്രഹങ്ങൾ നമുക്കെല്ലാവർക്കും ദൈവത്തിങ്കലേക്ക് ഒരു പടികൂടി അടുക്കുവാൻ സഹായകമാവട്ടെ. ദൈവം നമ്മെ അനുഗ്ര ഹിക്കട്ടെ.

*(പ. പരുമല തിരുമേനി രചിച്ച 'ഊർശ്ലേം യാത്രാവിവരണ'ത്തിന്റെ ശതാബ്ദി സമ്മേളനത്തിൽ തീർത്ഥാടന ശതാബ്ദി ഉദ്ഘാടനം ചെയ്തു കൊണ്ട് മെത്രാപ്പോലീത്താ നടത്തിയ പ്രഭാഷണത്തിൽ നിന്ന്. 1996 ജൂലൈ 12.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്*)*

# 28

# സഭയും സ്ത്രീകളും

വേദപുസ്തകപരമായി (ഉല്പത്തി 1:27) ദൈവം ആദാമിനെ (മനുഷ്യനെ) സൃഷ്ടിച്ചു. സ്വന്തരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവൻ അവരെ സൃഷ്ടിച്ചു; അവൻ അവരെ അനുഗ്രഹിച്ചു. രണ്ടു മൂന്നു കാര്യങ്ങൾ ഇവിടെ പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. ദൈവസ്വരൂപം എന്നു പറയുന്നത് സ്ത്രീയും പുരുഷനും ഉൾപ്പെടുന്ന മനുഷ്യനിലാണ്: സ്ത്രീയും പുരുഷനും ഒരുപോലെ ദൈവത്തിന്റെ സ്വന്തരൂപത്തിലാണ് സൃഷ്ടിക്കപ്പെട്ടത്. അവരുടെ പരസ്പരബന്ധത്തിലാണ് ദൈവികസ്വരൂപം ദൃഷ്ടമായത്. പുരുഷനിൽ മാത്രമായല്ല സ്ത്രീയോടൊപ്പം പുരുഷനിലാണത്. സ്ത്രീപുരുഷന്മാരുടെ പാരസ്പര്യം ദൈവസ്വരൂപത്തിന്റെ നിദർശനമാണ്.

Image എന്ന ഇംഗ്ലീഷ് പദത്തിന്റെ ഗ്രീക്കുപദം Icon എന്നാണ് (എബ്രായഭാഷയിൽ സേലം). അതായത് ദൃഷ്ടമല്ലാത്ത ഒരാളുടെ ദൃഷ്ടരൂപം. ഏതെങ്കിലും വസ്തുവിന്റെ പുനരാവിഷ്ക്കരണം എന്നും ആകാം.

ദൈവം കാണപ്പെട്ടവനല്ല എന്നും ദൈവത്തിന്റെ ദൃഷ്ടമായ രൂപമായാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതെന്നുമുള്ള മൗലിക യാഥാർത്ഥ്യം പലപ്പോഴും നാം വിസ്മരിക്കുന്നു. ക്രിസ്തീയ വേദശാസ്ത്രത്തെ സംബന്ധിച്ച് ആദാമിൽ അതിന്റെ മങ്ങിയ ചിത്രം നമുക്കു കാണാമെങ്കിലും അതിന്റെ പൂർത്തീകരണം രണ്ടാമത്തെ ആദാമായ ക്രിസ്തുവിലാണ്. ക്രിസ്തു സഭയെയും സൃഷ്ടിയെയും എല്ലാം തന്നിൽ ഒന്നാക്കി തിന്മയുടെ ലേശം പോലും ഇല്ലാതെ ദൃഷ്ടമാക്കുന്നതാണ് സകലത്തിന്റെയും സമ്പൂർത്തി.

അപ്പോൾ സ്ത്രീപുരുഷബന്ധം ആദിമ സൃഷ്ടിയിലെ ദൈവസ്വരൂപത്തിന്റെ തന്നെ പ്രകാശനമാണ്. ദൈവത്തിന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്ന ഒന്നാണ്. പൗലോസ് അപ്പോസ്തോലൻ പറയുന്നുണ്ടല്ലോ ക്രിസ്തുവും തന്റെ സഭയും തമ്മിലുള്ള ബന്ധം വിവാഹബന്ധത്തിലെ സ്ത്രീപുരുഷബന്ധം പോലെ നിഗൂഢമായ ഒരു രഹസ്യവും അഗാധമായ ഒരു ബന്ധവും ആണെന്ന്. ദൈവവും തന്റെ പ്രതിരൂപമായ മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ഒരു അവശ്യഘടകമാണ് സ്ത്രീപുരുഷ ബന്ധമെന്നുള്ളത് വേദശാസ്ത്രപരമായ അടിസ്ഥാന ആശയങ്ങളിൽ ഒന്നാമത്തേതാണ്.

രണ്ടാമത്തെ സംഗതി വീഴ്ചയുടെ ഉത്തരവാദിത്വം മനുഷ്യകുടുംബത്തിന് പൊതുവെ ഉള്ളതാണ്. ആദാം ഹവ്വയിൽ നിന്നാണ് പഴം വാങ്ങി തിന്നത്. ഹവ്വയാണ് അത് പാമ്പിൽ നിന്ന് ഏറ്റുവാങ്ങിയത്. ഇതിന്റെ ഉത്തരവാദിത്വം ആർക്കാണ് എന്നു ചോദിക്കുമ്പോൾ ഓരോ ആളും ഒഴിഞ്ഞു മാറുകയായിരുന്നു. എന്നാൽ വീഴ്ചയുടെ ഉത്തരവാദിത്വം സ്ത്രീയുടേതും പുരുഷന്റേതും (ആദം - ഹവ്വാ) പൊതുവായുള്ളതാണ്. മനുഷ്യന് മാത്ര

മല്ല, ജന്തുലോകത്തിനും അതിൽ പങ്കുണ്ട്. സൃഷ്ടി മുഴുവൻ വീണുപോകാനുള്ള കാരണം മനുഷ്യന്റെ പാപവും ആ പാപത്തിന്റെ പുറകിൽ ജന്തുലോകത്തിൽ നിന്നുണ്ടായിട്ടുള്ള ചില കാര്യങ്ങളുമാണ്. വീഴ്ചയ്ക്കുശേഷം ദൈവം പാമ്പിനെ ശപിക്കുന്നു, സ്ത്രീയെ ശപിക്കുന്നു, പുരുഷനെ ശപിക്കുന്നു. എന്താണ് ഈ ശാപം. ജന്തുലോകത്തോട്: 'മനുഷ്യൻ നിന്റെ ശത്രുവായി തീരും. അവൻ നിന്റെ തല ചതക്കും. നീ അവന്റെ കുതികാൽ തകർക്കും." ഈ ശത്രുത ദൈവസ്വരൂപത്തിൽ നിന്നുള്ള വീഴ്ചയാണ്. ദൈവസ്വരൂപം തിരികെ പ്രാപിക്കുമ്പോൾ ഈ ശത്രുതയും മാറണം. സ്ത്രീയോടുള്ള ശാപം: ഒന്ന് ഗർഭധാരണത്തിലും പ്രസവത്തിലുമുള്ള നിന്റെ പ്രയാസങ്ങൾ (കഷ്ടത, വേദന) ഞാൻ വർദ്ധിപ്പിക്കും. രണ്ടാമത് നിന്റെ ആഗ്രഹം (desire) നിന്റെ ഭർത്താവിനോടാകും. സ്ത്രീക്ക് പുരുഷനോടുള്ള ആസക്തി (ഇതിന്റെ മറുവശവും) ഒരു ശാപം പോലെയാണ്. മൂന്നാമത്തെ ശാപം അവൻ നിന്നെ അടക്കിഭരിക്കും. അതായത് പുരുഷൻ സ്ത്രീയെ അടക്കി ഭരിക്കുന്നത്, അഥവാ പുരുഷമേധാവിത്വം ദൈവസൃഷ്ടിയിലുള്ളതല്ല, വീഴ്ചയാലുണ്ടായതാണ്. മനുഷ്യന്റെ പാപത്തിന്റെ പ്രകാശനമാണ് പുരുഷൻ സ്ത്രീയെ അടിച്ചമർത്തുന്നത്, അടക്കി ഭരിക്കുന്നത്. ഇതു സൃഷ്ടിയുടെ ആദിഭാവത്തിലുള്ളതല്ല, പാപാവസ്ഥയുടെ ഫലമായി പിന്നീടുണ്ടായതാണ്. അല്ലാതെ ഈ അടിച്ചമർത്തൽ 'സൃഷ്ടി'യിൽ തന്നെ ഉള്ളതാണെന്നു പറഞ്ഞ് ആരും അതിനെ absolutize ചെയ്ത് പരമമായി കാണേണ്ടതില്ല. യഥാർത്ഥ ദൈവസ്വരൂപം വരുമ്പോൾ ഈ ശാപവും മാറണം. ദൈവസ്വരൂപം പൂർണത കിട്ടുമ്പോൾ പ്രസവത്തിന്റെ വേദന, അമിതമായ ലൈംഗികാസക്തി, ഒരാൾ മറ്റേ ആളെ അടക്കി ഭരിക്കുക ഇതെല്ലാം മാറും. ദൈവം പുരുഷനോട് പറയുന്നു: നീ വിയർപ്പോടെ അപ്പത്തിനായി അദ്ധ്വാനിക്കും. അതായത് ക്ലേശം നിറഞ്ഞ അദ്ധ്വാനം കൊണ്ട് മാത്രമേ ജീവിക്കാൻ സാധിക്കൂ.

ഉല്പത്തി പുസ്തകത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ മറ്റൊരു കഥയുണ്ട്. അവിടെ പറയുന്നത് ആദ്യം പുരുഷനെ (ആദമിനെ) സൃഷ്ടിച്ചു. അതിനുശേഷം അവന് സഖിത്വം നല്കാൻ (തനിയെ ആയിരിക്കുന്നത് നന്നല്ല എന്ന് കണ്ടിട്ട്) ജന്തുലോകത്തെ മുഴുവൻ അണിനിരത്തി നോക്കി. അവർക്ക് ഒക്കെ അവൻ പേരു നല്കി. എങ്കിലും തനിക്ക് തക്കതായ 'തുണ' യായി അവയിൽ ഒന്നിനെയും അവൻ കണ്ടില്ല. അവസാനം പുരുഷന് വലിയ ഒരുറക്കം കൊടുത്തിട്ട് അവന്റെ വാരിയെല്ലിൽ നിന്നും സ്ത്രീയെ ഉണ്ടാക്കി. സൃഷ്ടിയെപ്പറ്റിയുള്ള ഈ രണ്ടു കഥകളിലും രണ്ട് വശങ്ങളാണ് പറയുന്നത്. രണ്ടാമത്തെ കഥയിൽ ആദം ഉറക്കത്തിൽ നിന്നുണർന്നു വന്നപ്പോൾ തന്റെ വാരിയെല്ലിൽ നിന്നെടുത്ത സ്ത്രീ മുന്നിൽ നില്ക്കുന്നു. അങ്ങനെ ആദം (പുരുഷൻ) സന്തോഷത്തോടെ പറഞ്ഞു: ഇതാ 'എന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്ന് മാംസവും – ഇവളാണ് എന്റെ ശരിയായ തുണ, എന്റെ യഥാർത്ഥ കൂട്ടുകാരി.' അതുകഴിഞ്ഞ് ദൈവം പറയുന്നു, അതിനാൽ ഏതു പുരുഷനും തന്റെ അപ്പനെയും അമ്മയെയും ഉപേക്ഷിച്ച് ഭാര്യയോട് പറ്റിച്ചേരും. അവരിരുവരും ഒരു ശരീരമാകും

(മത്താ. 19:5). പുരുഷനാണ് അപ്പനെയും അമ്മയെയും വിട്ട് സ്ത്രീയോട് പറ്റിച്ചേരേണ്ടത്; മറിച്ചല്ല. നമ്മുടെ സാമൂഹിക ആചാരങ്ങളിൽ അപ്പനെയും അമ്മയെയും 'വിട്ടുപിരിഞ്ഞ്' പറ്റിച്ചേരുന്നത് സ്ത്രീയായി തീർന്നിട്ടുണ്ട്. എന്നാൽ ആദിയിൽ ദൈവം കല്പിച്ചത് അങ്ങനെയല്ല. ഉല്പത്തി 2:22 ൽ പറയുന്നത് അതീവ ഗൗരവമായ ഒരു കാര്യമാണെന്ന് വിവാഹമോചനത്തെപ്പറ്റി ചോദിക്കുമ്പോൾ യേശുവും പറയുന്നുണ്ട്. "മോശ വിവാഹമോചനം അനുവദിച്ചത് നിങ്ങളുടെ ഹൃദയകാഠിന്യം കൊണ്ടാണ്" (മത്താ. 19:8). സ്വാഭാവികമായിട്ടുള്ളത് 'പുരുഷൻ മാതാപിതാക്കളെ വിട്ട് സ്ത്രീയോട് ചേർന്ന് ഇരുവരും ഒരു ശരീരമായി' ജീവിക്കുക എന്നുള്ളതാണ് എന്ന് കർത്താവ് പഠിപ്പിച്ചു. പുരുഷൻ സ്ത്രീയോട് ചേർന്ന് ഇരുവരും വേർപെടുത്താൻ പറ്റാത്തവണ്ണം ഒന്നായി തീരണം എന്നത് ഗൗരവമായെടുക്കേണ്ട കാര്യമാണ്. അതുകൊണ്ട് സ്ത്രീപുരുഷബന്ധം നിസാരമായല്ല ക്രിസ്തീയ പഠിപ്പിക്കലിൽ പ്രതിപാദിക്കുന്നത്. മറ്റു ചില മതങ്ങൾ അത്ര തന്നെ ഗൗരവമായല്ല ഈ വിഷയം കൈകാര്യം ചെയ്യുന്നത്. ബുദ്ധമതത്തിൽ സ്ത്രീയെ വളരെ താണതരത്തിലാണ് വിലയിരുത്തിയിട്ടുള്ളത്; പുരുഷന് ആധ്യാത്മികമായി ഒരു പ്രതിബന്ധം എന്ന തരത്തിൽ. എന്നാൽ ക്രിസ്തീയ വിശ്വാസത്തിൽ സ്ത്രീക്കും പുരുഷനും തുല്യപദവി ഉണ്ടെന്നു തന്നെയല്ല, സ്ത്രീപുരുഷബന്ധത്തിനും സമുന്നതമായ പദവിയാണ് കൊടുത്തിട്ടുള്ളത്. സ്ത്രീപുരുഷ ബന്ധത്തിൽക്കൂടിയാണ് ദൈവത്തിന്റെ സ്വരൂപം പ്രകാശിപ്പിക്കപ്പെടുന്നത്.

വേദശാസ്ത്രപരമായി ഒന്നു രണ്ടു കാര്യങ്ങൾ കൂടി പരാമർശിക്കേണ്ടതുണ്ട്. പഴയനിയമത്തിൽ സ്ത്രീകളുടെ സ്ഥാനം എന്തായിരുന്നു? അസാധാരണമെന്നും അപൂർവമെന്നും പറയാവുന്ന സ്ഥാനമാണ് പഴയനിയമകാലത്ത് സ്ത്രീക്ക് നല്കിയിട്ടുള്ളത്. സ്ത്രീകളെ ധാരാളമായി നേതൃത്വസ്ഥാനത്ത് കാണുന്നുണ്ട്. ന്യായാധിപന്മാരിൽ, പ്രവാചകരിൽ നിരവധി ഉദാഹരണങ്ങൾ എടുത്തു പറയാം. എന്നാൽ 'പുരോഹിതൻ' എന്ന എബ്രായപദത്തിന്റെ സ്ത്രീലിംഗപദം മാത്രം പഴയനിയമത്തിൽ കാണുന്നില്ല. ഇതിൽ നിന്ന് ഏതെങ്കിലും നിഗമനത്തിലെത്തുകയല്ല. പ്രവാചിക എന്നത് സ്ത്രീകൾക്ക് ശരിയായ, സാധാരണയായ സ്ഥാനമായി കാണുന്നു. പുതിയനിയമത്തിലേക്ക് വരുമ്പോൾ നാം പല സ്ത്രീകളേയും അസാമാന്യമായ നേതൃത്വ സ്ഥാനത്ത് കാണുന്നുണ്ട്.

കർത്താവിന്റെ മനുഷ്യാവതാരത്തിൽ വിശുദ്ധ കന്യകമറിയവും എലിസബത്തും പ്രമുഖമായ പങ്കു വഹിച്ചതായി കാണുന്നു. സഭാചരിത്രത്തിൽ യേശുവിന്റെ അമ്മ മറിയയ്ക്ക് മറ്റേതൊരാളെയുംകാൾ, അപ്പോസ്തോലന്മാരെക്കാളൊക്കെ ഉയർന്ന സ്ഥാനമാണ് കല്പിച്ചിരിക്കുന്നത് എന്നത് അസാധാരണമായി തോന്നാം. സഭയ്ക്ക് ദൈവം കൊടുത്ത ഒരു സവിശേഷ ജ്ഞാനമാണിത്. യേശുക്രിസ്തുവിനെ ഒരു 'പുരുഷ' ഭാവത്തിൽ മാത്രം കാണാതിരിക്കാൻ വേണ്ടി കൂടിയാണോ ഇത്തരം ഒരു സ്ഥാനം കൊടുത്തത് എന്ന് സംശയം തോന്നുന്നു. പാമ്പ് പറഞ്ഞത് അനുസരിച്ചതിലൂടെ ഹവ്വ ഉണ്ടാക്കിവെച്ച പ്രശ്നം മാറ്റിയിട്ട്, അതിന് വിപരീതമായി ദൈവ

ത്തിന്റെ മാലാഖാ വന്നു പറഞ്ഞത് വിശ്വസിച്ചതിലൂടെ വി. കന്യകമറിയ മാണ് വീഴ്ചയിലേക്ക് നയിച്ച പ്രക്രിയയെ തിരിച്ചുകൊണ്ടുവരുന്നത്.

പാശ്ചാത്യ പാരമ്പര്യത്തിൽ ഇതിനെ EVA - AVE doctrine എന്നു പറയും. EVA (ഹവ്വാ) ഉണ്ടാക്കിയ പ്രശ്നം പരിഹരിച്ചത് Ave അഥവാ കൃപ നിറഞ്ഞ മറിയം ആണ്. Eva എന്ന വാക്കു നേരെ തിരിഞ്ഞ് Ave എന്നാകുന്നതുപോലെ നേരെതിരിച്ചുവരുന്ന പ്രക്രിയയാണിവിടെ നട ക്കുന്നത്. രണ്ടാമത്തെ ഹവ്വായായ മറിയമാണ് മനുഷ്യരാശിയെ രക്ഷിക്കു ന്നതിൽ പ്രമുഖ പങ്ക് വഹിച്ചത്. അവളുടെ വിശ്വാസമാണ് മനുഷ്യാവതാരം സാധ്യമാക്കിയത് എന്നത് സഭയുടെ ഒരു പ്രധാനപ്പെട്ട ചിന്തയായി കരു തുന്നു. പൗരസ്ത്യസഭയുടെ ചിന്തയിൽ മനുഷ്യാവതാരത്തിന്റെ (Incar- nation) ആരംഭം മാലാഖയുടെ അറിയിപ്പിൽ (annunciation) ആണ്. മാലാഖ യുടെ അറിയിപ്പാകട്ടെ വിശ്വസിക്കാൻ ഏറ്റം പ്രയാസമുള്ളതാണ്. ഒന്നാമത്, പതിനെട്ട് വയസ്സുള്ള ഒരു പെൺകുട്ടിയോട് പറയുന്നു: 'നീ പുരുഷബന്ധം കൂടാതെ ഗർഭിണി ആകുമെന്ന്.' രണ്ടാമത് 'അങ്ങനെ ജനിക്കുന്ന ശിശു ദൈവപുത്രനായിരിക്കു'മെന്ന്. പാമ്പ് വന്ന് ഹവ്വായോട് പറഞ്ഞതിലും വിശ്വസിക്കാൻ പ്രയാസമുള്ള വചനമാണ് മാലാഖാ മറിയത്തോട് അറിയി ക്കുന്നത്. അവൾ അത് വിശ്വസിച്ചില്ലായിരുന്നെങ്കിൽ മനുഷ്യാവതാരം അസാധ്യമാകുമായിരുന്നു. അതായത് മനുഷ്യരാശിയുടെ അനുവാദത്തോ ടുകൂടി മാത്രമേ ദൈവം മനുഷ്യനായി തീർന്നിട്ടുള്ളൂ. ദൈവം ഒരു തീർപ്പ് കല്പിക്കയോ തന്റെ ആജ്ഞ മനുഷ്യനിൽ അടിച്ചേല്പിക്കുകയോ അല്ല ചെയ്തത്. മറിച്ച് തന്നോടൊപ്പം സഹകരിക്കാൻ, തന്നെ സ്വീകരിക്കാൻ ഒരു മനുഷ്യവ്യക്തിയെ കണ്ടെത്തിയതാണ് മനുഷ്യാവതാരത്തിന്റെ വലിയ മർമ്മം. മുഴുവൻ മനുഷ്യരാശിക്കും വേണ്ടി ദൈവത്തെ സ്വീകരിച്ചത്, ദൈവ ത്തിനു മനുഷ്യനാകാൻ അനുവാദം കൊടുത്തത് കന്യകമറിയം ആയി രുന്നു. അതാണ് വി. കന്യകമറിയത്തിന് പരമോന്നതമായ സ്ഥാനം കല്പി ച്ചിരിക്കുന്നതിന്റെ അടിസ്ഥാനം.

നമ്മുടെ പ്രതിരൂപശാസ്ത്ര ചിന്തയിൽ കർത്താവിന്റെ അമ്മ മറിയം നാലു പ്രകാരത്തിൽ പ്രതിബിംബിക്കപ്പെടുന്നുണ്ട്. ഒന്ന്, രണ്ടാമത്തെ ഹവ്വാ എന്ന നിലയിൽ. രണ്ടാമത്, വിശ്വാസികളുടെ മുഴുവൻ മാതാവ് അതായത്, മനുഷ്യാവതാരം നടക്കുന്നതിനു മുമ്പു തന്നെ 'സുവിശേഷം' അവൾക്കാ ണ് നൽകപ്പെട്ടത് എന്നതുകൊണ്ട് സഭ മറിയാമിനെ വിശ്വാസികളുടെ മാതാവായി, സഭയുടെ തന്നെ ഒരു പ്രതീകമായി കരുതുന്നു.

മൂന്നാമതായി, മനുഷ്യരാശിയുടെ മുഴുവൻ പ്രതീകമായിട്ടും കന്യക മറിയം കരുതപ്പെടുന്നു. കാരണം കർത്താവായ യേശുമിശിഹാ എടുത്ത 'മനുഷ്യത്വം' യഹൂദ മനുഷ്യത്വമല്ല, ക്രിസ്തീയ മനുഷ്യത്വമല്ല, സാർവ ത്രിക മനുഷ്യത്വമാണ് – എല്ലാ മനുഷ്യരുടേതുമാണ്. എല്ലാ മനുഷ്യരും ഉൾപ്പെടുന്നതുകൊണ്ട് വി. കന്യകമറിയം 'മനുഷ്യവർഗ്ഗ'ത്തിന്റെ മുഴുവൻ പ്രതീകം കൂടിയാണ്. മുമ്പുണ്ടായിരുന്നവരും ഇന്നുള്ളവരും വരാനിരിക്കു ന്നവരുമായ മുഴുവൻ 'മനുഷ്യരാശിയെയും ഉൾക്കൊള്ളുന്ന ഒരു ജഗദ് രൂപം (Cosmic figure) കൂടിയാണ്.

നാലാമതായി, മുഴുവൻ സൃഷ്ടിയുടെയും പ്രതിരൂപമാണ് കന്യകമറിയം. സൃഷ്ടി എന്നു പറയുന്നത് ദൈവം തന്റെ മുഖാഭിമുഖമായി സൃഷ്ടിച്ചിരിക്കുന്നത് (Ochma) ദൈവവിജ്ഞാനത്തിന്റെ ദൃഷ്ടപ്രദർശനം ആണ്. ഭൂമി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രജാലം ഇവയെല്ലാം കൂടിയ സൃഷ്ടികർമം ദൈവവിജ്ഞാനമാണ്. Ochma എന്ന എബ്രായപദത്തിന്റെ ഗ്രീക്ക് രൂപമാണ് Sophia – എല്ലാ മനുഷ്യരാശിക്കുമായുള്ള ദൈവവിജ്ഞാനം. സൃഷ്ടിയുടെ മുഴുവൻ പ്രതിരൂപമായാണ് കന്യകമറിയമിനെ സങ്കല്പിച്ചിരിക്കുന്നത്.

സഭയിൽ സ്ത്രീകളുടെ സേവനം പ്രാരംഭം മുതൽ വളരെ പ്രധാനമായിരുന്നു. യേശുക്രിസ്തുവിന്റെ അനുയായികളിൽ ഭൂരിപക്ഷം പേരും സ്ത്രീകളായിരുന്നു എന്നു മാത്രമല്ല; വളരെ കഴിവുള്ള സ്ത്രീകൾ വരെ തന്റെ കൂടെ ഉണ്ടായിരുന്നു. കർത്താവ് പന്ത്രണ്ട് ശിഷ്യന്മാരെ തെരഞ്ഞെടുത്തപ്പോൾ പുരുഷന്മാരിൽ നിന്നു മാത്രം തെരഞ്ഞെടുത്തതുകൊണ്ടാവാം, 'ചോയ്സ്' അല്പം മോശമായത് എന്നു ചിന്തിക്കുന്നതു സ്വാഭാവികമാണ്. ഇവരെക്കാളധികം കഴിവുള്ളവർ തന്റെ ചുറ്റും ഉണ്ടായിരുന്നു (ഒരുപക്ഷേ വളരെ അധികം കഴിവുള്ളവരെ, താൻ തെരഞ്ഞെടുക്കാതിരുന്നത് തല അധികം വലുതാകാതിരിക്കാനായിരിക്കാം!). ഏതായാലും കഴിവില്ലാത്ത 12 മീൻപിടുത്തക്കാരെ പിടിച്ച് അവരെ 12 ഗോത്രതലവന്മാരുടെ സ്ഥാനത്ത് പുതിയ ഇസ്രായേലിന്റെ 12 അധിപതികൾ – പാത്രിയർക്കീസുമാർ – ആക്കുകയാണ് യേശു ചെയ്തത്. എന്നാൽ അവരേക്കാൾ ഉന്നതമായ സ്ഥാനം കന്യകമറിയാമിന് ആദിമുതൽ തന്നെ ഉണ്ടായിരുന്നു.

സ്ത്രീകളുടെ സേവനത്തിന് സഭ കല്പിച്ച സ്ഥാനത്തിന്, ഒരുദാഹരണം കൂടിയുണ്ട്. ആദ്യ അപ്പോസ്തലൻ ആരെന്ന് ചോദിച്ചാൽ 'മഗ്ദലക്കാരി മറിയ' എന്ന് പറയണം. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ വർത്തമാനം ആദ്യം പോയി അറിയിച്ചത് അവളാണ്. "നീ പോയി അപ്പോസ്തോലന്മാരോടു പറയുക" (മർക്കോ. 16:7). അസാധാരണമായ ഒരു ജോലിയാണ് യേശു അവൾക്കു കൊടുക്കുന്നത്.

സഭയ്ക്കുള്ളിൽ, സ്ത്രീകളുടെ പ്രധാന പ്രവർത്തനം സഭയുടെ തന്നെ ഏറ്റം വലിയ പ്രവർത്തനമായ ആതുരശുശ്രൂഷയായിരുന്നു. രോഗികളെ ശുശ്രൂഷിക്കുക, വൃദ്ധരെ പരിചരിക്കുക, വഴിയാത്രക്കാർക്ക് ഭക്ഷണം കൊടുക്കുക എന്നിങ്ങനെ അശരണർക്ക് ആശ്രയം കൊടുക്കുന്ന സഭയുടെ കർത്തവ്യം ഏതാണ്ട് മുഴുവൻ പങ്കും സ്ത്രീകളുടെ നേതൃത്വത്തിലായിരുന്നു നിറവേറ്റപ്പെട്ടിരുന്നത്. ആശുപത്രി ഒക്കെ അവരുടെ Hospitality യിൽ നിന്നുണ്ടായതാണ്. സഭയുടെ 'ഡയക്കോനിയാ' (ശുശ്രൂഷ) യുടെ പ്രധാന സ്വഭാവം രോഗികളായി നോക്കാനാരുമില്ലാത്തവരെ പള്ളിമുറിയിൽ കൊണ്ടുവന്നു ശുശ്രൂഷിക്കുക എന്നതായിരുന്നു. രണ്ടാം ശതകത്തിന്റെ അവസാനം റോമിലെ സഭയിൽ 2000 വിധവകൾ പേര് ചേർത്തിരുന്നതായി കാണുന്നു. അവരുടെ രണ്ടു പ്രധാന ചുമതലകൾ: ഒന്ന്, നിരന്തരമായി പ്രാർത്ഥനയിൽ ജാഗരിക്കുക. ഇത് സഭയുടെ ഒരു വലിയ ശക്തിസ്രോത

സായിരുന്നു. അതുപോലെ ആതുരശ്രുശ്രൂഷ ചെയ്യുക. ഇവ രണ്ടും സഭയുടെ അടിസ്ഥാന പ്രവർത്തനങ്ങളായിരുന്നു.

ഇതു കൂടാതെ മതബോധനത്തിലും സ്ത്രീകൾക്ക് പങ്കുണ്ടായിരുന്നു. ഇവിടെ ഒരു കുഴപ്പം വന്നു ഭവിച്ചു. കൊരിന്ത്യർക്കുള്ള ഒന്നാം ലേഖനത്തിന്റെ 14:34–37 വരെ ഭാഗത്ത് ശ്ലീഹാ "നിങ്ങളുടെ സ്ത്രീകൾ സഭയിൽ മിണ്ടാതിരിക്കട്ടെ; അവർ വല്ലതും പഠിക്കണമെങ്കിൽ വീട്ടിൽവെച്ചു ഭർത്താക്കന്മാരോടു ചോദിച്ച് പഠിക്കട്ടെ" എന്നൊക്കെ പറഞ്ഞ് മറ്റുള്ളിടത്ത് ഒക്കെ ഇങ്ങനെയാണ് എന്ന് കഠിനമായി വാദിച്ചു. ഇത് ചിന്താക്കുഴപ്പം ഉണ്ടാക്കി. എന്നാൽ ഒന്നാമതായി, ഈ വീക്ഷണം സഭ അതിന്റെ പാരമ്പര്യത്തിൽ എടുത്തില്ല. സ്ത്രീകളെ സഭായോഗത്തിൽ സംസാരിക്കാൻ സഭ അനുവദിച്ചിരുന്നു. ആദ്യത്തെ മൂന്നുനാല് ശതകങ്ങളിൽ സഭയുടെ ബോധന ശുശ്രൂഷയിൽ സ്ത്രീകൾ ഉണ്ടായിരുന്നു. പൗലോസ് ശ്ലീഹാ ഒരു പ്രാവശ്യം പറഞ്ഞു എന്നതു ശരി തന്നെ; എന്നാൽ ആ പൗലോസ് ശ്ലീഹാ തന്നെ പുരുഷൻ തല മൂടിക്കൊണ്ട് പ്രാർത്ഥിക്കുന്നത് ലജ്ജാകരമാണ് എന്നു പറഞ്ഞു. ബിഷപ്പന്മാർ തലമൂടിയല്ലേ പ്രാർത്ഥിക്കുന്നത്? സ്ത്രീകൾ തല മൂടണം എന്ന് കോരിന്തിലെ സഭയോട് പറഞ്ഞതിന്റെ അർത്ഥം വ്യത്യസ്തമായിരുന്നു. റോമിലെ വിഗ്രഹാരാധനക്കാരായ വിജാതീയ സമൂഹത്തിൽ അവിവാഹിതകളായ സ്ത്രീകൾക്ക് ശിരോവസ്ത്രം അണിയേണ്ടതില്ല. തല മൂടുന്നത് വിവാഹിതകളായ സ്ത്രീകൾ മാത്രം.

കോരിന്ത് ഒരു വലിയ വാണിജ്യനഗരമായിരുന്നു. Acro - Corinth (അക്രോ കോരിന്ത്) അവിടെയുള്ള ഒരു കുന്നാണ്. അതിന്റെ ഉച്ചിയിൽ ഒരു വലിയ ദേവീക്ഷേത്രം ഉണ്ടായിരുന്നു. അവിടെ ക്ഷേത്രപരിസരം കൊണ്ടു കഴിയുന്ന ആയിരക്കണക്കിന് ക്ഷേത്രവേശ്യകൾ ഉണ്ടായിരുന്നു. അന്നത്തെ കോരിന്ത്യൻ സംസ്കാരത്തിന്റെ ഒരു പ്രധാന മുഖം തന്നെ അതായിരുന്നു. അങ്ങനെ വേശ്യകൾ ഒരു പ്രധാന പങ്ക് വഹിച്ചിരുന്ന കോരിന്തിലാണ് പൗലോസ് സഭ സ്ഥാപിച്ചത്. അവിടത്തെ 'ക്ഷേത്രവേശ്യകൾ' എപ്പോഴും ചിലച്ചുകൊണ്ടിരിക്കുന്നവരും 'വെളിച്ചപ്പാട്' പറയുന്നവരും ഒക്കെ ആയിരുന്നു. ഈ ക്ഷേത്രവേശ്യകളിൽ നിന്ന് വ്യത്യസ്തമായിരിക്കട്ടെ എന്നു കരുതിയാണ് കോരിന്തിലെ സ്ത്രീകളോട് തല മൂടണമെന്നും തലമുടി വെട്ടരുതെന്നും പൗലോസ് ശ്ലീഹാ കല്പിക്കുന്നത്.

ആ ആചാരം സഭ ഒരു ചട്ടം ആക്കിയിട്ടില്ല. 'പുരുഷൻ തല മൂടാൻ പാടില്ല. എന്നാൽ, സ്ത്രീകൾ പ്രവചിക്കുമ്പോൾ തല മൂടണം' എന്നു വ്യക്തം. സഭയിൽ മിണ്ടാതിരിക്കണമെന്നതിന് അപ്പോൾ അർത്ഥമില്ലല്ലോ. പ്രവചന ശുശ്രൂഷയിൽ നിന്ന് സ്ത്രീകളെ രണ്ടാം തരക്കാരായി മാറ്റിനിർത്തിയിട്ടില്ല എന്നു സാരം. പഠിപ്പിക്കുന്നതിനുള്ള പദവി, സ്ഥാനം ആദ്യം മുതലേ ഉണ്ടായിരുന്നു. പരിശുദ്ധ ബസ്സേലിയോസ് മെത്രാന്റെ ചരിത്രം ഏറ്റം ശ്രദ്ധേയമാണ്. അദ്ദേഹം വലിയ പരിശുദ്ധനും മഹാനുമായിരുന്നു. അദ്ദേഹം പറയുന്നു: "എന്റെ വിശ്വാസം എനിക്കു ലഭിച്ചത് മൂന്നു സ്ത്രീകളിൽ നിന്നാണ് – മറ്റൊരു മെത്രാനിൽ നിന്നല്ല." തന്റെ വലിയമ്മ മക്രീന, തന്റെ അമ്മ എമിലിയാ, തന്റെ സഹോദരി മക്രീനാ ഇങ്ങനെ മൂന്നു സ്ത്രീ

കളാണ് വിശ്വാസത്തിന്റെ കാര്യങ്ങൾ തന്നെ പഠിപ്പിച്ചത് എന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. സഭയിലെ ഏറ്റം വലിയ പണ്ഡിതനും വിശുദ്ധനും പരിശുദ്ധനുമായ പരിശുദ്ധ ബസേലിയോസിന്റെ സാക്ഷ്യത്തിൽ നിന്ന് സ്ത്രീകൾക്ക് കുടുംബത്തിനുള്ളിലും പുറത്ത് സഭയിലും പഠിപ്പിക്കുന്നതിനുള്ള നേതൃത്വം അംഗീകരിക്കപ്പെട്ടിരുന്നു എന്നു കാണാം. ഇവിടെയും ഒരു നിഗമനത്തിലേക്കു ഞാൻ വരുന്നില്ല. ഇന്ന് തീർച്ചയായും സ്ത്രീകൾക്ക് ബോധന ശുശ്രൂഷയിൽ പ്രാമുഖ്യം നല്കുക തന്നെ വേണം എന്നത് യാതൊരു സംശയവുമില്ലാത്ത കാര്യമാണ്. അങ്ങനെ വന്നാൽ തന്നെ കാര്യങ്ങൾക്ക് വലിയ വ്യത്യാസം വരും.

സഭയിൽ സ്ത്രീകളായ രക്തസാക്ഷികൾ വളരെ ഉണ്ടായിട്ടുണ്ട്. പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥത ഓർത്തഡോക്സ് സഭയിലുണ്ട്. എന്നാൽ പരിശുദ്ധകളോടും മദ്ധ്യസ്ഥത വേണ്ടതാണ്; അത് നാം പലപ്പോഴും മറന്നുപോകുന്നു. അവരെ നാം ഓർക്കേണ്ടതുണ്ട്. ആദ്യകാലത്ത് ജീവൻ ബലി കഴിച്ചാണ് അവർ സഭയെ വളർത്തിയെടുത്തത്.

ശെമ്മാശിനിമാരെ (Deaconesses) പറ്റി ധാരാളം പറയാനുണ്ട്. സഭയുടെ ആരംഭകാലം മുതൽ ശെമ്മാശിനിമാർ ഉണ്ടായിരുന്നു. പിന്നീടാണ് കന്യാസ്ത്രീകൾ വന്നത്. ശെമ്മാശിനിമാർക്ക് കുർബാന കൊടുക്കുവാനുള്ള അധികാരം തീർച്ചയായും ഉണ്ടായിരുന്നു. മാമ്മോദീസാ മുക്കാനും മൂറോൻ അഭിഷേകം ചെയ്യാനും അവർക്ക് അനുവാദമുണ്ടായിരുന്നു. കൗദാശികമായ ചുമതലകളും സ്ത്രീകൾക്ക് ഉണ്ടായിരുന്നു. ശെമ്മാശിനിമാരെക്കുറിച്ച് നാം കൂടുതലായി പഠിക്കേണ്ടിയിരിക്കുന്നു. നാലാം ശതാബ്ദം വരെ അവർക്ക് പ്രാധാന്യമുണ്ടായിരുന്നു. എന്നാൽ അഞ്ചാം ശതകത്തിൽ സന്ന്യാസിമാർ (Monks) മെത്രാന്മാരായി വന്നുതുടങ്ങിയപ്പോളാണ് സ്ത്രീകളുടെ സ്ഥാനത്തിന് പ്രശ്നം വരുന്നത്. കാരണം സന്യാസിമാർക്ക് പൊതുവെ സ്ത്രീകൾ അടുത്തുവരുന്നത് ഭയമാണ്. സ്ത്രീകളെ ഒരു പ്രലോഭനമായും പ്രതിബന്ധമായും അവർ കാണാൻ തുടങ്ങി. അന്നുമുതലാണ് സഭാജീവിതത്തിൽ സ്ത്രീകൾക്കുള്ള ചുമതലകൾ കുറഞ്ഞു വന്നത്.

### വർത്തമാനകാലത്ത്

അഖിലലോക സഭാകൗൺസിലിൽ 1947-ൽ മിസ് സാറാ ചാക്കോ ഒരു പ്രസിഡണ്ടായിരുന്നു. അവർ ഒരു പുരുഷന്റെയും കീഴിലായിരുന്നില്ല. ആരെയും കവച്ചുവെക്കുന്ന കഴിവുകൾ വളർത്തിയ ഒരു വനിതയായിരുന്നു അവർ. ഇന്നത്തെ കാലത്ത് സ്ത്രീകൾക്ക് ഇടവകകളിൽ വേണ്ടത്ര സ്ഥാനം കൊടുക്കുന്നില്ല. സുറിയാനിക്രിസ്ത്യാനി സഭകൾ നേതൃത്വത്തിൽ അർഹമായ സ്ഥാനം സ്ത്രീകൾക്കു കൊടുക്കാതെ വന്നതുകൊണ്ടാണ് അവർ Y. W. C. A. പോലുള്ള പ്രസ്ഥാനങ്ങളിൽ ചേർന്ന് പ്രവർത്തിക്കാനിടയായത്. നേതൃത്വസ്ഥാനങ്ങളിൽ നമ്മുടെ സഭകളിൽ, സ്ത്രീകളെ ഉൾപ്പെടുത്താത്തതിനു കാരണം വിദ്യാഭ്യാസവും കഴിവുമുള്ള സ്ത്രീകളെ പൊതുവെ ഭയമാണ് എന്നതുകൊണ്ടാണ്. വിദ്യാഭ്യാസമുള്ള സ്ത്രീകൾ വന്നാൽ അച്ചന്മാർ പറയുന്നിടത്ത് അവർ നില്ക്കുകയില്ല എന്ന ഭയം. അതുകൊണ്ട് കഴിവുള്ള സ്ത്രീകളെപ്പോലും സഭയ്ക്ക് ഉപയോഗപ്പെടു

ത്താൻ കഴിയുന്നില്ല. നമ്മുടെ ഈ നയം തിരുത്തിയില്ലെങ്കിൽ നമുക്കുള്ള നഷ്ടം ഭീമമായിരിക്കും.

അന്തർദേശീയമായി പറയുമ്പോൾ വനിതാപ്രസ്ഥാനം ഈ നൂറ്റാണ്ടിന്റെ ആരംഭകാലം മുതൽ ഇംഗ്ലണ്ടിലും മറ്റും സജീവമായി ഉടലെടുത്തു. സ്ത്രീകളുടെ വോട്ടവകാശത്തിനു വേണ്ടിയുള്ള പ്രസ്ഥാനം വളരെ ശക്തമായിരുന്നു. 1970-ലാണ് പിന്നീട് അത്തരം ശബ്ദങ്ങൾ കാര്യമായി ഉയർന്നുവന്നത്. 1968-70 കാലഘട്ടത്തിൽ തന്നെയാണ് മൂന്നാംലോക രാഷ്ട്രങ്ങളുടെ (ഏഷ്യയിലെയും ആഫ്രിക്കയിലെയും ജനങ്ങൾ) ശബ്ദം ഉറക്കെ കേട്ടുതുടങ്ങിയതും, അത് വെള്ളക്കാരുടെ സമ്പന്ന രാഷ്ട്ര നേതൃത്വങ്ങൾക്ക് ഭീതി ഉളവാക്കാൻ തുടങ്ങിയതും. ആ ഭീതി ലോകത്തിൽ ഭൂരിപക്ഷമായ ദരിദ്രരാഷ്ട്രങ്ങളിലെ ജനങ്ങൾ തങ്ങളെ ഒതുക്കിക്കളയുമോ എന്നതായിരുന്നു. മൂന്നാംലോക ജനതയെ ഭിന്നിപ്പിച്ചാൽ അവർ ഉയർന്നുവരില്ല എന്ന കണക്കുകൂട്ടലിൽ മനുഷ്യാവകാശ പ്രസ്ഥാനത്തെയും വനിതകളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള ഫെമിനിസ്റ്റു പ്രസ്ഥാനത്തെയും പടിഞ്ഞാറൻ രാഷ്ട്രങ്ങൾ ബോധപൂർവം ഉപയോഗപ്പെടുത്താൻ കൂട്ടായ ശ്രമം നടത്തിയിട്ടുണ്ടെന്ന് നേരിട്ട് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ആദ്യകാലത്ത് പാശ്ചാത്യഫെമിനിസ്റ്റുകൾ പറയുന്നതൊക്കെ ഏഷ്യൻ വനിതകളും ആവർത്തിക്കുമായിരുന്നു. കുറച്ചു കഴിഞ്ഞപ്പോഴാണ് ഏഷ്യൻ വനിതാ പ്രസ്ഥാനങ്ങൾ തങ്ങളുടേതായ തനതായ ശബ്ദം ഉയർത്താൻ തുടങ്ങിയത്. ഏഷ്യൻ സ്ത്രീകളുടെ പോരാട്ടം ഏഷ്യയിലെ എല്ലാ ജനങ്ങളുടെയും മോചനത്തിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ ഭാഗമാകണമെന്നത് ഒരു പ്രധാന ഉൾക്കാഴ്ചയായി സ്വീകരിക്കണം. അതായത് സ്ത്രീകളുടെ മോചനം എന്നു പറയുന്നത് പുരുഷന്മാരിൽ നിന്നുള്ള മോചനം മാത്രമല്ല. പുരുഷന്മാരും സാമ്പത്തികമായ അനീതിക്ക് വിധേയരായി കിടക്കുകയാണ്. അവരുടെ വിമോചനവും സ്ത്രീകളുടെ വിമോചനവും ഒരു പാക്കേജ് ആയി കാണേണ്ടിയിരിക്കുന്നു. ഒന്നു കളഞ്ഞിട്ട് മറ്റത് നേടാൻ കഴിയില്ല.

സ്ത്രീയും പുരുഷനും തമ്മിലുള്ള അസമത്വം രണ്ടു തലത്തിലുണ്ട്. ഒന്ന് പ്രകൃത്യാലുള്ളത് (ജീവശാസ്ത്രപരം). പുരുഷന്മാർ സംഘടിച്ച് ഗർഭധാരണത്തിനും പ്രസവത്തിനും ഉള്ള അവകാശം തങ്ങൾക്കും വേണമെന്നു പറഞ്ഞാൽ വലിയ കാര്യമായിട്ടൊന്നും നടക്കില്ല. പ്രകൃത്യാലുള്ള ചില വൈജാത്യങ്ങളുണ്ട്. ചില ചുമതലകൾ പ്രകൃതി സ്ത്രീകൾക്കും പുരുഷന്മാർക്കും എന്ന് വിഭജിച്ചിട്ടുണ്ട്. സാംസ്കാരികമായി വളർന്നുവന്നിട്ടുള്ള അസമത്വങ്ങളാണ് പ്രധാന പ്രശ്നം. ആചാരപരമായും മറ്റും ഉണ്ടായിട്ടുള്ള അസമത്വങ്ങൾ എങ്ങനെ ഉണ്ടായി എന്നുള്ളതിന്റെ ചരിത്രം പഠിച്ച് അതിനെ പരിഹരിക്കാൻ വേണ്ടതു ചെയ്കയാണ് വനിതാ പ്രസ്ഥാനങ്ങളിലൂടെ നമുക്ക് ചെയ്യാവുന്നത്.

*(കോട്ടയം സോഫിയാ സെന്ററിൽ നടത്തിയ പ്രഭാഷണം, 1995)*

# 29

# ഗാന്ധിജി ഫണ്ടമെന്റലിസ്റ്റോ?

കുറെനാളുകളായി നമ്മുടെ കേരളത്തിൽ ആവശ്യമില്ലാത്ത ഒരു സംവാദമാണ് നടക്കുന്നത് എന്നെനിക്ക് തോന്നുന്നു. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് 'മഹാത്മാഗാന്ധി ഒരു മതമൗലികവാദി' ആണെന്ന് ഒരു പ്രസ്താവന പറഞ്ഞതിനെ തുടർന്ന് വളരെയധികം ശബ്ദം കേരളത്തിൽ മാത്രമല്ല ഭാരതത്തിൽ പൊതുവെ ഉണ്ടായിട്ടുണ്ട്. പക്ഷേ, അതിന്റെയെല്ലാം പുറകിൽ ഞാൻ പ്രധാനമായും കാണുന്നത്, ചിന്തയിൽ വ്യക്തതയില്ലായ്മയാണ്. പൊതുവെ നമുക്ക് മതമൗലികവാദം എന്താണെന്നോ, മതനിരപേക്ഷവാദം എന്താണെന്നോ ഉള്ള കാര്യത്തെക്കുറിച്ച് വ്യക്തതയില്ല എന്നുള്ളതാണ് പരമാർത്ഥം. എന്റെ അഭിപ്രായം നിങ്ങൾ അവസാനവാക്കായി സ്വീകരിക്കേണ്ടതില്ല. ഫണ്ടമെന്റലിസത്തെക്കുറിച്ച് കുറച്ച് ആധികാരികമായിട്ടു തന്നെ ഞാൻ പറയാം. സെക്കുലറിസത്തെക്കുറിച്ച് ഞാൻ പറയുന്നത് സാധാരണഗതിയിൽ കോൺഗ്രസ് പാർട്ടിക്കും ഇടതുപക്ഷ പാർട്ടികൾക്കും സ്വീകാര്യമല്ല. പക്ഷേ, ഞാൻ പറയുകയും എഴുതുകയും ചെയ്യുന്നുണ്ട്. മൂന്നു മാസം മുമ്പ് ഡൽഹിയിൽ ശ്രീ. കെ. ആർ. നാരായണൻ സെക്കുലറിസത്തെപ്പറ്റി പ്രസംഗിക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തെ നോക്കിക്കൊണ്ടിരിക്കുകയാണ്. ഇടയ്ക്കൊന്നു ചിരിക്കും; പിന്നെയും ചിരിക്കും. കുറച്ചുനേരം കഴിഞ്ഞപ്പോൾ ശ്രീ. നാരായണനു മനസ്സിലായി, അദ്ദേഹത്തിന്റെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല എന്നുള്ളത്. അദ്ദേഹം പറഞ്ഞു, "ഫാദർ ഇവിടെ ഇരിപ്പുണ്ട്. ഞാനത് ഇപ്പോഴാണ് കണ്ടത്. എന്റെ അഭിപ്രായത്തോട് ഫാദർ യോജിക്കുകയില്ല എന്നെനിക്കറിയാം. ഫാദർ പറയുന്നത് ശരിയാണ്. കാരണം, ഈ സെക്കുലറിസം ഇപ്പോൾ ഞാൻ പറയുന്നത് എനിക്ക് ഇന്ത്യയിൽ മാത്രമേ പറയാൻ സാധിക്കുകയുള്ളു. ഇന്ത്യയിൽ നിന്നു പുറത്തുപോയി ഇക്കാര്യം പറഞ്ഞാൽ ഞാൻ മണ്ടനാകും." സെക്കുലറിസത്തെപ്പറ്റി ആഗോളതലത്തിൽ ചിന്തിക്കുമ്പോൾ ഇപ്പോൾ നമ്മൾ പറഞ്ഞുകൊണ്ടിരിക്കുന്ന പല കാര്യങ്ങളും പറയാൻ സാധിക്കുകയില്ല.

ഫണ്ടമെന്റലിസം എന്നുള്ള വാക്കിന്, "മതമൗലികവാദം" എന്നൊരു പരിഭാഷ കൊടുത്തത് തെറ്റിപ്പോയി. അതല്ല യഥാർത്ഥത്തിൽ ഫണ്ടമെന്റലിസം. ഇതെക്കുറിച്ചുള്ള സംവാദത്തിനിടയ്ക്ക് മിസ്റ്റർ ഇ. കെ. നായനാർ അസംബ്ലിയിൽ പറഞ്ഞു, 'പൗലോസ് മാർ ഗ്രീഗോറിയോസും ഒരു

മതമൗലികവാദിയാണെ'ന്ന്. അതെക്കുറിച്ച് ഞാൻ പത്രത്തിൽ വായിച്ചു. മതമൗലികവാദം എന്നു പറയുന്നത്, 'മതം മൗലിക'മാണ് എന്നുള്ള വാദമാണെങ്കിൽ, ഞാനൊരു മതമൗലികവാദിയാണ്. മതം മൗലികമാണെന്ന് ആത്മാർത്ഥമായിട്ടു വിശ്വസിക്കുകയും അതനുസരിച്ചു ജീവിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരാളാണ് ഞാൻ. പക്ഷേ, അതല്ല ഫണ്ടമെന്റലിസം എന്നു പറയുന്നത്. എന്നെ ഫണ്ടമെന്റലിസ്റ്റ് എന്നു വിളിക്കുന്നത് വലിയൊരു അപരാധം തന്നെയാണെന്നാണ് എന്റെ വിചാരം. കാരണം, മതം മൗലികമാണെന്ന് വാദിക്കുന്നതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് ഫണ്ടമെന്റലിസം. ഫണ്ടമെന്റലിസത്തിന്റെ ഉത്ഭവം വളരെ വ്യക്തമാണ്. അതിന്റെ കാലഘട്ടവും തീയതിയും വരെ കൃത്യമായി പറയാം. 1920-ൽ കാലിഫോർണിയായിലെ ഒരു ബാപ്റ്റിസ്റ്റ് പത്രത്തിലാണ് "ഫണ്ടമെന്റലിസം" എന്നുള്ള വാക്കിന്റെ ഉത്ഭവം. അതിനു മുമ്പ് "ഫണ്ടമെന്റൽസ്" എന്ന വാക്കുണ്ട്. "ഫണ്ടമെന്റലിസം" 1920-നു മുമ്പ് ഒരിടത്തും കാണുകയില്ല. അമേരിക്കൻ സംസ്കാരത്തിൽ ലിബറൽ ക്രിസ്ത്യാനിറ്റി എന്നു പറയുന്നവർ, മതത്തിലെ അത്ഭുതങ്ങൾ ഒഴിവാക്കിയിട്ടുള്ള ഒരു വിശ്വാസമാണ് ആവശ്യം എന്നു വാദിക്കുന്നവരാണ്. അതായത്, ക്രിസ്തുവിന്റെ കന്യകയിൽ നിന്നുള്ള ഉൽപാദനം, ക്രിസ്തു പ്രവർത്തിച്ച അത്ഭുതങ്ങൾ, ക്രിസ്തുവിന്റെ പുനരുത്ഥാനം ഇതൊക്കെ ശാസ്ത്രീയമായിട്ട് സ്വീകാര്യങ്ങളല്ല. അതുകൊണ്ട് ഇങ്ങനെയുള്ള ശാസ്ത്രീയമായ കാര്യങ്ങളെ ഒഴിവാക്കിയിട്ട് ഒരു ക്രിസ്തീയമതം ഉണ്ടാക്കിയതാണ് "ക്രിസ്ത്യൻ ലിബറലിസം" എന്നു പറയുന്നത്. അത് 19-ാം ശതാബ്ദത്തിന്റെ മദ്ധ്യത്തിൽ ജർമ്മനിയിൽ ഉത്ഭവിച്ച ഒരു വാദം, പിന്നീട് അമേരിക്കയിലേക്കു പോയതാണ്. പക്ഷേ, ലിബറൽ ക്രിസ്ത്യാനിറ്റി വളരെ ശക്തമായ ഒരു പ്രചരണം പാരമ്പര്യ ക്രിസ്തീയ മതത്തിനെതിരെ കൊണ്ടുവന്നു. ചില ഇവാഞ്ചലിക്കൽ ക്രിസ്ത്യാനികൾ പറയും, ക്രിസ്തുവിന്റെ രക്തം മൂലം മാത്രമേ മനുഷ്യനു രക്ഷയുണ്ടാകുകയുള്ളു എന്ന്. അതിനെ ലിബറൽസ് കളിയാക്കിക്കൊണ്ടു പറഞ്ഞു, അത് കശാപ്പുകടയിലെ വേദശാസ്ത്രം ആണെന്ന്. അതായത് രക്തംകൊണ്ടുള്ള രക്ഷ എന്നു പറയുന്നത് ഒട്ടും സ്വീകാര്യമല്ല എന്ന അർത്ഥത്തിൽ. പിന്നീട് യാഥാസ്ഥിതിക ക്രിസ്ത്യാനികൾ എല്ലാംകൂടി ഒരു സമ്മേളനം കൂടി. ആദ്യത്തെ സമ്മേളനം "നയാഗ്ര കോൺഫ്രൻസ് ഓൺ ക്രിസ്ത്യൻ ഫണ്ടമെന്റൽസ്" 1905-ലാണ് നടന്നത്. അന്നും ഫണ്ടമെന്റലിസമെന്നൊന്ന് ഉണ്ടായിട്ടില്ല. അതിനുശേഷം 1919-ലാണ് "ഫണ്ടമെന്റലിസം" എന്ന ഒരു പ്രസ്ഥാനം ആരംഭിക്കുന്നത്. അതിനു പേരു കൊടുത്തത് 1920-ലാണ്. ഇവാഞ്ചലിക്കൽ ക്രിസ്ത്യാനികൾ പറഞ്ഞു, ക്രിസ്തീയ മതത്തിന് മൗലികമായിട്ട് ചില കാര്യങ്ങൾ ഉണ്ട്. അത് ഉപേക്ഷിച്ചാൽ ക്രിസ്തുമതം അല്ല. ആ മൗലികമായ കാര്യങ്ങൾ പ്രധാനമാ

യിട്ട് അഞ്ചെണ്ണമാണ്. ഒന്ന്, വേദപുസ്തകത്തിൽ തെറ്റില്ല. രണ്ടാമത്തേത്, ക്രിസ്തു കന്യകയിൽ നിന്നു ജനിച്ചുവെന്നും ക്രിസ്തു പൂർണ്ണമായും ദൈവമാണെന്നും ഉള്ള വിശ്വാസം. മൂന്നാമത്, ക്രിസ്തുവിന്റെ ശാരീരികമായ പുനരുത്ഥാനം. നാലാമത്, ക്രിസ്തു മനുഷ്യരാശിക്കുവേണ്ടി തന്നെത്തന്നെ ബലി കഴിച്ചതുമൂലം പിതാവാം ദൈവത്തെ രമ്യമാക്കി എന്നത്. അഞ്ചാമത്തേത്, ക്രിസ്തു രണ്ടാമത് വരും എന്ന വിശ്വാസം. ഇത് അഞ്ചും ലിബറൽ ക്രിസ്ത്യാനികൾ നിഷേധിക്കുന്ന കാര്യങ്ങളാണ്. എങ്കിലും ഇവയാണ് ക്രിസ്തുമതത്തിലെ ഏറ്റവും മൗലികമായ കാര്യം എന്നൊരു പ്രഖ്യാപനം 1918 മുതൽ 1919 വരെ കാലിഫോർണിയായിൽ വച്ചു നടന്ന കോൺഫ്രൻസിൽ ഉണ്ടായി. അതിന്റെ ഫലമായിട്ട് "ക്രിസ്ത്യൻ ഫണ്ടമെന്റൽസ്" എന്നു പറഞ്ഞ് പത്തിരുപതു പുസ്തകം രണ്ടു ലെയ്മെൻസ് (Lyman Stewart – ഉം അദ്ദേഹത്തിന്റെ സഹോദരൻ Stewart - ഉം. രണ്ടുപേരും ഓയിൽ മില്യനേഴ്സ് ആണ്) മുഴുവൻ പണവും കൈയിൽ നിന്നു മുടക്കി കോടിക്കണക്കിന് കോപ്പികൾ പ്രസിദ്ധീകരിച്ചു. ഇന്ത്യയിൽ വരെ ആ പുസ്തകങ്ങൾ വന്നു. അവർക്ക് കിട്ടിയ സകല അഡ്രസ്സിലും അവർ അയച്ചുകൊടുത്തു; ക്രിസ്ത്യൻ ഫണ്ടമെന്റൽസ് ഇതാണെന്നും പറഞ്ഞ്. അതിനെപ്പറ്റിയാണ് ബാപ്റ്റിസ്റ്റ് മാസികയുടെ എഡിറ്റോറിയലിൽ ഞങ്ങൾ ശക്തമായി ഫണ്ടമെന്റലിസത്തെ പിന്തുണയ്ക്കുന്നു എന്നു പറഞ്ഞിട്ട്, ഫണ്ടമെന്റലിസത്തിന്റെ ഒരു നിർവചനവും കൊടുത്തിരിക്കുന്നത്. ആരാണ് ഫണ്ടമെന്റലിസ്റ്റ്സ്? മൗലികമായ വിശ്വാസങ്ങൾക്കുവേണ്ടി രാജയുദ്ധം നടത്തുവാൻ തയ്യാറുള്ളവരെയാണ് ഫണ്ടമെന്റലിസ്റ്റ് എന്നു പറയുന്നത് എന്നൊരു നിർവചനമാണ് ബാപ്റ്റിസ്റ്റ് മാസിക കൊടുത്തിരിക്കുന്നത്. ആ സംവാദം അമേരിക്കയിൽ വളരെ പ്രധാനമായിരുന്നു. വേദപുസ്തകത്തിന്റെ ആദ്യഭാഗത്തു കാണുന്ന സൃഷ്ടികഥയുമായി പരിപൂർണ്ണ വൈരുദ്ധ്യമുള്ളതുകൊണ്ട് പരിണാമവാദം സ്കൂളിൽ പഠിപ്പിക്കാൻ പാടില്ല എന്ന് വാദിക്കുക മാത്രമല്ല, അതിനെ തുടർന്ന് സ്കോപ്സ് ട്രയൽസ് (Scopes Trial) എന്നു പറയുന്ന വലിയ കേസ് ഉണ്ടാവുകയും ചെയ്തു. കോടതിയിൽ വില്യം ജന്നിംഗ്സ് ബ്രായൻ (William Jennings Bryan) എന്നു പറയുന്ന വക്കീലാണ് പ്രോസിക്യൂഷനു വേണ്ടി വാദിച്ചത്. അദ്ദേഹത്തിന്റെ വാദം വളരെ മോശമായിരുന്നുവെന്നു എല്ലാവരും പറയുന്നുണ്ട്. പക്ഷേ, ഈ ഫണ്ടമെന്റലിസത്തിന് എതിരായിട്ട് ഒരു വിധി കൊടുക്കാൻ ജഡ്ജിമാർക്ക് പേടിയായിരുന്നു. ക്ലാരൻസ് ഡാരോ (Clarence Darrow) ഒരു പ്രശസ്തനായ വക്കീലാണ്. അദ്ദേഹം പരിണാമവാദത്തിനുവേണ്ടി വാദിച്ചു. അദ്ദേഹത്തിന്റെ നിയമപരമായ വാദങ്ങളൊന്നും ജഡ്ജിമാർ സമ്മതിച്ചില്ല. ഒരു പോരാട്ട പ്രസ്ഥാനം ആയിരുന്നു. അതായത് ലിബറൽസ്, സമൂഹത്തിലെ നിയന്ത്രണം ഏറ്റെടുത്തിരിക്കുന്നു. അതിനെതിരായിട്ടുള്ള സമ

രമാണുണ്ടായത്. അതൊരു ശരിയായ രാഷ്ട്രീയ പ്രസ്ഥാനം ആയത് റയ്ഗന്റെ കാലത്താണ്. റയ്ഗനെ ഏറ്റവുമധികം പിന്തുണച്ച മോറൽ മെജോരിറ്റി എന്നു പറയുന്നത് പ്രധാനമായിട്ടും ഈ ഫണ്ടമെന്റലിസം റേഡിയോയിൽ കൂടിയും ടെലിവിഷനിൽ കൂടിയും പ്രസംഗിക്കുന്ന കുറച്ചു പ്രസംഗകരും അവരുടെ ശ്രോതാക്കളും ആയിരുന്നു. അവരാണ് പ്രസിഡണ്ട് റയ്ഗന് പിന്തുണ കൊടുക്കാനുള്ള ഒരു പൊളിറ്റിക്കൽ ഫോഴ്സ് ഉണ്ടാക്കിയത്. സാധാരണഗതിയിൽ ഫണ്ടമെന്റലിസ്റ്റ്സ് രാഷ്ട്രീയത്തിനകത്ത് പ്രവേശിക്കുകയില്ല. പരിണാമവാദമോ അവർക്ക് ഇഷ്ടമില്ലാത്തതു വല്ലതും പഠിപ്പിക്കുകയാണെങ്കിൽ രാഷ്ട്രീയത്തിൽ പ്രവേശിക്കും. അല്ലെങ്കിൽ അവർ രാഷ്ട്രീയത്തിൽ നിന്നു മാറി നിൽക്കുന്നവരായിരുന്നു. എങ്കിലും ഓയിൽ മില്യനേഴ്സിന്റെ ചിന്തയിൽ, ഫണ്ടമെന്റലിസം അവരെ വളരെയധികം സഹായിക്കുന്ന ഒരു കാര്യമാണെന്ന് അവർ കണ്ടു. അതിന്റെ ഒരു കാരണം, നീതിക്കു വേണ്ടിയുള്ള നിലവിളി വരുന്നത് ലിബറൽ സൈഡിൽ നിന്നാണ്. ഫണ്ടമെന്റൽ വിഭാഗത്തിൽ നിന്ന് ആ ആവശ്യം ഇല്ല. ക്രിസ്തീയ മതത്തിന്റെ ഒരു അടിസ്ഥാന ഭാഗമായിട്ട് നീതി എന്നൊന്നുണ്ടെന്ന് വാദിക്കുന്നത് ലിബറൽസാണ്. ഫണ്ടമെന്റൽസ് അത് വാദിക്കുന്നില്ല. അപ്പോൾ അമേരിക്കയിലെ പണക്കാർ തീരുമാനിച്ചു, അവരുടെ താൽപര്യങ്ങൾ ഫണ്ടമെന്റലിസത്തിന്റെ ഭാഗത്താണുള്ളതെന്ന്. അതുകൊണ്ട് അതിനെ വേണ്ടവിധത്തിൽ പണം കൊടുത്ത് സഹായിക്കണം, പിന്തുണ കൊടുക്കണം എന്ന് അവർ പറഞ്ഞതിന്റെ ഫലമായിട്ട്, ഒരുപാട് ഓയിൽ മില്യനേഴ്സിന്റെ പണംകൊണ്ടാണ് ഫണ്ടമെന്റലിസം ലോകം മുഴുവൻ വികസിച്ച് ഈ കേരളത്തിലും വന്നുചേർന്നത്. ഏതാണ്ട് അമ്പതു കൊല്ലം മുമ്പേ ഇവിടെ വന്നുചേർന്നു കഴിഞ്ഞു. 1930-കളിൽ ഫണ്ടമെന്റലിസം ഇവിടെ വന്നു. ഇവിടെ ഇപ്പോൾ ഒരുപാട് പ്രൊട്ടസ്റ്റണ്ട് മതങ്ങൾ ഉള്ളതു പലതും ഈ ഫണ്ടമെന്റലിസ്റ്റ്സ് വിഭാഗത്തിൽ പെട്ടതാണ്. അതായത്, മുമ്പ് ഞാൻ പറഞ്ഞ അഞ്ചു കാര്യങ്ങളുമാണ് യഥാർത്ഥമായിട്ടുള്ള ക്രിസ്തീയ വിശ്വാസം എന്നും, അതിനെ നിഷേധിക്കുന്നവൻ ക്രിസ്ത്യാനിയല്ല എന്നും വാദിക്കുന്ന സെക്ടേറിയൻ ചിന്താഗതിയാണ് ഇവർക്കുള്ളത്. അവരാണ് ഇവിടെ വന്ന് ഇവിടുത്തെ പ്രധാനപ്പെട്ട സഭകളൊക്കെ പഠിപ്പിക്കുന്നത് അബദ്ധമാണ്, ഓർത്തഡോക്സുകാരോ മാർത്തോമ്മാക്കാരോ സി.എസ്.ഐ. ക്കാരോ കത്തോലിക്കരോ ഒക്കെ പഠിപ്പിക്കുന്നത് അബദ്ധമാണ്, ഈ അഞ്ചു കാര്യങ്ങൾ വിശ്വസിക്കുകയും വീണ്ടും ജനിക്കുകയും ചെയ്യുന്നവനു മാത്രമേ സ്വർഗ്ഗത്തിൽ പോകാനൊക്കു എന്നുള്ള വാദം ഇവിടെയും പ്രചരിപ്പിച്ചത്. ഇത് കാലിഫോർണിയൻ ഇറക്കുമതിയാണെന്നുള്ളത് പലപ്പോഴും നമ്മൾ മറന്നുപോകുന്നുണ്ട്.

പക്ഷേ, മഹാത്മാഗാന്ധി ഫണ്ടമെന്റലിസ്റ്റ് ആണെന്നു പറയുന്നത് യാതൊരുവിധത്തിലും നിരക്കാത്ത കാര്യമാണ്. പാവപ്പെട്ട ഞാനും ഫണ്ട മെന്റലിസ്റ്റാണെന്ന് പറയുന്നത് എനിക്ക് വലിയ സങ്കടമാണ്. ഇങ്ങനെ യൊന്നും വാദിക്കാൻ ഞാൻ തയ്യാറല്ല. ഇതിനെ ഞാൻ നിഷേധിക്കുന്നു വെന്നല്ല. ഇങ്ങനെയൊന്നും വാദിക്കാനോ ഇതെല്ലാം വിശ്വസിക്കാത്ത വൻ പുറത്താണെന്നു ശഠിക്കാനോ ഒന്നും ഞാൻ തയ്യാറല്ല. അതുകൊണ്ട് എന്നെ ഒരു ഫണ്ടമെന്റലിസ്റ്റ് എന്നു വിളിക്കുന്നതിൽ വലിയ അർത്ഥം ഇല്ല എന്നാണ് എനിക്കു തോന്നുന്നത്. ഏതായാലും ആദ്യം പറയാനു ള്ളത്, മഹാത്മാഗാന്ധി ഫണ്ടമെന്റലിസ്റ്റോ മതനിരപേക്ഷതാവാദിയോ ആയിരുന്നില്ല എന്നാണ്. അദ്ദേഹത്തിന് ഏറ്റവും ഭയമുള്ള കാര്യമായി രുന്നു സെക്കുലറിസം. അദ്ദേഹം അത് 1906 മുതൽ പറയുന്നതാണ്, ഞാൻ ജനിക്കുന്നതിനു മുമ്പു മുതലേ അദ്ദേഹം പറയാൻ തുടങ്ങിയ താണ്. ഭാരതത്തിന് എന്താണ് ആവശ്യമെന്നു മഹാത്മാഗാന്ധിയോടു ചോദിച്ചാൽ, കഴിഞ്ഞ 50 കൊല്ലങ്ങളായിട്ട് നമ്മൾ പാശ്ചാത്യരിൽ നിന്നും പഠിച്ചതെല്ലാം താഴെ വച്ചാൽ ഭാരതം ശരിയാകുമെന്നായിരുന്നു 1906-ൽ അദ്ദേഹം എഴുതിയത്. പാശ്ചാത്യ ആശയങ്ങളായ സെക്കുലറിസം, മോഡേണിസം, ഇൻഡസ്ട്രിയലിസം എന്നിവയ്ക്ക് പൂർണ്ണമായും എതി രായിരുന്നു അദ്ദേഹം. അദ്ദേഹം ഒരിക്കൽ പറഞ്ഞു, പിശാചിന്റെ ഏറ്റവും പ്രധാനമായിട്ടുള്ള പ്രവർത്തനസ്ഥലം ഇന്നത്തെ ആശുപത്രികളാണെന്ന്. അദ്ദേഹത്തിന് ആശുപത്രിയോട് വലിയ വിരോധമായിരുന്നു; ഡോക്ടർമാ രോടുമൊക്കെ വിരോധമായിരുന്നു. പക്ഷേ, ഒരിക്കൽ ഉദരസംബന്ധമായ അസുഖം വന്നപ്പോൾ ആശുപത്രിയിൽ പോയി ശസ്ത്രക്രിയ ചെയ്യേണ്ടി വന്നു. അന്നു മുതൽ അദ്ദേഹം കുറച്ചുകൂടി ഒന്ന് മോഡറേറ്റായി ഈ കാര്യത്തിൽ. അതുപോലെ ടെക്നോളജി എന്നു പറയുന്നതിനോട് അദ്ദേ ഹത്തിന് ചെറുപ്പകാലത്ത് പരിപൂർണ്ണ വിരോധമായിരുന്നു. ടെലഗ്രാം, ടെലഫോൺ, റെയിൽവേ, ഇലക്ട്രിസിറ്റി തുടങ്ങിയവയൊന്നും വേണ്ട, ഇതെല്ലാം കളഞ്ഞാലേ ഇന്ത്യ ശരിയാകൂ എന്നായിരുന്നു ചെറുപ്പകാ ലത്തെ അദ്ദേഹത്തിന്റെ വാദം. അതിൽനിന്നൊക്കെ അദ്ദേഹം കുറെ കഴി ഞ്ഞപ്പോൾ മാറി. റെയിൽവേയ്ക്ക് അദ്ദേഹം എതിരായിരുന്നുവെങ്കിലും റയിൽവേ ഇല്ലായിരുന്നുവെങ്കിൽ മഹാത്മാഗാന്ധിക്ക് ഭാരതത്തിലെങ്ങും പോകുവാൻ സാധിക്കുകയില്ലായിരുന്നു. നടന്നു പോകാവുന്നത് വളരെ കുറച്ചേയുള്ളു. ബാക്കിയൊക്കെ തീവണ്ടിയിൽ തന്നെയാണ് അദ്ദേഹം യാത്ര ചെയ്തത്. മൂന്നാം ക്ലാസ്സിൽ യാത്ര ചെയ്യാനാണെങ്കിലും തീവണ്ടി വേണമല്ലോ. തീവണ്ടിക്ക് മെഷീൻ വേണമല്ലോ. അതുകൊണ്ട് മഹാ ത്മാഗാന്ധിയുടെ ആ ചിന്താഗതികളിൽ വളരെയധികം വ്യത്യാസം വന്നു എങ്കിലും മതനിരപേക്ഷതയെക്കുറിച്ചുള്ള അഭിപ്രായത്തിൽ അദ്ദേഹം ഒരിക്കലും പിന്നോട്ടു പോയിട്ടില്ല. അദ്ദേഹത്തിന്റെ പ്രധാനമായ ചിന്ത

മതങ്ങൾക്കതീതമായ ഒരു മതം വേണം എന്നായിരുന്നു. പലപ്പോഴും എല്ലാ മതങ്ങളും തുല്യമാണ് എന്നും എല്ലാ മതങ്ങളും പറയുന്നത് ഒന്നാണെന്നുമൊക്കെ അദ്ദേഹം പറഞ്ഞു. പക്ഷേ, അദ്ദേഹത്തിന്റെ പ്രധാനമായ ഉദ്ദേശ്യം മതങ്ങൾക്കതീതമായ ഒരു മതം ആയിരുന്നു. ആ മതത്തിന് പ്രധാനമായ ചില തത്വങ്ങൾ അദ്ദേഹം ആവിഷ്കരിച്ചു. മതങ്ങൾക്ക് അതീതമാണിതെന്നു പറഞ്ഞാലും, ഹിന്ദു മതത്തിലും ജൈന മതത്തിലും ബുദ്ധ മതത്തിലുമാണ് അതിന്റെ അടിസ്ഥാനം കിടക്കുന്നത്. കുറച്ച് ആശയങ്ങൾ ക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിൽ നിന്നും എടുത്തിട്ടുണ്ടെന്ന് അദ്ദേഹം തന്നെ പറയും. ടോൾസ്റ്റോയിയിൽ കൂടിയാണ് ഗിരിപ്രഭാഷണം അധികവും കിട്ടിയത്. ടോൾസ്റ്റോയി, വേദപുസ്തകത്തിൽ ഗിരിപ്രഭാഷണം ഒഴിച്ച് ബാക്കിയെല്ലാം ഉപേക്ഷിച്ചിട്ട് ഗിരിപ്രഭാഷണം മാത്രം മതി എനിക്ക് എന്നു പറഞ്ഞ ആളാണ്. ആ ഒരു ചിന്താരീതി മഹാത്മാഗാന്ധിക്കും ഉണ്ടായിരുന്നു. ഗാന്ധിജി, അദ്ദേഹത്തിന്റെ സ്വയപരീക്ഷണങ്ങളുടെ ഫലമായിട്ട് ഗീത വളരെ ശക്തിയായിട്ട് പഠിക്കുകയും ഗീതയുടെ മൂന്നിൽ രണ്ട് ഭാഗം മനഃപാഠമാക്കുകയും ചെയ്തു. മുഴുവനും മനഃപാഠമാക്കാൻ ഇഷ്ടമില്ലായിരുന്നു. ഗീതയിൽത്തന്നെ ചിലതെല്ലാം അദ്ദേഹത്തിന് ഇഷ്ടമില്ലായിരുന്നു. സെലക്ടീവ് ആയിരുന്നു. മൂന്നിൽരണ്ടു ഭാഗം അദ്ദേഹം മനഃപാഠമാക്കി. സ്വകാര്യ ആത്മീയ ജീവിതത്തിൽ ഗീതയുടെ ആദ്ധ്യാത്മികതയിലാണ് അദ്ദേഹം വളർന്നുവന്നത്. പരസ്യ ആദ്ധ്യാത്മിക ജീവിതത്തിൽ ഖുറാനും ഗീതയും ബൈബിളുമൊക്കെ വായിക്കുമെങ്കിലും സ്വകാര്യ ആത്മീയ ജീവിതം മിക്കവാറും ഗീതയിൽ അധിഷ്ഠിതമായിരുന്നു. അതുകൊണ്ട് അദ്ദേഹം ഒരു മതനിരപേക്ഷവാദിയായിരുന്നില്ലെന്ന് മാത്രമല്ല, മതമാണു രാഷ്ട്രീയത്തിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് എന്നുതന്നെയായിരുന്നു അദ്ദേഹത്തിന്റെ വാദം. അതായത് മനുഷ്യന്റെ ഉൽകൃഷ്ടങ്ങളും ഉദാത്തങ്ങളുമായ ചിന്തകൾക്കെല്ലാം രൂപം കൊടുക്കുന്നത് മതമാണെന്ന് അദ്ദേഹം ആത്മാർത്ഥമായി വിശ്വസിച്ചതുമൂലം മതനിരപേക്ഷത എന്നുള്ള നെഹ്റുവിന്റെയും കൂട്ടരുടെയും വാദം അദ്ദേഹത്തിന് ഒട്ടും സ്വീകാര്യമല്ലായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ വാദങ്ങൾ വേണ്ടത്ര ശോഭിച്ചില്ല. അദ്ദേഹത്തെ ആ കാര്യം വരുമ്പോൾ എല്ലാവരും പുറകോട്ടു തള്ളുമായിരുന്നു. ദരിദ്ര നാരായണൻ, നാരായണൻ, ബ്രഹ്മൻ – യഥാർത്ഥമായി നമുക്ക് തന്നെത്തന്നെ മാനിഫെസ്റ്റ് ചെയ്യുന്നത് ദരിദ്രനിൽ കൂടിയാണ്. എല്ലാവരിലും ബ്രഹ്മൻ ഉണ്ട്. 'ഈശാ വാസ്യ മിദം സർവ്വം' എന്നുള്ള ഈശോപനിഷത്തിന്റെ ആദ്യത്തെ ശ്ലോകം എപ്പോഴും മഹാത്മാഗാന്ധി പറയുമായിരുന്നു. പക്ഷേ, അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ഒരു സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക ക്രമം (സോഷ്യൽ പൊളിറ്റിക്കൽ ഇക്കോണമി) കൂടി ഉണ്ടാക്കി. ഈശ്വരനാണ് എല്ലാവരുടേയും യഥാർത്ഥമായ അസ്തിത്വമെങ്കിൽ എല്ലാ

മനുഷ്യരും സമന്മാരാണ് എന്നതാണ് വിവേകാനന്ദന്റെ ആശയം. കാരണം, എല്ലാ മനുഷ്യരിലും ബ്രഹ്മൻ കുടികൊള്ളുന്നു. ഈ വിവേകാനന്ദ ദർശനമാണ് മഹാത്മാഗാന്ധി എടുത്തത്. അതുകൊണ്ട് സമതാവാദം, അന്ത്യോദയം എന്നുള്ളത് മഹാത്മാഗാന്ധിയുടെ ഒരു പ്രധാനപ്പെട്ട പ്രത്യയശാസ്ത്രം ആയിരുന്നു. അല്ലാതെ വേദാന്തികൾ പറയുന്നതുപോലെ 'അഹം ബ്രഹ്മാസ്മി' എന്നു പറഞ്ഞ് രാഷ്ട്രീയവുമായിട്ടെനിക്കൊരു ബന്ധവുമില്ല എന്ന നിലപാടല്ല ഗാന്ധിജി സ്വീകരിച്ചത്.

പതിനഞ്ചു കൊല്ലം മുമ്പ് കേന്ദ്ര ഗവണ്മെന്റിന് ഒരു അഭിപ്രായം തോന്നി, നമ്മുടെ ഇന്ത്യൻ ഫിലോസഫിക്ക് അന്താരാഷ്ട്രപരമായി വേണ്ടത്ര അംഗീകാരം കിട്ടുന്നില്ല, അത് എന്തുകൊണ്ടാണ്? അതെപ്പറ്റി ഒരു സെമിനാർ നടത്താൻ തീരുമാനിച്ചു. മിനിസ്ട്രി ഓഫ് എഡ്യുക്കേഷൻ ഒരു വലിയ സെമിനാർ വിളിച്ചുകൂട്ടാൻ തീരുമാനിച്ചു. അതിന്റെ പ്രാഥമികമായിട്ട് ഒരു സെമിനാർ വിദ്യാഭ്യാസവകുപ്പ് വിളിച്ചുകൂട്ടി. അതിന്റെ ഒരു ഡോക്യുമെന്റ് ഡ്രാഫ്റ്റ് ചെയ്യാനായിട്ട് മൂന്നുപേരെ വിളിച്ചു. ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിലെ പ്രധാനപ്പെട്ട ഫിലോസഫി പ്രൊഫസറായ പത്മശ്രീ ടി. ആർ. വി. മൂർത്തി (നമ്മുടെ വലിയ ഫിലോസഫർമാരിൽ ഒരാളാണ്), കൽക്കട്ടാ യൂണിവേഴ്സിറ്റിയിലെ ഫിലോസഫി പ്രൊഫസറായ ശിവജീവൻ ഭട്ടാചാര്യ (ഇവർ രണ്ടുപേരും എന്റെ അടുത്ത സുഹൃത്തുക്കളാണ്), ഇവർ രണ്ടുപേരുടെ കൂടെ മൂന്നാമതൊരാളായിട്ട് എന്നെ കൂടെ വച്ചു. അത് എന്തോ അബദ്ധം പറ്റിയതാണ്. ഏതായാലും ഞങ്ങൾ മൂന്നുപേരും കൂടി ഒരു ഡോക്യുമെന്റ് ഉണ്ടാക്കുവാൻ വേണ്ടി ഇരുന്ന സമയത്ത്, ഇന്ത്യൻ ഫിലോസഫിക്ക് റലവൻസ് ഉണ്ടാകണമെങ്കിൽ, ഇന്ന് ഇന്ത്യയിൽ നടക്കുന്ന സംഭവങ്ങളുമായിട്ട് ആ ഫിലോസഫിക്ക് ബന്ധമുണ്ടാകണം എന്നൊരു വാദം ഞാൻ ഉന്നയിച്ചു. രണ്ടു പേരും കൂടി എന്റെ വാദത്തെ എതിർത്തു. ഫാദർ പറയുന്നത് പരമ അബദ്ധമാണ്. സത്യത്തിന് ചേഞ്ചുമായി യാതൊരു ബന്ധവുമില്ല. സത്യം എന്നു പറഞ്ഞാൽ, വ്യത്യാസം വരാത്തതേതോ അതാണ് സത്യം. ഇപ്പോഴത്തെ ഭാരതീയ സാഹചര്യം എന്നു പറയുന്നത് മാറിക്കൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. അതിന് സത്യവുമായി യാതൊരു ബന്ധവുമില്ല എന്ന് രണ്ട് വലിയ പ്രൊഫസർമാരും കൂടിയങ്ങ് പ്രഖ്യാപിച്ചു. "ആ കാഴ്ചപ്പാടിനോട് എനിക്ക് യോജിക്കുവാൻ സാധിക്കുകയില്ല. ആ കാഴ്ചപ്പാട് ഉൾക്കൊള്ളുന്ന ഒരു ഡോക്യുമെന്റിൽ ഞാൻ ഒപ്പു വെയ്ക്കുകയുമില്ല" എന്ന് ഞാൻ പറഞ്ഞു. അവസാനം ഞങ്ങൾ പിരിഞ്ഞു. രണ്ടു പേർ ഒരു വശത്തുപോയി ഒരു ഡോക്യുമെന്റ് എഴുതി. ഞാൻ വേറൊരു ഡോക്യുമെന്റ് എഴുതി. ഒടുവിൽ രണ്ടുപേരുടെ ഡോക്യുമെന്റാണ് നിലനിന്നത്. ഇതാണ് നമ്മുടെ പ്രശ്നങ്ങളിൽ ഒന്ന്.

മഹാത്മാഗാന്ധി ഈ പറയുന്ന അബദ്ധം പറയുകയില്ല. ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ഭാരതത്തിലെ സംഭവങ്ങൾക്കും, നമ്മുടെ സ്വാതന്ത്ര്യസമരത്തിനുമൊക്കെ മതവുമായിട്ട് യാതൊരു ബന്ധവുമില്ല എന്നു പറഞ്ഞാൽ, അല്ലെങ്കിൽ സത്യവുമായി യാതൊരു ബന്ധവുമില്ല എന്നു പറഞ്ഞാൽ, മഹാത്മാഗാന്ധി രോഷാകുലനാകും. അങ്ങനെയുള്ള ഒരു മതമാണ് അദ്ദേഹത്തിന്റേത്. അല്ലാതെ വേദാന്തികൾ പറയുന്നതു പോലെ, 'അഹം ബ്രഹ്മാസ്മി', അതുകൊണ്ട് ഞാനൊന്നും ചെയ്യേണ്ട ആവശ്യമില്ല, ഇക്കാണാവുന്നവയെല്ലാം മായയാണ്, ഞാൻ ഒന്നും ചെയ്യേണ്ടയാവശ്യമില്ല എന്നു പറയുന്ന ഫിലോസഫിയല്ല മഹാത്മാഗാന്ധിയുടെ ഫിലോസഫി. ദരിദ്രനാരായണനിലുള്ള അദ്ദേഹത്തിന്റെ വിശ്വാസം മൂലം എല്ലാ മനുഷ്യരും സമന്മാരാണ്, എല്ലാ മനുഷ്യരും സ്വതന്ത്രന്മാരാകണം. ഭാരതത്തെ ഇംഗ്ലീഷുകാർ അടിച്ചമർത്തിയിരിക്കുന്നത് മനുഷ്യത്വത്തിന് എതിരാണെന്ന്, അദ്ദേഹത്തിന്റെ മതമാണ് അദ്ദേഹത്തോട് പറഞ്ഞത്. അതുകൊണ്ട് മതവും രാഷ്ട്രീയവും തമ്മിൽ ബന്ധമില്ല, അതായത് സ്വാതന്ത്ര്യസമരപ്രസ്ഥാനം മതനിരപേക്ഷമായിരിക്കണം എന്നു പറഞ്ഞാൽ അദ്ദേഹം സമ്മതിക്കുകയില്ല. അദ്ദേഹത്തിന്റെ ചിന്തയിൽ പ്രധാനമായിട്ട് ഉണ്ടായിരുന്ന ചില ആശയങ്ങൾ ഞാൻ ചുരുക്കമായിട്ട് പറയാം.

ഒന്നാമത്തേത്, ഈശാവാസ്യം ഇദം സർവ്വം. ഈശോപനിഷത്തിന്റെ ആദ്യ ശ്ലോകമാണ്. അതായത് ഇവിടെയുള്ള എല്ലാറ്റിലും ഈശ്വരനാണ് വസിക്കുന്നത്. അതുകൊണ്ട് ഈശ്വരനെ കൂടാതെ യാതൊന്നും നടക്കുകയില്ല. ഇത് ഗാന്ധിജിയുടെ ദർശനത്തിന്റെ അടിസ്ഥാനപ്രമാണമാണ്. പിന്നെങ്ങനെയാണ് സെക്കുലറിസം സ്വീകരിക്കുന്നതദ്ദേഹം? മതനിരപേക്ഷമെന്നു പറയുന്നത്, ഈശ്വരനും രാഷ്ട്രീയവുമായി യാതൊരു ബന്ധവുമില്ല എന്നു പറയുന്നതാണ്. അത് മഹാത്മാഗാന്ധിക്ക് ഒരിക്കലും സമ്മതിക്കാനൊക്കുകയില്ല.

രണ്ടാമത്, അദ്ദേഹത്തിന്റെ കാഴ്ചപ്പാട്, വ്യക്തിക്ക് നല്ലത്, എല്ലാവർക്കും നല്ലതേതോ അതാണ് എന്നുള്ളതാണ്. അതായത് പാശ്ചാത്യ വ്യക്തിത്വ വാദത്തിനെതിരായിട്ട് അദ്ദേഹം പറഞ്ഞു, എല്ലാവരുടെയും പൊതു നന്മയാണ് വ്യക്തിയുടെ നന്മ. അല്ലാതെ വ്യക്തി നന്നായിട്ട് പിന്നെ സമൂഹം നന്നാക്കാമെന്നുള്ള കാഴ്ചപ്പാട് ഗാന്ധി സമ്മതിക്കുകയില്ല. ഒരു വ്യക്തിയുടെ വളർച്ച ഉണ്ടാകുന്നത് സമൂഹം കൂടെ വളരുമ്പോഴാണ്. സമൂഹത്തിൽ നന്മയുണ്ടാകുമ്പോൾ വ്യക്തികളിലും നന്മ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നുള്ളത് അദ്ദേഹത്തിന്റെ വാദത്തിന്റെ ഒരു പ്രധാനപ്പെട്ട ഭാഗമാണ്. ഇതു രണ്ടും വളരെ അടിസ്ഥാനപരമാണ് അദ്ദേഹത്തിന്. വ്യക്തിയുടെ ക്ഷേമം എന്നു പറയുന്നത് സമൂഹത്തിന്റെ ക്ഷേമത്തിൽ കൂടിയാണെന്നും വ്യക്തി അതിന്റെ ഒരു ഭാഗമാണെന്നും, അതിൽ

നിന്നു വ്യത്യസ്തമായി വ്യക്തി മാത്രം അവന്റെ മോക്ഷം നേടാൻ ശ്രമിക്കുന്നത് ശരിയല്ല എന്നും അദ്ദേഹം വാദിച്ചു.

നമ്മുടെ ഭാരതീയ പാരമ്പര്യത്തിലെ ഒരു പ്രധാന തത്വമാണ് 'യജ്ഞോ ഭുവനസ്യ നാഭി; Sacrifice is the navel of earth. ഈ ലോകം സംജാതമായിട്ടുള്ളത് പരിത്യാഗത്തിൽ നിന്നാണ്. പരിത്യാഗമാണ് ഈ ലോകത്തിലെ ഏറ്റവും ഉദാത്തമായ യാഥാർത്ഥ്യം. ത്യാഗമില്ലാതെ യാതൊന്നും നടക്കുകയില്ല. ഇന്നത്തെ രാഷ്ട്രീയത്തിൽ അതാണോ നാം കാണുന്നത്. സ്വയപരിത്യാഗം എന്നു പറയുന്നത്, ഇന്നത്തെ രാഷ്ട്രീയത്തിൽ കാണാനേയില്ലാത്ത ഒരു സാധനമായിട്ട് തീർന്നിരിക്കുകയാണ്. അതുകൊണ്ട് ത്യാഗമാണ് മനുഷ്യനു പൂർണ്ണത പ്രാപിപ്പാൻ വഴി തെളിയിക്കുന്നത് എന്ന് അദ്ദേഹം വളരെ ശക്തിയായി വാദിച്ചു.

ജോലി നല്ലതാണ്, എല്ലാ ജോലിക്കും ഒരുപോലെയുള്ള അന്തസ്സ് ആണുള്ളത് എന്ന് ഗാന്ധിജി കരുതി. ഒരു ജോലിയും മറ്റൊരു ജോലിയേക്കാൾ ഹീനമാണ് എന്നു പറയുവാൻ സാധിക്കുകയില്ല. ഷെഡ്യൂൾഡ് ക്ലാസ്സസ് ചെയ്യുന്ന ജോലിയെല്ലാം ഹീനമായ ജോലിയാണ്, അപ്പർക്ലാസ്സ് ചെയ്യുന്നതാണ് ഉദാത്തമായ ജോലി എന്നൊന്നും പറയാൻ സാധിക്കുകയില്ല. ഗാന്ധിജി ഉദാഹരണംകൊണ്ടു കാണിച്ചത് കക്കൂസ് സ്വയം വൃത്തിയാക്കുന്ന ജോലിയായിരുന്നു. എല്ലാ ജോലിക്കും ഒരേ രീതിയിലുള്ള അന്തസ്സ് ഉണ്ട് എന്നുള്ളത് അദ്ദേഹം വളരെ ശക്തിയായിട്ട് വാദിച്ച ഒരു തത്വമാണ്. എല്ലാ ജോലിയും ഒരുപോലെ ഉദാത്തമാണെന്നുള്ളത് ഇന്നും നമുക്ക് ഉൾക്കൊള്ളാൻ കഴിയാത്ത തത്വമാണ്.

അഞ്ചാമത്, ഗാന്ധിജിയുടെ രണ്ടു തത്വങ്ങൾ പത്തുപതിനഞ്ചു കൊല്ലം മുമ്പ് രാജീവ്ഗാന്ധി എടുത്തുപറഞ്ഞിട്ട്, അത് അദ്ദേഹത്തിന്റെ ഫിലോസഫിയാണെന്ന് പറഞ്ഞു. ഇന്ത്യൻ ഫിലോസഫിക്കൽ കോൺഗ്രസ്സിന്റെ സുവർണജൂബിലി സമ്മേളനം ഹൈദരബാദിൽ നടക്കുമ്പോൾ രാജീവ്ഗാന്ധിയായിരുന്നു ഉദ്ഘാടനം നിർവഹിച്ചത്. രാജീവ്ഗാന്ധിയോട് എനിക്ക് വലിയ ബഹുമാനമുണ്ട്. അദ്ദേഹം പറഞ്ഞു, ഭാരതത്തിൽ ചിലർ എന്നോട് ചോദിക്കുന്നു, നമ്മൾ ഒരു ടെക്നോളജിക്കൽ സിവിലിസിയേഷനിലോട്ടാണോ പോകുന്നതെന്ന്. 21-ാം നൂറ്റാണ്ടിലേക്ക് നമ്മൾ പ്രവേശിക്കുന്നത് ഒരു ടെക്നോളജിക്കൽ സിവിലിസിയേഷനുമായിട്ടാണോ? (ഇത് അദ്ദേഹത്തിന്റെ ഒരു പ്രധാനപ്പെട്ട തത്വമായിരുന്നു അക്കാലത്ത്). അപ്പോൾ എന്നെ ചിലർ വിമർശിച്ചുംകൊണ്ട് പറയുന്നു, ടെക്നോളജിക്കൽ നേഷൻ ആയാൽ ഭാരതത്തിന്റെ പുരാതന പാരമ്പര്യവും ഈ ടെക്നോളജിക്കൽ സിവിലിസിയേഷനും തമ്മിൽ ക്ലാഷ് ഉണ്ടാകുമെന്ന്. ഞാൻ ഇന്ത്യയിലെ ഫിലോസഫേഴ്സിനോട് ആവശ്യപ്പെടുന്നു, ടെക്

നോളജിയും ഇന്ത്യൻ ഹെറിറ്റേജും തമ്മിൽ കോൺഫ്ളിറ്റ് ഉണ്ടോ എന്ന് നിങ്ങൾ ചിന്തിച്ചു പഠിക്കണമെന്ന്. വളരെ നന്നായിട്ട് എനിക്കു തോന്നി. പക്ഷേ, ഒരു മിനിട്ട് കഴിഞ്ഞപ്പോൾ അദ്ദേഹം തന്നെ മറുപടി പറഞ്ഞു, യാതൊരു കോൺഫ്ളിറ്റും ഇല്ല എന്ന്. ഭാരതീയ പാരമ്പര്യവും ടെക്നോളജിലും തമ്മിൽ യാതൊരു കോൺഫ്ളിറ്റും ഇല്ല. ഉദാഹരണം ജപ്പാൻ എന്ന് അദ്ദേഹം എടുത്തു കാണിച്ചു. മഹാത്മാഗാന്ധി സമ്മതിക്കുകയില്ല. മഹാത്മാഗാന്ധിയുടെ രണ്ടു തത്വങ്ങൾ അദ്ദേഹം എടുത്തു പറഞ്ഞു. ഭാരതീയ പാരമ്പര്യത്തിൽ നിന്നു രണ്ടു തത്വങ്ങളേ എനിക്കാവശ്യമുള്ളു എന്നാണ് അദ്ദേഹം പറഞ്ഞത്. ടെക്നോളജി വേണം. അതിന്റെ കൂടെ രണ്ടു തത്വം കൂടി കിട്ടിയാൽ ഇന്ത്യൻ സംസ്കാരമായെന്നാണ് രാജീവ് ഗാന്ധി പറഞ്ഞത്.

ഒന്ന്, നിഷ്കാമ കർമ്മം. അതായത്, ചെയ്യുന്ന പ്രവൃത്തി അതിന്റെ ഫലത്തെപ്പറ്റിയുള്ള ആഗ്രഹം കൂടാതെ പ്രവർത്തിക്കുക. നിസ്വാർത്ഥമായി പ്രവർത്തിക്കുക. ഒരു കർമ്മത്തിന്റെ ഫലം കാംക്ഷിക്കാതെ കർമ്മം ചെയ്യുക. എന്റെ രാഷ്ട്രീയം അങ്ങനെയാണെന്ന് അദ്ദേഹം പറഞ്ഞു. ഞങ്ങൾക്കൊക്കെ അത് വിശ്വാസം വരാൻ അൽപം താമസം വന്നു. "എന്റെ രാഷ്ട്രീയം നിഷ്കാമ കർമ്മമാണ്. ഞാൻ ചെയ്യാനുള്ളത് ഏതോ അത് ചെയ്യുന്നു. അതിന്റെ ഫലത്തെപ്പറ്റി എനിക്ക് ചിന്തയില്ല" എന്ന് അദ്ദേഹം പറഞ്ഞു. അത് പരമാർത്ഥമാണെന്ന് എനിക്ക് തോന്നുന്നില്ല. "നിങ്ങൾ എന്നെ വെറും സെക്കുലർ ആയിട്ട് ചിന്തിക്കരുത്, ഞാനൽപം മതവിശ്വാസമൊക്കെ ഉള്ള ആളാണ്" എന്ന് രാജീവ്ഗാന്ധി പറഞ്ഞു. ഗീതയാണ് ഞാൻ പലപ്പോഴും ധ്യാനിക്കുന്നത്. ഗീതയിൽനിന്നു എനിക്ക് കിട്ടിയ രണ്ടാമത്തെ പ്രധാനമായ തത്വം സ്ഥിതപ്രജ്ഞത എന്നതാണ്. എന്നു പറഞ്ഞാൽ, പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ല എന്നു പറയുകയില്ലേ, അതാണ്. വലിയ ആപത്തു വന്നാലും അനങ്ങാതിരിക്കുക. അതിന് അദ്ദേഹത്തിന്റെ പ്രസംഗം തയ്യാറാക്കിയ വ്യക്തി ഒരു പുതിയ പരിഭാഷയും കൂടെ കൊടുത്തു. Unflappability is the better part of valler. ഒരു ഇംഗ്ലിഷ് proverb ഉണ്ട്. Descrion is the better part of the valler. അതിലെ descrition മാറ്റിയിട്ട് Unflappability എന്നൊരു മോഡേൺ വാക്ക് രാജീവ്ഗാന്ധി ഉപയോഗിച്ച് Unflappability is the better part of valler എന്നു പറഞ്ഞു. So I get bad news about nation. But my job is not to be excited. But stay calmly and do that which is right. ഇതു രണ്ടുമാണ് ഭാരതീയ പാരമ്പര്യത്തിലെ അടിസ്ഥാന സത്യങ്ങളായി രാജീവ്ഗാന്ധി കണ്ടത്. ഈ അടിസ്ഥാന തത്വങ്ങൾ രണ്ടും മഹാത്മാഗാന്ധിയുടെ തത്വങ്ങളാണ്. സ്ഥിതപ്രജ്ഞത, നിഷ്കാമകർമ്മ. പക്ഷേ മഹാത്മാഗാന്ധി പറഞ്ഞത് ഈ പശ്ചാത്തലത്തിലല്ല; രാജീവ്ഗാന്ധി പറഞ്ഞതുപോലെ

യല്ല. ഗാന്ധിജിക്ക് പ്രവർത്തിക്കുമ്പോൾ ശരിയായിട്ടുള്ളതു ചെയ്യണം. അതിന്റെ ഭവിഷത്ഫലം എന്തും ആയിക്കോട്ടെ, മനുഷ്യരെന്നെ തൂക്കി കൊന്നോട്ടെ, മനുഷ്യരെന്നെ ജയിലിലിട്ടോട്ടെ, ഞാൻ ചെയ്യാനുള്ളത് ശരിയാണെങ്കിൽ, അതു ഞാൻ ചെയ്യും. ആളുകൾ എന്തെല്ലാം എനിക്ക് എതിരു പറഞ്ഞാലും കുഴപ്പമൊന്നുമില്ല എന്നുള്ള നിഷ്കാമകർമ്മത അദ്ദേഹത്തിന്റെ ഒരു പ്രധാനപ്പെട്ട തത്വമായിരുന്നു. അതുപോലെ തന്നെ ഒരു മാതിരി കാര്യമൊന്നും വന്നാൽ ഗാന്ധിജി ഇളകുകയില്ലായിരുന്നു. അത് വളരെ പ്രധാനമായിട്ടുള്ള ഒരു തത്വമാണ്. അതിന്റെ പുറകിൽ കിടക്കുന്ന ഒരു ആശയം സത്യഗ്രഹ ആണ്. സത്യാഗ്രഹമല്ല. സത്യഗ്രഹ എന്നു പറഞ്ഞാൽ അദ്ദേഹം മനസ്സിലാക്കിയത്, സത്യം നമ്മെ ഗ്രഹിക്കണം എന്നാണ്. സത്യത്തിനുവേണ്ടിയുള്ള ആഗ്രഹമല്ല. മനുഷ്യന് ആന്തരികമായ ശക്തി ഉണ്ടാകണമെങ്കിൽ ഇതുകൊണ്ടേ സാധിക്കൂ. ഒരു മനുഷ്യൻ, ഏറ്റവും പാവപ്പെട്ടവനായാലും, ഒന്നുമില്ലാത്തവനായാലും, സൈനികശക്തി ഇല്ലാത്തവനായാലും, സാമ്പത്തിക ശക്തി ഇല്ലാത്തവനായാലും, സത്യഗ്രഹം അവനിൽ വരുമ്പോൾ അവൻ സുശക്തനായിത്തീരുന്നു. അതിനേക്കാൾ വലിയ ശക്തി ലോകത്തിൽ ഇല്ല എന്നുള്ളതാണ് സത്യഗ്രഹത്തിന്റെ തത്വം. സൗത്ത് ആഫ്രിക്കയിൽ ഉപയോഗിച്ചപ്പോഴും അതുതന്നെയായിരുന്നു ആശയം. അല്ലാതെ സത്യാഗ്രഹമെന്നും പറഞ്ഞ് പ്രകടനമായിട്ടൊന്നുമല്ല അദ്ദേഹം ഉദ്ദേശിച്ചത്. സത്യഗ്രഹമാണ് സ്ഥിതപ്രജ്ഞതയുടെ പുറകിൽ. സ്ഥിതപ്രജ്ഞതയുടെ പുറകിൽ കിടക്കുന്നത്, The truth is holding me. I am standing on the truth. Nobody can move me - എന്നുള്ള ആന്തരികശക്തിയാണ്. അതാണ് മഹാത്മാഗാന്ധിയുടെ ധാർമ്മികമായിട്ടുള്ള പ്രധാനമായ ശക്തി.

ഇന്നത്തെ നമ്മുടെ പൊതുവെയുള്ള രാഷ്ട്രീയത്തിൽ ഇതാണ് പലപ്പോഴും കാണാൻ പ്രയാസമുള്ളത്. പണം വന്നാൽ ഇളകിപ്പോകും, ലോബി വന്നാൽ ഇളകിപ്പോകും, വോട്ടുബാങ്കിന്റെ പ്രശ്നം വന്നാൽ ഇളകിപ്പോകും. പ്രവർത്തിക്കുന്നത് ശരിയാണോ തെറ്റാണോ എന്നു നോക്കിയിട്ടല്ല, ഈ വക കാര്യങ്ങളെ നോക്കിയിട്ടാണ് തീരുമാനങ്ങൾ ചെയ്യുന്നത്. അതു ഞാൻ ചെയ്താൽ എന്റെ പാർട്ടിക്കു ഗുണം കിട്ടുമോ? ഇതു ചെയ്താൽ എനിക്ക് വോട്ടു നഷ്ടപ്പെടുമോ? ഇങ്ങനെയുള്ള ഒരു രാഷ്ട്രീയമാണിന്നുള്ളത്. അതല്ലാതെ Whatever is true, I will do it. Even if I loose votes, even if I loose my political power എന്നു പറയാനുള്ള തന്റേടം ഉമ്മൻചാണ്ടിക്കു പോലും ഉണ്ടോ എന്നെനിക്കറിയാൻ പാടില്ല. അതാണ് യഥാർത്ഥ പ്രശ്നം. അതുപോലെ തന്നെ ഗാന്ധിജിയുടെ അഭിപ്രായത്തിൽ സത്യഗ്രഹ എന്നു പറഞ്ഞാൽ, മറ്റാർക്കും അതിനു മുകളിൽ വിജയം പ്രാപിക്കാൻ പറ്റാത്ത ഒരു വിൽപവർ ആണ്. അത് ഡെവലപ്

ചെയ്യുക എന്നതാണ് ഈ സത്യഗ്രഹത്തിന്റെ പ്രധാനമായ ഒരു ഉദ്ദേശ്യം. അതും പ്രത്യേകിച്ച്, പാവപ്പെട്ടവന്, ശക്തിയില്ലാത്തവൻ എന്നു വിളി ക്കുന്നവന് വിൽപവർ ഉണ്ടാക്കി കൊടുക്കുക എന്നുള്ളതാണ് പ്രധാന മായിട്ട് ആവശ്യമെന്നാണ് മഹാത്മാഗാന്ധി മനസ്സിലാക്കിയത്. ഉപ്പുസത്യ ഗ്രഹത്തിന്റെയൊക്കെ പുറകിൽ കിടക്കുന്നത് അതാണ്. പാവപ്പെട്ടവന്, ഒരു ശക്തിയുമില്ലാത്തവന്, കുറച്ചു വെള്ളം കടലിൽ നിന്നെടുത്ത്, ഒരു വിളക്കുകൊണ്ട് കത്തിച്ച് ഉപ്പാക്കിയെടുക്കുവാനുള്ള അവകാശത്തിനു വേണ്ടി നടന്ന ആ പ്രവൃത്തി, അത് തോല്പിക്കുവാനാകാത്ത ഇച്ഛാശക്തി (indomitable will) കൊണ്ടേ സാധിക്കൂ. അതുകൊണ്ടാണ് വലിയ പദ യാത്ര നടത്തിയതിനുശേഷം അത് ചെയ്തത്. അദ്ദേഹത്തിന്റെ ചിന്ത യിൽ നിഷ്കാമ കർമ്മവും സ്ഥിതപ്രജ്ഞതയും പരമാർത്ഥത്തിൽ ഉള്ള താണെങ്കിലും അതത്ര ലളിതമായിട്ടല്ല അദ്ദേഹം എടുത്തത്. വളരെ ഗാഢമായിട്ടു തന്നെയാണ് അദ്ദേഹം എടുത്തത്. അതുപോലെ തന്നെ അദ്ദേഹത്തിന്റെ മറ്റൊരു ചിന്ത മറ്റുള്ളവരുടെ കഷ്ടത, ദുഃഖം എന്നിവ നമ്മൾ സ്വയമായി എടുക്കണം എന്നതാണ്. You must take suffering upon yourself and only suffering especially suffering for others will develop character. മഹാത്മാഗാന്ധിയുടെ ഒരു പ്രധാനപ്പെട്ട ചിന്തയായിരുന്നു. Only when you suffer for the sake of others will your inner strength will developed. അതുകൊണ്ട് മഹാത്മാഗാന്ധിയുടെ ഫിലോസഫിയിലെ ഏറ്റവും പ്രധാനമായ തത്വം സത്യഗ്രഹം തന്നെയാണെന്നതിന് യാതൊരു സംശ യവുമില്ല. പക്ഷേ, അത് വളരെ ആഴത്തിലുള്ള ഒരു ആശയമാണ്. അല്ലാതെ വെറുതെ സത്യാഗ്രഹം എന്നും പറഞ്ഞ് ചുമ്മാ കുറെ പ്രക ടനം നടത്തുന്നതല്ല സത്യഗ്രഹം. അതിലാണ് മഹാത്മാഗാന്ധിയുടെ ചിന്തയുടെയും ജീവിതത്തിന്റെയും ശക്തി കിടന്നിരുന്നത്.

ബോംബെയിലുള്ള ഒരു വലിയ പണക്കാരനായ രത്നവ്യാപാരിയാ യിരുന്നു ഗാന്ധിജിയുടെ പ്രധാനപ്പെട്ട ഗുരു. അദ്ദേഹം ജൈനനും വേദാ ന്തിയും ആയിരുന്നു. ജൈനമതക്കാരാണ് അഹിംസ എന്ന തത്വം ഉയർ ത്തിക്കാണിച്ചത്. ആറാം ശതാബ്ദത്തിനു മുമ്പുതന്നെ ഹിന്ദൂയിസത്തിൽ ജന്തുബലി ഉണ്ടായിരുന്നു. ആ കാലത്ത് അതിനെതിരായിട്ട് ഒരു വലിയ വിപ്ലവം ഉണ്ടായതാണ് ബുദ്ധിസവും ജൈനിസവും. ജന്തു ബലി എന്നു പറയുന്നത്, ദൈവസൃഷ്ടിയോടുള്ള ഹിംസയാണ്, അതുകൊണ്ട് ദൈവം പ്രസാദിക്കുകയില്ല, അതുകൊണ്ട് ജന്തുബലി പൂർണ്ണമായിട്ടു കളയണ മെന്നു മാത്രമല്ല, ഒരു ജീവിയോടും ഹിംസയായിട്ടു പെരുമാറാൻ പാടില്ല, അവയെ നമ്മൾ സംരക്ഷിക്കണം, അവയോട് നമുക്ക് കരുണയുണ്ടാ കണം, അനുകമ്പ ഉണ്ടാകണം, മിത്രത ഉണ്ടാകണം എന്ന് ബുദ്ധിസവും ജൈനിസവും പഠിപ്പിക്കുന്നു. അവരുടെ പ്രധാന ആശയമാണിത്. ഹിന്ദൂ യിസത്തോടുള്ള പ്രധാനപ്പെട്ട പ്രതിഷേധം അവിടെയാണ്. ഈ ബലി

കൊണ്ടൊന്നും ഒരു പ്രയോജനവുമില്ല. ജന്തുക്കളെ കൊല്ലുന്നതുകൊണ്ട് പ്രത്യേകിച്ച് വിശേഷം ഒന്നുമില്ല എന്നുള്ള ചിന്തയായിരുന്നു.

അത് മഹാത്മാഗാന്ധി വളരെ ശക്തിയായി എടുത്തിട്ട്, അഹിംസ എന്നു പറഞ്ഞാൽ ശത്രുവിനു പോലും ദോഷം വരണമെന്നു ചിന്തിക്ക രുത് എന്ന് പഠിപ്പിച്ചു. ഇംഗ്ലീഷുകാരനാണെങ്കിലും അവനെ വെറുക്ക രുത്. അവരോടും അഹിംസയാണ് നമ്മൾ പെരുമാറേണ്ടത്. നമ്മുടെ അഹിംസ കൊണ്ട് അവന്റെ മനസ്സു മാറിയിട്ട് അവൻ നല്ലവനായി തീരണം. ഇതായിരുന്നു മഹാത്മാഗാന്ധിയുടെ അഹിംസാവാദം. അത് വളരെ പ്രധാനമായ ഒരു വാദമായിരുന്നു. അത് വളരെ അധികം ക്ഷമ യോടുകൂടി പരിശീലിക്കണമെന്നുള്ളതായിരുന്നു.

മഹാത്മാഗാന്ധിയുടെ വാർദ്ധക്യകാലത്ത് അദ്ദേഹം ബ്രഹ്മചര്യം പാലിക്കുന്നതിൽ നിഷ്ഠ പുലർത്തുകയും അത് പഠിപ്പിക്കുകയും ചെയ്തു. ആശ്രമജീവിതം ദാമ്പത്യജീവിതത്തേക്കാൾ ശ്രേഷ്ഠമെന്ന് അദ്ദേഹം പഠിപ്പിച്ചോ എന്നു സംശയമുണ്ട്. ബ്രഹ്മചര്യയിൽ കൂടി മാത്രമേ അവസാനമായിട്ട് മനുഷ്യന്റെ പൂർത്തീകരണം സാധ്യമാവൂ എന്നദ്ദേഹം വാദിച്ചു. ലോകം മുഴുവൻ ബ്രഹ്മചര്യം പാലിക്കുകയാണെങ്കിൽ ലോകം ഇല്ലാതാവുമല്ലോ! ആ ഭാഗം അദ്ദേഹം ചിന്തിച്ചില്ല. അതാണ് അദ്ദേഹ ത്തെപ്പറ്റിയുള്ള വിമർശനങ്ങളിൽ ഒന്ന്. തന്റെ അനുഭവത്തിൽ താൻ പ്രധാ നമായി കണ്ടത് എല്ലാവർക്കും മാനദണ്ഡമായിട്ട് അദ്ദേഹം വിധിച്ചു എന്ന് അദ്ദേഹത്തെപ്പറ്റി ഒരു ആരോപണം ഉണ്ട്. കുറച്ചു പരമാർത്ഥം ഉണ്ട്. തെറ്റായ ചിന്തപോലും മനസ്സിൽ വരാതെ ഉപവാസം എടുക്കുക എന്നു ള്ളത് ബ്രഹ്മചര്യത്തിന്റെ ഒരു ഭാഗമായിട്ട് അദ്ദേഹം കണ്ടു. പക്ഷേ, ഏറ്റവും പ്രധാനമായിട്ട് എനിക്ക് പറയാനുള്ള കാര്യം 'അച്ചടക്ക'ത്തെക്കു റിച്ചാണ്. സ്വഅച്ചടക്ക (self discipline) മാണ് ഗാന്ധിജി പഠിപ്പിച്ച പ്രധാ നപ്പെട്ട തത്വം. ഇന്ന് ഇല്ലാതെ പോയിരിക്കുന്നതും അതാണ്. കമ്യൂ ണിസ്റ്റുകാർക്ക് ഈ രാജ്യത്ത് ശക്തി കിട്ടിയത് എന്തുകൊണ്ടാണ്? അവ രുടെ നേതാക്കന്മാർക്ക് നല്ല സെൽഫ് ഡിസിപ്ലിൻ ഉള്ളവരായിരുന്നു. 'ആയിരുന്നു' എന്നാണ് ഞാൻ പറയുന്നത്. അതിലാണ് അവർക്ക് ഇവിടെ ശക്തി കിട്ടിയത്. അത് ജനങ്ങൾ കണ്ടു. അതിനെ അവർ അഭിനന്ദിച്ചു. മഹാത്മാഗാന്ധി പറഞ്ഞ പല കാര്യങ്ങളും എ. കെ. ഗോപാലന്റെയും മറ്റും ജീവിതത്തിലാണ് അവർ കണ്ടത്. എ. കെ. ഗോപാലൻ എന്നു പറ ഞ്ഞാൽ എന്താണ് അകത്ത് കരുത്ത്! അസാമാന്യമായ ആന്തരിക ശക്തി (inner strength) ഉള്ള മനുഷ്യനായിരുന്നു അദ്ദേഹം. അതുപോലെയുള്ള ഒരു ഉൾക്കരുത്ത് സൃഷ്ടിക്കുക എന്നുള്ളത് ഇന്നത്തെ കാലത്ത് വളരെ പ്രയാസമായിരിക്കുകയാണ്.

ഗാന്ധിജിയുടെ മറ്റൊരു ഗുണവും സെക്കുലറിസവുമായി ചേരാത്തതാണ്. അദ്ദേഹത്തിനൊരു ഇന്നർ വോയ്സ് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ അന്തഃരംഗത്തിൽ നിന്ന് ഒരു ശക്തി എപ്പോഴും അദ്ദേഹത്തോടു സംസാരിച്ചിരുന്നു. സോക്രട്ടീസിനെപ്പോലെ തന്നെ. ഇത് സെക്കുലറിസത്തിനോടൊന്നും പറഞ്ഞാൽ ബോധ്യമാവുകയില്ല. ഇന്നത്തെ ആധുനിക സംസ്കാരത്തിൽ 'ഇന്നർ വോയ്സ്' എന്നു പറഞ്ഞാൽ തന്നെ കളിയാക്കും. അത് ഒരുതരം രക്ഷപെടൽ ആണെന്നു പറയും. മറ്റു പലതും പറയും. പക്ഷേ, മഹാത്മാഗാന്ധിയുടെ ജീവിതത്തിൽ ഈ ഇന്നർ വോയ്സ് വളരെ പ്രധാനമായിരുന്നു. അതുകൊണ്ട് പ്രധാനമായി ഞാൻ പറഞ്ഞ് അവസാനിപ്പിക്കുന്നത് 'മഹാത്മാഗാന്ധിയൊരു സെക്കുലറിസ്റ്റ്' അല്ലായിരുന്നു എന്നാണ്. ഒരു സെക്കുലറിസ്റ്റിന് സാധിക്കുകയില്ല ഈ പറഞ്ഞതൊക്കെ. ഒരു പ്രത്യേക മതത്തെ absolutise ചെയ്യുന്നതാണ് ഫണ്ടമെന്റലിസം. അതും മഹാത്മാഗാന്ധിയ്ക്കില്ലായിരുന്നു. അദ്ദേഹത്തിന് എപ്പോഴും മറ്റു മതങ്ങളോട് ബഹുമാനമുണ്ടായിരുന്നു എന്നു മാത്രമല്ല, അവയെ പഠിക്കുവാനും അവയെ പ്രോത്സാഹിപ്പിക്കുവാനും ശ്രമിക്കുന്ന ആളായിരുന്നു.

(സോഫിയാ സെന്ററിൽ നടത്തിയ പ്രഭാഷണം. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)

# 30

# ശ്രീനാരായണ ഗുരുദേവൻ

## ആദ്ധ്യാത്മിക ചൈതന്യത്തിന്റെ ഉത്തുംഗഗോപുരം

**ന**മ്മുടെ ദക്ഷിണ ഭാരതത്തിന്റെ ആദ്ധ്യാത്മിക ചൈതന്യത്തിന്റെ ഉത്തുംഗശിബിരം എന്ന് ഞാൻ കരുതുന്ന ശ്രീനാരായണ ഗുരുദേവന്റെ പാവന സ്മരണയ്ക്കു മുമ്പിൽ എന്റെ എളിയ ആദരവുകൾ.

എനിക്ക് രണ്ടു വയസ്സുള്ളപ്പോഴാണ് ശ്രീനാരായണഗുരുദേവൻ ആലുവായിൽ സർവ്വമത മഹാപാഠശാല സ്ഥാപിക്കണമെന്നുള്ള അഭിപ്രായം പറഞ്ഞത് – 1924 ൽ. അതുകഴിഞ്ഞ് അര ശതാബ്ദകാലത്തിനു ശേഷമേ അത് നടപ്പിൽ വന്നുള്ളു. 1971 ൽ അദ്ദേഹത്തിന്റെ ആദ്ധ്യാത്മികമായ മദ്ധ്യസ്ഥത മൂലം അത് നടപ്പിൽ വന്നു. അതിന്റെ രജതജൂബിലി ആഘോഷിക്കുന്നു എന്നതിൽ നിങ്ങളോടൊപ്പം ഞാനും വളരെയധികം സന്തോഷിക്കുന്നു.

ഈ കേരളത്തിന്റെ മണ്ണിൽ ഉണ്ടായിട്ടുള്ള രണ്ട് വലിയ പ്രഭാപ്രസരങ്ങളിൽ ഒരാൾ ശ്രീ ശങ്കരാചാര്യരും മറ്റെയാൾ ശ്രീ നാരായണ ഗുരുവുമാണ്. ഈ ചൈതന്യപ്രസരത്തിന്റെ പിറകിൽ വളരെ വലിയ ഒരു പാരമ്പര്യം തെക്കേഇന്ത്യയിൽ ഉണ്ടെന്നുള്ളത് പലപ്പോഴും ദക്ഷിണഭാരതീയരായ നാം ഓർക്കാത്ത ഒരു കാര്യമാണ്. ആദ്ധ്യാത്മികത നമ്മുടെ കേരളത്തിൽ പരന്നത് വടക്കുനിന്നാണ് എന്നൊരു തെറ്റിദ്ധാരണ പലർക്കും ഉണ്ടായിട്ടുണ്ട്. ഈയടുത്ത കാലത്തായിട്ട് നമ്മുടെ ചരിത്രരചനയും അങ്ങനെയാണ്. എന്നാൽ അതല്ല യാഥാർത്ഥ്യം. വടക്കുണ്ടായിരുന്നതിനേക്കാൾ ശക്തമായ ഒരു ചൈതന്യപ്രസരം ഇവിടെയുണ്ടായിരുന്നുവെന്നതിന് ധാരാളം തെളിവുകളുണ്ട്. രണ്ടുമൂന്നെണ്ണം ഞാൻ നിങ്ങളുടെ മുമ്പാകെ വയ്ക്കാം.

നമ്മുടെ ഭാരതീയ ആദ്ധ്യാത്മിക ചൈതന്യപ്രസരത്തിലെ സിംഹഭാഗം വരുന്ന വലിയ ഉത്തുംഗന്മാരായ പരിശുദ്ധന്മാർ ഉണ്ടായിട്ടുള്ളത് ഹിന്ദി ബെൽറ്റിൽ നിന്നല്ല. ഹിന്ദി ബെൽറ്റിൽ ഉണ്ടായിട്ടുള്ള വലിയ ആദ്ധ്യാത്മിക നേതാക്കൾ രണ്ടുപേരും അന്ന് നിലവിലുണ്ടായിരുന്ന ബ്രാഹ്മണമതത്തോട് എതിരിട്ടവരാണ്: ഭഗവാൻ ശ്രീ ബുദ്ധനും ശ്രീ ജൈനമഹാവീരനും. രണ്ടു പേരും വടക്കേ ഇന്ത്യയിൽ ഉണ്ടായിട്ടുള്ള വലിയ വ്യക്തികളാണ്. എന്നാൽ മറ്റുള്ള വലിയ ആദ്ധ്യാത്മിക ശക്തികളെപ്പറ്റി ചിന്തിക്കുമ്പോൾ രണ്ടുപേരെക്കൂടി കൂട്ടാം: ശ്രീരാമകൃഷ്ണ, ശ്രീ അരബിന്ദോ.

ബാക്കിയുള്ളവരൊക്കെ തെക്കേഇന്ത്യക്കാരാണ്. ശ്രീ ശങ്കരാചാര്യ, ശ്രീ രാമാനുജൻ, ശ്രീ മാധ്വൻ, ഈയടുത്ത കാലത്തുണ്ടായിട്ടുള്ള വലിയ ആദ്ധ്യാത്മിക ശക്തികളായ ശ്രീ രമണ മഹർഷി, ശ്രീ നാരായണഗുരു – ഇവരെല്ലാം തെക്കേഇന്ത്യയിൽ ഉണ്ടായിട്ടുള്ളവരാണ്. ഈ തെക്കേ ഇന്ത്യ

യിലെ, ദക്ഷിണാവൃത്തത്തിലെ ഒരു വലിയ പാരമ്പര്യത്തിന്റെ ഉടമകളാണ് നാമെല്ലാവരും. ക്രിസ്ത്യാനിയായാലും മുസ്ലീമായാലും ഹിന്ദുവായാലും മറ്റ് മതങ്ങളിൽപെട്ടവരായാലും എല്ലാവരുടെയും ചരിത്രത്തിന്റെ പിന്നിൽ ഈ "മഹാചൈതന്യപ്രസരം" കിടപ്പുണ്ട് എന്നുള്ളതാണ് എനിക്ക് നിങ്ങളോട് പറയുവാനുള്ളത്.

ഞാനിപ്പോൾ ഒരു ഉദാഹരണമായിട്ട് എന്റെയൊരു ചെറിയ അഭിപ്രായം നിങ്ങളുടെ മുമ്പിൽ വയ്ക്കുവാൻ ശ്രമിക്കുകയാണ്. നാമിപ്പോൾ ഭാരതീയ ആദ്ധ്യാത്മിക പാരമ്പര്യത്തിന്റെ പഠനത്തിന് അടിസ്ഥാനമാക്കുന്നത് സംസ്കൃതമാണ്. ഈ സംസ്കൃതഭാഷ ഉണ്ടാകുന്നതിനുമുമ്പ് ശ്രീ ബുദ്ധനും മഹാവീരനുമൊക്കെ ഉപയോഗിച്ച ഭാഷ 'പ്രാകൃത' എന്നു പറയുന്നതാണ്. അതിന്റെ ഒരു ഭാഗമാണ് 'പാലി.' ഇത് നമ്മുടെയാളുകളൊന്നും പഠിക്കാറില്ല. എന്നാൽ അതിനേക്കാൾ പഴക്കമുള്ള വലിയ ഭാഷയാണ് തമിഴ്. മലയാളികളായ നാമെല്ലാവരും ഒരുകാലത്ത് തമിഴന്മാരായിരുന്നു എന്നു പറഞ്ഞാൽ നമുക്കത്രവേഗം അത് സ്വീകാര്യമല്ല. കാരണം നമ്മുടെ മനസ്സിന്റെ ഒരു മൂലയിൽ തമിഴരെപ്പറ്റി അല്പം കുറഞ്ഞ ഒരു അഭിപ്രായം എവിടെയോ ഒളിഞ്ഞുകിടപ്പുണ്ട്. അതുകൊണ്ടാണ് തമിഴ് നമ്മുടെ മാതൃഭാഷയാണെന്ന് സമ്മതിക്കുവാൻ പ്രയാസം. ശ്രീ ശങ്കരാചാര്യരുടെ കാര്യമെടുത്താൽ തന്നെ സംസ്കൃതത്തിലാണ് അദ്ദേഹം പുസ്തകമെഴുതിയതെങ്കിലും അദ്ദേഹത്തിന്റെ മാതൃഭാഷ തമിഴായിരുന്നു. ശ്രീ രാമാനുജനും ശ്രീ മാധ്വനുമൊക്കെ സംസ്കൃത പണ്ഡിതന്മാർ ആയിരുന്നെങ്കിലും അവരുടെ ഭാഷ എപ്പോഴും ദ്രാവിഡഭാഷയായിരുന്നു.

ഈ തമിഴിന്റെ പാരമ്പര്യം മലയാളികളായ നാം മറന്നുകളയുന്നത് സങ്കടകരമായ ഒരു കാര്യമാണ്. കാരണം, ആദ്ധ്യാത്മികതയുടെ ഭാരതത്തിൽ ഉണ്ടായിട്ടുള്ള ഏറ്റവും വലിയ പ്രസരം ഉണ്ടായിട്ടുള്ളത് ഈ ദക്ഷിണാവൃത്തത്തിൽ നിന്നാണ്. അല്ലാതെ ഗംഗാതീരത്തുനിന്നല്ല എന്നുള്ളത് എനിക്ക് വളരെ ബോധ്യമാണ്. അതിന്റെ തെളിവുകളെന്താണ് എന്ന് ചോദിക്കുകയാണെങ്കിൽ ഒന്നു രണ്ടെണ്ണം ഞാൻ പറയാം.

ഒന്നാമത്, ഈ സംഘംകൃതികൾ എന്നു പറയുന്ന തമിഴ് സാഹിത്യത്തെപ്പറ്റി മലയാളികൾക്ക് വലിയ താല്പര്യമൊന്നും കാണുന്നില്ല. മധുര കാമരാജ് യൂണിവേഴ്സിറ്റി അതിന് വലിയ പ്രാധാന്യം കൊടുത്ത് പഠിപ്പിച്ചുവരുന്നുണ്ടെങ്കിലും ഇന്ന് ഈ സംഘംകൃതികളുടെ ഒരു എഡിറ്റഡ് വേർഷൻ കിട്ടാൻ പ്രയാസമാണ്. ആദ്യ ശതാബ്ദത്തിൽ എഴുതപ്പെട്ടിട്ടുള്ള കൃതികളാണ് സംഘംകൃതികളെന്ന് പറയുന്നത്. അതെല്ലാം നമ്മുടെ കയ്യിൽ കിട്ടിയിട്ടില്ല. ചിലത് വളരെ ശുദ്ധസാഹിത്യത്തിലാണ് എഴുതിയിരിക്കുന്നത്.

പുറനാനൂറ്, അകനാനൂറ് മുതലായ അനേക കൃതികൾ നമുക്ക് ഇന്ന് സംസിദ്ധമായിട്ടുണ്ട്. ഈ സംഘം എന്നു പറഞ്ഞാൽ സാഹിത്യകാരന്മാരുടെ സംഘമാണ്. അന്നത്തെയെഴുത്തുകാരുടെയെല്ലാം കൂടി സംഘടനയാണ്. ഈ സംഘടനയുടെ പ്രധാന പ്രോത്സാഹകന്മാരായി ഉണ്ടായിരുന്നത് ഈ ദക്ഷിണഭാരതത്തിലെ ചേരമാൻ പെരുമാക്കന്മാരായ

രാജാക്കന്മാരാണ്. ചേരമാൻ പെരുമാക്കന്മാർ കേരളം ഭരിച്ചിരുന്ന കാലഘട്ടത്തിൽ കേരളത്തെപ്പറ്റി എഴുതപ്പെട്ടിട്ടുള്ള ഒരു കൃതിയാണ് പതിറ്റിപ്പത്ത്. പത്ത്, പത്ത് പാട്ടുകളുള്ള പത്ത് എണ്ണം ഒരുമിച്ച് കൂടിയിട്ടുള്ള ഒരു ബൃഹദ്ഗ്രന്ഥം. പുരാതന സാഹിത്യകൃതികളിൽ പ്രഥമസ്ഥാനം അർഹിക്കുന്ന ഒന്നാണിത്. എന്തുകൊണ്ടോ ഇപ്പോഴും ഭാരതത്തിൽ പലർക്കും അതിനെപ്പറ്റി അറിയാൻവയ്യ എന്നുള്ളതിൽ എനിക്ക് സങ്കടം തോന്നിയിട്ടുണ്ട്.

മലയാളികളായ നമ്മുടെ പഴയ ചരിത്രമാണിത്. ഇത് നമ്മൾ പഠിച്ചാൽ നമ്മുടെ ആദ്ധ്യാത്മികതയുടെ വേരുകൾ എവിടെയാണെന്ന് കാണുവാൻ പറ്റും. അതിനെപ്പറ്റി കൂടുതൽ ഞാനിപ്പോൾ പറയുന്നില്ല. നാം ശ്രദ്ധിക്കാത്ത പല കാര്യങ്ങളും ആ കൃതി പഠിക്കുമ്പോൾ കാണും. ഒന്നാമത്, ഉത്തരേന്ത്യയിൽ നിന്നു വന്ന ഹിന്ദുദേവതമാരുടെ പേരുകൾ ഒന്നും അവിടെ കാണുകയില്ല. വേദത്തെപ്പറ്റിയോ ഉപനിഷത്തുകളെപ്പറ്റിയോ ഒന്നും അവിടെ കാണുകയില്ല. അവിടെ കാണുന്നത് ഈ ദക്ഷിണാവൃത്തത്തിൽ തന്നെയുണ്ടായിരുന്ന അതിപ്രൗഢമായ ഒരു സാഹിത്യ, ആദ്ധ്യാത്മിക പാരമ്പര്യമാണ്. അതൊന്ന് പഠിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

രണ്ടാമത്തെ കൃതി, ഈ അടുത്തകാലത്ത് നമ്മുടെ കയ്യിൽ കിട്ടിയിട്ടുള്ളത് 13-ാം ശതാബ്ദത്തിൽ ഉണ്ടായ ഒരു മഹാകൃതിയാണ്. “ആചാര്യഹൃദയം” എന്നാണതിന്റെ പേര്. ഈ കൃതി അക്കാലത്ത് ഇവിടെയുള്ള മതപാരമ്പര്യത്തിന്റെ ഏറ്റവും വലിയ ഒരു സാക്ഷിയാണ്. അത് പിന്നീട് വന്ന വൈഷ്ണവമതം, ശൈവമതം എന്നൊക്കെ പറയുന്ന മതത്തിന്റെ മുമ്പുണ്ടായിരുന്ന മതപാരമ്പര്യമാണ്. ഈ ‘ആചാര്യഹൃദയ’ത്തിന്റെ ഒരു പ്രധാന വ്യാഖ്യാതാവ് ആയിരിക്കുന്ന മണവാളമാമുനി എന്നു പറയുന്നയാൾ തമിഴ് മണിപ്രവാളത്തിൽ എഴുതിയിരിക്കുന്ന ഒരു രേഖയാണ് നമുക്ക് ഇപ്പോൾ കിട്ടിയിട്ടുള്ളത്. തമിഴും സംസ്കൃതവും ഇടകലർത്തി എഴുതിയിട്ടുള്ള ഒരു കൃതിയാണ് ആചാര്യഹൃദയവും, അതിനെക്കുറിച്ചുള്ള വ്യാഖ്യാനവും. പഴയകാലത്തെ ആചാര്യന്മാരിൽ ഉത്തുംഗനായിരുന്ന തെങ്കലപിള്ളൈ ലോകാചാര്യയുടെ സഹോദരനാണ് ഈ മണവാളമാമുനി.

വളരെ പ്രൗഢമായ ഒരു നിധിയാണീ ഗ്രന്ഥം. അതിൽ പറയുന്നത് വടക്കൻ രാജ്യങ്ങളിൽ വേദവും ഉപനിഷത്തുമുണ്ടെങ്കിൽ നമുക്ക് തെക്കും ഉണ്ട്. ദക്ഷിണ ഭാരതീയന്റെ ഒരു വേദവും ശാസ്ത്രവും ഉണ്ട്. ആ വേദത്തിന്റേയും ശാസ്ത്രത്തിന്റെയും ഏറ്റവും പ്രധാനമായ ഒരു കാര്യം ഉത്തരഭാരതീയർ പ്രധാനമായി കരുതുന്ന രണ്ട് കാര്യങ്ങളെ അത് നിഷേധിക്കുന്നുവെന്നതാണ്. ഒന്ന്, ജാതി (വർണ്ണാശ്രമം). ഉത്തരഭാരതീയർ പലപ്പോഴും പറയുന്നു, വർണ്ണാശ്രമധർമ്മമുള്ളിടത്തേ ഹിന്ദുമതമുള്ളു എന്ന്. ഇപ്പോഴും പറയുന്നവരുണ്ട്. ഒരിക്കലുമല്ല. വർണ്ണാശ്രമധർമ്മം അല്ലെങ്കിൽ ജാതി എന്നു പറയുന്നത് ഈ മായാപ്രപഞ്ചത്തിന്റെ പ്രത്യേകത മാത്രമല്ലാതെ അതിന് മൗലികമായി യാതൊരു അടിസ്ഥാനവുമില്ല എന്ന് വാദി

ക്കുന്നതോടുകൂടിത്തന്നെ മറ്റൊരു കാര്യവും അദ്ദേഹം പറയുന്നു. അത് 'കർമ്മ' എന്ന പേരിലുള്ള, വടക്കു നിന്നുള്ള പഠിപ്പിക്കലിനെപ്പറ്റിയാണ്. അതും വെറുതെയാണെന്നദ്ദേഹം പറയുന്നു. ഒരു മനുഷ്യന്റെ കർമ്മം കൊണ്ട് അവൻ ദൈവത്തെ അറിയാതെ കിടന്നുകൊള്ളണമെന്ന് എങ്ങും പറഞ്ഞിട്ടില്ല. എല്ലാ മനുഷ്യരിലും ഒരുപോലെ പ്രധാനമായിട്ടുള്ളത് കൈങ്കര്യം എന്നു പറയുന്നതാണ്. കൈങ്കര്യം എന്നു പറയുന്നത് ജാതി മത ഭേദമെന്യേ സകലമനുഷ്യരിലും ഒരുപോലെ കാണപ്പെടുന്ന ദൈവ ജ്ഞാനത്തിനുള്ള പ്രവണതയാണ്. അത് ബ്രാഹ്മണനായാലും ശൂദ്രനായാലും, സ്ത്രീയായാലും പുരുഷനായാലും ചെറിയ കുട്ടിയായിരുന്നാലും, ആരെയും അതിൽ നിന്നു തടഞ്ഞു നിർത്തിക്കൂടാ എന്നതാണ് നമ്മുടെ ദക്ഷിണ ഭാരതത്തിലെ പാരമ്പര്യം. ശ്രീ നാരായണ ഗുരു എടുത്തുയർത്തിക്കാണിച്ച ഇത്, പണ്ടേ നമ്മുടെ പാരമ്പര്യത്തിലുള്ള കാര്യമാണെന്ന് മനസിലാക്കുവാൻ വേണ്ടിയാണ് ഞാൻ ഇത് എടുത്ത് പറഞ്ഞത്.

അതുപോലെ 11-ാം ശതാബ്ദത്തിൽ രചിക്കപ്പെട്ടിട്ടുള്ള ശൈവമതത്തിന്റെ ഒരു പ്രധാനപ്പെട്ട തമിഴ് രേഖയുണ്ട്. അതിൽ പറയുന്നത്, എല്ലാ മതസമ്പ്രദായങ്ങളും അവയുടെ പരസ്പരവ്യത്യാസങ്ങളും ആവശ്യമില്ലാത്തവയാണ് എന്നാണ്. ശ്രീ നാരായണഗുരുവിന്റെ പഠിപ്പിക്കൽ തന്നെയാണത്. ഒരേയൊരു മതമേയുള്ളു. ആ മതം മാത്രം മതി. അതാണ് ഈ കൃതിയുടെ പ്രധാനമായ ചുരുക്കം.

അതിൽ അല്പം ചില പ്രയാസം തോന്നുന്ന കാര്യങ്ങൾ ഒക്കെ കണ്ടേക്കും. ഒന്നു പറയുന്നത്, ഈ ശൈവമതമൊഴികെ ബാക്കിയുള്ള ഒരു സമ്പ്രദായവും മോക്ഷത്തിലേക്ക് നയിക്കുകയില്ല, മോക്ഷത്തിൽ പോകണമെങ്കിൽ ശൈവമതം സ്വീകരിക്കണമെന്ന് മാത്രമല്ല, അതിന് മുമ്പുണ്ടായിരുന്ന മതത്തെ എടുത്തുകളയണമെന്നുമാണ്. ഈ പുസ്തകത്തിൽ പറയുന്നത്. ഓരോ മതവും അതിന്റെ അനുയായികളിൽ ചില പ്രത്യേകതകൾ സൃഷ്ടിക്കുന്നു. അവയ്ക്ക് പുസ്തകത്തിൽ കൊടുക്കുന്ന പേര് ലിംഗം (അടയാളം) എന്ന വാക്കാണ്. എല്ലാ മതാനുയായികൾക്കും ആ മതത്തിന്റേതായ അടയാളങ്ങളുണ്ട്. അപ്പോൾ ഇവരെ ശരിയായിട്ട് മോക്ഷത്തിലേക്ക് കൊണ്ടുപോകണമെങ്കിൽ ആദ്യം ഈ അടയാളങ്ങൾ എടുത്തു മാറ്റണം. അതിനു വേണ്ടുന്ന റിചൽസാണ് ഈ പുസ്തകത്തിലുള്ള പ്രധാനപ്പെട്ട ഒരു ഭാഗം. അതുകഴിഞ്ഞ് പിന്നെ പറയുന്നത് ഏക മാർഗ്ഗമേയുള്ളുവെന്നാണ്; പരമശിവൻ സർവ്വത്തിന്റെയും ഉടയവനായ എല്ലാറ്റിന്റെയും അധിപനായ പരമശിവനിലുള്ള ഭക്തിമൂലം എല്ലാ മനുഷ്യർക്കും മോക്ഷത്തിലേക്ക് പ്രവേശിക്കുവാൻ സാധിക്കും. നോക്കണം, ആരെയും തടഞ്ഞുവയ്ക്കുന്നില്ല. ഇതുതന്നെയാണ് ശ്രീനാരായണഗുരു നമ്മെ പഠിപ്പിച്ചിട്ടുള്ള പാഠം. അല്ലാതെ ദൈവത്തെ അറിയുക എന്നുള്ളത് കുറച്ചുപേർക്ക് മാത്രമുള്ള ഒരു പ്രത്യേകതയായിട്ട് ഗുരുദേവൻ ഒരു കാലത്തും കണ്ടില്ല എന്നുള്ളത് ഈ പുസ്തകങ്ങളെപ്പറ്റി പഠിക്കുമ്പോൾ എനിക്ക് പ്രത്യേകം ഓർമ്മവന്നു. നമ്മുടെ ദക്ഷിണഭാരത പാരമ്പര്യത്തിന്റെ ഉത്തുംഗഗോപുരമെന്ന് ഞാൻ വിളിക്കുന്ന ശ്രീനാരായണഗുരുദേവനിൽ നാം കാണുന്നത്

ഇങ്ങനെയുള്ള സാർവ്വലൗകികങ്ങളായ കാര്യങ്ങളാണ്.

ഒരു കാര്യം കൂടി പറയട്ടെ. സർവ്വമത മഹാപാഠശാല സംസ്ഥാപിത മായിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളും കുറെയൊക്കെ നടന്നിട്ടുണ്ട്. പ്രസിദ്ധീകരണങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇന്ന് ലോകത്തിന്റെ ഏറ്റവും വലിയ ആവശ്യമെന്താണ്? രണ്ടു കാരണങ്ങൾ ഞാൻ പറയാം.

ഒന്നാമത്, ഞാനീ സർവ്വമതസൗഹാർദ്ദത്തിനുവേണ്ടി ലോകമാകെ ഓടി നടന്നിട്ടുണ്ട്. അപ്പോൾ എനിക്ക് ഉണ്ടായിട്ടുള്ള വളരെ സങ്കടകര മായ ഒരു അനുഭവമിതാണ്. ഈ ലോകമതനേതാക്കന്മാരെ എല്ലാം കൂടെ എടുത്താൽ യഥാർത്ഥത്തിൽ പരിശുദ്ധന്മാരായിട്ടുള്ളവർ വളരെ കുറച്ചേ ഉള്ളൂ. അധികം പേരും അധികാരത്തിനും ശക്തിക്കും സ്ഥാനത്തിനും വേണ്ടി വടംവലി നടത്തിക്കൊണ്ട് സർവ്വമതസമ്മേളനങ്ങളും സംഘടന കളും നടത്തിക്കൊണ്ട് പോകുന്നവരാണ്. ഇത് വളരെയധികം എന്നെ വേദനിപ്പിക്കുന്ന ഒരു കാര്യമാണ്. ഈ മനുഷ്യരാശിക്ക് രക്ഷയുണ്ടാക ണമെങ്കിൽ മതനേതാക്കന്മാരായ ഞങ്ങളെപ്പോലെയുള്ളവർ ആന്തരിക മായി പരിവർത്തനം ചെയ്ത് ഈശ്വരവാഹികളായി തീരണം. അല്ലെ ങ്കിൽ യാതൊന്നും നടക്കുകയില്ല. മനുഷ്യർ ഇന്ന് മതത്തിൽ നിന്നു അധി കമൊന്നും പ്രതീക്ഷിക്കുന്നില്ല. കാരണം നമ്മുടെ മതനേതാക്കന്മാരെ ജനങ്ങൾ നോക്കിയിട്ട്, "ഓ.. ഇവരാണോ ദൈവത്തിങ്കലേക്ക് നമ്മളെ നയിക്കാനുള്ളവർ..!" എന്നു പറയുന്നു. ഇതാണ് പരമാർത്ഥം. വളരെ ദുഃഖത്തോടുകൂടിയാണു ഞാനിത് പറയുന്നത്. കൂടുതൽ എന്തെങ്കിലും ഞാൻ പറയുന്നത് വളരെ മോശമായിരിക്കും.

രണ്ടാമത് എനിക്കുള്ള ഒരു പ്രധാനപ്പെട്ട അഭിപ്രായം, നമ്മുടെ മത നേതാക്കന്മാരെ പരിശീലിപ്പിക്കുന്ന വിദ്യാലയങ്ങളെക്കുറിച്ചാണ്. എന്റെ ചുമതലയിൽ ഒന്ന് അതാണ്. ഓർത്തഡോക്സ് സെമിനാരിയിൽ നൂറ്റമ്പ തുപേരെ പഠിപ്പിക്കുന്നുണ്ട്. ഈ പഠിപ്പിച്ച് വിട്ട് ക്രിസ്തീയ ഗുരുക്കന്മാരും ഉപദേഷ്ടാക്കന്മാരുമായി പുറത്തു പോകുന്നയാളുകൾക്ക് മറ്റു മതങ്ങളെ പ്പറ്റി വളരെയൊന്നും അറിയില്ല. ഹിന്ദുമതത്തെപ്പറ്റിയും ജൈനമതത്തെ പ്പറ്റിയും ബുദ്ധമതത്തെപ്പറ്റിയുമൊക്കെ ഞങ്ങൾ ക്ലാസുകൾ എടുക്കുന്നു ണ്ട്. അതു പരീക്ഷയ്ക്ക് പാസ്സാകുവാൻ വേണ്ടി ഇവരൊക്കെ പഠിക്കുന്നു മുണ്ട്. പക്ഷേ, അതിന്റെ അനുഭവം അവരുടെ ജീവിതത്തിൽ, അവരുടെ നേതൃത്വത്തിൽ പലപ്പോഴും കാണുന്നില്ല എന്നുള്ളത് ക്രിസ്തുമ തത്തെപ്പറ്റി ഞാൻ പറയുകയാണ്. ഇതുപോലെ തന്നെ മുഹമ്മദീയ ഗുരു ക്കന്മാരെ പരിശീലിപ്പിക്കുന്ന മദ്രസകളിലും വിദ്യാലയങ്ങളിലും അതു പോലെ മറ്റു മതങ്ങളിലെ നേതൃത്വത്തെ പരിശീലിപ്പിക്കുന്ന സ്ഥലങ്ങ ളിലും ഒരു സർവ്വമത സമന്വയമുള്ള ശിക്ഷണം ലഭിക്കുകയും, അവയെ പ്പറ്റി തിയറിട്ടിക്കൽ ആയിട്ട് പഠിച്ചാൽ പോരാ, നേരിട്ട് അവരുടെ ആദ്ധ്യാ ത്മികത അനുഭവിക്കുവാൻ ശ്രമിക്കുകയും ചെയ്യണം

ഞാൻ രണ്ടാമത് മനസ്സിലാക്കിയ ഒരു പ്രധാനപ്പെട്ട കാര്യം, ഈ സർവ്വ മതമെന്നും പറഞ്ഞ് ഒരുപാട് പ്രസംഗം പറഞ്ഞതുകൊണ്ട് ഒരു വിശേ ഷവുമില്ല. ശ്രീ രമണ മഹർഷിയെപ്പോലുള്ള ഒരാളുടെ പാദത്തിങ്കൽ ഇരു

ന്നുകഴിഞ്ഞാൽ പിന്നെ എനിക്ക് ഒരു പ്രസംഗവും കേൾക്കണ്ടാ. ആ പരിശുദ്ധമായ ആത്മാവിൽ നിന്നു വരുന്ന ചൈതന്യപ്രസരം എന്നെ ആത്മികമായി വ്യത്യാസപ്പെടുത്തിക്കൊള്ളും. അങ്ങനെയുള്ള ചൈതന്യപ്രസരമുള്ള ആത്മാക്കൾ ധാരാളമായി രൂപപ്പെടണം. അവരിൽ യാതൊരു വിധ അന്യമത വിദ്വേഷവും ഇല്ലാതെയിരിക്കണം. ഇത് ഇന്നത്തെ ലോകത്തിന്റെ വലിയ ഒരാവശ്യമാണ്.

ഈ രണ്ടു കാര്യങ്ങൾ സർവ്വമത മഹാപാഠശാല നടത്തുമ്പോഴും പ്രത്യേകം ഓർക്കുകയും, മറ്റ് മതങ്ങളുടെ പ്രസംഗം കേട്ടാൽ മാത്രം പോരാ. മറ്റ് മതങ്ങളിലുള്ളവരുടെ ആരാധനയിൽ സംബന്ധിക്കണം. അവരെങ്ങനെ ദൈവത്തെ അറിയുന്നു, അനുഭവിക്കുന്നു എന്നുള്ളത് തൊട്ട്, കണ്ട്, അടുത്ത് അറിയുമ്പോഴേ അതിനോട് ബഹുമാനം ഉണ്ടാവുകയുള്ളു.

ഞാനും ഒരു കാലത്ത് ഒരുപാട് പ്രസംഗങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷേ പ്രസംഗത്തേക്കാൾ കൂടുതൽ പരിശുദ്ധന്മാരായ മറ്റു മതങ്ങളിലുള്ള മനുഷ്യരുമായുള്ള സമ്പർക്കമാണ് എനിക്ക് ഏറ്റവും വലിയ പ്രചോദനം നൽകിയിട്ടുള്ളത്. അങ്ങനെയുള്ള മനുഷ്യരെ വാർത്തെടുക്കുന്ന സ്ഥാപനങ്ങളായി നമ്മുടെ പരിശീലന കേന്ദ്രങ്ങൾ വരണം എന്നുള്ള എളിയ അഭ്യർത്ഥനയോടുകൂടി, ശിവഗിരിയിൽ സ്ഥാപിതമായിട്ടുള്ള മഹാപാഠശാലയുടെ പ്രവർത്തനങ്ങളിൽ എളിയവനായ എന്റെ സർവ്വ സഹകരണങ്ങളും വാഗ്ദാനം ചെയ്തുകൊണ്ടും, ഈ സമ്മേളനം ഞാൻ ഉദ്ഘാടനം ചെയ്തുകൊള്ളുന്നു.

*(മെത്രാപ്പോലീത്താ കേരളത്തിൽ നടത്തിയ അവസാനത്തെ പ്രഭാഷണം. ചങ്ങനാശ്ശേരി എസ്. എൻ. ഡി. പി. യുടെ ആഭിമുഖ്യത്തിൽ നടന്ന 'ശിവഗിരി ബ്രഹ്മവിദ്യാലയത്തിന്റെ രജതജൂബിലി ആഘോഷങ്ങളുടെ' കോട്ടയം ജില്ലാതല ഉദ്ഘാടന സമ്മേളനത്തിൽ ചെയ്തത്. 1996 ഓഗസ്റ്റ് 18.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)